# അപ്പോസ്തലനായ പൗലോസ് ഒരാമുഖപഠനം

## മുഖക്കുറിപ്പുകൾ

“അപ്പോസ്തലനായ പൗലോസ്.” ഈ തലക്കെട്ട് സ്വീകരിക്കാൻ മുഖ്യകാരണം ഈ നാമധേയത്തിൽ സ്വയം പരിചയപ്പെടുത്താനും (ഗലാ 1,1.4;1കോറി 1,1;2കോറി 1,1;റോമ 1,1;11,13) സ്വീകരിക്കപ്പെടാനുമാണ് കഥാപുരുഷൻ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്നത് എന്നതുതന്നെ (ഗലാ 1,17;1കോറി 9,1.2;15,9;2 കോറി 11,5;12,11). പൗലോസ് വലിയ ദൈവശാസ്ത്രജ്ഞനും മിസ്റ്റിക്കും മിഷണറിയും സഭാസംഘാടകനും ആധ്യാത്മീയ ഗുരുവും ഗ്രന്ഥകാരനുമൊക്കെയാണ്. പൗലോസിന്റെ ഈ സങ്കീർണമായ സ്വരൂപത്തെ ഐക്യപ്പെടുത്തുന്നത് അദ്ദേഹത്തിന്റെ അപ്പോസ്തലത്വമത്രേ.[2] അദ്ദേഹം അപ്പോസ്തലനായതുകൊണ്ടാണ് മറ്റെല്ലാമായത്. വിശുദ്ധ പൗലോസിനെയും അദ്ദേഹത്തിന്റെ ക്രിസ്താനുഭവവും തദ്ഭവങ്ങളായ പ്രേഷിതപ്രവർത്തനം, ദൈവവിചാരമാനങ്ങൾ, രക്ഷാവിചാരം , സഭാവിചാരം എന്നിവയിലേക്കൊരു ‘ഇടുങ്ങിയ’ വാതിലാണ് ഈ ചെറുഗ്രന്ഥം.

ഈ ഗ്രന്ഥം മുഖ്യമായും പൗളിൻ വർഷാചരണത്തോട് അനുബന്ധിച്ച് 00.00.00000 00 – 00 തീയതികളിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സിനഡൽ ബൈബിൾ കമ്മീഷൻ തിരുവനന്തപുരം പട്ടത്തുള്ള മേജർ ആർഖിഎപിസ്കോപ്പൽ കാര്യാലയത്തിൽ സംഘടിപ്പിച്ച ത്രിദിന പഠനശിബിരത്തിൽ ഗ്രന്ഥകർത്താവ് അവതരിപ്പിച്ച പ്രബന്ധം പുസ്തകരൂപത്തിലാക്കിയതാണ്. പൗലോസിന്റെ പേരിലുള്ള ഓരോ പുസ്കത്തിന്റെയും ഉള്ളടക്കവും സാഹചര്യവും രചനാകാലവും സംബന്ധിച്ച് അനുവാചകർക്കു കൂടുതൽ പ്രയോജനകരമെന്ന് അനന്തര കാലങ്ങളിൽ പുനർവായനയിൽ കണ്ടതനുസരിച്ച് ചില വിവരങ്ങൾകൂടി ചേർത്തിട്ടുണ്ട്.

[1]അതു മനസ്സിലാക്കിയായിരിക്കണം പൗലോസിന്റെ പേരിൽ ആരോപിതങ്ങളെന്ന് ആധുനിക ബൈബിൾനിരൂപകർ ഇനംതിരിക്കുന്ന മിക്ക ലേഖനങ്ങളിലും ഈ നാമധേയം ആമുഖഭിവാദനത്തിൽ ആവർത്തിക്കുന്നത് (കൊളോ 1,1;എഫേ 1,1;1 തീമോ1,1;തീത്തൂ 1,1)..

[2]L.Legrand, “A Portrait of St. Paul,” *Kristu Jyoti* 24/3 (2008) 171-183, 171.

## ഉറവിടങ്ങൾ

പൗലോസിനോടു ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് അറിവു നല്കുന്ന ഏറ്റവും പുരാതനങ്ങളായ രേഖകൾ താഴെപ്പറയുന്നവയാണ്: (1) പുതിയ നിയമത്തിലുള്ള പൗലോസിന്റെ ലേഖനങ്ങൾ (ആത്മകഥാപരം), (2) അപ്പോസ്തലപ്രവർത്തനങ്ങൾ, (3) പൗലോസിന്റെ പേരിലുള്ള അപ്രമാണിക കൃതികളും[3] സഭാപാരമ്പര്യവും.

### 1. പുതിയ നിയമത്തിലുള്ള പൗലോസിന്റെ ലേഖനങ്ങൾ

പുതിയ നിയമത്തിൽ പൗലോസപ്പോസ്തലന്റെ പേരിൽ പതിമൂന്നു ലേഖനങ്ങളുണ്ട്. ഏഴെണ്ണം മാത്രമേ അദ്ദേഹംതന്നെ രചിച്ചതായി അവിതർക്കിതമായി ആധുനിക ബൈബിൾനിരൂപകർ അംഗീകരിക്കുന്നുള്ളു. അവ 1 തെസ്സലോനിക്കർ, ഗലാത്യർ, 1 & 2 കോറിന്ത്യർ, ഫിലെമോൻ, ഫിലിപ്പിയർ, റോമർ എന്നിവയാണ്. ഇവയെ 'പൗലോസിന്റെ ലേഖനങ്ങൾ' എന്നു വേർതിരിക്കുന്നു. ഇവയിലുള്ളതെല്ലാം പൗലോസപ്പോസ്തലന്റെ നേർസാക്ഷ്യങ്ങളാണ്. ഇവയാണ് അദ്ദേഹത്തിന്റെ ജീവിതം, വ്യക്തിത്വം, പ്രേഷിതപ്രവർത്തനം, രചനകൾ, ദൈവശാസ്ത്രം എന്നിവയെക്കുറിച്ച് അറിയാൻ ലഭ്യമായിട്ടുള്ളവയിൽ ഏറ്റവും വിശ്വസ്തവും ആധികാരികവുമായ രേഖകൾ. ഇവയിൽ താഴെപ്പറയുന്ന പാഠഭാഗങ്ങൾ പ്രത്യേകം ശ്രദ്ധാർഹങ്ങളത്രേ: 1 തെസ്സ 2,1-2,17;3,1-3;ഗലാ 1,13-23;2,1-14;1 കോറി 5,9; 7,7-8; 16,1-9;2 കോറി 2,1-.9-13;11,7-9.23-27.32-33;12,24.14.21;13,1.10; ഫിലി 3,5-6;4,15-16;റോമ 11,1;15,19.22-32;16,1.

കൊളോസോസിലെ സഭയ്ക്കുള്ള ലേഖനം, തെസ്സലോനിക്കയിലെ സഭയ്ക്കുള്ള രണ്ടാം ലേഖനം, എഫേസോസിലെ സഭയ്ക്കുള്ള ലേഖനം എന്നീ മൂന്നെണ്ണം പൗലോസിന്റെ മരണശേഷം ശിഷ്യരിലാരോ എഴുതിയവത്രേ. അവ 'പൗലോസിന്റെ പാരമ്പര്യത്തിൽ നിന്നുള്ള ലേഖനങ്ങൾ' എന്നോ 'പൗലോസിന്റെ പേരിലുള്ള ലേഖനങ്ങൾ' എന്നോ വകതിരിക്കാം. ഇവയിൽനിന്നുള്ള വിവരങ്ങൾ 'പൗലോസിന്റെ ലേഖനങ്ങളിലെ' വിവരങ്ങളെ പിന്താങ്ങുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന ആദ്യരചനകളാണ്. ആ നിലയിൽ അവ അപ്പോസ്തലനെയും അദ്ദേഹത്തിന്റെ ദൈവശാസ്ത്രാഭിമുഖ്യങ്ങളെയുംകുറിച്ചുള്ള പഠനത്തിൽ പ്രസക്തമാകുന്നു. ഈ മൂന്നു ലേഖനങ്ങളും പൗലോസ്തന്നെ എഴുതിയവയോ അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ എഴുതപ്പെട്ടവയോ ആണെന്നു കരുതുന്നവരുമുണ്ട്.

[3]Raymond E.Brown-Raymond F.Collins, "Canonicity," *The New Jerome Biblical Commentary* (*NJBC*), Banglore, 1999, 1046 No. 59; Wilheim Schneemelcher (ed) Hedgar Hennecke *New Testament Apocrypha* (ET R.McL. Wilson) Philadelphia, 1965,......

1 & 2 തിമോത്തിയോസ്, തീത്തോസ് എന്നിവ ഇടയലേഖനങ്ങളാണ്. പൗലോസിന്റെ കാലശേഷം അദ്ദേഹത്തിന്റെ പാരമ്പര്യം അവകാശപ്പെട്ടയാൾ/വർ എഴുതി അദ്ദേഹത്തിന്റെ പേരിൽ ആരോപിച്ചിരിക്കുന്നവയാണ്.[5] ഈ ഇടയലേഖനങ്ങൾ അപ്പാടേ മാറ്റിനിർത്തി വേണം പൗലോസിന്റെ ദൈവശാസ്ത്രവും അദ്ദേഹത്തെക്കുറിച്ചുള്ള കാര്യങ്ങളും അന്വേഷിക്കാനെന്നാണ് ആധുനിക പണ്ഡിതരുടെ നിലപാട്.[6] അതാണ് ഈ പഠനത്തിലെയും സമീപനം. എങ്കിലും, അവയ്ക്ക് പൗലോസിന്റെ സമീപനങ്ങളോടു യോജിക്കുന്ന വകകളുള്ളവയെന്നും ലേഖനങ്ങളോടുള്ള ഏറ്റവും പുരാതനമായ സമീപനങ്ങളിലൊന്നെന്നുമുള്ള മൂല്യമുണ്ടല്ലോ.

## 2. അപ്പോസ്തലപ്രവർത്തനങ്ങൾ

ലൂക്കായുടെ ഈ രചനയുടെ രണ്ടാം പകുതി മുഴുവൻ പൗലോസിനെക്കുറിച്ചുള്ള കഥകളാണ്. അവയിൽ പൗലോസിന്റേതായുള്ള വാക്കുകൾ അദ്ദേഹത്തിന്റേതല്ല. പൗലോസിനെ ലൂക്കാ തന്റെ രചനയുടെ സ്വഭാവത്തിനും ലക്ഷ്യോദ്ദേശങ്ങൾക്കും ദൈവശാസ്ത്രതാത്പര്യങ്ങൾക്കുമനുസരിച്ചു വ്യാഖ്യാനിച്ചിരിക്കുന്നതാണ്. പൗലോസിന്റെ ജീവിതം, പ്രേഷിതപ്രവർത്തനം എന്നിവ സംബന്ധിച്ച് അദ്ദേഹത്തിന്റെ യഥാർഥ ലേഖനങ്ങൾ അവശേഷിപ്പിക്കുന്ന ചില വിടവുകൾ നികത്താൻ അപ്പോസ്തലപ്രവർത്തനങ്ങളിലെ വിവരങ്ങളുടെ (പ്രത്യേകിച്ച് അപ്പ 7,58;8,13;9,130;11,25-30;12,25;13,1-28,31) സഹായം ആധുനിക പഠിതാക്കളും സ്വീകരിക്കുന്നു. അപ്രകാരം സ്വീകരിക്കുന്ന വിവരങ്ങൾ പൗലോസിന്റെ ലേഖനങ്ങളിലെ വിവരങ്ങളോടു വിഘടിക്കരുതെന്നു ശ്രദ്ധിക്കണം. പൗലോസിന്റെ ലേഖനങ്ങളും അപ്പോസ്തലപ്രവർത്തനങ്ങളുമാണ് അദ്ദേഹത്തെ സംബന്ധിച്ചുള്ള സംഗതികളുടെ പ്രധാന സ്രോതസുകൾ.

## 3. പൗലോസിന്റെ പേരിലുള്ള അപ്രമാണിക കൃതികൾ

പൗലോസ് *ലാവോദിക്യർക്കെഴുതിയ ലേഖനം*, *അലക്സാണ്ട്രിയാക്കാർക്കെഴുതിയ ലേഖനം*, *കോറിന്തോസുകാർക്കെഴുതിയ ലേഖനം*, *സെനെക്കായ്ക്കെഴുതിയ കത്ത്*, *പൗലോസിന്റെ പ്രവർത്തനങ്ങൾ* എന്നിവ അദ്ദേഹത്തിന്റെ പേരിൽ ആരോപിക്കപ്പെട്ടിട്ടുള്ള അപ്രമാണിക കൃതികളാണ്. ഇവ പൗലോസിന്റെ പ്രാധാന്യം ആദിമസഭയിൽ തുടർന്നുകൊണ്ടിരുന്നതിന്റെ സൂചനയത്രേ. ഈ പഠനത്തിൽ *പൗലോസിന്റെ പ്രവർത്തനങ്ങൾ* എന്ന കൃതിയിൽനിന്ന് അദ്ദേഹത്തിന്റെ ശരീരപ്രകൃതിയെക്കുറിച്ചു ചില വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ രക്തസാക്ഷിത്തത്തെക്കുറിച്ച് നമുക്കു വിവരം ലഭിക്കുന്നത് സഭാപാരമ്പര്യത്തിൽനിന്നത്രേ. റോമിലെ ട്രെഫൊന്താനെയിൽ (= മൂന്ന് അരുവികൾ) പത്രോസപ്പോസ്തലനോടൊപ്പം വധിക്കപ്പെട്ടുവെന്ന്.

[5] Brown-Collins, "Canonicity," *NJBC.,* 1044 No. 56.

[6] J.A.Fitzmyer, "Pauline Theology," *NJBC.*, 1384 No. 8.

# 4. പൗലോസിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളുടെ ഒരു കാലാനുക്രമണിക

പൗലോസിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളുടെ കിറുകൃത്യമായൊരു കാലക്രമം അസാധ്യമാണ്. എങ്കിലും അദ്ദേഹത്തിന്റെ ലേഖനങ്ങൾ, അപ്പോസ്തലപ്രവർത്തനങ്ങൾ, സമകാലികങ്ങളും പ്രസക്തങ്ങളുമായ മറ്റു ചരിത്രരേഖകൾ, സംഭവങ്ങൾ എന്നിവയുടെ സഹായത്താൽ ഒരു കാലക്രണിക രൂപപ്പെടുത്താനാകും. ബൈബിളിലെ വിവരങ്ങൾക്കു പുറമേ ലോകചരിത്രത്തിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ള സഹായകരേഖകളുമുണ്ട്: പ്രധാനമായവ മൂന്നെണ്ണം: ഹേറോദേസ് അഗ്രിപ്പാരാജാവിന്റെ മരണം (എ.ഡി.44), കോറിന്തോസിൽ ഗാല്ലിയൊയുടെ ഭരണകാലം (എ.ഡി. 50-52), കേസറിയായിൽ ഫേലിക്സിന്റെ ഭരണകാലം (എ.ഡി. 58-60). പൗലോസ്തന്നെ തന്റെ 'മാനസാന്തര'വും, ഒന്നാം പ്രേഷിതയാത്ര കഴിഞ്ഞ് ജറുസലേമിൽ നടത്തിയ ആദ്യസന്ദർശനവും തമ്മിൽ പതിനാലു വർഷങ്ങളുടെ വിടവ് കുറിച്ചിട്ടുണ്ടല്ലോ. റോമിലെ ക്ലെമന്റിന്റെ കൃതികളിലുള്ള ചില സൂചനകളുമുണ്ട്.

പ്രസിദ്ധീകൃതങ്ങളായിട്ടുള്ള കാലക്രമണികകളിൽ അഞ്ചെണ്ണവും ശ്ലീഹായുടെ ലേഖനങ്ങളുടെ രചനാകാലം,സ്ഥലങ്ങൾ എന്നിവയെക്കുറിച്ചുള്ള ആധുനിക നിലപാടുകളും പരിഗണിച്ച് അദ്ദേഹത്തിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളുടെ ഒരു കാലക്രമണിക ഇവിടെ നല്കുന്നു. ഒന്നും രണ്ടും പ്രേഷിതയാത്രകൾ സിറിയായിലെ അന്ത്യോക്യയിൽനിന്ന് ആരംഭിക്കുകയും അവിടെ തിരിച്ചെത്തുകയും ചെയ്തു. മൂന്നാമത്തേത് അവിടെനിന്നുതന്നെ ആരംഭിക്കുകയും റോമിൽ പൂർത്തിയാകുകയും ചെയ്തു.

| | | | |
|---|---|---|---|
| ജനനം | | ക്രി.വ. 5-10 | |
| ജറുസലേമിൽ പഠനം | ... | 24-30 | അപ്പ 22,3 |
| സഭാപീഡനം | ... | 35 | അപ്പ 7,58;9,1-2;22,4-6 |
| മാനസാന്തരം | ... | 35-36 | ഗലാ 1,13-17; 1കോറി;9,1; റോമ 1,5;അപ്പ 9,19; 22,6-11; 26,12-19. |
| ഡമാസ്കസ് - അറേബ്യ (3 വർഷം) | ... | 36/37-39 | ഗലാ 1,17 |
| ആദ്യജറുസലേം സന്ദർശനം | ... | 38-39 | ഗലാ 1,18; അപ്പ 9,26-29 |
| താർസുസ്, സിറിയ, കിലിക്യ | ... | 39-44 | അപ്പ 9,30;ഗലാ 1,21 |
| സിറിയായിലെ അന്ത്യോക്യയിൽ | ... | 44-45 | അപ്പ 12,24 |
| ഒന്നാം പ്രേഷിതയാത്ര | ... | 45/46-49 | അപ്പ 13,,1-14,28 |
| ജറുസലേം കൗൺസിൽ | ... | 49 | ഗലാ 2,1-10;അപ്പ 15.1-35 |
| രണ്ടാം പ്രേഷിതയാത്ര | ... | 49-52 | അപ്പ 15.36-18,22 |
| തെസലോനിക്കയിൽ (3 ആഴ്ച) | ... | 49-50 | അപ്പ 17,1-9 |

ബറോയ, ആഥൻസ് ... 50 അപ്പ 17,10-34
കോറിന്തോസിൽ ... 50-52 അപ്പ 18,1-18
1 തെസലോനിക്കർ ... 50-51
(ജയിൽവാസം) ... 51-52 അപ്പ 18,12-17
മൂന്നാം പ്രേഷിതയാത്ര ... 52-57/8 അപ്പ 18,23-21,14
എഫേസോസിൽ ... 54-55 അപ്പ 19,1-41;2 കോറി 11,23?
1 കോറിന്തോസ് ... 54-55 1 കോറി 16,8
ഗലാത്തിയാക്കാർക്ക് ... 54-55
ഫിലെമോനു ലേഖനം ... 55/56-57 ഫിലെ വാക്യം 22
2 കോറിന്തോസ് ... 56-57
ഫിലിപ്പിയർക്ക് ... 56-57 (?)
(ഫിലിപ്പിർക്കുള്ള ലേഖനം 58-ൽ കേസറിയായിൽനിന്ന് എഴുതിയതാണെന്നും, 61-63-ൽ റോമിൽനിന്ന് എഴുതിയതാണെന്നും അഭിപ്രായങ്ങളുണ്ട്. എഫേസോസിനാണ് ആധുനിക പണ്ഡിതരുടെ മുൻഗണന)
കോറിന്തോസിൽ ... 57-58
റോമാക്കാർക്ക് ... 57-58
ജറുസലേമിൽ(ബന്ധനം) ... 58
കേസറിയാ (കാരാഗൃഹവാസവും
വിസ്താരവും) ... 58/59-60 അപ്പ 23,23-26,32
റോമിലേക്ക് യാത്ര ... 60-61 അപ്പ 27,1-28,16
റോമിൽ: പ്രഘോഷണവും
വീട്ടുതടങ്കലും ... 61-63 2 തിമോ 4,16-17
(ഫിലിപ്പിയർക്കുള്ള ലേഖനം?)
(ഫിലേമൊനുള്ള ലേഖനം?)
രക്തസാക്ഷിത്തം ... 63 (മക്കദോ..&സ്പെ...പോയിട്ടില്ലെങ്കിൽ)
ഇല്ലീറിക്കുമിൽ (യുഗോസ്ലാവിയ & അൽബേനിയാ) 63-6 (റോമ 15,19)?
മക്കദോനിയ&സ്പെയിൻ(?) ... 63-67 (?)
(മക്കദോ..&സ്പെ..പോയെങ്കിൽ)
റോമിൽ വീണ്ടും: തടവറയിൽ ... 67-68
രക്തസാക്ഷിത്തം ... 68?

## പൗലോസിന്റെ ജറുസലേം സന്ദർശനങ്ങൾ

1. ദമാസ്കസ് പ്രസംഗം കഴിഞ്ഞ് 38-39 അപ്പ 9,26-29
2. അന്ത്യോക്യയിൽനിന്നു ധനശേഖരണവുമായി ബർണബാസിനൊപ്പം 44 അപ്പ 12,24
3. ജറുസലേം കൗൺസിലിൽ 49 ഗലാ 2,1-10;അപ്പ 15.1-35
4. രണ്ടാം പ്രേഷിതയാത്ര കഴിഞ്ഞ് അന്ത്യോക്കയ്ക്കു പോകുമ്പ് 51/52 അപ്പ 118,22
5. മൂന്നാം പ്രേഷിതയാത്രയുടെ അവസാനം, അറസ്റ്റ് - 58 അപ്പ 21,15-17

1

# പൗലോസിന്റെ പ്രാധാന്യം ചില കൈചൂണ്ടികൾ

## ഉത്ഥിതനേശുവിന്റെ പ്രഥമ ലിഖിതസാക്ഷിയും പ്രഥമ ക്രൈസ്തവ ദൈവശാസ്ത്രജ്ഞനും

ക്രൈസ്തവചരിത്രത്തിൽ പലവിധം പ്രധാനനാണ് അപ്പോസ്തലനായ പൗലോസ്. ഉത്ഥിതനായ യേശുക്രിസ്തുവിന്റെ ദർശനഭാഗ്യം ലഭിച്ചതിന്റെ ആദ്യത്തെ ലിഖിതസാക്ഷ്യം പൗലോസിന്റേതാണ്. ആദിമ സഭയിലെ ഏറ്റവും വലിയ മിഷണറിമാരിൽ ഒരാളാണ് പൗലോസ്.[1] ക്രിസ്തീയ സഭയെ സംഘടിപ്പിക്കാനാരംഭിച്ചത് പത്രോസാണ്. പക്ഷേ, ക്രിസ്തീയതയുടെ ദ്വിതീയ സ്ഥാപകൻ എന്ന വിശേഷണം പൗലോസിനാണു നല്കപ്പെട്ടിട്ടുള്ളത്.[2] ക്രൈസ്തവ ദൈവശാസ്ത്രം ആരംഭിച്ചത് പൗലോസല്ല. എങ്കിലും, അദ്ദേഹമാണ് ക്രിസ്തീയ വിശ്വാസവും വിശ്വാസജീവിതത്തിന്റെ വിവിധ വശങ്ങളും തന്റെ സമകാലീന ക്രൈസ്തവ സഭയ്ക്കു(സഭകൾക്കു)വേണ്ടി എഴുതിപ്പിടിപ്പിക്കാനാരംഭിച്ചത്. ഈ വസ്തുത, യേശുക്രിസ്തുവിന്റെ ശിഷ്യൻ മത്തായി അറമായയിൽ യേശുച്ചൊല്ലുകളുടെ ഒരു സമാഹാരം സുവിശേഷത്തിന്റെ പ്രാഗ്രൂപമായി രചിച്ചിരുന്നുവെന്ന പപ്പിയാസിന്റെ സാക്ഷ്യം (ക്രി.വ.125) സമ്മതിച്ചുകൊണ്ടു തന്നെ നമുക്കു പറയാം. പപ്പിയാസിന്റെ സാക്ഷ്യം സഭാചരിത്രകാരനായ എവുസേബിയസ് രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനപരമായ പൊതുരൂപം 'ശാസ്ത്രീയമായി' അനുവാചകരെ ഉദ്ബോധിപ്പിക്കാൻ രചനയവലംബിച്ച പ്രഥമ ക്രൈസ്തവസുവിശേഷപ്രഘോഷകനാണ് പൗലോസ്. സ്വന്തം കൈയക്ഷരത്താൽ പ്രസിദ്ധനായ പ്രഥമ മഹാമിഷണറിയുമാണ് അദ്ദേഹം.

ആദ്യത്തെ ക്രൈസ്തവ ദൈവശാസ്ത്രജ്ഞനെന്ന് പൗലോസ് പ്രസിദ്ധനത്രേ. സഭകളിലുളവായ ചില പ്രശ്നങ്ങൾക്കു പരിഹാരമായി നിർദ്ദേശോപദേശങ്ങളുടെ അകമ്പടിയോടെ ദൈവശാസ്ത്രവിഷയങ്ങൾ

[1]ആരംഭസഭയിലെ ഏറ്റവും വലിയ മിഷണറിയായി പൗലോസിനെ മാത്രമേ പാശ്ചാത്യഗ്രന്ഥകർത്താക്കളും അവരെ അതുപോലെ പിന്തുടരുന്നവരും ചൂണ്ടിക്കാണിക്കാറുള്ളു. പൗലോസുശ്ലീഹാ താണ്ടിയതിനെക്കാൾ കൂടുതൽ ദൂരവും അപകടകരവുമായ മേഖലകളിലേക്കും തോമ്മാശ്ലീഹാ പ്രേഷിതയാത്ര നടത്തിയെന്ന് പൂർവേഷ്യയിലാകമാനമുള്ള ക്രിസ്ത്യാനികൾക്ക് അനുസ്യൂതമായി പരമ്പരാഗതമായ ഉറപ്പുണ്ട്.

[2]James.D.G. Dunn, *Theology of Paul the Apostle*, Edinburgh, 1998,3 subscribing to W.Wrede and Meeks..

ഉൾക്കൊള്ളിച്ചു കത്തയയ്ക്കുന്ന രീതിയും പൗലോസാണ് പുതിയനിയമസഭയിൽ ആരംഭിച്ചത്. ദൈവികസന്ദേശവാഹകൻ ദൈവജനത്തിന് കത്തയയ്ക്കുകയും അത് അവരുടെ മുമ്പാകെ പുരോഹിതൻ സെഫനിയാ വായിക്കുകയും ചെയ്യുന്നതിന്റെ മാതൃക ജറെ. 29,1030ൽ ഉണ്ടല്ലോ. അതും റോമൻ ഭരണകർത്താക്കളുടെ തീട്ടൂരങ്ങളുമൊക്കെ കേട്ടും അറിഞ്ഞും പരിചയിച്ചിരുന്ന ആളായിരുന്നല്ലോ പൗലോസ്. തിരുഗ്രന്ഥപ്പട്ടികയിൽ സ്ഥാനംപിടിക്കുന്നതിനു (2-ാം നൂറ്റാണ്ട്) മുമ്പുതന്നെ അദ്ദേഹത്തിന്റെ കത്തുകളെ ആധികാരികസ്വരമായി സഭകൾ സ്വീകരിച്ചുകഴിഞ്ഞിരുന്നു (കൊളോ 4,16;2 പത്രോ 3,15-16).

ക്രിസ്തുസുവിശേഷം കത്തിന്റെ രൂപത്തിലുള്ള രചനകളിൽ അപ്പോസ്തോലിക പ്രബോധനമായി അവതരിപ്പിക്കാൻ പൗലോസ് ആരംഭിച്ചു. ഈ സുവിശേഷപ്രഘോഷണരൂപം പില്ക്കാല സഭാതലവന്മാർക്ക് വിശ്വാസപ്രബോധനത്തിന് ഉചിതമായൊരു ലിഖിതരൂപം സംഭാവന ചെയ്തു. മാർപാപ്പാമാരുടെ *എൻസിക്ലിക്കൽ* (സാർവത്രിക പ്രബോധനലേഖനം), സഭാധ്യക്ഷന്മാർ പുറപ്പെടുവിക്കുന്ന വിശ്വാസ,ധർമശാസ്ത്രപരമായ ഇടയലേഖനങ്ങൾ എന്നിവ ഓർമിക്കാം.

ക്രൈസ്തവ ദൈവശാസ്ത്രവും സഭയെയും രൂപവത്കരിക്കാനും വികസിപ്പിക്കാനും സമ്പന്നമാക്കാനും സൃഷ്ടിപരമായി പ്രവർത്തിച്ച പ്രഥമ ക്രൈസ്തവ മിഷണറിയാണ് പൗലോസ്. ആദിമ ക്രൈസ്തവ ദൈവശാസ്ത്രജ്ഞരിൽ അഗ്രഗണ്യൻ. വിശേഷിച്ച്, ഗ്രീക്കു തത്ത്വശാസ്ത്രത്തിന്റെയും പ്രഭാഷണകലയുടെയും ഗ്രീക്കുദേവ-ദേവീയാരാധനാരൂപങ്ങളുടെയും പശ്ചാത്തലത്തിലും, സമകാലീന യഹൂദപാമ്പര്യങ്ങളുടെ പരിചയത്തിന്റെയും - ഏറെപ്രത്യേകച്ച്, അവരുടെ നീതി -നീതിമത്കരണവിചാരത്തിന്റെയും - അഭിമുഖീകരണത്തിന്റെയും പശ്ചാത്തലത്തിലും. അവയൊക്കെ തരവും തനവുമനുസരിച്ചു സംബോധന ചെയ്ത്. അന്ത്യോഖ്യായിലെ ഇഗ്നാത്തിയോസ്, റോമിലെ ക്ലെമെന്റ്, ഇറെനെയുസ്, സെയിന്റ് അഗസ്റ്റിൻ എന്നിവർ മുതലിന്നോളമുള്ള പാശ്ചാത്യ-പൗരസ്ത്യ - കിഴക്കൻ സഭകളിലെ തലയെടുപ്പുള്ള ദൈവശാസ്ത്രജ്ഞരെയെല്ലാം പൗലോസിന്റെ ദൈവശാസ്ത്രം സ്വാധീനിച്ചിട്ടുണ്ടെന്നു പണ്ഡിതർ ചൂണ്ടിക്കാട്ടുന്നു. പൗലോസിന്റെ ദൈവശാസ്ത്രമാണല്ലോ നവീകരണപ്രസ്ഥാനത്തിനു പ്രചോദനമായതും.

### ദൈവശാസ്ത്രം സംവാദരൂപത്തിൽ

പൗലോസിന്റെ കത്തുകളിൽ കാണുന്നത് ഡയലോഗുമോഡൽ ദൈവശാസ്ത്രാവതരണമാണല്ലോ. ഈ രീതി ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ രചനാമേഖലയിൽ ആദ്യമായുപയോഗിച്ചതും പൗലോസാണ്. പുതിയ നിയമത്തിൽ അദ്ദേഹത്തിന്റെ പേരിലുള്ള രചനകൾ കത്തുകളായി എഴുതിയവയാണ്. എന്നാൽ, അവയ്ക്കു കത്തിന്റെയും സംവാദത്തിന്റെയും ഉപന്യാസത്തിന്റെയും ലേഖനത്തിന്റെയും പ്രബന്ധത്തിന്റെയും സ്വഭാവമുണ്ട്. അവയെ ലേഖനങ്ങൾ എന്നു വിളിക്കുന്നതാണ് കൂടുതൽ യുക്തം.

# 2
# പൗലോസ് എന്ന വ്യക്തി

പ്രസംഗത്തിലൂടെ മാത്രമല്ല, സ്വവ്യക്തിത്വത്തിലൂടെയും പൗലോസ് വിജാതീയരുടെയിടയിൽ വിശ്വാസത്തോടുള്ള വിധേയത്വം (റോമ 1,5; 15,18) ഉളവാക്കി അവരെ രക്ഷിക്കാൻ അദ്ധ്വാനിച്ചു.

## 2.1. പൗലോസിന്റെ ശാരീരിക,മാനസികപ്രകൃതങ്ങൾ

### 2.1.1. ശാരീരികപ്രകൃതം

കാഴ്ചയ്ക്കു പൗലോസ് എങ്ങനെയായിരുന്നു? കോറിന്തോസിലെ ചിലർക്കുണ്ടായിരുന്ന അഭിപ്രായം അപ്പോസ്തലൻതന്നെ രേഖപ്പെടുത്തിയിട്ടുള്ളത് ദാ, ഇങ്ങനെ: അയാളുടെ ശാരീരിക സാന്നിധ്യം ദുർബലവും ഭാഷണം മനസ്സിലേശാത്തതുമാണ്(2 കോറി 10,10). പൗലോസ് എന്ന പേരു മാത്രമേ അദ്ദേഹത്തിന്റെ ലേഖനങ്ങളിലുള്ളു. പൗലോസ് എന്ന പദത്തിനർഥം ചെറുത്, ഹ്യസ്വൻ / കുറിയവൻ /കുള്ളൻ എന്നത്രേ. കുറിയവനായതിനാൽ അത് പരിഹാസപ്പേരു വീണതോ പേര് അന്വർഥമാക്കി കുറിയവനായിപ്പോയതോ! ഏതായാലും *പൗലോസിന്റെ പ്രവർത്തനങ്ങൾ* എന്ന അപ്രമാണിക കൃതി (2-ാം നൂറ്റാണ്ട്) നല്കുന്ന രൂപം ഇതാണ്: കുറിയ ശരീരമുള്ളവൻ, കഷണ്ടിത്തലയനും വളകാലനും, പുരികങ്ങൾ കൂട്ടിമുട്ടുന്നവനും വക്രിച്ച മൂക്കുള്ളവനും, ആകാരവളർച്ചയുടെ പൂർണത മുറ്റിയ ദേഹകാന്തിയുള്ളവൻ, ... വിശാലമായ നെറ്റിത്തടം ഒരു പ്രത്യേകതതന്നെ. ... ക്രിസ്തുവിനെപ്പോലെ സാധാരണ കുപ്പായവും മേലങ്കിയും അരക്കെട്ടുമുണ്ട്.[1]

പൗലോസപ്പോസ്തലന്റെ ശാരീരികാരോഗ്യസ്ഥിതിയെപ്പറ്റി ചില സൂചനകൾ അദ്ദേഹത്തിന്റെ ലേഖനങ്ങളിലുമുണ്ട്. ഗലാ 4,13-14ൽ 'ശാരീരികാസ്വാസ്ഥ്യം' (പി.ഒ.സി) പരാമർശിക്കുന്നു. ഈ ആരോഗ്യപ്രശ്നമാകും "ശരീരത്തിൽ നല്കപ്പെട്ടിരിക്കുന്ന ഒരു മുള്ള്" എന്ന് 2 കോറി 12,7ൽ പറയുന്നത്. ഇങ്ങനെയൊക്കെയാണെങ്കിലും സുവിശേഷപ്രഘോഷണാർഥം ചെയ്തിട്ടുള്ള ക്ലേശപൂരിതമായ യാത്രകളും അതിജീവിച്ചിട്ടുള്ള ശാരീരിക,മാനസിക പരീക്ഷണങ്ങളും കഷ്ടനഷ്ടങ്ങളും കണക്കിലെടുക്കുമ്പോൾ പൗലോസ് പൊതുവെ ആരോഗ്യവാനായിരുന്നുവെന്ന് തീർച്ചപ്പെടുത്താം.

[1]*പൗലോസിന്റെയും തെക്ലായുടെയും പ്രവർത്തനങ്ങൾ* എന്ന അപ്രോക്രിഫാ (2-ാം നൂറ്റാണ്ട്). പൗലോസിന്റെ പ്രവർത്തനങ്ങൾ തെക്ലാകഥയുടെ ഭാഗമത്രേ.

## 2.1.2 മാനസികപ്രകൃതം

സ്വഭാവത്തെ(മാനസികപ്രകൃതത്തെ)പ്പറ്റി വേണ്ടത്ര സൂചനകൾ ലേഖനങ്ങൾ നല്കുന്നുണ്ട്. അടിസ്ഥാനപരമായി ആഴമായ സ്നേഹവും ആത്മാർഥതയും തീക്ഷ്ണതയും തുളുമ്പുന്ന പ്രകൃതമായിരുന്നു അപ്പോസ്തലന്റേത്.. അതുകൊണ്ടുതന്നാണ് കേഫായിൽ കുറ്റം കണ്ടതിനാൽ മുഖത്തുനോക്കി എതിർത്തതും (ഗലാ 2,11-14) ബർണബാസിനോടു ശക്തമായ അഭിപ്രായവ്യത്യാസമുണ്ടായി പിരിഞ്ഞതും (അപ്പ 15,36-40). നല്ല നേതാവായിരുന്നെങ്കിലും തെറ്റു കണ്ടാൽ മുഖംനോട്ടമില്ലാതെ എതിർക്കുകയും വേണ്ടിവന്നാൽ തത്കാലനിസഹകരണം പാലിക്കുകയും ചെയ്യും. വിശ്വാസത്തിനുവേണ്ടിയുള്ള തന്റെ നേതൃപ്രവർത്തനത്തെ സംശയിക്കുന്നവരെ സകാരണം എതിർക്കാനും മടിയില്ല (ഗലാ 1,6-24;1 കോറി 9,1.2;2 കോറി 11,5;12,11).

പൗലോസ് ഒരു വികാരജീവിയിരുന്നോ എന്നു സംശയിച്ചുപോകും ലേഖനങ്ങളുടെ ചില ഭാഗങ്ങൾ വായിക്കുമ്പോൾ. പൗലോസ് തെസലോനിക്കർക്ക് (1 തെസ 2,7-11) എഴുതുന്നു:

> *അമ്മ കുഞ്ഞുങ്ങളെ പരിചരിക്കുമ്പോലെ ഞങ്ങൾ നിങ്ങളുടെയിടയിൽ സൗമ്യമായി പെരുമാറി ... നിങ്ങളോടുള്ള അതീവതാത്പര്യം നിമിത്തം ... ജീവനെത്തന്നെയും നിങ്ങൾക്കായി പങ്കുവയ്ക്കാൻ സന്നദ്ധരായി. കാരണം നിങ്ങൾ അത്രമാത്രം ഞങ്ങളുടെ വാത്സല്യഭാജനങ്ങളായി ... വിശ്വാസികളായ നിങ്ങളോടുള്ള ഞങ്ങളുടെ പെരുമാറ്റം എത്ര പവിത്രവും നീതിപൂർവകവും നിഷ്കളങ്കവുമായിരുന്നെന്നതിനു നിങ്ങളും ദൈവവും സാക്ഷികളാണ്. പിതാവു മക്കളെയെന്നപോലെ ഞങ്ങൾ നിങ്ങളെ ഉപദേശിക്കുകയും പ്രോത്സാഹിപ്പിക്കുകയും അനുശാസിക്കുകയും ചെയ്തു.*

പൗലോസ് കോപാവേശനായി ഗലാത്യരെ *ബുദ്ധിശൂന്യർ* (പി.ഒ.സി: *ഭോഷർ*)എന്നു സംബോധന ചെയ്യുന്നു! (ഗലാ 3,1). അല്പം കഴിഞ്ഞ് അതേ പൗലോസ് എഴുതുകയാണ്: *എന്റെ കുഞ്ഞുമക്കളേ, ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ വീണ്ടും ഞാൻ ഈറ്റുനോവനുഭവിക്കുന്നു*'' (ഗലാ 4,19). 1 കോറി 4,15ഉം ശ്രദ്ധിക്കാം: *ഞാനിതു പറയുന്നത് നിങ്ങളെ ലജ്ജിപ്പിക്കാനല്ല. ... നിങ്ങൾക്കു പല പിതാക്കന്മാരില്ല. എന്തെന്നാൽ സുവിശേഷത്തിലൂടെ ഞാൻ നിങ്ങളെ ജനിപ്പിച്ചു*. കോറിന്ത്യർക്കുള്ള രണ്ടാം ലേഖനത്തിൽ പൗലോസ് പരിതപിക്കുന്നു: *വലിയ ദുഃഖത്തോടും ഹൃദയവേദനയോടും കണ്ണീരോടുംകൂടെ ഞാൻ നിങ്ങൾക്കെഴുതിയത് നിങ്ങളെ ദുഃഖിപ്പിക്കാനല്ല; മറിച്ച്, നിങ്ങളോടുള്ള എന്റെ സമൃദ്ധമായ സ്നേഹം അറിയിക്കാനാണ്* (2,4). അപ്പോസ്തലന്റെ സ്നേഹം അഗാധവും നിർവ്യാജവുമായിരുന്നു. അതിനാൽ താൻ സ്നേഹിച്ചിരുന്നവരിൽ തെറ്റു കണ്ടാൽ കുറ്റപ്പെടുത്താനും ശാസിക്കാനും മുന്നറിയിപ്പു നല്കാനുമൊന്നും അദ്ദേഹം ശങ്കിച്ചില്ല.

## 2.3 കാലുകളിൽ കനലെരിഞ്ഞുകൊണ്ടിരുന്ന മിസ്റ്റിക്

കർമനിരതനായ ഒരു മിസ്റ്റിക്ക് ആയിരുന്നു പൗലോസപ്പോസ്തലൻ. വിശ്വാസം കാത്തും ക്രിസ്തുവനോടുള്ള സ്നേഹത്താൽ ജ്വലിച്ചും ഓട്ടം ഓടിക്കൊണ്ടിരുന്നയാൾ. തന്നോടു ദൈവത്തിനുള്ള / ക്രിസ്തുവിനുള്ള സ്നേഹാധിക്യത്താൽ സ്വർഗത്തിന്റെ മൂന്നാം നിലവരെ ഉയർത്തപ്പെട്ടെന്ന് അനുഭവിച്ചറിഞ്ഞ പൗലോസ് (2 കോറി 12,2-5). സ്നേഹഗായകനായി (1 കോറി 13). ആർക്ക് എന്തൊക്കെ അറിവും വരങ്ങളും പുണ്യങ്ങളും നന്മകളുമുണ്ടായിരുന്നാലും, അയാൾ ഏതെല്ലാം ത്യാഗങ്ങളനുഷ്ഠിച്ചാലും, സ്വശരീരം ദഹിപ്പിക്കാനേല്പിച്ചാലും, സ്നേഹമില്ലെങ്കിൽ ഒന്നുമില്ലെന്നു പാടിപ്പഠിപ്പിച്ചവൻ (1 കോറി 13,3). വിശ്വാസവും പ്രത്യാശയും നിറഞ്ഞുതുളുമ്പിയിരുന്നപ്പോൾ രണ്ടിന്റെയും മീതേ സ്നഹത്തിന്റെ സർവോത്കൃഷ്ടത ഉയർത്തിപ്പിടിച്ചവൻ (1 കോറി 13,12-13). ക്രിസ്തുവിനോടുള്ള സ്നഹത്തിൽനിന്ന് ആർക്ക്, ഏതു പ്രാതികൂല്യത്തിന്, തന്നെ അകറ്റാൻ കഴിയുമെന്നു വെല്ലുവിളിച്ചവൻ (റോമ 8,35-39). ജീവിതം ക്രിസ്തുവും മരണം ലാഭവുമാക്കിയവൻ (ഫിലി 1,21). ക്രിസ്തുവും അവന്റെ സുവിശേഷവും പൗലോസിനെ ഭരിച്ച വികാരമായിരുന്നു. പൗലോസിന്റെ ലേഖനങ്ങളിൽ 510ലധികം തവണ *ക്രിസ്തു* എന്ന നാമം ഉരുവിടുന്നു; പൗലോസിന്റെ പേരിലുള്ള മറ്റാറെണ്ണത്തിൽ 107 തവണയും!

വികാരവായ്പ് കർമോത്സുകതയ്ക്ക് ഇണയും തുണയുമായെന്നു കാണുന്നു പൗലോസിന്റെ കാര്യത്തിൽ. വികാരവായ്പ് സുവിശേഷത്തോടും അതു സ്വീകരിക്കുന്നവരോടും അതിനുവേണ്ടി തന്നോടു സഹകരിക്കുന്നവരോടുമുള്ള ആത്മാർത്ഥതയുടെ ആവിഷ്കാരമാണ്. അത് അദ്ദേഹത്തിനുവേണ്ടി വലിയ ത്യാഗം സ്വീകരിക്കാൻ സന്നദ്ധരായ സ്നേഹിതരെയും സഹപ്രവർത്തകരെയും നേടിക്കൊടുത്തു - ഉദാ: ഗലാത്യരും (4,15), പ്രിസ്കായും അക്വീലായും (റോമ 16,3-4), എപഫ്രോദിത്തോസും (ഫിലി 2,30). കാര്യങ്ങളുടെ ഉള്ളറകൾ അതിശീഘ്രം സൂക്ഷ്മമായി ഗ്രഹിച്ച് പെട്ടെന്നു പ്രവർത്തനത്തിലേക്കു നീങ്ങാനും അതു വിജയിപ്പിക്കാനും തുണച്ച ഒരുതരം ശക്തിയായിരുന്നു പൗലോസിന്റെ വികാരവായ്പ്. ലോലമനസ്കനെന്നു കാണപ്പെടുന്ന പൗലോസ് പാറപോലെ ഉള്ളയാളായിരുന്നു. ധൈര്യവും തന്റേടവും കാര്യപ്രാപ്തിയും ഉള്ളവനും (2 കോറി 10,1-2).

## 2.4 പൗലോസിന്റെ ആത്മാവബോധം

ഒരാളിന്റെ വ്യക്തിത്വത്തെ നിർണ്ണയിക്കുന്ന പ്രധാന ഘടകം അയാളുടെ ആത്മാവബോധവും തദനുസൃതമായ പെരുമാറ്റവും പ്രവർത്തനവുമാണല്ലോ. ഈ മാനദണ്ഡം പൗലോസിനെ സംബന്ധിച്ചു 100 ശതമാനവും ശരിയാണ്. താൻ വിശ്വസിച്ച ദൈവത്തോടുള്ള സമ്പൂർണ്ണമായ

ആത്മാർത്ഥതകൊണ്ടുള്ള പ്രതിബദ്ധത പൗലോസിന്റെ പ്രത്യേകതയായിരുന്നു. തന്റെ യഹൂദത്വത്തെപ്പറ്റി യഹൂദനായിരുന്നപ്പോഴും യേശുക്രിസ്തുവിന്റെ അപ്പോസ്തലനായിക്കഴിഞ്ഞും അദ്ദേഹം അഭിമാനിച്ചിരുന്നു. ആത്മാഭിമാനത്തിന്റെ വകകൾ ഇപ്രകാരം നിരത്താം:

*അബ്രാഹമിന്റെ സന്തതിയും ബഞ്ചമിൻഗോത്രജനുമായ ഒരു ഇസ്രായേല്ക്കാരൻ* (റോമ 1,16;9,27;10,1-4;11,1-7)
എട്ടാം ദിവസം പരിച്ഛേദനം ചെയ്യപ്പെട്ടവൻ (റോമ 11,1; ഫിലി 3,5; 2 കോറി 11,22)
ഹെബ്രായരിൽ നിന്നു ജനിച്ച ഹെബ്രായൻ
നിയമപ്രകാരം ഫരിസേയൻ;
നീതിയുടെ കാര്യത്തിൽ നിയമപ്രകാരം കുറ്റമില്ലാത്തവൻ (= ഫരിസേയൻ) (ഫിലി 3,5-6).
ഗമാലിയേലിന്റെ പാദത്തിങ്കലിരുന്ന് ഉന്നതവിദ്യാഭ്യാസം നേടിയവൻ (അപ്പ 22,3: ലൂക്കാ അവതരിപ്പിക്കുന്നത്).
സമപ്രായക്കാരായ അനേകരെക്കാൾ യഹൂദ മതകാര്യങ്ങളിൽ മുൻപന്തിയിലായിരുന്നവനും പിതാക്കന്മാരുടെ പാരമ്പര്യങ്ങളിൽ അതിതീക്ഷ്ണനും (ഗലാ 1,14).

എങ്കിലും, ജന്മസിദ്ധവും ആർജിച്ചതുമായ മേന്മകളും സമ്പന്നതകളുമെല്ലാം ക്രിസ്തുവിനെപ്രതി ഉച്ഛിഷ്ടംപോലെ കരുതിയവൻ (ഫിലി 3,7-8; ഫിലി 3,3ഉം 2,16ഉം). *ഉച്ഛിഷ്ടംപോലെ* എന്ന ഉപമയിൽ മേല്പറഞ്ഞ വകകളെല്ലാം ദഹിപ്പിച്ച് അവയിലടങ്ങിയിരുന്ന പോഷകമൂല്യങ്ങളെല്ലാം ക്രിസ്തുവിനെ പ്രഘോഷിക്കാൻവേണ്ടി വലിച്ചെടുത്തിരുന്നു എന്നുമൊരു ധ്വനിയില്ലേ?

*ആത്മപ്രശംസ ഭോഷന്റെ രീതി*യാണെന്ന് (2 കോറി 11,22) അറിവുള്ള അപ്പോസ്തലൻ തന്നെക്കുറിച്ച് മേല്പറഞ്ഞ കാര്യങ്ങൾ എഴുതിയിട്ടുള്ളത് തീർച്ചയായും ആത്മപ്രശംസയ്ക്കല്ല. യഹൂദമതസ്ഥനായിരുന്നപ്പോൾ തന്റെ മതത്തിന്റെ വിശ്വാസ,പാരമ്പര്യങ്ങളോടുള്ള തീക്ഷ്ണതയാൽ ജ്വലിച്ച് ക്രിസ്തീയ വിശ്വാസിസമൂഹത്തെ (സഭയെ) ഉന്മൂലനം ചെയ്യാൻ ഓടിനടന്നു പ്രവർത്തിച്ചു. ക്രിസ്തുദർശനം ലഭിച്ച നിമിഷം മുതൽ അവനുവേണ്ടി സമ്പൂർണ്ണമായ പ്രതിബദ്ധതയോടെ കരയും കടലും താണ്ടി പ്രവർത്തിച്ചു. അതാണ് പൗലോസ്. ക്രിസ്തുദർശനം ലഭിച്ചശേഷവും യഹൂജനത്തിനു രക്ഷാപദ്ധതിയിലുള്ള സ്ഥാനം അംഗീകരിച്ചുകൊണ്ടുതന്നെ (ഉദാ: റോമ 1,16;9,27;10,1-4;11,1-7) തന്റെ മാതൃമതത്തോടും വിഭാഗത്തോടുമുള്ള സ്നേഹം നിമിത്തം അതിന്റെ നിലപാടുകളെ നിഷ്കർഷം നിരൂപണം ചെയ്ത സമൂഹപരിവർത്തനവാദിയുമാണു പൗലോസ്.

യഹൂദനും ഫരിസേയനുമായിരുന്നതിൽ അഭിമാനിച്ചിരുന്നയാൾ ഒരു നിമിഷംകൊണ്ട് *ദൈവഹിതപ്രകാരം ക്രിസ്തുയേശുവിന്റെ അപ്പോ*

*സ്തലനാകാൻ വിളിക്കപ്പെട്ടവനും* (1 കോറി 1,1)), വിശേഷിച്ചു വിജാതീയരുടെ അപ്പോസ്തലനായി, *യേശുക്രിസ്തു സ്വന്തമാക്കിയവനും* (ഫിലി 3,12). യേശുക്രിസ്തു മുഖേന, അവന്റെ ദർശനത്താൽ, വെളിപാടാൽ, അവനയച്ചതിനാൽ (1 കോറി 1,17) അയയ്ക്കപ്പെട്ടവനുമായി എന്നാണ് പൗലോസിന്റെ ആത്മാവബോധത്തിന്റെ അടിസ്ഥാനതലം. അടിസ്ഥാനപരമായി ഒരു അപ്പോസ്തലവ്യക്തിത്വമാണ് പൗലോസിന്റേത്. അതിനാൽ അവന്റെ *ദാസനും* (*doulos*: ഗലാ 1,10;ഫിലി 1,1;റോമ 1,1) *സേവകനും* (*huperetes*: 1 കോറി 4,1) *കാര്യസ്ഥനും* (*oikonomous*: ഗലാ4,2; 1 കോറി 4,2), *പുരോഹിതശുശ്രൂഷിയും* (*leitourgos*: റോമ 15,16), *ദൈവത്തിന്റെ സഹപ്രവർത്തകനും* (*sunergos*: റോമ 16,3;1 കോറി 3,9) *ശുശ്രൂഷകനും* (*diakonos*: :2 കോറി 6,4) പുതിയ ഉടമ്പടിയുടെ *ശുശ്രൂഷകനും* (*diakonos* :2 കോറി 3,6) വിജാതീയർക്കുവേണ്ടി ദൈവത്തിന്റെ സുവിശേഷത്തിന്റെ *പുരോഹിതശുശ്രൂഷയിലേർപ്പെട്ടിരിക്കുന്നവനും* (*hierourgeo*: റോമ 15,15-16) *ദൈവത്തിന്റെ / ദൈവിക രഹസ്യങ്ങളുടെ കാര്യസ്ഥനും* (ഗലാ 4,2;1 കോറി 4,2), *ദൈവത്തിന്റെ പദ്ധതിയിലുള്ള വിദഗ്ധശില്പിയും* (1 കോറി 3,9-10) ... ആകുന്നുവെന്ന് അധികാരത്തിന് ഉത്തരവാദിത്വബോധവും എളിമയും ചാർത്തിയവൻ. തനിക്കു സുവിശേഷം പ്രസംഗിക്കാതിരിക്കാനാവില്ല എന്ന് ആന്തരിക നിർബന്ധം അനുഭവിച്ചിരുന്നു പൗലോസ് (1 കോറി 9,16). സുവിശേഷം എല്ലാ കൂട്ടർക്കും പ്രസംഗിക്കേണ്ടവനെന്ന ദൗത്യബോധം ഭരിച്ചിരുന്നു (റോമ 1,14). അതുകൊണ്ടു യഹൂദരെ നേടേണ്ടതിനു അവരെപ്പോലെയായവൻ (1 കോറി 9,20). എല്ലാപ്രകാരേണയും കുറെപ്പേരെ രക്ഷിക്കാൻ യഹൂദരുൾപ്പടെ എല്ലാവർക്കും എല്ലാമായവൻ (1 കോറി 9, 23). എല്ലാ മനുഷ്യരും പാപികളാകയാൽ എല്ലാവർക്കും രക്ഷ ആവശ്യമാണെന്നു വാദിച്ചവൻ (റോമ 1,18-3,20). സുവിശേഷപ്രവർത്തകർ സുവിശേഷംകൊണ്ട് ഉപജീവനം കഴിക്കണമെന്നു കർത്താവു കല്പിച്ചിട്ടുള്ളത് അറിഞ്ഞിരുന്നിട്ടും ആ അവകാശം വേണ്ടെന്നുവച്ചു കൈകൊണ്ടദ്ധ്വാനിച്ചവൻ (1 കോറി 9,6-15). പൗലോസ് ആരായിരുന്നു, എന്തായിരുന്നുവെന്നും ഒരു ദൈവശാസ്ത്രജ്ഞനായിരുന്നുവെന്നുമെല്ലാം നമുക്കറിയാൻ സാധിക്കുന്നത് അദ്ദേഹം ഒരു രചയിതാവുമായതിനാലാണ്.

## 2.5 പൗലോസിന്റെ ബാല്യവും വിദ്യാഭ്യാസവും

### 2.5.1 ജനനവും ബാല്യവും

പൗലോസ് തന്റെ ജനനകാലം ലേഖനങ്ങളിൽ എഴുതിയിട്ടില്ല. ക്രി.വ. 5-10നിടയ്ക്ക് കിലിക്യായിലെ താർസുസിൽ അദ്ദേഹം ജനിച്ചു എന്ന് അനുമാനിക്കാം (ഫിലെ 9 ; അപ്പ 21,39; 22,3-6).[2] തുർക്കിയുടെ

[2] ഫിലെ 9ൽ മൂപ്പൻ (*presbuteros* = വയസ്സൻ?) എന്നു പൗലോസ് സ്വയം വിശേഷിപ്പിക്കുന്നു. അതായത്, 50-56നിടയ്ക്കു പ്രായമുള്ളയാൾ (*TDNT* VI, 683). ജറുസ./.

തെക്കുകിഴക്കുഭാഗത്ത് താർസുസ് റോമാസാമ്രാജ്യത്തിൽ ഏഷ്യാമൈനറിലെ പ്രസിദ്ധമായ ഒരു തുറമുഖപട്ടണമായിരുന്നു. യവനപട്ടണമായിരുന്നു. ഗ്രേക്കോ-റോമൻസംസ്കാരത്തിന്റെയും, വിശേഷിച്ച്, സ്റ്റോയിക് ചിന്തകരുടെയും കേന്ദ്രവുമായിരുന്നു. ഗ്രീക്കായിരുന്നു അവിടത്തെ സംസാരഭാഷ. അക്കാലത്തെ റോമാസാമ്രാജ്യത്തിന്റെ പ്രധാന പട്ടണങ്ങളിലെപ്പോലെ താർസുസിലും യഹൂദക്കോളണിയുണ്ടായിരുന്നു.അവിടെ കുടിയേറിപ്പാർത്ത യഹൂദരായിരുന്നു പൗലോസിന്റെ മാതാപിതാക്കന്മാരെന്ന് ഒരു പാരമ്പര്യമുണ്ട്.[3] പൗലോസ് സ്വയം അവകാശപ്പെടുന്നുണ്ടല്ലോ: *അബ്രഹാമിന്റെ സന്തതിയും ബഞ്ചമിൻഗോത്രജനുമായ ഒരു ഇസ്രായേൽക്കാരൻ*; *എട്ടാം ദിവസം പരിച്ഛേദനം ചെയ്യപ്പെട്ടവൻ* (റോമ 11,1;ഫിലി 3,5;2കോറി 11,22); *ഹെബ്രായരിൽനിന്നു ജനിച്ച ഹെബ്രായൻ*; *നീതിയുടെ കാര്യത്തിൽ നിയമപ്രകാരം കുറ്റമില്ലാത്തവൻ* (= ഫരിസേയൻ: ഫിലി 3,5-6); *സമകാലികരായ അനേകരെക്കാൾ യഹൂദമതകാര്യങ്ങളിൽ മുൻപന്തിയിലായിരുന്നവൻ*; *പിതാക്കന്മാരുടെ പാരമ്പര്യങ്ങളിൽ അത്യധികം തീക്ഷ്ണമതി* (ഗലാ 1,14). സംസാരഭാഷ ഗ്രീക്കായിരുന്ന താർസുസിൽ ജനിച്ചതിനാൽ "പൗലോസ്" (= ചെറുത്, ഹ്രസ്വം) എന്ന ഗ്രീക്കുനാമവും, യഹൂദനും ബഞ്ചമിൻഗോത്രജനുമായിരുന്നതിനാൽ[4]യഹൂദമേഖലകളിലെ ഉപയോഗത്തിന് രണ്ടാം പേരായി "ശൗൽ"[5] (= ദൈവത്തോടു ചോദിച്ചു) എന്ന സെമിറ്റിക് (ഹെബ്രായ) നാമവും (അപ്പ 7,58;9,4.17) നല്കപ്പെട്ടു. ഗ്രീക്കുപേരു മാത്രമേ പൗലോസ് ലേഖനങ്ങളിൽ ഉപയോഗിക്കുന്നുള്ളു. താർസുസിൽ ജനിച്ചതിനാൽ ജന്മനാ റോമാപൗരനുമായി (അപ്പ 22,25 - 29; 22,25-29; 16,37; 23,27).[6] അദ്ദേഹത്തിന്റെ ഒരു സഹോദരിയെയും അവരുടെ ഒരു മകനെയും അപ്പ 23,16ൽ പരാമർശിച്ചിട്ടുണ്ട്.

./.ലേമിൽ സ്തേഫാനോസ് കല്ലെറിയപ്പെട്ടപ്പോൾ പൗലോസ് യുവാവായിരുന്നു (*neanias*: 24-40പ്രായം: അപ്പ 7,49). ജനനം ക്രി.വ. 5-10നിടയ്ക്കെന്ന് അനുമാനിക്കാം, Sebastian Kizhakkeyil, *Pauline Epistles*, Mumbai, 2006,19 subsribing to Buscemi.

[3]ജോർജ് പുന്നക്കോട്ടിൽ, "സെന്റ് പോൾ: ഒരു ആമുഖപഠനം," *ബൈബിൾഭാഷ്യം* വാല്യം III/1(1974) 3. പൗലോസിന്റെ കുടുംബം ഗലീലിയിലെ ഗിഷാലയിൽനിന്നു വന്നതാണെന്നു ജറോം അഭിപ്രായപ്പെട്ടിട്ടുണ്ട് (*De Virbus Illistribus*,5). അതിന്റെ വിശ്വാസ്യത തർക്കവിഷയമാണ്, F.F.Bruce, *Paul Apostle of the Free Spirit*, Carlisle, 1992[reprint],43. പൗലോസിന്റെ കുടുംബം ജറുസലേമിനടുത്തുള്ള യൂദയാപ്രദേശങ്ങളിൽനിന്നു കുടിയേറിയതാകാനാണ് കൂടുതൽ സാധ്യതയെന്ന് *ഹാർപേഴ്സ് ബൈബിൾ ഡിക്ഷണറി* ചൂണ്ടിക്കാട്ടുന്നു.

[4]Bruce, *Paul the Apostle*, 41.10 [5]അപ്പ.ങ്ങളിൽ *ശൗൽ* എന്ന രൂപവും (9,4.17; 22,7.13; 26,14) *ശൗലൊസ്* എന്ന രൂപവും (7,58;8,1.3;9,1) ഉണ്ട്. യവനസംസ്കാരം പ്രചരിച്ചിടങ്ങളിലെ യഹൂദർക്കു ഗ്രീക്കുപേരും സെമിറ്റിക് പേരും പതിവായിരുന്നു.

[6] Bruce, *Paul the Apostle*, 32-40.

ഇതുവരെ കണ്ട വിവരങ്ങൾ വ്യക്തമാക്കുന്നു, താർസുസ് പൗരസ്ത്യ,പാശ്ചാത്യസംഗമസ്ഥാനമായിരുന്നു.[7] പൗലോസ് ജന്മനാ രണ്ടു സംസ്കാരങ്ങളുടെ – യഹൂദ,യവന സംസ്കാരങ്ങളുടെ – സന്താനമായിരുന്നു. അദ്ദേഹത്തിന്റെ വിദ്യാഭ്യാസം അതു സുദൃഢമാക്കി; പ്രേഷിതപ്രവർത്തനത്തിനും ലേഖനങ്ങളിലും അദ്ദേഹം പ്രയോജനപ്പെടുത്തി.[7a]

## 2.5.2 വിദ്യാഭ്യാസം

മുകളിലുദ്ധരിച്ച പൗലോസിന്റെ സ്വയംസാക്ഷ്യം അദ്ദേഹത്തിന്റെ വിദ്യാഭ്യാസത്തിലേക്കും വിരൽ ചൂണ്ടുന്നതാണ്. "ഹെബ്രായരിൽനിന്നുള്ള ഹെബ്രായൻ" എന്ന വിശിഷ്ടവിശേഷണം പൗലോസ് ഗ്രീക്കു സംസാരിക്കുകയും തിരുഗ്രന്ഥം മൂലഭാഷയായ ഹീബ്രുവിൽ വായിക്കാനറിയുകയും അറമായഭാഷ അറിയുകയും അറമായ സംസാരിക്കുന്ന പ്രവാസികളുടെ കൂട്ടായ്മയിൽ കൂടുകയും ചെയ്തിരുന്നവനാണെന്നു വ്യാഖാതാക്കൾ വിശദീകരിക്കുന്നു.[8] യഹൂദശിക്ഷണം വീട്ടിൽ ആരംഭിച്ചിരിക്കണം. ബാല്യത്തിൽ താർസുസിലെ സിനഗോഗിൽ യഹൂദബാലരുടെ പതിവനുസരിച്ചു പ്രാഥമിക വിദ്യാഭ്യാസവും പിന്നീട് ജറുസലേമിൽ ഉപരിവിദ്യാഭ്യാസവും നടത്തി. താർസുസിൽ ഗ്രീക്കും ഹീബ്രുവും അറമായയും പഠിച്ചിട്ടുണ്ടാവും. യവനനഗരങ്ങളിലെ സിനഗോഗുകളിൽ ഗ്രീക്കു(LXX) തിരുഗ്രന്ഥമായിരുന്നല്ലോ വായിച്ചിരുന്നത്. താർസുസിലെ സിനഗോഗിലും വായിച്ചിരുന്നത് സപ്തതിഗ്രന്ഥമായിരിക്കണം. സപ്തതിഗ്രന്ഥത്തിൽ നിന്നാണ് പൗലോസ് ലേഖനങ്ങളിൽ ഉദ്ധരിക്കുന്നത്. ഗ്രീക്കിലാണല്ലോ പൗലോസ് ലേഖനങ്ങൾ എഴുതിയിട്ടുള്ളതും. ഗ്രീക്കു നന്നായി പഠിച്ചിട്ടുണ്ടെന്നു ഗ്രീക്കുഭാഷാപണ്ഡിതർ ചൂണ്ടിക്കാട്ടുന്നു. ഗീക്കുസാഹിത്യവും തത്വചിന്തയും പൗലോസിനു പരിചിതങ്ങളാണ്. ഗ്രീക്കുപ്രഭാഷണകലയും കത്തെഴുത്തുശാസ്ത്രവും നന്നായറിയാമെന്നു ലേഖനങ്ങൾ തെളിവ്. ഗ്രീക്കുസംസ്കാരത്തിന്റെ പ്രത്യേകതകൾ പൗലോസിനു തിരിച്ചറിയാം.[9] തിരുഗ്രന്ഥം മൂലഭാഷയിൽ വായിക്കാനും മനസ്സിലാക്കാനും തക്കവിധം ഹീബ്രു പഠിക്കണമായിരുന്നു. സിറിയായിലും ഏഷ്യാമൈനറിലും അറമായഭാഷ വ്യാപകമായി ഉപയോഗിച്ചിരുന്നതിനാൽ അതും പഠിച്ചിട്ടുണ്ടാവും. തിരുഗ്രന്ഥം വ്യഖ്യാനിക്കാനുള്ള പ്രഥമഘട്ടപരിശീലനവും താർസുസിൽ ലഭിച്ചു.

[7]Alain Decaux, *Paul Least of the Apostles*, St.Pauls, Mumbai, 2008,10.
[7a]പൗലോസിന്റെ യഹൂദ-യവനായ സാംസ്കാരികപശ്ചാത്തലത്തെക്കുറിച്ചു കൂടുതലറിയാൻ L.Legrand, *The Bible on Culture*, Banglore, 2001, 115-151.
[8]J.A. Fitzmyer, "Paul," *NJBC*, 1332 No.15; Bruce, *Paul*, 42. ഹീബ്രുവിൽ ശുശ്രൂഷകൾ നടത്തിയിരുന്നയാളും സാധാരണ സമസാരഭാഷ അറമായ ആയിരുന്നയാളും ആയിരിക്കാനും സാദ്ധ്യതയുണ്ടെന്നു ബ്രൂസ് സൂചിപ്പിക്കുന്നു. യവനനഗരങ്ങളിൽ സപ്തതിഗ്രന്ഥമായിരുന്നു വായനയ്ക്ക്. [9].Legrand, "Portrait of St.Paul," ... 173.

തിരുഗ്രന്ഥത്തിലും റബ്ബിമാരുടെ പാരമ്പര്യത്തിലുമുള്ള ഉപരിപരിശിലനം പൗലോസ് ജറുസലേമിലേമിൽ നടത്തി. ക്രി.വ. 24-30 വർഷങ്ങളിൽ പൗലോസ് ജറുസലേമിൽ പ്രശസ്ത റബ്ബി ഗമാലിയേലിന്റെ ശിഷ്യത്വം സ്വീകരിച്ചെന്ന് അനുമാനിക്കാം (അപ്പ 22,3). ക്രി.വ. 20-50 കാലഘട്ടത്തിൽ "മഹാനായ റബ്ബി" എന്നറിയപ്പെട്ടയാളാണ് ഗമാലിയേൽ. ഫരിസേയരുടെ മകനായതിനാൽ ഫരിസേയരീതിയിൽ *തോറാ*യും അക്കാലത്തെ യഹൂദറബ്ബിമാരുടെ പാരമ്പര്യമനുസരിച്ചു തിരുഗ്രന്ഥമാകെയും വ്യാഖ്യാനിക്കാൻ പഠിച്ചു. ജറുസലേമിൽ മാത്രമേ ഫരിസേയരുടെ സമൂഹവും കൂട്ടായ്മയും ഉണ്ടായിരുന്നുള്ളു. ജറുസലേമിലെ ഉപരിവിദ്യാഭ്യാസവും യവന (ഗ്രേക്കോറോമൻ) സംസ്കാരത്തിന്റെഘടകങ്ങളോടു കൂടുതൽ അടുക്കാൻ സഹായിച്ചിട്ടുണ്ടാവും. കാരണം, ജറുസലേമിലെ റബ്ബിനിക് വിദ്വത്‌വിചാരങ്ങളിൽ യഹൂദ,യവനയംശങ്ങൾ വേർതിരിക്കാനാവാത്ത വിധം സമ്മിശ്രപ്പെട്ടിരുന്നു.[10]

പൗലോസ് ഒരു ഫരിസേയൻ ആയിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് തോറായോടു ഫരിസേയരുടെ സമീപനം ഇപ്പറയുംവിധം ആയിരുന്നു: മനുഷ്യന്റെ ദുർഭഗസ്ഥിതിയിൽനിന്നു മോചനം നല്കുന്ന മിശിഹായുടെ രാജ്യം വന്നുചേരാനുള്ള ഏകമാർഗം കർക്കശമായ നിയമപാലനമാണ്. തിരുഗ്രന്ഥത്തിൽ എഴുതപ്പെട്ടിട്ടുള്ളതു മാത്രമല്ല കർത്താവു സീനായ്മലയിൽ മോശയ്ക്കു നല്കിയ നിയമം. കർത്താവ് മോശയ്ക്കു വരമൊഴിയായി നല്കിയ നിയമസംഹിത കൂടാതെ വായ്മൊഴിയായും നിയമാവലി നല്കിയിട്ടുണ്ട്. നിയമസംഹിതയുടെ ലിഖിതരൂപത്തിൽ 613 ആജ്ഞകളാണുള്ളത്. അവ ഒരിക്കൽ എന്നേക്കുമായി നല്കപ്പെട്ടവയാണ്. അവയ്ക്കു മാറ്റമില്ല. അതിൽ കൂടുതൽ നിയമങ്ങൾ വായ്മൊഴിയായുണ്ട്. അവയ്ക്ക് അവസാനരൂപം ആയിട്ടില്ല. കാലാകാലങ്ങളിൽ നല്കപ്പെട്ടുകൊണ്ടിരിക്കുന്നു. നിയമജ്ഞരും പണ്ഡിതരും അവയുടെ സംരക്ഷകരും സൂക്ഷിപ്പുകാരുമാണ്.[11] അതേ സമയം അക്കാലത്തെ യഹൂദരെ സംബന്ധിച്ച് നിയമം കല്പനകളും വിലക്കുകളും മാത്രമായിരുന്നില്ല. സംസ്കാരവും കൃപയുമായിരുന്നു എന്ന വസ്തുതയും നാം വിസ്മരിക്കരുത്.[18]

ഫരിസേയർ നിയമത്തെ *ഹലാക്കാ* (ആചാരനിയമങ്ങൾ) എന്നും *ഹഗ്ഗാദാ* (കഥനം) എന്നും രണ്ടായി തിരിച്ചു. രണ്ടിനത്തിലെയും ഏറി

[10]N.A.Dahl, *Studies in Paul*, Minneapolis, Augsburg Publishing House, 1977,4.

[11] Kizhakkeyil, *Pauline Epistles*, 19 subsribing to Buscemi.

[12] തോറായുടെ (നിയമത്തിന്റെ) അർത്ഥത്തിന്റെ നാലു മാനങ്ങൾ പരിഗണിക്കമ്പോൾ നിയമം പൗലോസിന്റെ സമകാലിക യഹൂദസമൂഹത്തിനു നരവിജ്ഞാനീയവീക്ഷണത്തിൽ ഒരു സംസ്കാരമായിരുന്നു; ദൈവശാസ്ത്രപ്രകാരം ദൈവകൃപയുമായിരുന്നു. W.D.Davies, *Jewish and Pauline Studies*, London, 1984, 92-93,118 as quoted in Legrand, *Bible on Culture*, 116.

യകൂറും നിയമങ്ങൾ മനഃപാഠമാക്കിയാലേ നിയമപണ്ഡിതൻ ആകൂ. അതിനു നാലഞ്ചു വർഷം പ്രഗത്ഭനായ റബ്ബിയുടെ ശിക്ഷണത്തിൽ തീവ്രപരിശീലനം ആവശ്യമായിരുന്നു. യഹൂദയുവാക്കന്മാർ മതപഠനത്തോടൊപ്പം ഒരു തൊഴിലും അഭ്യസിക്കണമായിരുന്നു (*മിഷ്ന ആവോത്*). തൊഴിൽ പരിശീലനം സ്വന്തം വീട്ടിൽ ആരംഭിക്കുകയും ജറുസലേമിലെ വിദ്യാഭ്യാസകാലത്തു മികവുറ്റതാക്കുകയും ചെയ്തെന്നു കരുതാം. പൗലോസ് കൂടാരപ്പണി പഠിച്ചു (അപ്പ 18,3.2;1 കോറി 9,1-8;1 തെസ്സ 8,9 [2 തെസ്സ 3,7]). 19/20 വയസ്സിൽ (ക്രി.വ. 24-30) ജറുസലേമിലെ ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കിയെന്നു കരുതാം. സെമിറ്റിക് ചിന്താവഴിയിലും ശൈലിയിലും കൂടുതൽ പരിചയമുറപ്പിക്കാൻ ജറുസലേമിലെ വിദ്യാഭ്യാസം ഉപകരിച്ചു.[13] അതും ലേഖനങ്ങളിൽ പ്രതിഫലിക്കുന്നുണ്ടല്ലോ. ജറുസലേമിലെ വിദ്യാഭ്യാസം കഴിഞ്ഞ് പൗലോസ് സ്വദേശമായ താർസുസിൽ തിരിച്ചെത്തി. ജറുസലേമിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ അവസാന നാളുകളിലാണല്ലോ യേശുവിന്റെ പീഡാനുഭവ, മരണ,ഉത്ഥാന സംഭവങ്ങൾ. വാർത്തകൾ പൗലോസും കേട്ടിട്ടുണ്ടാവും; അപ്പോഴോ, അതിനു മുമ്പേയോ ദേവാലയത്തിലോ പരിസരങ്ങളിലോ വച്ച് യേശുവിനെ കണ്ടിരിക്കാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല.

### 2.5.3 പൗലോസ് വിവാഹിതൻ / വൈധവ്യൻ?

യുവാക്കന്മാർക്കു 18-20 വയസ്സാകുമ്പോൾ വിവാഹമെന്നായിരുന്നു അന്നത്തെ യഹൂദപാരമ്പര്യം. റബ്ബിനിക്പാരമ്പര്യം ചൊല്ലിയിരുന്നു: "ഇരുപതു വയസ്സിനകം ഒരു ഭാര്യയെ സ്വീകരിക്കാത്തവൻ ശപ്തനാകട്ടെ;" "പ്രജനനകർമ്മത്തിൽ പങ്കെടുക്കാത്തവൻ കൊലപാതകിയെപ്പോലെയാണ്"[13] ഇതനുസരിച്ച് പൗലോസ് വിവാഹിതനായിരിക്കേണ്ടതാണ്. വിവാഹിതനായിരുന്നെന്നു ഫിലി 4,3, വിശേഷിച്ച് അതിലെ *ഗേസി സ്യൂറ്റ്സ്യൂഗെ* (= യഥാർത്ഥ നുകപ്പങ്കാളി) എന്ന വിശിഷ്ടരൂപകം, ആസ്പദമാക്കി അലക്സാണ്ട്രിയായിലെ ക്ലെമെന്റ് വാദിക്കുന്നു.[14] എതിരായ നിലപാട് 1 കോറി 7,7-8ഉം 9,5ഉം ആധാരമാക്കി സഭാപിതാക്കന്മാർ പൊതുവെ സ്വീകരിച്ചു. *ഗേസി സ്യൂറ്റ്സ്യൂഗെ*യിലെ നാമവും നാമവിശേഷണവും പുല്ലിംഗമാണ്; സ്ത്രീയെ കുറിക്കുന്നതല്ല. 'യഥാർഥ നുകപ്പങ്കാളി' എന്നേ അർത്ഥമുള്ളു. അതിനാൽ പ്രസ്തുത പദങ്ങൾ പ്രേ ഷിതപ്രവർത്തനത്തിലെ സഹപ്രവർത്തകനെ വർണിക്കുന്നതാണ്.[15] പൗലോസ് അവിവാഹിതനോ വൈധവ്യനോ ആയിരുന്നെന്ന് 1 കോറി 7,7-8 വ്യാഖ്യാനിക്കാം. സുവിശേഷവേലയിൽ ഏർപ്പെട്ടിരുന്നപ്പോൾ കൂട്ടിനു ഭാര്യയില്ലായിരുന്നെന്ന് 1 കോറി 9,5 സൂചിപ്പിക്കുന്നു.

[13] Fitzmyer, "Paul the Apostle," 1333 No.18 referring to W.C. Unnik; Kizhakkeyil, *Pauline Epistles*, 20 subsribiing to Buscemi. [14]*Stromata* III,6: *PG* 8,1157;.ആധുനിക കാലത്ത് യൊവാക്കിം ജെറെമിയാസും ഈ നിലപാടുകാരനായിരുന്നു.

[15]ABD; Kizhakkeyil, *Pauline Epistles*, 20 subsribiing to Buscemi.

# 3

# ക്രിസ്തുവിന്റെ പീഡകനും പ്രഘോഷകനും

## 3.1 പൗലോസ് ക്രിസ്തുവിന്റെ പീഡകൻ

യഹൂദമതത്തിൽനിന്നുള്ള ഒരു "മതഭേദ"മെന്നു യഹൂദർ വിളിച്ച (അപ്പ 24,5.14) ക്രിസ്തീയ വിശ്വാസിസമൂഹം ക്രി.വ. 31/32ൽ ജറുസലേമിൽ ഉടലെടുത്തു. ക്രിസ്തീയ വിശ്വാസികൾ തങ്ങളുടെ വിശ്വാസത്തെയും സമൂഹത്തെയും "മാർഗം" എന്നു വിളിച്ചു (അപ്പ 9,2;22,4;19,9.23; 24,14.22).[16] യഹൂദമതം പ്രതീക്ഷിക്കുന്ന യുഗാന്തമിശിഹാ നസറായനായ യേശുവാണെന്നും, ദൈവപുത്രനായ അവനിലുള്ള വിശ്വാസത്താലാണ്, നിയമത്താലല്ല, യുഗാന്തരക്ഷ ലഭ്യമാകുന്നതെന്നും ഈ മതഭേദം പഠിപ്പിച്ചു. യേശുവിനെ ആരാധിച്ചു ദൈവത്തെ ആരാധിച്ചു. ഈ മതഭേദത്തിന്റെ വിശ്വാസവും ആരാധനാരീതിയും അതിവേഗം പലസ്തീനായിലും സമീപപ്രദേശങ്ങളിലും യഹൂദരുടെയിടയിൽ വ്യാപിച്ചുകൊണ്ടിരുന്നു.

ഫരിസേയപാരമ്പര്യവും ജറുസലേമിലെ റബ്ബീനിക് വിദ്യാഭ്യാസവും പൗലോസിനെ കടുത്ത യഹൂദമതതീക്ഷ്ണനും നിയമത്തെ സംബന്ധിച്ച ഫരിസേയസമീപനത്തിൽ കർക്കശനും അതിതീക്ഷ്ണനുമാക്കിയിരുന്നു. പലസ്തീനായിലും സമീപപ്രദേശങ്ങളിലും യഹൂദരുടെയിടയിൽ വ്യാപിച്ചുകൊണ്ടിരുന്ന 'മാർഗ'പ്രസ്ഥാനത്തെ, ഉന്മൂലനം ചെയ്യാനുള്ള ഉപായങ്ങളിലും ഉദ്യമങ്ങളിലും യഹൂദപാരമ്പര്യങ്ങളോടും നിയമത്തോടുമുള്ള തീക്ഷ്ണതയാൽ ജ്വലിച്ച പൗലോസ് വ്യാപൃതനായി (ഗലാ 1,13;ഫിലി 3,6;അപ്പ 8,1.3;9,13.5). ജറുസലേമിലും പുറത്തുമുള്ള ക്രിസ്തുവിശ്വാസികളെ ബന്ധിച്ച് ജറുസലേമിലേക്കു കൊണ്ടുവരാനും ശിക്ഷിക്കാനും അധികാരം ലഭിച്ചവനായിരുന്നു പൗലോസ് (1 കോറി 15,9;ഗലാ 1,13.23; അപ്പ 9,1-2; 22,5). ജറുസലേമിലെ ആദ്യഡീക്കന്മാരിൽ പ്രഥമനും രക്തസാക്ഷിയുമായ സ്തേഫാനോസിന്റെ വധത്തിന്റെ സാക്ഷികളുടെ വസ്ത്രം തന്റെ കാല്ക്കൽ സൂക്ഷിരുന്ന യുവാവായാണ് പൗലോസിനെ ആദ്യം പുതിയ നിയമത്തിൽ നാം കാണുന്നത് (അപ്പ 7,58). പൗലോസിന്റെ ഈ ചിത്രം യഹൂദമതതീക്ഷ്ണതയുടെ ഒരു തനിരൂപമാണല്ലോ. ഇത്രയ്ക്കങ്ങു മതതീക്ഷ്ണനാകാൻ കാരണം പൗലോസ്തന്നെ പറഞ്ഞിട്ടുണ്ട്: ... *എന്തെന്നാൽ, മരത്തിൽ തൂക്കപ്പെടുന്നവൻ ശപിക്കപ്പെട്ടവനാണ് എന്ന് എഴുതിയിരിക്കുന്നു* (ഗലാ 3,13). തന്റെ മത

[16]Kurian Valuparampil, "*Margasastra* of the Acts of the Apostles...," *Christian Orient* 16/1 (1995) 21-23.

ത്തിന്റെ തിരുഗ്രന്ഥമനുസരിച്ചാണ് പൗലോസ് പ്രവർത്തിച്ചത് (നിയ 21, 23): അതനുസരിച്ച് ക്രൂശിതമിശിഹായെ അംഗീകരിക്കാനാവില്ല!

## 3.2 പൗലോസിന്റെ 'ദമാസ്കസനുഭവം'

*ദൈവഹിതത്തോടു ശക്തമായി എതിർത്തുകൊണ്ട്* (1 കോറി 15,9) *ദൈവത്തിന്റെ സഭയെ കഠിനമായി പീഡിപ്പിക്കുകയും അതിനെ ഉന്മൂലനം ചെയ്യാൻ പരിശ്രമിക്കുകയും ചെയ്തു*കൊണ്ടിരുന്നപ്പോൾ (ഗലാ 1,13;1 കോറി 15,9) (ക്രി.വ. 36ൽ)[17] ദമാസ്കസിനു സമീപംവച്ചു[18] പൗലോസിന് ഉഥിതനായ ക്രിസ്തുവിന്റെ ദർശനമുണ്ടായി; ദൈവം തന്റെ പുത്രനെ പൗലോസിനു വെളിപ്പെടുത്തിക്കൊടുത്തു (ഗലാ 1,16). അതു പൗലോസിനു ദൈവത്തിന്റെ ദാനമായിരുന്നു. ക്രിസ്തുവിനെ കണ്ടു.[19] ക്രിസ്തുവിന്റെ ഭക്തനായി; വിജാതീയരുടെ അപ്പോസ്തലനായി വിളിക്കപ്പെട്ടു; അയയ്ക്കപ്പെട്ടു (1 കോറി 9,1;ഗലാ 1,13-17;1 കോറി15,1-13;റോമ 1,5). ഒറ്റയനുഭവത്തിൽ ക്രിസ്തുദർശനവും അവനിലേക്കുള്ള വിശ്വാസസമർപ്പണവും (മാനസാന്തരവും) വിജാതീയരുടെയിടയിൽ ക്രിസ്തുവിന്റെ അപ്പോസ്തലനാകാനുള്ള ദൈവത്തിന്റെ വിളിയും ക്രിസ്തുവിന്റെ അയപ്പും! പൗലോസിന്റെ ദമാസ്കസനുഭവം! പീഡകൻ പ്രേഷിതനായി!

### 3.2.1 കർത്ത്യുദർശനം /വെളിപ്പെടൽ?

താൻ കർത്താവായ യേശുവിനെ ദർശിച്ച ഒരപ്പോസ്തലനാണെന്ന് പൗലോസ് സാക്ഷ്യപ്പെടുത്തുന്നു (1 കോറി 9,1). പ്രവാചകന്മാരുടെ കർത്ത്യദർശനാനുഭവസാക്ഷ്യങ്ങൾ തിരുഗ്രന്ഥത്തിലുള്ളത് (ഏശ 6,1;ആമോ 9,1;ജറെ 38,21; എസ 11,25) പൗലോസിന്റെ അന്തരംഗത്തിൽ നിറഞ്ഞുനില്ക്കുന്നു. തനിക്കുമുമ്പേ അപ്പോസ്തലന്മാരായ കേപ്പായ്ക്കും പന്തിരുവർക്കും മറ്റു പലർക്കും ഉഥിതനായ കർത്താവ് കാണപ്പെട്ടിട്ടുള്ളത് (*horao*:1 കോറി 15,5-7) പൗലോസിന്റെ ഓർമ്മയിലെത്തുന്നു. ദൈവംതന്നെ മുൻകയ്യെടുത്താണ് പ്രവാചകന്മാർക്കു കർത്ത്യുദർശനമുണ്ടായത്. അപ്രകാരംതന്നെ ഉഥിതനായ കർത്താവ് അപ്പോസ്തലന്മാർക്കു കാണപ്പെട്ടതും. പ്രവാചകന്മാർക്കുണ്ടായ കർത്ത്യുദർശനത്തിന്റെ പൂർത്തീകരണം അപ്പോസ്തലന്മാർക്കുണ്ടായ ഉഥിതകർത്താ

[17]പൗലോസിന്റെ മാനസാന്തരം ക്രി.വ. 30/33ൽ എന്നു ല്യൂഡ്മാനും 34ൽ എന്നു ഷെവെയും കണക്കാക്കുന്നു, Fitzmyer, "Paul the Apostlel," 1333 No.20.
[18]ക്രിസ്തുവിന്റെ വെളിപാടു ലഭിച്ചുടനെ അറേബ്യായിലേക്കു പോകുകയും അവിടെനിന്നു ദമാസ്കസിലേക്കു മടങ്ങുകയും ചെയ്തുവെന്ന വിവരത്തിൽ അന്തസ്ഥിതം. ദമാസ്കസിനു സമീപംവച്ച് ദർശനമുണ്ടായെന്നു പൗലോസ് പറഞ്ഞിട്ടില്ല. ലൂക്കായാണ് വിവരിക്കുക. ഇത് ഗലാ 2.7ലെ വിവരവുമായി ഒത്തുപോകുന്നു.

[19]വെളിപ്പെടുത്തൽ മറനീക്കലാലാണ്. മറ നീങ്ങിയപ്പോൾ കണ്ടതു ദർശനവും. വെളിപ്പെടുത്തലും ദർശനവും അന്യോന്യം ബന്ധപ്പെട്ടവയാണ്, എം.ജെ.ജോസഫ്, "പൗലോസിന്റെ ആത്മാവബോധം," *ബൈബിൾഭാഷ്യം* വാല്യം VIII/3(1979) 200.

വിന്റെ കാണപ്പെടലിൽ സംഭവിച്ചു എന്നൊരു വിചാരം പൗലോസ് ഒരിടത്തും പ്രകടിപ്പിച്ചിട്ടില്ല. തന്റെ കർത്ത്യുദർശനം പ്രവാചകന്മാരുടെ കർത്ത്യുദർശനാനുഭവംപോലാണെന്നു പൗലോസ് വിലമതിക്കുന്നു. അതിലുപരിയായി, ക്രിസ്തുവിന്റെ അപ്പോസ്തലാനാകാൻവേണ്ട യോഗ്യതയായ കർത്ത്യുദർശനം (അപ്പ 1,22) തനിക്കു മുമ്പേ അപ്പോസ്തലന്മാരായവർക്കെന്നപോലെ തനിക്കുമുണ്ടെന്നു പൗലോസിനുറപ്പായി. പ്രവാചകന്മാർക്കു കർത്ത്യുദർശനം ലഭിച്ചപ്പോൾ ദൈവികപദ്ധതി കൂടുതൽ അടുത്തറിയാൻ അവർക്കവസരം ലഭിച്ചു. തങ്ങളെക്കുറിച്ചുള്ള ദൈവികപദ്ധതിയുടെ വെളിച്ചത്തിൽ ആത്മശോധന നടത്താനുള്ള സന്ദർഭവുമായിരുന്നു.[20] പൗലോസിനും അതു ലഭിച്ചു (ഗലാ 1,13 –16). തന്മൂലാണല്ലോ യേശുക്രിസ്തുവിന്റെ പക്ഷത്തേക്കു മാറിയത്.

### 3.2.2 മാനസാന്തരം?

മുകളിൽ ഉദ്ധരിക്കയും സൂചിപ്പിക്കുകയും ചെയ്തിട്ടുള്ള പൗലോസിന്റെ വാക്കുകളിലും സമാനമായി അപ്പോസ്തലപ്രവർത്തനങ്ങളിലുമുള്ള വിവരണങ്ങളിലും പൗലോസിന്റെ മാനസാന്തരത്തിന്റെ അന്തസാരമുണ്ട്. പൗലോസിന്റെ മാനസാന്തരം ദൈവവിശ്വാസമില്ലായ്മയിൽനിന്നോ പാപജീവിതത്തിൽനിന്നോയുള്ള മനംമാറ്റമല്ല. അദ്ദേഹം ഇസ്രായേലിന്റെ ദൈവമായ കർത്താവിനെ അറിയുകയും സേവിക്കുകയും ചെയ്തിരുന്നവനാണ്. നിയമലംഘകനായി ജീവിച്ചിരുന്നവനല്ല. "നീതീകരണം സംബന്ധിച്ചു നിയമദൃഷ്ട്യാ കുറ്റമറ്റവനായിരുന്നു" (ഫിലി 3, 6). ധീരമായ മനസ്സാക്ഷിയുടെ ഉടമ. മിശിഹായെ പ്രതീക്ഷിച്ചു കഴിയുകയായിരുന്നു. ദമാസ്കസനുഭവം തനിക്ക് എന്തായിരുന്നുവെന്ന് ഗലാ 1,11–17ൽ പൗലോസ് എഴുതിയിട്ടുണ്ടല്ലോ: ക്രിസ്തു ദൈവപുത്രനാണ്; വിജാതീയരോടു സുവിശേഷം പ്രഘോഷിക്കാൻ താൻ നിയോഗിക്കപ്പെട്ടിരിക്കുന്നു. "മൂല്യങ്ങളുടെ ഒരു തകിടംമറിച്ചിൽ" എന്നാണ് ഗാഗർ പൗലോസിന്റെ മാനസാന്തരത്തെ വിശേഷിപ്പിക്കുന്നത്.[21] കർത്താവിൽനിന്നു നേരിട്ടു ലഭിച്ച വിളിക്കും നിയോഗത്തിനും ക്രൈസ്തവ സഭാത്മകമായ സ്ഥിരീകരണമായി കൈവയ്പും കാഴ്ചപ്രാപിക്കലും സ്നാനവും ലൂക്കാ രേഖപ്പെടുത്തി (അപ്പ 9,1–19). ഫരിസേയൻ ക്രിസ്ത്യാനിയായി; വിജാതീയരുടെ അപ്പോസ്തലനുമായി. എന്നു പറഞ്ഞാൽ?

### 3.2.3 പുതിയ മിശിഹാദർശനം (പുതിയ ക്രിസ്തുശാസ്ത്രം)

ദമാസ്കസനുഭവത്തിൽ പൗലോസിനു *ദൈവം തന്റെ സമയമായപ്പോൾ തന്റെ പുത്രനെ വെളിപ്പെടുത്തിക്കൊടുത്തു* (ഗലാ 1,16). ഇതു സംഭവിച്ചത് വചനപ്പുറപ്പാടിന്റെ കേന്ദ്രമായ ജറുസലേമിൽ (ഏശ 2,3) അല്ലെന്നത് അദ്ഭുതകരമത്രേ. യേശു സമുജ്ജ്വല മഹത്വത്തോടെ കാണ

[20]എം.ജെ.ജോസഫ്, "പൗലോസിന്റെ ആത്മാവബോധം," 200.

[21]Fitmyer, "Paul the Apostle," 1333 No. 20.

പ്പെട്ടു. അതു "മഹത്വത്തിന്റെ കർത്താവിന്റെ വെളിപ്പെടുത്തൽ" ആയിരുന്നു (1 കോറി 2,8). ആദിയിൽ ദൈവം പ്രകാശം സൃഷ്ടിച്ചതിനു സമാനമായ സൃഷ്ടിപരമായ ഒരു പ്രവൃത്തി: *അന്ധകാരത്തിൽനിന്നു പ്രകാശം ഉദിക്കട്ടെയെന്ന് അരുൾചെയ്ത ദൈവംതന്നാണ് ക്രിസ്തുവിന്റെ മുഖത്തെ ദൈവതേജസ്സിനെപ്പറ്റിയുള്ള അറിവിന്റെ പ്രകാശം* പൗലോസിന്റെ *ഹൃദയത്തിൽ ജ്വലിപ്പിച്ചത്* (2 കോറി 4,5-6); *പിതാവായ ദൈവം മരിച്ചവരിൽനിന്നുയിർപ്പിച്ച തന്റെ പുത്രനെ വെളിപ്പെടുത്തിയ*തും (ഗലാ1,1.15). യേശു വാസ്തവത്തിൽ സജീവനാണ്. *നമ്മുടെ കർത്താവായ അവൻ ജഡപ്രകാരം ദാവീദിന്റെ സന്തതിയിൽനിന്നു ജനിച്ചവനും മരിച്ചവരിൽനിന്നുള്ള ഉത്ഥാനംവഴി വിശുദ്ധിയുടെ ആത്മാവിനു ചേർന്ന വിധം ശക്തിയിൽ ദൈവപുത്രനായി നിശ്ചയിക്കപ്പെട്ടവനുമാണ്* (റോമ 1,3-4). അതായത്, അവൻ സജീവനാണ്; മഹത്വീകൃതനായിരിക്കുന്ന അവസ്ഥയിൽ അവൻ മനുഷ്യരെ ജീവിപ്പിക്കുന്ന സർവാതിശായിയും സജീവവുമായ വിശുദ്ധിയുടെ സ്രോതസ്സായി നിയമിക്കപ്പെട്ടിരിക്കുന്നു.[22] സമുജ്ജ്വല മഹത്വത്തോടെ കാണപ്പെട്ട യേശുക്രിസ്തുവിനെ *ആത്മീയ ശരീര*മായി (*soma pneumatikos*: 1 കോറി 15,45) പൗലോസ് കണ്ടു. അവൻ സഭയിൽ സന്നിഹിതനാണ്. സഭ അവന്റെ ശരീരമാണ് (1 കോറി 12,12-27). ദമാസ്കസ് ദർശനം പൗലോസിന്റെ ക്രിസതു,സഭാശാസ്ത്രങ്ങളുടെ അടിത്തറയായി ഭവിച്ചു.

പൗലോസ് അത്യധികം തീക്ഷ്ണതയോടെ പാലിച്ചിരുന്ന നിയമമനുസരിച്ചു നോക്കുമ്പോൾ ക്രൂശിതനായ നസറായനേശു ദൈവം ഉപേക്ഷിച്ചവനും ശപിച്ചവനുമായിരുന്നു (നിയ 21,33; ഗലാ 1,13;3,13;). ഫരിസേയനായ പൗലോസിനു യേശു മിശിഹായല്ലെന്നു മാത്രമല്ല, *ഇടർച്ചയായ തടസ്സ*വുമായിരുന്നു (1 കോറി 1,23). അതിനാലാണ് ക്രിസ്തീയ വിശ്വാസവും വിശ്വാസികളെയും നശിപ്പിക്കാൻ ചങ്ങലയുമായിറങ്ങിയത്. പക്ഷേ, ദൈവം തന്റെ പുത്രനെ പൗലോസിനു വെളിപ്പെടുത്തിയപ്പോൾ നസറായനായ യേശുവിന്റെ മരണത്തിന്റെ മിശിഹാപരവും പ്രതികാര്യസ്ഥപരവും രക്ഷാകരവുമായ മൂല്യം നന്നേ ബോധിച്ചു. ക്രൂശിതനായ യേശു *മഹത്വത്തിന്റെ കർത്താവായ* (1 കോറി 2,8) രക്ഷകനുമാണ് (ഫിലി 3,20); യഹൂദർക്ക് ഇടർച്ചയായ കുരിശ് *ദൈവത്തിന്റെ ശക്തിയും ജ്ഞാനവുമാണെ*ന്ന (1 കോറി 1,24) ദിവ്യജ്ഞാനമുണ്ടായി. മനുഷ്യവംശത്തെ ശാപത്തിൽനിന്നു മോചിക്കേണ്ടതിന് ക്രിസ്തുയേശു നിയമത്തിന്റെ ശാപം തന്മേലേറ്റുകയും അതിനെ അതിന്റെയെതിരായി രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നതു പൗലോസ് കണ്ടു.[23] ക്രൂശിതനായ യേശുക്രിസ്തു ദൈവം ശപിച്ചവനും ഉപേക്ഷിച്ചവനും അല്ലെന്ന് അവന്റെ ഉയിർപ്പു സ്ഥിരീകരിക്കുന്നെന്നു പൗലോസ്

[22] "Letter to the Romans," *NJBC*, 833

[23] Fitzmyer, "Pauline Theology," *NJBC*, 1386 No. 14.

മനസ്സിലാക്കി. ക്രൂശിതനും മരിച്ചവരിൽനിന്നുഥിതനുമായ യേശു ക്രിസ്തു നമ്മെ ശാപത്തിൽനിന്നു വീണ്ടെടുത്തു (ഗലാ 3,13). ദൈവം ക്രിസ്തുയേശുവിനെ നമ്മുടെ വീണ്ടെടുപ്പാക്കി (1 കോറി 1,30); അവ നിലാണ് നമ്മുടെ വീണ്ടെടുപ്പ് (റോമ 3,24).

പഴയ ഉടമ്പടി / തിരുഗ്രന്ഥം ഗ്രഹിക്കാൻ തടസ്സമായിരുന്ന വിരി ദമാസ്കസനുഭവത്തിലുണ്ടായ *പുത്രന്റെ വെളിപ്പെടുത്തലാൽ* (ഗലാ 1,16), *ക്രിസ്തുവഴി* (2 കോറി 3,14) മാറ്റപ്പെട്ടു. തിരുഗ്രന്ഥം കൂടുതൽ കൃത്യമായി ഗ്രഹിക്കാനുള്ള കൃപ പൗലോസിനു ലഭിച്ചു. യേശുക്രിസ്തു പൗലോസിനു പഴയ ഉടമ്പടി പ്രകാശിപ്പിച്ചുകൊടുത്തു. ഈ ക്രിസ്തു തിരുഗ്രന്ഥത്തിലേതുതന്നാണെന്നുള്ള ഉൾക്കാഴ്ച പൗലോസിനു കിട്ടി. അത്രയ്ക്കു തിട്ടമായിരുന്നല്ലോ അദ്ദേഹത്തിനു തിരുഗ്രന്ഥം. അതിലെ ക്രിസ്തുവിനെയാണ് പൗലോസ് ദർശിച്ചത്; അവനിൽത്തന്നാണ് പൗലോസ് വിശ്വസിച്ചത്; അവനെ പ്രസംഗിക്കാനത്രേ വിളിക്കപ്പെട്ടതും. ഉഥിതനായ യേശുക്രിസ്തു വിധിയാളനായ കർത്താവാണെന്നും പൗലോസിനറിവുണ്ടായി (1 കോറി 11,32). പ്രതീക്ഷിച്ചിരുന്ന യുഗാന്ത കാലം ആരംഭിച്ചുകഴിഞ്ഞു (1 കോറി 10,11). പരിസമാപ്തി കർത്താവിന്റെ പുനരാഗമനത്തിലാണ്. ഇനി അതു പ്രതീക്ഷിച്ചു പ്രവർത്തിക്കുക.

### 3.2.4 നിയമത്തെക്കുറിച്ചു നവജ്ഞാനം

നിയമമനുസരിച്ചുള്ള സത്പ്രവൃത്തികൾക്കു ദൈവത്തിൽനിന്നുള്ള സമ്മാനമാണ് നീതീകരണമെന്ന് സകല യഹൂദരോടുമൊപ്പം പൗലോസും വിശ്വസിച്ചിരുന്നു. അതുപോലെതന്നെ, വിജാതീയർക്കു മോശയുടെ നിയമമില്ലാത്തതിനാൽ നീതീകരണമില്ലെന്നും. ഫരിസേയനെന്ന നിലയിൽ നിയമംവഴി രക്ഷ നേടാനായിരുന്നു പൗലോസിന്റെ പരിശ്രമം. അതായത്, രക്ഷ മനുഷ്യപ്രയത്നംകൊണ്ടു നേടാമെന്നു വിശ്വസിച്ച് ജീവിതത്തിന്റെ കേന്ദ്രമായി മോശയുടെ നിയമത്തെ പ്രതിഷ്ഠിച്ചിരുന്നു. തത്സ്ഥാനത്ത് ക്രിസ്തുദർശനത്തോടെ ക്രിസ്തുവിനെ പ്രതിഷ്ഠിച്ചു: നിയമത്താൽ ഒരാളും ദൈവമുമ്പാകെ നീതീകരിക്കപ്പെടുന്നില്ല (ഗലാ 3,11) എന്ന ബോധജ്ഞാനം പൗലോസിനുണ്ടായി. ദൈവത്തിൽനിന്നുള്ള നീതീകരണത്തിനുപാധി നിയമമെന്ന ധാരണയുടെ സ്ഥാനത്ത് യേശുക്രിസ്തുവിലുള്ള വിശ്വാസം സ്ഥാപിച്ചു (ഗലാ 2,16). *ക്രിസ്തു നിയമത്തിന്റെ പൂർത്തിയാണ്*; *അവനിൽ വിശ്വസിക്കുന്ന സകലർക്കും നീതീകരണമുണ്ട്* (റോമ 10,4). *നിയമത്തിൻകീഴുള്ളവരുടെയും* (ഗലാ 4,5) അല്ലാത്തവരുടെയും വീണ്ടെടുപ്പും നീതീകരണവും യേശുക്രിസ്തുവിനാലാണ് (റോമ 4,25). വിജാതീയരെയും വിശ്വാസത്താൽ ദൈവം നീതീകരിക്കുന്നു (ഗലാ 3,8). വിശ്വാസംമൂലം സകലരും നീതീകരിക്കപ്പെടുന്നു (ഗലാ 3,15മുതൽ).

വിശ്വാസത്താലുള്ള നീതീകരണം സംബന്ധിച്ച് ഗലാ 2,16 വളരെയേറെ പ്രധാനപ്പെട്ടൊരു പാഠഭാഗമാണ്. അതിന്റെ വിവർത്തനം

ഗ്രീക്കുപാഠഘടനയനുസരിച്ച് ഇപ്രകാരമാണ്: (*എന്നാലും*) *നമുക്കറിയാം, മനുഷ്യൻ നീതീകരിക്കപ്പെടുന്നത് നിയമത്തിന്റെ പ്രവൃത്തികളാലല്ല, പിന്നെയോ, യേശുക്രിസ്തുവിന്റെ വിശ്വാസത്തിലൂടെയാണ്. നാംതന്നെയും ക്രിസ്തുയേശുവിൽ വിശ്വസിച്ചു – നിയമത്തിന്റെ പ്രവൃത്തികളാലല്ല, ക്രിസ്തുവിന്റെ വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന്. എന്തെന്നാൽ, നിയമത്തിന്റെ പ്രവൃത്തികളാൽ) ഒരു ജഢവും നീതീകരിക്കപ്പെടുകയില്ല.*

ഈ വാക്യത്തിൽ മനുഷ്യരുടെ നീതീകരണം *യേശുക്രിസ്തു**വിന്റെ** വിശ്വാസത്തിലൂടെയാണ്*, *ക്രിസ്തുയേശു**വിൽ** വിശ്വസിച്ചു*വെന്നതിനാലാണ്, *ക്രിസ്തു**വിന്റെ** വിശ്വാസത്താൽ* ആണ് എന്നിങ്ങനെയുണ്ട്. ആദ്യത്തേതും മൂന്നാമത്തേതും നീതീകരണത്തിനു മാർഗം *യേശുക്രിസ്തുവിന്റെ വിശ്വാസം* എന്നും, മധ്യത്തിലുള്ളത് *ക്രിസ്തുയേശുവിൽ വിശ്വാസം* എന്നുമാണ്: *...ന്റെ ...വിൽ ...ന്റെ***.** ഈ *...ന്റെ* – *...ന്റെ* ക്രമപ്രകാരം കാണുമ്പോൾ, മനുഷ്യർ നീതീകരിക്കപ്പെടുന്നത് യേശുക്രിസ്തു വിശ്വസിച്ചതുകൊണ്ടോ അഥവാ യേശുക്രിസ്തുവിന്റെ വിശ്വാസത്തിൽ മനുഷ്യർ പങ്കുകൊള്ളുന്നതുകൊണ്ടോ? അതോ, *...വിൽ...*പ്രകാരം, യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെയോ (= യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതുവഴിയോ)? ഇപ്രകാരമൊരു അവ്യക്തതയ്ക്കു സാധ്യതയില്ലേ? ഈ വ്യത്യസ്ത ശൈലികളിലെ അന്തരാർഥങ്ങൾ എന്താവും? ഇതു സംബന്ധിച്ച് പ്രഗത്ഭരായ വ്യാഖ്യാതാക്കൾ നല്കിയിട്ടുള്ള വിശദീകരണങ്ങളുണ്ട്.

ആദ്യം ഗലാ 2,26ലെ ഈ മൂന്ന് ശൈലിയുടെ ഘടന മനസ്സിലാക്കുക. അവ *യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ* എന്ന ശൈലിയുടെ അർഥമാനങ്ങൾ മനസ്സിലാക്കാൻ സഹായകമാകുമല്ലോ. വ്യാഖ്യാതാക്കൾ നല്കിയിട്ടുള്ള വിശദീകരണങ്ങളുടെ ഒരു സംഗൃഹീതരൂപം നല്കുന്നു:

ഗലാ 2,16ന്റെ വാചകഘടനയ്ക്ക് ഒരു അടപ്രയോഗശൈലിയുണ്ട്. മലയാളിക്ക് ഇഷ്ടമുള്ള അട. പുട്ടിന് തേങ്ങാപ്പീര, ഇലമടക്കിനുള്ളിൽ ചുട്ടെടുക്കുന്നതിന് ധാന്യമാവിന്റെ മടക്കിനുള്ളിൽ മധുരമോ തേങ്ങാപ്പീരയോ. നടുക്കിരിക്കുന്നത് ഇരുഭാഗങ്ങൾക്കും മധുരം നല്കുന്ന വിദ്യ. എ – ബി – എ$^1$ ഘടന. എ,എ$^1$കളുടെ രുചി, അതായത്, അർഥം, നിർണയിക്കുന്നത് ബി. ഈ ഘടന ബൈബിൾവ്യാഖ്യാന മേഖലയിൽ ഇപ്രകാരം അവതരിപ്പിക്കാറുണ്ട്:

**എ** നമുക്കറിയാം മനുഷ്യൻ നീതീകരിക്കപ്പെടുന്നത് നിയമത്തിന്റെ പ്രവൃത്തികളാലല്ല; യേശുക്രിസ്തുവിന്റെ വിശ്വാസത്തിലൂടെയാണ്;[24]

**ബി** നാം യേശുക്രിസ്തുവിൽ വിശ്വസിച്ചു;

**എ$^1$** ക്രിസ്തുവിന്റെ വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന്, നിയമത്തിന്റെ പ്രവൃത്തികളാലല്ല.

എ – ബി – എ[1] ഘടനപ്രകാരം ഗലാ 2,16ലെ *യേശുക്രിസ്തുവിന്റെ വിശ്വാസം, ക്രിസ്തുവിന്റെ വിശ്വാസം*) (എ – 0– എ[1]) എന്നീ ശൈലികളെ ... *ക്രിസ്തുയേശുവിൽ* (*യേശുക്രിസ്തുവിൽ*) *വിശ്വസിച്ചു* എന്ന് പൂർണക്രിയയിലുള്ള വിവരണം (ബി) മുമ്പും പിമ്പുമുള്ളവയെ വ്യാഖ്യാനിക്കുന്നു. എ – 0– എ[1]കൾക്ക് *യേശുക്രിസ്തുവിൽ വിശ്വസിച്ചു* എന്നയർഥമാണ്. *യേശുക്രിസ്തുവിന്റെ വിശ്വാസം = യേശുക്രിസ്തുവിൽ വിശ്വസിച്ചു*.[24]

റോമ 3,22ലും 3,26ലും *യേശുക്രിസ്തുവിന്റെ വിശ്വാസം* എന്നാണ്. അത് 'യേശുക്രിസ്തുവിന്റെ 'വിശ്വസ്തത' എന്നയർഥത്തിലും വ്യാഖ്യാനിക്കാനാവുന്നതാണെന്ന് പല ആധുനിക വിവർത്തനങ്ങളും വ്യാഖ്യാതാക്കളും ചൂണ്ടിക്കാട്ടുന്നുണ്ട്. യേശുക്രിസ്തുവിന്റെ വിശ്വസ്തതയാൽ നാം നീതീകരിക്കപ്പെടുന്നുവെന്ന്. *യേശുക്രിസ്തുവിന്റെ വിശ്വാസത്താൽ* എന്നതിന് മറ്റൊരു വ്യാഖ്യാനവും ചിലർ നല്കുന്നുണ്ട്: യേശുക്രിസ്തു ദൈവത്തിൽ വിശ്വസിച്ചു. അതുപോലെ നാം ദൈവത്തിൽ വിശ്വസിക്കുന്നതുവഴി നാം നീതീകരിക്കപ്പെടുന്നു. യേശുക്രിസ്തുവിന്റെ വിശ്വാസം നമുക്കു മാതൃകയാണ്. യേശുക്രിസ്തുവിന്റെ വിശ്വാസത്താൽ നാം നീതീകരിക്കപ്പെടുന്നു എന്ന അർഥവുമാകാം. പക്ഷേ, റോമ 3,22ലും 26ലും വിശ്വാസത്തിന്റെ ലക്ഷ്യം (= ആരിൽ വിശ്വസിക്കുന്നുവനെന്ന്) വ്യക്തമാക്കിയിട്ടില്ല; യേശുവിന്റെ വിശ്വസതതയാണ് സൂചിതമെന്നും വ്യക്തമല്ല.

*യേശുക്രിസ്തുവിന്റെ വിശ്വാസം* എന്ന സംബന്ധികാപ്രയോഗം കൊണ്ട് ദൈവത്തിലുള്ള വിശ്വാസവും ലോകത്തിലേക്കുള്ള യേശുക്രിസ്തുവിന്റെ വരവും തമ്മിലുള്ള സത്താപരമായ ബന്ധം സൂചിപ്പിക്കുന്നു. ദൈവത്തിന്റെ പരമാധികാരനീതി ക്രിസ്തുസംഭവത്തിൽ വെളിപ്പെട്ടതിനാൽ അതും വിശ്വാസവും തമ്മിൽ അഭേദ്യബന്ധമുണ്ട്. ആര് വിശ്വസിക്കുന്നു എന്നോ ആരിൽ വിശ്വസിക്കുന്നു എന്നോ *യേശുക്രിസ്തുവിന്റെ വിശ്വാസം* എന്ന ശൈലിയിൽ വ്യക്തമല്ല. പ്രസ്തുത ശൈലി വിശേഷണസംബന്ധികയാണ്. കാര്യങ്ങൾ അവ്യക്തമായി അവശേഷിപ്പിച്ചുകൊണ്ട് വിശ്വാസത്തിന്റെ ക്രിസ്തുശാസ്ത്രപരമായ മാനങ്ങൾ സൂചിപ്പിക്കുകയത്രേ.[25] ദൈവത്തിന്റെ നീതിയുടെ സ്ഥൂലമായ പ്രകാശനമാണ് ക്രിസ്തു. ക്രിസ്തുവിൽ പ്രകാശിതമായ ദൈവനീതിയുടെ ഫലങ്ങൾ മനുഷ്യർ അവനിൽ വിശ്വസിച്ചുകൊണ്ട് സ്വന്തമാക്കുന്നു. ഇതാണ് പൗലോസിന്റെ നിസ്തർക്കമായ നിലപാട്. അതിനാൽ *യേശുക്രിസ്തുവിന്റെ വിശ്വാസത്താൽ* എന്ന ശൈലി മനുഷ്യർ ക്രിസ്തുവിൽ വിശ്വസിക്കുന്നതിനെ വർണിക്കുന്നുവെന്ന് വ്യക്തമാകുന്നു.[26]

[24]പി.ഒ.സി 2012ൽ പരിഷ്കരിച്ച പുതിയ നിയമത്തിലും *യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ* എന്ന പരിഭാഷയാണ് സ്വീകരിച്ചിരിക്കുന്നത്. [25]Jean Noel Aletti, "Romans," *NJBC*, 1641. [26]Fitzmyer, "The Letter to the Romans," *NJBC (?)*, 840.

നിയമം സംബന്ധിച്ചു പൗലോസിന്റെ പുതിയ നിലപാടിനെപ്പറ്റി ശ്രദ്ധിക്കേണ്ട ഒരു കാര്യം ലെഗ്രാങ് ഓർപ്പിക്കുന്നു: "... ഒരു മതത്യാഗിയെന്ന നിലയിൽ നിയമം നിരാകരിച്ചെന്ന് പൗലോസിന്റെ മാനസാന്തരത്തിനർഥമില്ല. നിയമത്തിനുള്ളിൽനിന്ന് അതിന്റെ അപകടങ്ങളും അതിരുകളും ഉത്ഥിതന്റെ വെളിച്ചത്തിൽ ഗ്രഹിച്ചു."[27] *ഒരിക്കൽ തേജോമയമായിരുന്നത് അതിനെ അതിശയിക്കുന്ന മറ്റൊരു ശോഭമൂലം നിഷ്പ്രഭമായിത്തീർന്നു* (2 കോറി 3,10). നിയമത്തിനുള്ള *നല്ലത്* (റോമ 7,13), *ആത്മീയം* (റോമ 7,14), *പരിശീലകന്റെ സ്ഥാനമുണ്ടായിരുന്നത്* (ഗലാ 3,24), *ദൂതന്മാർവഴി ... വിളംബരം ചെയ്യപ്പെട്ടത്* (ഗലാ 3,19) എന്നിത്യാദി നന്മകൾ[28] വിസ്മരിച്ചുകൊണ്ടല്ല അതിനെ പൗലോസ് വിമർശിക്കുന്നത്. എങ്കിലും, നിയമപാലനം യേശുക്രിസ്തുവിലുള്ള വിശ്വാസമല്ല. നിയമവും യേശുക്രിസ്തുവിലുള്ള വിശ്വാസവും ഒന്നല്ല; തുല്യവുമല്ല. നിയമപാലനം ആരെയും യേശുക്രിസ്തുവിനോട് ഐക്യപ്പെടുത്തുന്നില്ല.

### 3.2.5 ദൈവത്തെക്കുറിച്ചുള്ള അറിവിനു കൂടുതൽ വ്യക്തത

യഹൂദപാരമ്പര്യമനുസരിച്ച് പൗലോസ് ഏകദൈവവിശ്വാസിയായിരുന്നു. അതിനു മാററമുണ്ടായില്ല ദമാസ്കസനുഭവത്തിന്റെ സ്വാധീനത്തിൽ. ഇസ്രായേലിന്റെ ഏകദൈവത്തിൽത്തന്നെ പൗലോസ് തുടർന്നും വിശ്വസിച്ചു. ആ ഏകദൈവവിശ്വാസത്തിനു കൂടുതൽ വ്യക്തതയുണ്ടായി. സ്രഷ്ടാവും വിധികർത്താവും ഇസ്രായേലിന്റെ ദൈവവും എന്നറിയപ്പെടുന്ന ദൈവം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവും (റോമ 15,6;2കോറി 1,3;11,31;[കൊളോ 1,3;എഫേ 1,3.7]) എന്നും അറിയാനിടയായി. അതുപോലെ, ദൈവാത്മാവിനെക്കുറിച്ചുള്ള അറിവിനും കൂടുതൽ വ്യക്തതയുണ്ടായി. (കൂടുതൽ പിന്നാലെ).

തന്റെ മാതൃമതവും അതിന്റെ തിരുഗ്രന്ഥവും അവതരിപ്പിക്കുന്ന ദൈവംതന്നാണ് മോശയിലൂടെയുള്ള പഴയ ഉടമ്പടിയിലും (2 കോറി 3,14) യേശുക്രിസ്തുവിലൂടെയുള്ള പുതിയ (*kainos*) ഉടമ്പടിയിലും (1 കോറി 11,25;2 കോറി 3,6) പ്രവർത്തിക്കുന്നത് എന്ന അറിവും പൗലോസിനു ലഭിച്ചു. ഉടമ്പടിയുടെ രണ്ടു ഘട്ടങ്ങളിലും പ്രകാശിതമായിട്ടുള്ളത് മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള ഒരേ ദൈവത്തിന്റെ പ്രവർത്തനമാണ്. അതുകൊണ്ട് യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർ "ദൈവത്തിന്റെ ഇസ്രായേലാണ്" (ഗലാ 6,16).

### 3.2.6 രക്ഷ ദൈവകൃപയാലാണെന്ന ജ്ഞാനലബ്ധി

യേശുക്രസ്തുവിൽ വിശ്വസിക്കുന്നവരെ ദൈവം നിയമത്താലല്ല, തന്റെ കൃപയാൽ നീതീകരിക്കുന്നു എന്ന രക്ഷാകരമായ അറിവ് ഫരി

[27] ‘Legrand, *Bible on Culture*, 119-120 ഗ്രന്ഥകാരന്റെ വിവർത്തനം

[28] റോമ 7,11; 13,8-10;ഗലാ 5,4 എന്നീ ഭാഗങ്ങളും കാണുക.

സേയനായിരുന്ന പൗലോസിനു ലഭിച്ചു (റോമ 3,24-26). നീതീകരണം നിയമത്തിന്റെ പ്രവൃത്തികളാലല്ലെങ്കിൽ പിന്നെങ്ങനെയെന്ന ചോദ്യത്തിനുത്തരമാണ് *ദൈവത്തിന്റെ കൃപയാൽ* എന്നുള്ളത്. രക്ഷ, പാപമോചനവും പരിശുദ്ധാത്മാവിനാലുള്ള ദൈവികീകരണവും, യേശുക്രിസ്തുവിൽ വിശ്വസിച്ച് അവനു സ്വയം സമർപ്പിക്കുന്നവർക്കു ദൈവം സൗജന്യമായി നല്കുന്ന സമ്മാനവുമാണ് (റോമ 3,24;5,15;11,6).

പൗലോസ് ദൈവകൃപയുടെ പ്രഘോഷകനാണ്. അദ്ദേഹത്തിന്റേതെന്നു തീർച്ചയുള്ള ലേഖനങ്ങളിൽ നാല്പത്തൊമ്പത് - റോമ 16,24ഉം കൂട്ടിയാൽ, അമ്പത് പ്രാവശ്യം - 'കൃപ' (*charis*) എന്ന പദം ഉരുവിടുന്നുണ്ട്.[29] ഇത്രയധികം പ്രാധാന്യം ദൈവകൃപയ്ക്കു കല്പിക്കാനുള്ള കാരണം സ്വന്തം അനുഭവം തന്നെയാവും. ഇതിനു നാലു മാനങ്ങളുണ്ട്.

### 3.2.6.1 വ്യക്തിപരമായ അനുഭവം

ദൈവഹിതത്തോടു ശക്തമായി എതിർത്തുകൊണ്ടിരുന്നപ്പോൾ (1 കോറി 15,9), ദൈവം മുൻകൂട്ടി പ്ലാനിട്ടിരുന്നതനുസരിച്ചു പൂർത്തീകരണത്തിന്റെ സമയത്ത് ദൈവം പൗലോസിനെ വിളിച്ചു. പൗലോസിന്റെ പക്ഷത്തുനിന്നു നോക്കുമ്പോൾ അപ്രതീക്ഷിതസമയത്ത്, അപ്പോസ്തലനാകാൻ യോഗ്യതയില്ലാത്തവനെ അപ്പോസ്തലനാകാൻ. അതും നീതീകരണത്തിനു യോഗ്യതയില്ലാതിരുന്ന വിജാതീയരുടെ അപ്പോസ്തലനാകാൻ! ബലഹീനതയിൽ തന്റെ ശക്തി പ്രവർത്തിപ്പിക്കുന്ന കർത്താവിനെ ക്രൂശിതനിൽനിന്നു നേരനുഭവമായി (2 കോറി 12,9).

### 3.2.6.2 സാമൂഹ്യവശം

(എ): ദൈവത്തിന്റെ ഹിതംകൊണ്ടു മാത്രമുള്ള ഇസ്രായേലിന്റെ തിരഞ്ഞെടുപ്പ്. (ബി) യേശുക്രിസ്തുവിനെ സംബന്ധിച്ചുള്ള ദൈവത്തിന്റെ സുവിശേഷം (റോമ 1,1-5) പൗലോസ് പ്രസംഗിച്ചത് രക്ഷയ്ക്കു യോഗ്യതയില്ലെന്നു വിധിക്കപ്പെട്ട അയഹൂദർ സ്വീകരിച്ചു; ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടു. എല്ലാം ദൈവകൃപകൊണ്ടു മാത്രം. തന്നിലൂടെ അദ്ധ്വാനിച്ചതും ദൈവകൃപതന്നെയെന്ന് പൗലോസിന് ഉറപ്പായി (1 കോറി 15,10).

### 3.2.6.3 മൂല്യബോധത്തിലുള്ള തകിടംമറിച്ചിൽ

രക്ഷ സൗജന്യമായ ദൈവകൃപയാൽ മാത്രമാണെന്ന ലബ്ധജ്ഞാനവും, വിജാതീയർ രക്ഷയ്ക്ക് അയോഗ്യരെന്ന് അതു ജന്മാവകാശമായി കൈവശംവച്ചിരിക്കുന്നരുടെ മുൻവിധിയും, ദൈവകൃപയും തനിക്കുണ്ടായ രക്ഷാനുഭവവും പൗലോസിനെ നിർബന്ധിച്ചു - യേശു

[29] റോമ - 19/20(16,24),1കോറി - 7; 2കോറി - 9; ഗലാ - 7; ഫിലി - 3; 1 തെസ്സ - 2; ഫിലെ - 2; പൗലോസിന്റെ പേരിലുള്ള 4 ലേഖനങ്ങളിൽ - 18/19 (എഫേ 11/12;; കൊളോ - 3; 2 തെസ്സ - 4; ഇടയലേഖ -11 (1 തിമോ -3; 2 തിമോ - 4; തീത്തൂ 4.

ക്രിസ്തുവിലേക്കു സ്വയം സമ്പൂർണ്ണമായ വിശ്വാസത്തിൽ ഏല്പിച്ചു കൊടുക്കാനും, അവനെ സുവിശേഷമായി വിജാതീയർക്കു വിളംബരം ചെയ്യാനും (1 കോറി 9,16;ഗലാ 1,16;റോമ 1,1-4). യഹൂദനെന്ന നിലയ്ക്കു ദൈവത്തെ മനസ്സിലാക്കുകയും സേവിക്കുകയും ചെയ്തതിൽനിന്നു ക്രിസ്ത്യാനിയെന്ന നിലയ്ക്കു മനസ്സിലാക്കുകയും സേവിക്കുകയും ചെയ്യുന്നതിലേക്കുള്ള മാറ്റം.

### 3.2.6.4 അപ്പോസ്തല'വിളി'യും അയപ്പും

പൗലോസിനു ദമാസ്കസിനു സമീപമുണ്ടായ കർത്തൃദർശനം / ദൈവപുത്രന്റെ വെളിപ്പെടുത്തൽ സൃഷ്ടിപരമായൊരു സംഭവമായി രുന്നെന്നു പറഞ്ഞുവല്ലോ. അതു പൗലോസിനെ ക്രിസ്തുവിശ്വാസി യാക്കിയെന്നു മാത്രമല്ല (1 കോറി 12,3;റോമ 10,9;ഫിലി 2,11), അതി നാൽ യേശുക്രിസ്തു പൗലോസിനെ "കീഴടക്കുകയും" (ഫിലി 3,2) വിജാതീയരോടു സുവിശേഷം പ്രസംഗിക്കാൻ നിർബന്ധിക്കുകയും ചെയ്തു (1 കോറി 9,16;ഗലാ 1,16). ദമാസ്കസ്ദർശനം വിജാതീയർക്കു വേണ്ടി ക്രിസ്തുവിന്റെ അപ്പോസ്തലനാകാനുള്ള ദൈവവിളിയുടെയും നിയോഗത്തിന്റെയും അനുഭവവുമായിരുന്നു. അത് യേശുക്രിസ്തു മുഖേന ദൈവത്തിൽനിന്നു നേരിട്ടുള്ള വിളിയത്രേ. "മനുഷ്യരിൽനിന്നോ മനു ഷ്യൻ മുഖേനയോ അല്ല, യേശുക്രിസ്തു മുഖേനയും അവനെ മരിച്ച വരിൽനിന്നുയിർപ്പിച്ച പിതാവു മുഖേനയും അപ്പോസ്തലനായി"(ഗലാ 1,1). "മുഖേന" (*dia*) എന്ന വിഭക്തി സൂചിപ്പിക്കുന്നത് ദൈവപുത്ര നായ യേശുക്രിസ്തുവിന്റെ വെളിപാടാണ് പൗലോസിനെ നിയുക്ത നാക്കുന്നത് എന്നത്രേ (1 കോറി 9,1).[30] "ദൈവഹിതമനുസരിച്ചുള്ള വിളി "യാണ് (2 കോറി 1,1;റോമ 1,1; [കൊളോ 1,1;എഫേ 1,1]. "ദൈവകൃപ യാലുള്ളതാണ്" (1 കോറി ഗലാ 1,15;15,10;റോമ 15,6). യോഗ്യതയില്ലാ ത്തവനു ദൈവം സ്വമേധയാ സൗജന്യമായി നല്കിയത് (റോമ 15,8).

തന്റെ അനുഭവത്തെ പൗലോസ് ജറെമിയാപ്രവാചകന്റെ ദൈവ വിളിയുടെ ശൈലിയിൽ (ജറെ 1,5-6) അവതരിപ്പിക്കുന്നു. "... ഞാൻ മാതാവിന്റെ ഉദരത്തിൽ ആയിരിക്കുമ്പോൾത്തന്നെ ദൈവം എന്നെ പ്രത്യേകം തിരഞ്ഞെടുത്തു; തന്റെ കൃപയാൽ അവിടുന്ന് എന്നെ വിളിച്ചു" (ഗലാ 1,15). താൻ ദൈവഹിതമനുസരിച്ചു വിളിക്കപ്പെട്ട (*ക്ലേറ്റൊസ്*) അപ്പോസ്തലനാണ് (റോമ 1,1) എന്നവകാശപ്പെടുന്നതു പ്രവാചകന്മാ രെയും അപ്പോസ്തലന്മാരെയുംപോലെ *ദൈവഹിതംകൊണ്ടു മാത്രം* വിളിക്കപ്പെട്ടവനാണെന്ന ആത്മാവബോധത്തിന്റെ തിരത്തള്ളലിൽനി ന്നത്രേ. 'വിളി' (*ക്ലേസിസ്*) എന്ന ആശയം പ്രവാചകധർമ്മത്തോടും (ഏശ 6,1.9;ജറെ 1,4-5;) യേശുക്രിസ്തു വിളിച്ച പന്ത്രണ്ട് അപ്പോസ്തലന്മാരുടെ ധർമ്മത്തോടും (മർക്കോ 3,13-19;മത്താ 10,1-15;ലൂക്കാ 6,13-16;9,1-6)

[30]ജോസ്ഫ്, "പൗലോസിന്റെ ആത്മാവബോധം," 212.

ബന്ധപ്പെട്ടതാണ്. പഴയനിയമവിശുദ്ധരുടെയും ക്രിസ്തു നേരിട്ടു വിളിച്ച പന്ത്രണ്ട് അപ്പോസ്തലന്മാരുടെയും തലത്തിൽ പൗലോസ് സ്വയം കാണുന്നു.[31] തന്റെ വിളിക്ക് അപ്പോസ്തലദൗത്യത്തോടുള്ള ബന്ധം ആവർത്തിച്ചോർപ്പിക്കുന്നുമുണ്ട് പൗലോസ് (1 കോറി 1,1;2 കോറി 1,1;റോമ 1,1). അപ്പോസ്തലസ്ഥാനത്തിന് അടിസ്ഥാനമായ രണ്ടു കാര്യങ്ങളും തനിക്കുണ്ടെന്ന് ദമാസ്കസിനു സമീപമുണ്ടായ കർത്തൃദർശനം പൗലോസിനു സ്പഷ്ടമാക്കി: കർത്താവിനെ കണ്ടു; (വിജാതീയരോടു) സുവിശേഷം പ്രസംഗിക്കാൻ വിളിക്കപ്പെട്ടു+നിയോഗിക്കപ്പെട്ടു+ അയയ്ക്കപ്പെട്ടു (1 കോറി 15,1–11;1,17;റോമ 11,13).

പ്രവാചകന്മാരുടെയും തനിക്കു മുമ്പേ അപ്പോസ്തലന്മാരയവരുടെയും വിളിയോടു താരതമ്യം ചെയ്യുന്നതു കൂടാതെ പൗലോസ് തന്റെ അപ്പോസ്തലവിളിയെ ദ്വിമുഖബന്ധത്തിൽ കാണുകയും ചെയ്യുന്നു: യേശുക്രിസ്തുവിനോടുള്ള ബന്ധത്തിലും ദൗത്യത്തോടുള്ള ബന്ധത്തിലും. *യേശുക്രിസ്തുവിന്റെ അപ്പോസ്തലൻ* എന്ന് പൗലോസ് പലവുരു സ്വയം വിശേഷിപ്പിക്കുന്നുണ്ടല്ലോ (1കോറി 1,1;2 കോറി 1,1; [കൊളോ 1,1;എഫേ 1,1]). *യേശുക്രിസ്തു മുഖേന ... അപ്പോസ്തലനായിരിക്കുന്നവൻ* എന്ന് ഗലാ 1,1ൽ. അതിനർത്ഥം: (1) യേശുക്രിസ്തുവിനാൽ അയയ്ക്കപ്പെട്ടു (1കോറി 1,17); (2) വിളിയുടെ ഉറവിടവും വഴിയും സൂചിപ്പിക്കുന്നു; (3) "അപ്പോസ്തലപ്രമാണിമാരായ" പന്തിരുവരിൽനിന്നും (ഗലാ 1,19;1കോറി 15,9;2 കോറി 11,5;റോമ 16,7) ദൗത്യനിർവഹണത്തിൽ തന്റെ സഹപ്രവർത്തകരായിരുന്നവരിൽനിന്നും തിരിച്ച് തന്നെ അറിയുന്നു (ഗലാ 1,17). അതിനർഥം അപ്പോസ്തലപ്രമാണിമാരോടും സഭയുടെ നേതൃസ്തംഭങ്ങളോടും തനിക്കു കൂട്ടായ്മ ഇല്ലെന്നല്ല (ഗലാ 2,9 കാണുക). ജറുസലേമിൽ സഭയുടെ രൂപവത്കരണം ആദ്യമായി കുറിച്ചപ്പോൾ അപ്പോസ്തലന്മാരായിരുന്ന പന്തിരുവരിൽപ്പെട്ടവനല്ല താനെന്ന് പൗലോസ് വ്യക്തമാക്കുന്നു.[32] (4) അതുപോലെ, നിലവിലിരുന്ന സഭവഴി താൻ അപ്പോസ്ത

[31]William Sandlay-Arthur C.Headlam, *The Epistles to the Romasns*, ICC, Edinburgh,1980$^{5th\ ed}$, 4. [32]അപ്പോസ്തലന്മാർ എന്ന നിലയിൽ തനിക്കും കേപ്പായ്ക്കും കൂട്ടർക്കും തമ്മിൽ നാലു വ്യത്യാസങ്ങൾ പൗലോസ് ചൂണ്ടിക്കാട്ടുന്നു. (ഒന്ന്) ഉയിർപ്പിക്കപ്പെട്ട യേശുക്രിസ്തു കേപ്പായ്ക്കും പിന്നീട് പന്തിരുവർക്കും പ്രത്യക്ഷപ്പെട്ടു. ഏറ്റവും ഒടുവിൽ അകാലപ്രജയ്ക്കെന്നപോലെ തനിക്കും പ്രത്യക്ഷപ്പെട്ടു (1 കോറി 15,4–8). സമയവ്യത്യാസം മാത്രം. (രണ്ട്) പൗലോസ് സമ്മതിക്കുന്നു: താൻ മുമ്പ് ദൈവത്തിന്റെ സഭയെ പീഡിപ്പിച്ചവനാണ്. അതിനാൽ അപ്പോസ്തലന്മാരിൽ ഏറ്റവും നിസ്സാരനാണ്; അപ്പോസ്തലനാകാൻ അയോഗ്യനുമാണ്. പക്ഷേ, ദൈവകൃപയാൽ — അതുകൊണ്ടുമാത്രം — അപ്പോസ്തലനായി (1 കോറി 15,9–10). (മൂന്ന്) പത്രോസും കൂട്ടരും യഹൂദരുടെ അപ്പോസ്തലന്മാരാണ്. താൻ അപരിച്ഛേദിതരുടെ അപ്പോസ്തലനാണ്. (തോമ്മാശ്ലീഹായുടെ പ്രേഷിതപ്രവർത്തനം പൗലോസ് അറിഞ്ഞിട്ടുണ്ടാവില്ല!). (നാല്) മറ്റെല്ലാവരെയുംകാൾ താൻ — തന്നിലുള്ള ദൈവകൃപ —അദ്ധ്വാനിച്ചു (1 കോറി 15,10).

ലനായിട്ടില്ല എന്ന തിരിച്ചറിവും പൗലോസിനുണ്ട്. (5) അതിനാൽ തന്റെ അപ്പോസ്തലവിളിയെ അതെപ്പറ്റിയുള്ള ആദ്യപരാമർശത്തിൽത്തന്നെ യേശുക്രിസ്തുവിന്റെ ഉയിർപ്പിനോടു ബന്ധപ്പെടുത്തുന്നു (ഗലാ 1,1). (6) തന്റെ സഹപ്രവർത്തകരായ സൊസ്തെനേസിനെയും തീമോത്തെയോസിനെയും "യേശുക്രിസ്തുവിന്റെ അപ്പോസ്തലനായ" തന്റെ *സഹോദരന്മാർ* എന്നു പൗലോസ് വ്യതിരിക്തരാക്കുന്നു (1 കോറി 1,1;[കൊളോ 1,1]). കോറിന്ത്യർക്കുള്ള ശുശ്രൂഷയിൽ തീത്തൂസ് പൗലോസിന്റെ *സഹപ്രവർത്തകനാണ്* (*സ്യൂനെർഗൊസ്*: 1 കോറി 8,23).

പൗലോസിന്റെ അപ്പോസ്തലവിളിയുടെ ബന്ധത്തിന്റെ രണ്ടാമത്തെ മാനം ദൗത്യത്തോടുള്ള - ലക്ഷ്യത്തോടുള്ള - ബന്ധമാണ്. വിജാതീയരോടു ക്രിസ്തുവിനെ പ്രസംഗിക്കാൻ പ്രത്യേകം വിളിക്കപ്പെട്ട അപ്പോസ്തലനാണ് താനെന്ന ലക്ഷ്യ-ദൗത്യബോധം സദാ പൗലോസിനെ ഭരിക്കുന്നു (ഗലാ 1,15-16;2,2.9;1 കോറി 9,2;റോമ 11,13;15,16.18 [എഫേ 3,1;കൊളോ 1,1]). പ്രസ്തുത അനുഭവം പൗലോസ് ഇങ്ങനെ വിശദീകരിക്കുന്നു: *ജനതകളെ സുവിശേഷമറിയിക്കുന്നതിന് തന്റെ പുത്രനെ എനിക്കു (എന്നിൽ) വെളിപ്പെടുത്താൻ ദൈവം പ്രസാദിച്ചു* (ഗലാ 1,16). വിജാതീയരുടെ അപ്പോസ്തലനായിരിക്കാൻ തനിക്കുള്ള വിളിയെ പിന്നീട് സഭയുടെ തീരുമാനമാക്കാനും പൗലോസിനു സാധിച്ചു (ഗലാ 2,1-3). ലക്ഷ്യബോധത്തിൽനിന്നു പൗലോസിനെ പിന്തിരിപ്പിക്കാൻ ഒരു ശക്തിയും ശക്തമല്ലായിരുന്നു. കൃത്യമായി എന്താണെന്ന് നിർണയിച്ചിട്ടില്ലാത്ത 'ഒരു മുള്ള്' - മാറാത്ത മുള്ള് - പൗലോസ് പരാമർശിക്കുന്നുണ്ടല്ലോ (2 കോറി 12,17). ഏതോ ശാരീരികപ്രയാസം. അതും പൗലോസിനെ ലക്ഷ്യപ്രാപ്തിയിൽനിന്നു പിന്തിരിപ്പിക്കുന്നതിൽ അപ്രാപ്തയായിപ്പോയി.

വിജാതീയർക്കുള്ളതായതുകൊണ്ടു തന്റെ അപ്പോസ്തോലികതയ്ക്കു കുറവൊന്നുമില്ലെന്നും പൗലോസിനുറപ്പുണ്ട്: *പരിച്ഛേദിതർക്കുള്ള പ്രേഷിതത്വം പത്രോസിലൂടെ നിറവേറ്റുന്നവൻതന്നെ വിജാതീയർക്കുവേണ്ടി എന്നിലൂടെ പ്രവർത്തിക്കുന്നു* (ഗലാ 2,8). ഒരേ കർത്താവുതന്നാണ് രണ്ടു കൂട്ടരിലൂടെയും പ്രവർത്തിക്കുന്നത്. മാത്രമല്ല; താനും അവരും പ്രസംഗിക്കുന്നത് ഒരേ കാര്യമാണ്: *ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരുന്നപോലെ മൂന്നാം ദിവസം ഉയിർപ്പിക്കപ്പെടുകയും ചെയ്തു* (1കോറി 15,4.12-16).

# 4

# പൗലോസ് പ്രേഷിതപ്രവർത്തകൻ

ജറുസലേം കൗൺസിലിനു മുമ്പുള്ള പതിനാലു വർഷത്തെ തന്റെ പ്രേഷിതയാത്രയെക്കുറിച്ച് വിശദവിവരമൊന്നും നല്കിയിട്ടില്ല പൗലോസ്. (ഗലാ 2,1). അറേബ്യയിൽനിന്ന് ദമാസ്കസിലും ജറുസലേമിലുമെത്തി (ഗലാ 1,17) പ്രേഷിതപ്രവർത്തനത്തിന്റെ ഭൂമിശാസ്ത്രപരമായ മേഖല സൈപ്രസ്, ഏഷ്യാമൈനർ (തുർക്കി), യൂറോപ്പ് എന്നു പൊതുവെ പറയാം. ഇക്കാര്യത്തിൽ നമുക്ക് ലൂക്കായുടെ വിവരണത്തെ വളരെ ആശ്രയിക്കേണ്ടിവന്നിട്ടുണ്ട്. പൗലോസ് ജറുസലേമിൽ ബന്ധനസ്ഥനായി വിസ്തരിക്കപ്പെട്ടത് സുവിശേഷപ്രവർത്തനത്തിന്റെ നിർണ്ണായകമായ ഭാഗമാണെന്നത്രേ ലൂക്കായുടെ നിലപാട്. പൗലോസിനെ പ്രേഷിതപ്രവർത്തനത്തിനു പ്രേരിപ്പിച്ച പ്രധാന താത്പര്യങ്ങളും പ്രേഷിതപ്രവർത്തനശൈലിയും നമ്മുടെ ശ്രദ്ധയർഹിക്കുന്നു.

## 4.1 ഒരുക്കവും ആരംഭവും

ക്രിസ്തുദർശനമുണ്ടായ ദമാസ്കസിൽനിന്ന് പൗലോസ് **അറേബ്യാ**യിലേക്കു പോയി (ഗലാ 1,17). ഇക്കാര്യം ലൂക്കാ സൂചിപ്പിക്കുന്നില്ല. അവിടെ എത്ര കാലം താമസിച്ചെന്നു പൗലോസിന്റെ ലേഖനങ്ങളിൽ സൂചനയില്ല. ദമാസ്കസിലെ ദർശനാനുഭവത്തിനുശേഷം അതാ സ്പദമാക്കിയുള്ള ആത്മീയവും വചനാധിഷ്ഠിതവുമായ ഒരുക്കം ക്രി. വ. 36ൽ പൗലോസ് അറേബ്യായിൽ ആരംഭിച്ചെന്നു കരുതാം (ഗലാ 1,17). അറേബ്യ എന്നു പറയുന്നത് നബാത്യൻരാജ്യത്തെ ഉദ്ദേശിച്ചാകും. പണ്ടുകാലത്തു മോശയും (പുറ 3,1) ഏലിയായും (1 രാജാ 19,3) ദൈവത്തോടു സംസർഗത്തിലെത്തിയ ഹോറേബുമലയുടെ ചുറ്റുവട്ടത്ത് തന്റെ പുതിയ അവസ്ഥയെക്കുറിച്ചു പരിചിന്തനം ചെയ്യാൻ പൗലോസ് അവസരം കണ്ടെത്തിയിരിക്കണം. അദ്ദേഹം താൻ ദർശിച്ച ക്രിസ്തുവിനെ അവിടെ പ്രസംഗിച്ചിട്ടുമുണ്ടാവും. അതിലുപരി, തനിക്കു ലഭിച്ച ക്രിസ്തുവെളിപാടിന്റെയും യേശുക്രിസ്തുവിന്റെ ദൃക്സാക്ഷികളിൽനിന്നും ആദിസഭയിൽനിന്നും ലഭിച്ച അറിവിന്റെയും വെളിച്ചത്തിൽ സ്വന്തം ജീവിതവും ദൈവശാസ്ത്രവും പുനർവിചിന്തനം ചെയ്യാൻ അവിടെവച്ചു ശ്രദ്ധിച്ചിരിക്കണം. അവിടെനിന്നു **ദമാസ്കസിൽ** തിരിച്ചെത്തി മൂന്നു വർഷത്തോളം അവിടെയും സമീപസ്ഥലങ്ങളിലും സുവിശേഷപ്രഘോഷണം നടത്തി (ക്രി. വ. 36-38: ഗലാ 1,17-18;അപ്പ 9,20-22).

ദമാസ്കസിൽ യഹൂദരുടെ എതിർപ്പു രൂക്ഷമായപ്പോൾ അവിടെനിന്നു രക്ഷപ്പെട്ടു (ക്രി.വ. 38/39ൽ? 2 കോറി 11,32-33; അപ്പ 9,23-25)

*ജറുസലേമിൽ* പോയി (ക്രി.വ. 37 - 39) പതിനഞ്ചു ദിവസം താമസിച്ചു (ഗലാ 1,18;അപ്പ 9,26-28). പൗലോസ് ജറുസലേമിൽ പോയത് കേപ്പായോട് യേശുവിന്റെ ശുശ്രൂഷയെക്കുറിച്ചുള്ള വിവരങ്ങൾ ആരാഞ്ഞറിയാനാവും.[33] കർത്താവിന്റെ സഹോദരനായ യാക്കോബിനെയും കണ്ടു (ക്രി.വ. 38/39ൽ: 2 കോറി 11,32-33; ഗലാ 1,18-19; അപ്പ 9,23 -28). അങ്ങനെ, മാതൃസഭയുടെ നേതാക്കന്മാരും "സഭയുടെ സ്തംഭങ്ങളു"മായവരോടു സംസർഗം സ്ഥാപിച്ചു (ഗലാ 2,9). (യേശുവിനെ പരസ്യശുശ്രൂഷയ്ക്കിടയിലോ ജറുസലേമിലോ കണ്ടതായി പൗലോസ് സാക്ഷ്യപ്പെടുത്തുന്നില്ല). ജറുസലേമിൽ പതിനഞ്ചു ദിവസത്തെ താമസത്തിനിടയിൽ ജറുസലേംസഭയുടെ പാരമ്പര്യങ്ങൾ പഠിക്കാനും പൗലോസിനു സാധിച്ചിട്ടുണ്ടാവും (1 കോറി 11,2.23-25;15,3-7). ഈ സന്ദർശനത്തിൽ യൂദയായിൽ സുവിശേഷം പ്രസംഗിച്ചില്ല എന്നത്രേ പൗലോസ് സൂചിപ്പിക്കുന്നത് (ഗലാ 1,22-24). പക്ഷേ, *കർത്താവിന്റെ നാമത്തിൽ ധൈര്യപൂർവം പ്രസംഗിച്ചെ*ന്ന് ലൂക്കാ (അപ്പ 9,28-29). ജറുസലേമിലെ വിദ്യാഭ്യാസകാലത്ത് അറിഞ്ഞത് ആസ്പദമാക്കിയുമാവാം പ്രസംഗിച്ചത്.

ജറുസലേമിൽനിന്നു പുറപ്പെട്ട് (ക്രി.വ. 39-46ൽ) സിറിയാ, കിലിക്യ പ്രദേശങ്ങളിൽ വിജാതീയരുടെയിടയിൽ സുവിശേഷപ്രവർത്തനം നടത്തി (ക്രി.വ. 38/39 - 46; ഗലാ 1,21-22). ഈയവസരത്തിലാകാം 2 കോറി 12, 2-4ൽ പറയുന്ന അനുഭവമുണ്ടായത് - മൂന്നാം സ്വർഗംവരെ എടുക്കപ്പെട്ട അനുഭവം. അതുണ്ടായത് കോറിന്തോസ്കാർക്കുള്ള രണ്ടാം ലേഖനം എഴുതുന്നതിന് പതിനാല് വർഷങ്ങൾക്കു മുമ്പാകാം. സിറിയാ, കിലിക്യ പ്രദേശങ്ങളിലെ പ്രവർത്തനത്തിന്നിടയ്ക്ക് അഭിമുഖീകരിച്ച പ്രയാസങ്ങളാകാം 2 കോറി 11,23-29ലേത്. അവിടെനിന്നു മർക്കോസിനെ (യോഹന്നാനെ)യും കൂട്ടി അന്ത്യോക്യയിലെത്തി (അപ്പ 12,24).

## 4.2 പ്രേഷിതയാത്രകൾ

### 4.2.1 ഒന്നാം പ്രേഷിതയാത്ര (ക്രി.വ. 45/46-48/49; അപ്പ 13,1-14,28)

പൗലോസും ബർണബാസും മർക്കോസും (യോഹന്നാനും) സിറിയായിലെ അന്ത്യോക്യായിൽനിന്നുപുറപ്പെട്ടു (അപ്പ 13,1-3). സൈപ്രസിലെ സലാമീസിലും (അപ്പ 13,4-5) പാഫോസിലും (അപ്പ 13,6-12), ഏഷ്യാമൈനറിലെ (തെക്കെ ഗലാത്തിയായിലെ : ഗലാ 4,15) പെർഗ, പ്സീദിയൻ അന്ത്യോക്യ (അപ്പ 13,13-52), ഇക്കോണിയം (അപ്പ 14,1-6), ലിസ്ത്രാ (അപ്പ

[33] "കേപ്പായെ കാണാൻ" എന്ന വിവർത്തനത്തെക്കാൾ *ഹിസ്റ്റൊറേസായി* എന്ന ഗ്രീക്കുവാക്കിന് മെച്ചമായത് ഒരു വ്യക്തിയെ/ വസ്തുതയെപ്പറ്റി അന്വേഷിക്കുക, പോയി പരിശോധിക്കുക എന്നിവയാണ്. "കാണാൻ"എന്ന പരിഭാഷയ്ക്ക് ഗ്രീക്കു സാഹിത്യത്തിന്റെപിൻബലമില്ല. Fitzmyer, "The Letter to the Galatians," *NJBC, 783 No. 16*; Dunn, *Theology of Paaul the Apostl*e, Edinburg: T&T Clark, 1998, 188.

14,8-20) ദെർബേ (അപ്പ 14,21-24), പെർഗ (അപ്പ 14,25) എന്നീ നഗരങ്ങളിലെ സിനഗോഗുകളിൽ സുവിശേഷപ്രവർത്തനം ചെയ്ത് സഭാസമൂഹങ്ങൾക്കു രൂപം നല്കി. പാഫോസിൽവച്ച് ബർ-യേശു എന്ന പേരുകാരനും ഉപസ്ഥാനപതിയുടെകൂടെ ആയിരുന്നവനുമായ എലിമാസ് (= മാന്ത്രികൻ) എന്ന യഹൂദ മാന്ത്രികനെ നിഷ്പ്രഭനാക്കി ഉപസ്ഥാനപതി കർത്താവിന്റെ പ്രബോധനത്തിൽ വിസ്മയിച്ചു വിശ്വസിക്കാൻ പൗലോസ് മുഖാന്തരമായി (അപ്പ 13,5-12).

ലിസ്ത്രായിൽ ജന്മനാ മുടന്തനായിരുന്നവൻ ചാടിയെഴുന്നേല്ക്കാൻ പൗലോസ് മുഖാന്തരമായി. സംഭവമറിഞ്ഞ് സേവൂസ് ദേവന്റെ അവിടത്തെ അമ്പലത്തിലെ പൂജാരി പൗലോസും ബർണബാസും ദേവന്മാരെന്നു കരുതി പൂജിച്ചു ബലിയർപ്പിക്കാൻ വലിയ ആൾക്കൂട്ടത്തോടുകൂടെ പൂമാലകൾ, കാളകൾ എന്നിവയുമായി വന്നു. തങ്ങൾ കേവലം മനുഷ്യർ മാത്രമാണെന്നും സത്യദൈവത്തെ ആരാധിക്കണമെന്നും പ്രഘോഷിച്ച് പൗലോസ് അവരെ ഒരുവിധത്തിൽ, പിന്തിരിപ്പിച്ചു. എന്നാൽ, പ്സീദിയൻ അന്ത്യോക്യയിൽനിന്നും ഇക്കോണിയത്തിൽ നിന്നും അവിടെയെത്തിയ യഹൂദർ ജനക്കൂട്ടത്തെ സ്വാധീനിച്ചു. അവർ പൗലോസിനെ കല്ലെറിയുകയും മരിച്ചുപോയെന്നു കരുതി അവനെ നഗരത്തിനു പുറത്തേക്കു വലിച്ചുകൊണ്ടുപോകുകയും ചെയ്തു. പക്ഷേ, ശിഷ്യന്മാർ (വിശ്വാസികൾ) ഒന്നിച്ചുകൂടിയപ്പോൾ അവൻ എഴുന്നേറ്റ് പട്ടണത്തിൽ പ്രവേശിച്ചു. അടുത്ത ദിവസം ബർണബാസുമൊത്ത് ദെർബയിലേക്കു പോയി (അപ്പ 14,8-20;2 കോറി 11,25). മടക്കം ദെർബേയിൽനിന്ന് പെർഗയിലേക്കും അവിടെനിന്ന് സൈപ്രസ് തൊടാതെ മധ്യധരണ്യാഴി താണ്ടി സെലൂക്യവഴി (സിറിയൻ) അന്ത്യോക്യയിൽ തിരിച്ചെത്തി (ക്രി.വ. 46-48/49: അപ്പ 13,1-14,28).

ഒന്നാം പ്രേഷിതയാത്രയിൽ അപ്പോസ്തലൻ കരമാർഗം 1000ലധികം കി.മീ. താണ്ടിയിട്ടുണ്ട്. താണ്ടിയ കടൽദൂരവുമുണ്ട്. ഈ പ്രേഷിതയാത്രയിൽ സ്ഥാപിച്ച സഭകളെ ലക്ഷ്യമാക്കിയാവും ഗലാത്യാലേഖനം എഴുതിയത്. എങ്കിലും, ഒന്നാം പ്രേഷിതയാത്രയെക്കുറിച്ച് ലൂക്കാ അപ്പോസ്തലപ്രവർത്തനങ്ങളിൽ വിവരിക്കുന്നതേ നമുക്കു ലഭ്യമായിട്ടുള്ളു. ഈ മിഷണറിയാത്രയിൽ മുഖ്യ സുവിശേഷപ്രഘോഷണവേദി അവിടങ്ങളിലെ യഹൂദസിനഗോഗുകളായിരുന്നു.

അന്ത്യോക്യയിൽനിന്നു തീത്തോസിനെയും ബർണബാസിനെയും കൂട്ടി ജറുസലേംസമ്മേളനത്തിനു (ക്രി.വ. 49: ഗലാ 2,1-10;.അപ്പ 15,1-12) പോയി. സമ്മേളനം കഴിഞ്ഞ് അന്ത്യോക്യയിൽ മടങ്ങിയെത്തി (ഗലാ 2,11-14;അപ്പ 15,22-35).

## 4.2.2. രണ്ടാം പ്രേഷിതയാത്ര (ക്രി.വ.50-52; അപ്പ 15,36-18,22)

രണ്ടാം പ്രേഷിതയാത്രയെന്നു കണക്കാക്കപ്പെടുന്നത് പൗലോസും ശീലാസും സിറിയായിലെ അന്ത്യോക്യായിൽനിന്നു പുറപ്പെട്ട് പ്രധാനമായും ഗ്രീസിലെ നഗരങ്ങളിൽ നടത്തിയ സുവിശേഷപ്രവർത്തനങ്ങളാണ് - ഫിലിപ്പി, തെസലോനിക്യ, ബെറോയ, ആഥൻസ്, കോറിന്തോസ് എന്നിവിടങ്ങളിലേത് (അപ്പ 15,36-18,22). രണ്ടാം പ്രേഷിതയാത്രയെക്കുറിച്ച് അപ്പോസ്തലപ്രവർത്തനങ്ങളിൽനിന്നും പൗലോസിന്റെ ലേഖനങ്ങളിൽനിന്നും വിവരങ്ങളെടുക്കാം.

അന്ത്യോക്യയിൽനിന്നു പൗലോസ് സീലാസിനെയും കൂട്ടി രണ്ടാം പ്രേഷിതയാത്രയാരംഭിച്ചു. സിറിയായിലും കിലിക്യായിലും (അപ്പ 15,41) തെക്കെ ഗലാത്തിയായിലെ ദെർബേ, ഇക്കോണിയ, ലിസ്ത്രാ (അപ്പ 16,1-5) എന്നിവിടങ്ങളിലുമുള്ള സഭകൾ സന്ദർശിച്ചു വിശ്വാസത്തിലുറപ്പിച്ചു. ഫ്രീജിയായിലും ഗലാത്തിയായുടെ വടക്കുഭാഗത്തും (അപ്പ 16,6;1 കോറി 16,1) സുവിശേഷപ്രവർത്തനം ചെയ്തു. രണ്ടു പ്രേഷിതയാത്രകൾകൊണ്ടു ഗലാത്തിയ മുഴുവനും സുവിശേഷമെത്തിച്ചു. അനന്തരം ഏഷ്യാമൈനറിന്റെ വടക്കുപടിഞ്ഞാറേ പ്രോവിൻസായ മീസിയാ പിന്നിട്ട് അസ്സോസ്, ത്രോവാസ് എന്നീ പട്ടണങ്ങൾ സന്ദർശിച്ചു (അപ്പ 16,8.11;20,13). മക്കദോനിയായിലെ ഫിലിപ്പിയിലും (1 തെസ 2,2;2 കോറി 11,9;അപ്പ 16,11-40) തെസലോനിക്കയിലും (അപ്പ 17,1-9;1 തെസ 2,2;3,6;ഫിലി 4,15-16) ബെറോയായിലും (അപ്പ 17,10-14) ഗ്രീസിലെ ആഥൻസിലും (1 തെസ 3,1;2,17-18;അപ്പ 17,15-34), അവ കഴിഞ്ഞ് കോറിന്തോസിലും (2 കോറി 1,19;11,7-9) യേശുക്രിസ്തുവിനെ പ്രസംഗിച്ചു. കോറിന്തോസിൽ പതിനെട്ടു മാസം പ്രവർത്തിച്ചെന്ന് അപ്പ 18,1-18 പറയുന്നു. അവിടെ പൗലോസ് താമസിച്ചിരുന്നത് ഇറ്റലിയിൽനിന്നു വന്നു പാർത്തിരുന്ന യഹൂദക്രിസ്ത്യാനികളായ അക്വീല-പ്രിഷില്ലദമ്പതികളുടെ ഭവനത്തിലായിരുന്നു എന്നതു ശ്രദ്ധാർഹമത്രേ (അപ്പ 18,2-4). കോറിന്തോസിൽ വച്ചാകണം തെസലോനിക്കായിലെ സഭയ്ക്കുള്ള ഒന്നാം ലേഖനം എഴുതിയത്. കോറിന്തോസിൽ കാരാഗൃഹവാസവും അനുഭവിച്ചിരിക്കാം (ക്രി.വ. 51-52; അപ്പ 18,11-17).

തീമോത്തേയോസും (1 തെസ 3,6) സിൽവാനോസും (സീലാസും) മക്കദോനിയായിൽനിന്നു മടങ്ങിയെത്തി (1 തെസ 1,1;അപ്പ 18,5) പൗലോസിനോടു ചേർന്നു. പൗലോസ് കോറിന്തോസിന്റെ തുറമുഖപട്ടണമായിരുന്ന കെങ്ക്രേയിൽനിന്നു സിറിയായിലേക്ക് (അന്ത്യോക്യയിലേക്ക്) അക്വീലായെയും പ്രിഷില്ലയെയും കൂട്ടി യാത്ര തുടർന്നു (അപ്പ 18,18). അവരെ എഫേസോസിൽ വിട്ടിട്ട് (അപ്പ 18,19-21) പൗലോസ് കേസറിയാവഴി ജറുസലേമിലേക്കും[34] അവിടെനിന്നു അന്ത്യോക്യയിലേക്കും പോയി (അപ്പ 18,22). അങ്ങനെ രണ്ടാം പ്രേഷിതയാത്ര പൂർത്തിയാക്കി.

[34] പൗലോസിന്റെ നാലാം ജറുസലേം സന്ദർശനം.

### 4.2.3 മൂന്നാം പ്രേഷിതയാത്ര (ക്രി.വ. 52/3-58; അപ്പ 18,23-21,14)

ഈ യാത്രയും സിറിയായിലെ അന്ത്യോക്യയിലാണാരംഭിച്ചത്. ഈ യാത്രയിലാണ് എഫേസോസിൽ സഭ സ്ഥാപിതമായത്. എഫേസോസ് ഏഷ്യാപ്രോവിൻസിന്റെ തലസ്ഥാനമായിരുന്നു. അന്ത്യോക്യയിൽ നിന്നു സീലാസും തീമോത്തേയോസും പൗലോസിന്റെകൂടെ ഉണ്ടായിരുന്നു. ഫിലിപ്പിയിൽവച്ചു ലൂക്കായും കൂടിയിരിക്കാൻ സാദ്ധ്യതയുണ്ട്. വടക്കെ ഗലാത്തിയായിലും (ഗലാ 4,13) ഫ്രീജിയായിലുമുള്ള (അപ്പ 18, 23) സഭകൾ സന്ദർശിച്ചിട്ട് എഫേസോസിലെത്തി. ഇക്കുറി ഇവിടമായിരുന്നു പ്രവർത്തനകേന്ദ്രം (54-55; അപ്പ 18,23-21,14; 1 കോറി 15,32;2 കോറി 1,8 -9; ഫിലി 1,20-26). അങ്ങനെ മൂന്നു വർഷം (അപ്പ 20,31;1 കോറി 16,8). ഇതിൽ രണ്ടു വർഷം ടിറാനോസിന്റെ പ്രസംഗശാലയിൽ പോയി സംവാദത്തിലേർപ്പെട്ടു (അപ്പ 19,10). എഫേസോസിൽ വന്ന് ഏറെത്താമസിയാതെ കോറിന്തിലെ സഭയ്ക്ക് ഒരു കത്ത് തീത്തോസ്വശംകൊടുത്തയച്ചു (1 കോറി 5,9). 54-55ലെ ഒരു വസന്തകാലത്ത് കോറിന്തിലെ സഭയ്ക്കുള്ള ഒന്നാം ലേഖനമെഴുതി (1 കോറി 16,8). ഇവിടെനിന്ന് മറ്റു ലേഖനങ്ങളും അപ്പോസ്തലൻ കോറിന്തോസുകാർക്ക് അയച്ചതായി സൂചനകളുണ്ട് (1 കോറി 5,9; 2 കോറി 2,4). 54-55ൽ ഗലാത്തിയായിലെ സഭയ്ക്കുള്ള ലേഖനവും എഴുതിയയച്ചു.

എഫേസോസിൽ പൗലോസ് തടവിലാക്കപ്പെട്ടു (1 കോറി 15,32;2 കോറി 1,8-9;ഫിലി 1,20-26). തടവറവാസത്തിനിടയ്ക്കു ഫിലെമോനുള്ള ലേഖനവും (ക്രി.വ. 55? / 56-57) ഫിലിപ്പിയിലെ സഭയ്ക്കുള്ള ലേഖനവും (കി.വ. 56-57) എഴുതി കൊടുത്തയച്ചു.[35]ഇതേ കാലയളവിൽ കോറിന്തോസിലെ സഭയെക്കുറിച്ചു വേദനാജനകമായ ചില വിവരങ്ങൾ ക്ലോയെയുടെ ബന്ധുക്കൾ (1 കോറി 1,11), സ്തേഫാനോസ്, പോർത്തുനാത്തൂസ്, അക്കായിയൂസ് (1 കോറി 16,1-7) എന്നിവരിൽനിന്നു പൗലോസിനു ലഭിച്ചു. അവർ എഫേസോസിൽ പൗലോസിനെ സന്ദർശിച്ചപ്പോഴാകാം അതുണ്ടായതും ചില കാര്യങ്ങളുടെ വിശദീകരണം ആവശ്യപ്പെട്ടുന്ന കത്തു കോറിന്തോസിലെ സഭയിൽനിന്നു പൗലോസിനു ലഭിച്ചതും (1 കോറി 7,1). ഈ സാഹചര്യത്തിൽ ആദ്യം തീമോത്തേയോസിനെ അവിടെയയച്ചു (1 കോറി 4,17; 16,10). ഫലപ്പെട്ടില്ല. അനന്തരം അവിടേക്കു ലേഖനങ്ങളെഴുതി കൊടുത്തയച്ചു. അഞ്ചെണ്ണമെങ്കിലും എഴുതിയയച്ചിട്ടുണ്ട്. പുതിയ നിയമത്തിലുള്ള 1 കോറിന്ത്യർക്കു മുമ്പ് ഒരു കത്ത് തീത്തോസ് വശം (1 കോറി 5,9). പിന്നെ 1 കോറിന്ത്യർ (ക്രി. വ. 57 പെന്തിക്കൊസ്തിക്കു മുമ്പ്). ഇവ ഉദ്ദിഷ്ടഫലം ഉളവാക്കാഞ്ഞതിനാൽ പൗലോസുതന്നെ കോറിന്തോസിൽ ദൃതിപ്പെട്ട് ഒരു ഹ്യസ്വ സന്ദർശനം നടത്തി (2 കോറി 12,14;13,1-2;2,1). ഈ സന്ദർശനത്തിൽ

[35] ഈ രണ്ടു ലേഖനങ്ങളും 61-63ൽ റോമിലെ തടവറയിൽനിന്നെന്നും അഭിപ്രായമുണ്ട്. ആധുനിക പഠിതാക്കളേറെയും എഫേസോസിനു മുൻഗണന ന്ലകുന്നു.

താൻ *വിലപിക്കേണ്ടിവരുമോയെന്നു* പൗലോസ് ഭയപ്പെടുന്നു (2 കോറി 12,21). തിരിച്ചുവന്നിട്ട് "വളരെയേറെ കണ്ണീരോടുകൂടെയുള്ള കത്ത്" (2 കോറി 2,3-4.9;7,8.12;10,9) തീത്തോസ് വശം കൊടുത്തയച്ചു. മക്കദോനിയ, കോറിന്തോസ്, ജറുസലേം (യൂദയാ) എന്നിവിടങ്ങൾ സന്ദർശിക്കാനും പദ്ധതിയിട്ടു (1 കോറി 16,3-8;2 കോറി 1,15-16). തീത്തോസ് കത്തുമായി പോയ സമയം എഫേസോസിൽ വെള്ളിപ്പണിക്കാരുടെ ലഹളയുണ്ടായി (അപ്പ 19,23-20,1). പൗലോസ് അവിടം വിട്ടു ത്രോവാസിലേക്കും (2 കോറി 2,12) മക്കദോനിയായിലേക്കും (2 കോറി 2,13;അപ്പ 20,1-2) പോയി.

മക്കദോനിയായിൽ (ഫിലിപ്പിയിൽ)വച്ചു കോറിന്തോസിലെ സഭയെ സംബന്ധിച്ചു തീത്തോസിൽനിന്ന് ആശ്വാസകരമായ വാർത്ത ലഭിച്ചു. ആ സാഹചര്യത്തിൽ (ക്രി.വ. 56/57 ശരത്കാലത്ത്) 2 കോറി 1-9 അദ്ധ്യായങ്ങളുൾപ്പെടുന്ന ലേഖനവും (Letter *A* of 2 Cor) പിന്നീട് മക്കദോനിയായിലോ ഇല്ലീറിക്കുമിലോ വച്ചു (റോമ 15,19) 2കോറി 10-13 അദ്ധ്യായങ്ങളുൾപ്പെടുന്ന ലേഖനവും (Letter *B* of 2 Cor) എഴുതി തീത്തോസ് വശം കൊടുത്തയച്ചു. പിന്നീട് (ക്രി.വ. 56/57 ഗ്രീഷ്മത്തിൽ) പൗലോസ് കോറിന്തോസിൽ പോയി അക്കായിയായിൽ മൂന്നു മാസം താമസിച്ചു (അപ്പ 20,1-3;1 കോറി 16,5-6;2 കോറി 1,16).[36] "ദരിദ്രരെ ഓർക്കണ"മെന്നുള്ള ജറുസലേംസമ്മേളനത്തിന്റെ തീരുമാനമനുസരിച്ചു (ഗലാ 2,10) ജറുസലേമിലെ സഹോദരങ്ങൾക്കുവേണ്ടിയുള്ള ധനശേഖരണം പൗലോസ് കോറിന്തോസിലായിരുന്നപ്പോൾ ഗലാത്തിയായിലെയും മക്കദോനിയായിലെയും അക്കായിയായിലെയും വിജാതീയസഭകളിൽ നടത്തിച്ചു (1 കോറി16,1;റോമ 15,25-26). അതു ജറുസലേമിൽ കൊണ്ടു കൊടുക്കണമെന്നായിരുന്നു പൗലോസിന്റെ ആഗ്രഹം. അക്കായിയായിലെ താമസത്തിനിടയ്ക്കു ക്രി.വ. 58 ആരംഭത്തിൽ കോറിന്തോസിലോ കെങ്ക്രേയിലോവച്ചു (റോമ 16,1) റോമാക്കാർക്കുള്ള ലേഖനം എഴുതി ക്രി.വ. 58). ജറുസലേം, റോമാ, സ്പെയിൻ എന്നിവിടങ്ങൾ സന്ദർശിക്കാനും കോറിന്തോസിൽവച്ചു പ്ലാനിട്ടു (റോമ 15,22-27). പൗലോസിന്റെ ഇനിയുള്ള യാത്രയെക്കുറിച്ചു അപ്പോസ്തലപ്രവർത്തനങ്ങളിൽ മാത്രമേ വിവരങ്ങളുള്ളൂ.

**കോറിന്തോസിൽനിന്നു ജറുസലേമിലേക്ക്** (ക്രി.വ. 58; അപ്പ 20, 3b-21,18)

കോറിന്തോസിൽനിന്നു (ക്രി.വ. 58 വസന്തത്തിൽ) കരമാർഗം മക്കദോനിയവഴി സിറിയയിലേക്കു യാത്ര തിരിച്ചു. ബെറോയ, തെസലോനിക്ക, എഫേസോസ് എന്നിവിടങ്ങളിൽനിന്നുള്ള ശിഷ്യരും യാത്രയിൽ കൂടി. ആ വർഷത്തെ പെസഹാപ്പെരുന്നാൾ ഫിലിപ്പിയിൽ ആഘോഷിച്ചു. അവിടെ ലൂക്കായും കൂടി (അപ്പ 20,3-6; വാക്യം 5ൽ "ഞങ്ങൾ"

[36]ഇത് കോറിന്തോസിലേക്കുള്ള പൗലോസിന്റെ മൂന്നാം സന്ദർശനമാണ്.

എന്നു ലൂക്കാ എഴുതിയിട്ടുള്ളതു ശ്രദ്ധിക്കുക). പെരുന്നാൾ കഴിഞ്ഞു കടൽമാർഗം ത്രോവാസിലെത്തി. അവിടെനിന്നു പൗലോസ് കരമാർഗം ആസ്സോസിലും അവിടെനിന്നു കപ്പലിൽ മിത്തിലേനേയിലുമെത്തി. അവിടെനിന്നു ഏഷ്യാമൈനറിന്റെ തീരത്തൂടെ കടൽയാത്ര ചെയ്തു മിലേത്തോസിലെത്തി. അവിടവച്ച് എഫേസോസിലെ സഭാശ്രേഷ്ഠന്മാരോടു (*episkopoi*) വിടപറഞ്ഞു (അപ്പ 20,17-35). കപ്പലിൽ യാത്ര തുടർന്നു കോസ്, റോദസ്, പത്താറ, ടയിർ, പ്തൊളെമായിസ് എന്നിങ്ങനെ പല തുറമുഖപട്ടണങ്ങൾ കടന്നു കേസറിയായിലും അവിടെനിന്നു കരമാർഗം ജറുസലേമിലുമെത്തി (ക്രി.വ. 58 പെന്തിക്കൊസ്തിക്കു മുമ്പ്; അപ്പ 20,16;21,17). ഇതു പൗലോസിന്റെ അവസാനത്തെ ജറുസലേംസന്ദർശനമായിരുന്നു.

### 4.2.3.1. പൗലോസ് ജറുസലേമിൽ അറസ്റ്റുചെയ്യപ്പെടുന്നു; കേസറിയായിൽ തടവറയിൽ (അപ്പ 21,17b-26,32)

പൗലോസും സഹയാത്രികരും ജറുസലേമിലെത്തിയപ്പോൾ സഭാംഗങ്ങളിൽനിന്നു നല്ല സ്വീകരണം ലഭിച്ചു. പിറ്റേ ദിവസം അവിടത്തെ സഭാനേതാക്കന്മാരെ സന്ദർശിച്ചു (അപ്പ 21,17-18). യഹൂദാചാരങ്ങൾ ഉപേക്ഷിക്കാൻ വിജാതീയരുടെയിടയിലുള്ള യഹൂദക്രിസ്ത്യാനികളെ പൗലോസ് പ്രേരിപ്പിക്കുന്നെന്നു ജറുസലേമിലെ യഹൂദക്രിസ്ത്യാനികൾ കേട്ടിരുന്നു. അതിനാൽ അവർക്ക് അദ്ദേഹത്തോടു കടുത്ത അതൃപ്തിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ജറുസലേംസഭയിലുണ്ടാക്കാവുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഒഴിവാക്കാൻ ഒരുപായം ജറുസലേംസഭയിലെ നേതാക്കന്മാർ പൗലോസിനോടു നിർദ്ദേശിച്ചു. പൗലോസ് സ്വീകരിച്ചു (അപ്പ 21,20b-26). എന്നിട്ടും ആചാരനിർവഹണത്തിന്റെ അവസാനദിവസം (ഏഴാം ദിവസം) ഏഷ്യയിൽനിന്നുള്ള യഹൂദർ പൗലോസിനെ ദേവാലയത്തിൽവച്ചു പിടിച്ചു. അദ്ദേഹത്തിനെതിരേ ഗൗരവമായ മൂന്ന് ആരോപണങ്ങൾ ഉന്നയിച്ചു. അദ്ദേഹത്തെ ദേവാലയത്തിനു പുറത്തേക്കു വലിച്ചിഴച്ചു. കൊല്ലാൻ ശ്രമിച്ചുകൊണ്ടുമിരുന്നു. വിവരമറിഞ്ഞു സഹസ്രാധിപൻ സൈനികരോടൊപ്പം പാഞ്ഞെത്തി പൗലോസിനെ അറസ്റ്റുചെയ്ത് അന്തോണിയാപാളയത്തിൽ കൊണ്ടുപോയി പാർപ്പിച്ചു. അങ്ങനെ ആക്രമണത്തിൽനിന്ന് അദ്ദേഹത്തെ രക്ഷിച്ചു. സഹസ്രാധിപന്റെ അനുവാദത്തോടെ പൗലോസ് പാളയത്തിനു പുറത്തുവച്ചു യഹൂദജനക്കൂട്ടത്തോടു ഹെബ്രായഭാഷയിൽ തന്റെ ജീവിതകഥ പറഞ്ഞു (അപ്പ 21,27-22,21).

പൗലോസിന്റെ പ്രഭാഷണം കഴിഞ്ഞപ്പോൾ ജനക്കൂട്ടം അദ്ദേഹത്തിനെതിരേ കൂടുതൽ ക്രുദ്ധരായി. അദ്ദേഹത്തെ കൊല്ലാൻ മുറവിളികൂട്ടി. ഇത്തവണയും സഹസ്രാധിപൻ അദ്ദേഹത്തിന്റെ സംരക്ഷണയ്ക്കു പ്രവർത്തിച്ചു (അപ്പ 22,22-29). പൗലോസ് ജന്മനാ റോമാപൗരനാണെന്നറിഞ്ഞ് പിറ്റേദിവസം മോചിപ്പിച്ചു. യഹൂദരുടെ ആലോചനാ

സംഘത്തിനു മുമ്പിൽ വിസ്താരത്തിനു കൊണ്ടുവന്നു. അവിടെ പൗലോസ് ജനക്കൂട്ടത്തെ അഭിസംബോധന ചെയ്തു. അവർ രണ്ടു ഗ്രൂപ്പായി. അവിടെനിന്നു സഹസ്രാധിപൻ പൗലോസിനെ പാളയത്തിലാക്കി (അപ്പ 23,1-10). യഹൂദർ വകവരുത്തുമെന്നു ഭയന്ന് സഹസ്രാധിപൻ അദ്ദേഹത്തെ കേസറിയായിൽ ദേശാധിപതി ഫേലിക്സിന്റെ സമക്ഷം സുരക്ഷിതമായി എത്തിച്ചു (അപ്പ 23,12-35). ഫേലിക്സിന്റെ സമക്ഷമുമുള്ള വിസ്താരത്തിലും പൗലോസിൽ കുറ്റം കണ്ടില്ല. ഫേലിക്സ് അദ്ദേഹത്തിൽനിന്നു കൈക്കൂലി പ്രതീക്ഷിച്ചു; രണ്ടു വർഷം (ക്രി.വ. 59-60) തടവിൽ സൂക്ഷിച്ചു (അപ്പ 24,1-27).

### 4.2.3.2 സീസറിന് അപ്പീൽ; റോമിലേക്ക് (ക്രി.വ. 60-61; അപ്പ)

ഫേലിക്സിനു ശേഷം ക്രി.വ. 60ൽ പോർസിയുസ് ഫെസ്തൂസ് ദേശാധിപതിയായി കേസറിയായിൽ വന്നു. ഫേസ്തൂസിന്റെ സമക്ഷവും അയാളും അഗ്രിപ്പാരാജാവും ഒരുമിച്ചും നടത്തിയ വിചാരണകളിലും പൗലോസിൽ കുറ്റമൊന്നും കണ്ടില്ല. റോമാപൗരനായിരുന്നതിനാൽ പൗലോസ് സീസറിന്റെ പക്കൽ അപ്പീലിനപേക്ഷിച്ചു (അപ്പ 24,28-26,32). റോമിലേക്കു പോകാൻ പൗലോസ് ഒരു റോമൻ ശതാധിപന്റെ അകമ്പടിയോടെ കേസറിയായിൽനിന്നു കപ്പൽകയറി. ഈ യാത്രയിൽ ലൂക്കായും കൂടിയിരിക്കാം.[37] ദുർഘടപൂർണ്ണമായ ഒരു കടൽയാത്രയുടെ അന്തത്തിൽ പൗലോസും കൂട്ടരും മാൾടാദ്വീപിലെത്തി (അപ്പ 27,1-28,1). ശീതകാലം അവിടെ ചെലവഴിച്ചു. പിന്നെ കടൽമാർഗം നേപ്പിൾസിനടുത്തുള്ള പ്യുത്തോളിയിലെത്തി. അവിടെന്നു കരമാർഗം റോമിലെത്തി (ക്രി.വ. 61). രണ്ടു വർഷം (ക്രി.വ. 61-63) വീട്ടുതടങ്കലിൽ കഴിഞ്ഞു. ഇക്കാലത്താണ് ഫിലിപ്പിയിലെ സഭയക്കും ഫിലെമോനും ലേഖനങ്ങളെഴുതിയയച്ചതെന്ന അഭിപ്രായമുള്ളത് മുമ്പേ സൂചിപ്പിച്ചിട്ടുണ്ടല്ലോ (പേജ് 5). റോമിൽ വീട്ടുതടങ്കലിൽ തന്നെ സന്ദർശിച്ചവരോട് പൗലോസ് ക്രിസ്തുവിനെ പ്രസംഗിച്ചുകൊണ്ടിരുന്നു (അപ്പ 28,17-38). ഇവിടെനിന്നാണ് ഫിലെമോനും ഫിലിപ്പിയലെ സഭയ്ക്കും ലേഖനങ്ങളെഴുതിയത് എന്നൊരഭിപ്രായമുള്ളത് മുകളിൽ സൂചിപ്പിച്ചുവല്ലോ.

### 4.2.3.2.1 പൗലോസിന്റെ രക്തസാക്ഷിത്വം?

പുതിയ നിയമത്തിൽ പൗലോസിന്റെ യഥാർത്ഥമോ അയഥാർത്ഥമോ ആയ കർത്തൃത്വത്തിലുള്ള ലേഖനങ്ങളോ അപ്പോസ്തലപ്രവർത്തനങ്ങളോ അദ്ദേഹത്തിന്റെ ജീവിതാന്തത്തെപ്പറ്റി വിവരമൊന്നും നല്കുന്നില്ല. ഇക്കാര്യത്തിൽ പില്കാല സഭാപാരമ്പര്യത്തെ ആശ്രയിക്കയേ വഴിയുള്ളു. പണ്ഡിതലോകത്ത് ഏറ്റവും സ്വീകാര്യമായിട്ടുള്ളത് എവുസേബിയസ് (*സഭാചരിത്രം* 2,25,8) നല്കുന്ന വിവരമാണ്. കോറിന്തോസിലെ ദിവന്യാസോസിനെ (+170) ഉദ്ധരിച്ചുകൊണ്ട് എവുസേബി

[37] അപ്പ 27,1-28,16ൽ തുടരെ ആവർത്തിക്കുന്ന 'ഞങ്ങൾ' പ്രയോഗങ്ങൾ ശ്രദ്ധിക്കുക.

യസ് രേഖപ്പെടുത്തുന്നു, നീറോയുടെ കാലത്തുണ്ടായ ക്രൈസ്തവ മതമർദ്ദനത്തിൽ (ക്രി.വ. 64 വസന്തം - 68 ജൂൺ 9)[38] പത്രോസിനോടൊപ്പം പൗലോസ് രക്തസാക്ഷിയായി. അതു ക്രി.വ. 67ൽ എന്നു കണക്കാക്കുന്നതാണു കൂടുതൽ യുക്തം.[39]പൗലോസിന്റെ ഭൗതികശരീരം അടക്കപ്പെട്ടിടത്തു കോൺസ്റ്റന്റയിൻചക്രവർത്തി പില്കാലത്തു വി. പൗലോസിന്റെ ബസിലിക്കാ പണിയിച്ചു. മലങ്കരസഭ ജൂൺ 29 പത്രോസ്-പൗലോസ്ശ്ലീഹന്മാരുടെ രക്തസാക്ഷിത്വപ്പെരുന്നാൾ ആഘോഷിക്കുന്നു.

[38]68 ജൂൺ 9ന് നീറൊയുടെ മരണം. [39]ഈ കാലഗണന സർവസമ്മതമല്ല. എങ്കിലും, എവുസേബിയസ് നല്കുന്ന സൂചനകളനുസരിച്ചു നീറോയുടെ ക്രൈസ്തവ മർദ്ദനത്തിന്റെ അവസാനത്തോടടുത്താണ് പൗലോസ്-പത്രോസ്ശ്ലീഹാമാർ വധിക്കപ്പെട്ടത്, Fitzmyer, “Paul,” 1337 No.53. വധിക്കപ്പെടുന്നതിനു മുമ്പ് അപ്പോസ്തലൻ സ്പെയിനിൽ പോയെന്നും റോമിൽത്തന്നെ മറ്റൊരു വിസ്താരത്തിനും തുടർന്നു രക്തസാക്ഷിത്വത്തിനു വിധേയനായെന്നും റോമിലെ ക്ലെമെന്റിന്റെ സാക്ഷ്യം (ക്രി.വ. 95) സൂചിപ്പിക്കുന്നു. ഇതു സ്ഥിരീകരിക്കുന്നതാണ് എവുസേബിയസ് ഉദ്ധരിക്കുന്ന സാക്ഷ്യവും. പുതിയ നിയമത്തിൽ പൗലോസിന്റെ യഥാർത്ഥമോ അയഥാർത്ഥമോ ആയ കർതൃത്വത്തിലുള്ള ലേഖനങ്ങളോ അപ്പോസ്തലപ്രവർത്തനങ്ങളോ അദ്ദേഹത്തിന്റെ ജീവിതാന്തത്തെപ്പറ്റി വിവരമൊന്നും നല്കുന്നില്ല. ഇക്കാര്യത്തിൽ പില്കാല സഭാപാരമ്പര്യത്തെ ആശ്രയിക്കയേ വഴിയുള്ളു. പണ്ഡിതലോകത്ത് ഏറ്റവും സ്വീകാര്യമായിട്ടുള്ളത് എവുസേബിയസ് (*സഭാചരിത്രം* 2,25,8) നല്കുന്ന വിവരമാണ്. കോറിന്തോസിലെ ദിവന്യാസോസിനെ (+170) ഉദ്ധരിച്ചുകൊണ്ട് എവുസേബിയസ് രേഖപ്പെടുത്തുന്നു, നീറോയുടെ കാലത്തുണ്ടായ ക്രൈസ്തവമർദ്ദനത്തിൽ (ക്രി.വ. 64 വസന്തം - 68 ജൂൺ 9)[52] പത്രോസിനോടൊപ്പം പൗലോസ് രക്തസാക്ഷിയായി.

# 5

# പൗലോസിന്റെ പ്രേഷിതപ്രവർത്തനം ഒരാസ്വാദനം

## 5.1 പുതിയ, കൂടുതൽ വിശാലമായ മേഖലകൾ

റോമാസാമ്രാജ്യത്തിൽ യേശുക്രിസ്തുവും കേപ്പാ-യോഹന്നാന്മാരും സുവിശേഷവുമായി കടന്നുചെല്ലാതിരുന്ന ഇടങ്ങളിലേക്കും സമൂഹങ്ങളിലേക്കും പൗലോസ് അതെത്തിച്ചു. ഈ വസ്തുത ആദിസഭയുടെ പ്രേഷിതചരിത്രത്തിലെ ശ്രദ്ധാർഹവും നിർണ്ണായകവുമായൊരു വഴിത്തിരിവായിരുന്നു. യേശുക്രിസ്തുവിന്റെയും കേപ്പാ-യോഹന്നാന്മാരുടെയും പ്രവർത്തനമേഖല മുഖ്യമായും പലസ്തീന ആയിരുന്നല്ലോ.[1] പൗലോസിന്റെ സാക്ഷ്യമനുസരിച്ച് അദ്ദേഹത്തിന്റെ പ്രേഷിതപ്രവർത്തനമേഖല പശ്ചിമേഷ്യയിലെയും യൂറോപ്പിലെയും പ്രധാന നഗരങ്ങളായിരുന്നു. ചെറുതോ വലുതോ ആയ അയഹൂദ(വിജാതീയ)നഗരങ്ങളും ജനവാസകേന്ദ്രങ്ങളും. അവിടങ്ങളിൽ യവനവത്കൃതരായ യഹൂദരുടെ സാന്നിധ്യവും ഉണ്ടായിരുന്നു.അവരോടും അദ്ദേഹം സുവിശേഷം പ്രസംഗിച്ചിട്ടുണ്ട്. എങ്കിലും പ്രേഷിതപ്രവർത്തനത്തിന്റെ മുഖ്യലക്ഷ്യം വിജാതിയ നഗരങ്ങളായിരുന്നു. പ്രത്യേകിച്ച്, അവിടങ്ങളിലെ അപരിച്ഛേദിതർ. അവരെ ലക്ഷ്യമാക്കാൻ രണ്ടു കാരണങ്ങൾ പൗലോസ് ലേഖനങ്ങളിൽ ചൂണ്ടിക്കാട്ടുന്നു. (1) തനിക്കു ലഭിച്ച ദൈവികവെളിപാടിൽ അവരെയാണ് ലക്ഷ്യമായി നല്കപ്പെട്ടതെന്ന പൗലോസിന്റെ വിശ്വാസം (ഗലാ 1,15-17). (2) വിജാതീയരുടെ പക്കലേക്കു പൗലോസും ബർണബാസും, പരിച്ഛേദിതരുടെ പക്കലേക്കു കേപ്പായും യോഹന്നാനും പോകണമെന്നുള്ള ജറുസലേംസമ്മേളനത്തിന്റെ തീരമാനം (ഗലാ 2,8-10)).

പൗലോസിന്റെ പ്രവർത്തനം നഗരങ്ങൾ കേന്ദ്രീകരിച്ചാകാൻ പല കാരണങ്ങൾ കാണാം. പൗലോസ് ജന്മനാ നാഗരികനാണ്. മദ്ധ്യധരണ്യാഴിയായിരുന്നു പൗലോസിന്റെ പ്രധാന യാത്രാവഴി. അവയുടെ തീരങ്ങളിലുള്ള നഗരങ്ങളിൽ വേഗം എത്തിപ്പെടാമായിരുന്നു. നഗരങ്ങളേറെയും ഗ്രേക്കോ-റോമൻ സംസ്കാരത്തിന്റെ പ്രാദേശിക കേന്ദ്രങ്ങളെ

[1]യേശുവിന്റെ പ്രവർത്തനമേഖല മുഖ്യമായി യഹൂദദേശത്തായിരുന്നു; വിജാതീയരെയും ഉൾക്കൊള്ളുന്നതാണ് എന്നു സൂചിപ്പിക്കാൻ അപൂർവമായി വിജാതിയ മേഖല സ്പർശിച്ചിരുന്നു. യഹൂദദേശത്ത് ജറുസലേമൊഴിച്ചാൽ ഗ്രാമങ്ങളിലായിരുന്നു. പൗലോസിന്റെ സുവിശേഷപ്രവർത്തനം വിശകലനം ചെയ്യുന്നവർ യേശുവിന്റെ സുവിശേഷപ്രവർത്തനവുമായി താരതമ്യം ചെയാറുണ്ട്. ഉദാഹരണത്തിനു കാണുക Fitzmyer, "St. Paul," *NJBC*,1336 No.40; Legrand, "A Portrait of St. Paul," 176-177.

ങ്കിലും ആയിരുന്നു. അവിടെ സുവിശേഷവെളിച്ചം കൊളുത്തിയാൽ ഏറെപ്പേരെ ആകർഷിക്കും; സ്വാഭാവികമായി സമീപ പ്രദേശങ്ങളിലേക്കു വ്യാപിക്കാനുള്ള സാദ്ധ്യതയുമുണ്ട്. പൊതുവെ പറഞ്ഞാൽ മുൻകൂട്ടി ആലോചിച്ചു തീരുമാനിച്ചതനുസരിച്ചാണ് നഗരങ്ങൾ തിരഞ്ഞെടുത്തിരുന്നത്.

താൻ കടന്നുചെന്ന നഗരങ്ങളിൽപ്പെട്ട സഭകളിലെ ദരിദ്രരുടെ, മക്കദോനിയായിലെ സഭകൾ ഒരു സമയത്തനുഭവിച്ച കൊടിയ ദാരിദ്ര്യത്തിന്റെയൊഴികെ (2 കോറി 8,2-5), സാന്നിദ്ധ്യം പൗലോസ് പരാമർശിക്കുന്നില്ല. ഉപരിമദ്ധ്യവർഗത്തിൽപ്പെട്ട വ്യവസായികളായിരുന്നിരിക്കാം പൗലോസ് പ്രവർത്തിച്ച നഗരങ്ങളിലെ അനുവാചകരിലേറെയും.[2] അവരിൽനിന്നു ജറുസലേമിലെ ദരിദ്രർക്കുവേണ്ടി ധനശേഖരണം നടത്തി. യേശുവും കേപ്പായും കടന്നുചെല്ലാത്ത കുറെ ഇടങ്ങളിലേക്ക്, ഭൂമിശാസ്ത്രപരമായും സാംസ്കാരികമായും കൂടുതൽ വിശാലമായ മേഖലകളിലേക്ക്, സുവിശേഷമെത്തുക എന്ന ദൈവികപദ്ധതി (ഗലാ 1,13-16) പൗലോസിലൂടെ സാക്ഷാത്കൃതമാകുന്നതും നമുക്കു കാണാനാവുന്നു.

## 5.2 പൗലോസിന്റെ പ്രേഷിതപ്രവർത്തനത്തിന്റെ പ്രചോദനം

ജെയിംസ് ഡൺ ഓർപ്പിക്കുമ്പോലെ, യേശു ചെയ്തതിന്റെയും പഠിപ്പിച്ചതിന്റെയും വീരകഥകൾ കേട്ട് ആവേശം കൊണ്ടല്ല പൗലോസ് അവനെ സുവിശേഷമായി പ്രസംഗിക്കാനിറങ്ങിയത്. യേശുവിന്റെ ഓർമ ആഘോഷിച്ചിരുന്ന സമൂഹത്തിൽനിന്നു വന്നവനുമല്ല പൗലോസ്.[3] പിന്നെന്താണ് ത്യാഗവും ക്ലേശങ്ങളും നിറഞ്ഞ സുദീർഘമായ പ്രേഷിതപ്രവർത്തനത്തിനു പൗലോസിനെ ആവേശം കൊള്ളിച്ച അടിസ്ഥാന വസ്തുത? ദമാസ്കസ്ദർശനം (ഗലാ 1,15-16;1കോറി 9,1). (അത് പൗലോസിനെ പ്രേഷിതനാക്കിയതെങ്ങനെയെന്നു മുകളിൽ വിശദമാക്കി). ദമാസ്കസ്വഴിയിൽ ലഭിച്ച വെളിപാടിന്റെ തീവ്രതയിൽനിന്നാണ് പൗലോസിന്റെ പ്രേഷിതതീക്ഷ്ണത തിളച്ചുപൊങ്ങിയത്. ആ "വെളിപാടിന്റെ ഉജ്ജ്വലപ്രകാശത്തിന്റെ" പ്രതിഫലനമാണ് (2 കോറി 3,18;4,5-6) അദ്ദേഹത്തിന്റെ പ്രേഷിതപ്രവർത്തനം. പൗലോസ് പ്രവർത്തിച്ചത് സ്വന്തം പ്രേരണയാലല്ല, ദൈവികനിയോഗത്താലാണ് (ഗലാ 1,15-16). വിജാതീയരുടെയിടയിൽ "വിശ്വാസത്തോടുള്ള വിധേയത്വം" (റോമ 1,5;15,18) ഉളവാക്കി അവരെ രക്ഷിക്കാൻ ദൈവഹിതത്താൽ വിളിക്കപ്പെടുകയും (ഗലാ 1,1;1 കോറി 1,1) യേശുക്രിസ്തു അയയ്ക്കയും ചെയ്തതുകൊണ്ട് (1 കോറി 1,17). ദൈവം പൗലോസിനു ദാനമായി നല്കിയ ദമാസ്കസനുഭവത്തിൽ അദ്ദേഹത്തിനു നല്കിയ ദൗത്യബോധത്തിൽനിന്നുളവായ അപ്പസ്തോലാവബോധമാണ് പ്രധാന പ്രേരണ. അതിനാൽ സുവിശേഷപ്രവർത്തനത്തിനു പൗലോസ് ആന്തരികമായ, ആത്മീയമായ (= പരി

[2] Legrand, "A Portrait of St. Paul," 175. [3] James D.G.Dunn, *The Theology of Paul the Apostle*, T&T Clark Ltd., Scotland, 1998, 406

ശുദ്ധാത്മാവിന്റെ), നിർബന്ധമനുഭവിച്ചു. അപ്പോസ്തലൻ പറയുന്നല്ലോ: *ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അത് എന്റെ കടമയാണ്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം*! (1 കോറി 9,16). ഈ വാക്കുകൾ സുവിശേഷം പ്രസംഗിച്ചില്ലെങ്കിൽ, കടമ നിറവേറ്റിയില്ലെങ്കിൽ, ശിക്ഷിക്കപ്പെടുമെന്ന ഭയത്തിന്റെ ബഹിസ്ഫുരണമല്ല. സുവിശേഷം പ്രസംഗിക്കുക ആത്മീയ സന്തോഷം നല്കുന്നു; പ്രസംഗിക്കാതിരുന്നാൽ ആന്തരീകമായി ദുരിതമനുഭവിക്കുന്നു.[4]

പൗലോസിന്റെ പ്രേഷിതപ്രവർത്തനം ആത്മീയനുഭവത്തിന്റെ കൈമാറൽ / പകർച്ച ആയിരുന്നു. *ക്രിസ്തുവിലും, ക്രിസ്തുവിനോടൊത്തും, ക്രിസ്തുവിന്റെ സ്വന്തവു*മൊക്കെ ആയിത്തീർന്ന അവസ്ഥയിൽനിന്നുതിർന്ന പ്രവർത്തനം. മറ്റുള്ളവരിലും ക്രിസ്തു രൂപവത്കൃതമാകാൻവേണ്ടിയുള്ള പ്രസവവേദന അനുഭവിക്കൽ. അതിനാൽ അദ്ദേഹം ക്രൂശിതനായ ക്രിസ്തുവിനെ പ്രഘോഷിച്ചത് *വാഗ്വിലാസത്തോടെയോ വിജ്ഞാനത്തോടെയോ ദൈവത്തിന്റെ രഹസ്യം ... പ്രഖ്യാപിച്ചുകൊണ്ടല്ല* (1 കോറി 2,1). തനിക്കു ലഭിച്ചിട്ടുള്ള ആത്മീയ നന്മകളിൽ ആശ്രയിച്ചുമല്ല (2 കോറി 2,1-7). *യഹൂദർക്ക് ഇടർച്ചയും വിജാതീയർക്കു ഭോഷത്തവും ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമായ* (1 കോറി 1,24) ക്രൂശിതനായ ക്രിസ്തുവിനെ സംബന്ധിച്ച സുവിശേഷത്തിൽ, *വിശ്വസിക്കുന്ന ഏവർക്കും രക്ഷയിലേക്കു നയിക്കുന്ന ആ ദൈവശക്തിയിൽ* (റോമ 1,1.16), ആശ്രയിച്ചാണ്. സുവിശേഷംതന്നെയായിരുന്നു ആ ശക്തി.[5]

## 5.3 പൗലോസിന്റെ പ്രേഷിത തീക്ഷ്ണത

പ്രേഷിത തീക്ഷ്ണതയാൽ സദാ ജ്വലിച്ചുനിന്ന പ്രേഷിതനാണ് പൗലോസ്. യേശുക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കാൻ എത്രമാത്രം ഏതെല്ലാം ത്യാഗങ്ങളാണ് അദ്ദേഹം ഏറ്റെടുത്തിട്ടുള്ളത്! സുദീർഘവും ദുരിതപൂർണവുമായ പ്രേഷിതയാത്രകൾ, പലവിധ എതിർപ്പുകൾ - ആശയപരവും ശാരീരികവുമായവ. സദ്വാർത്തയെപ്രതി അദ്ദേഹം സ്വീകരിച്ച സഹനങ്ങളുടെ ഒരു രൂപം 2 കോറി 11-ാം അധ്യായത്തി ലുണ്ട്. അവിടെ ഇങ്ങനെയുണ്ട്:

*... കൂടുതൽ അദ്ധ്വാനത്തിൽ; കൂടുതൽ കാരാഗൃഹങ്ങളിൽ; കൂടുതൽ പ്രഹരങ്ങളിൽ; പല തവണ മരണവക്ത്രങ്ങളിൽ. അഞ്ചുപ്രാവശ്യം യഹൂദരുടെ കൈകളിൽനിന്ന് ഒന്നുകുറയേ നാല്പത് അടിവീതം ... മൂന്നു പ്രാവശ്യം വടികൊണ്ട് അടിക്കപ്പെട്ടു; ഒരിക്കൽ കല്ലെറിയപ്പെട്ടു; മൂന്നു പ്രാവശ്യം കപ്പലപകടത്തിൽപ്പെട്ടു; ഒരു രാത്രിയും ഒരു പകലും കടലിൽ കഴിച്ചുകൂട്ടി. തുടരെത്തുടരെയുള്ള യാത്രകൾക്കിടയിൽ, നദി*

[4] Legrand, “A Portrait of St. Paul,” 175.

[5] Legrand, “A Portrait of St. Paul,” 176.

*കളിലെ അപകടങ്ങളിൽ, കൊള്ളക്കാരിൽനിന്നുള്ള അപകടങ്ങളിൽ, വിജാതീയരിൽനിന്നുള്ള അപകടങ്ങളിൽ, നഗരത്തിലെ അപകടങ്ങളിൽ, വിജനപ്രദേശത്തെ അപകടങ്ങളിൽ, കടലിലെ അപകടങ്ങളിൽ, വ്യാജസഹോദരങ്ങളിൽനിന്നുള്ള അപകടങ്ങളിൽ. കഠിനാധ്വാനത്തിലും വിഷമസന്ധികളിലും പലവട്ടം ജാഗരണത്തിലും വിശപ്പിലും ദാഹത്തിലും പലപ്പോഴും ഉപവാസത്തിലും തണുപ്പിലും നഗ്നതയിലും ഞാൻ ജീവിച്ചു...* (11,23d -27).

## 5.4 സംഘാതാത്മകത, സുഹൃദ്ബന്ധം, സുതാര്യത

പൗലോസ് പ്രേഷിതപ്രവർത്തനം സംബന്ധിച്ച് ആരോടും ആലോചിക്കാത്ത, ആരുടെയും ആലോചനകൾ സ്വീകരിക്കാത്ത ഒരു ഒറ്റയാൻ സമീപനക്കാരനായിരുന്നു എന്നു തെറ്റിധരിച്ചവരുണ്ട്. ഇങ്ങനെ തോന്നിപ്പിക്കുന്ന ചില പ്രസ്താവനകളുണ്ട് അദ്ദേഹത്തിന്റേതായി (ഉദാ: ഗലാ 1,11-12.16-17.19; 2,11-14). ഉറച്ച ബോധ്യങ്ങൾക്കുവേണ്ടി നിലകൊണ്ട മനുഷ്യനായിരുന്നു പൗലോസ്. അക്കാര്യത്തിൽ വിട്ടുവീഴ്ചയ്ക്കു തയ്യാറുമല്ലായിരുന്നു. ക്രിസ്തുദർശനം ലഭിച്ചശേഷം സദ്വാർത്താസത്യമായിരുന്നു അദ്ദേഹത്തിന്റെ ബോധ്യത്തിന്റെ ആണിക്കല്ല് (ഗലാ 2,5.14).

ദമാസ്കസനുഭവത്തെത്തുടർന്ന് അറേബ്യയിലേയും അനന്തരം ദമാസ്കസിലെയും ധ്യാനവും പ്രവർത്തനവും കഴിഞ്ഞ് പൗലോസ് കേപ്പായോടു കാര്യങ്ങളാരായാൻ ജറുസലേമിൽ പോകുകയും ജറുസലേംസഭയുടെ അധ്യക്ഷനായിരുന്ന യാക്കോബിന കാണുകയും ചെയ്തുവല്ലോ. അപ്പോസ്തലനേതൃത്വത്തോടും ജറുസലേംസഭയുടെ നേതൃത്വത്തോടും പൗലോസ് സംസർഗം സ്ഥാപിച്ചു.

വിജാതിയരുടെയിടയിൽ തന്റെ പുത്രനെ പ്രഘോഷിക്കാൻ ദൈവം തിരഞ്ഞെടുക്കയും വിളിക്കയും, ക്രിസ്തു നേരിട്ടയക്കയും ചെയ്തെന്ന് ഉറച്ച അനുഭവബോധ്യമുണ്ടായിരുന്നു പൗലോസിന്. എന്നിട്ടും വിജാതിയരുടെയിടയിലെ പ്രേഷിതശുശ്രൂഷയ്ക്കു പ്രത്യേകമായി പൗലോസ് യാത്രപുറപ്പെട്ടത് പത്രോസിന്റെ നേതൃത്വത്തിലുള്ള അപ്പോസ്തലപ്രമാണിമാരോടും ജറുസലേമിലെ മാതൃസഭയുടെ നേതാവുൾപ്പടെയുള്ള നേതൃസ്തംഭങ്ങളോടും ചേർന്നെടുത്ത തീരുമാനമനുസരിച്ചാണ് (ഗലാ 2,7-10). ഇവിടെ 7ഉം 8ഉം വാക്യങ്ങളിൽ 'പത്രോസ്' എന്ന പേരാണുപയോഗിച്ചിട്ടുള്ളത്. പൗലോസ് സാധാരണ ഉപയോഗിക്കാറുള്ളത് 'കേപ്പാ' എന്ന സ്ഥാനപ്പേരാണ് (ഗലാ 1,18; 2,9.11.14; 1 കോറി 1,12;3,22;9,5;15,5). അപ്പോസ്തലപ്രമാണിമാരെപ്പോലെ തനിക്കും അപ്പോസ്തലത്വം ഉണ്ടെന്നു സ്ഥാപിക്കാൻ ശ്രമിക്കുന്നതിനിടയ്ക്ക് (ഗലാ 2,6) പൗലോസ് ഗലാ 1,18ലും മറ്റുള്ളിടങ്ങളിലുംപോലെ 'കേപ്പാ' എന്ന സ്ഥാനപ്പേരുപയോഗിക്കാതെ ഗലാ 2,7-8ൽ 'പത്രോസ്' എന്ന പേര് പ്രത്യേകമുപയോഗിക്കുന്നു. ഈ സമീപനം സൂചിപ്പിക്കുന്നു, പത്രോസിന് അപ്പോസ്തല പ്ര

മാണിമാരിൽ നേതൃസ്ഥാനം ഉണ്ടെന്ന ധാരണയെക്കുറിച്ചു പൗലോസിന് അറിയാമായിരുന്നു.[6] പൗലോസിന്റെ ദൈവദത്തമായ പ്രത്യേക വിളിയും ബോധ്യവും അപ്പോസ്തലനേതൃത്വവും മാതൃസഭാനേതൃത്വവും അംഗീകരിച്ചു. അതെപ്പറ്റി പൗലോസ് പറയുന്നത് ഇപ്രകാരമാണ്: *നേതൃസ്തംഭങ്ങളായി ഗണിക്കപ്പെട്ടിരുന്ന യാക്കോബും കേപ്പായും യോഹന്നാനും, എനിക്കു കൃപ നല്കപ്പെട്ടിരിക്കുന്നുവെന്നു കണ്ട് ജനതകളുടെ അടുത്തേക്കു ഞങ്ങളും പരിച്ഛേദിതരുടെ അടുത്തേക്ക് അവരും പോകാൻ, തങ്ങളുടെ കൂട്ടായ്മയുടെ വലത്തുകരം എനിക്കും ബർണബാസിനും നീട്ടിത്തന്നു* (ഗലാ 2,9). 'വലതുകരം' ശക്തിയെ സൂചിപ്പിക്കുന്നു. *വലത്തുകരം നീട്ടിത്തന്നു* = ശക്തി പകർന്നു. കൂട്ടായ്മ (*കൊയ്നോനിയ*) = സംസർഗം. *കൊയ്നോനിയ* എന്ന പദം പൗലോസ് ഉപയോഗിക്കുന്നതനുസരിച്ച്, അപ്പോസ്തല-ജറുസലേംസഭാനേതൃസ്തംഭങ്ങൾ ക്രിസ്തുവിനോടും (1 കോറി 1,9) പരിശുദ്ധാത്മാവിനോടുമുള്ള (2 കോറി 13,14) സംസർഗത്തിന്റെ ശക്തി പൗലോ സിനു പകർന്നു. നേതൃത്വത്തിനുമുമ്പിൽ തന്റെ ദൈവദത്തമായ വിളിയും ബോധ്യവും പൗലോസ് അവതരിപ്പിച്ചു. നേതൃത്വം ശ്രദ്ധിച്ചു. കൂട്ടായ തീരുമാനമെടുത്തു. അതനുസരിച്ചു പൗലോസ് വിജാതിയ പ്രദേശങ്ങളിലെ പ്രവർത്തനത്തിനു പ്രത്യേകമായി പുറപ്പെട്ടു. സംസർഗവും സ്വാതന്ത്ര്യവും പാലിച്ചു പൗലോസ്. യഹൂദർക്കോ ഗ്രീക്കുകാർക്കോ ദൈവത്തിന്റെ സഭയ്ക്കോ ദ്രോഹമൊന്നുമുണ്ടാകരുത് എന്നതായിരുന്നു അദ്ദേഹത്തിന്റെ അടിസ്ഥാനപരമായ നിലപാട് (1 കോറി 11,32).

മേല്പറഞ്ഞതിനോടു ചേർത്ത്, പൗലോസ് പ്രേഷിതപ്രവർത്തനങ്ങളിൽ സഹപ്രവർത്തകരെ ഉൾപ്പെടുത്തിയുരുന്ന കാര്യവും, മറ്റനേകരുമായി നല്ല ആത്മബന്ധം പുലർത്തിയരുന്നവെന്ന വസ്തുതയുമൊക്കെ വായിക്കുമ്പോൾ ശ്ലീഹായുടെ സംഘാതാത്മക മനോഭാവത്തിന്റെ വ്യാപ്തിയും ആഴവും കൂടുതൽ തെളിഞ്ഞുവരുന്നു. മുപ്പതോളം വ്യക്തികളുടെ പേര് അദ്ദേഹം ലേഖനങ്ങളിൽ അനുസ്മരിക്കുന്നുണ്ട്. അവരിൽ സ്ത്രീകളും പുരുഷന്മാരുമുണ്ട്. ലേഖനങ്ങളിൽ എത്രയെത്ര പേർക്കാണ് വ്യക്തിപരമായി ആശംസകൾ നേരുന്നത്! സഭകളോടും വ്യക്തികളോടുമുള്ള ബന്ധം ക്രിസ്തുവിന്റെ സദ്വാർത്തയുടെ വളർച്ചയ്ക്ക് അദ്ദേഹം പ്രയോജനപ്പെടുത്തി. അങ്ങനെയാണ് ധനപരമായ സഹായങ്ങളും സംഘടിപ്പിച്ചത്.

താനും തന്നോടു ബന്ധപ്പെടുന്നവരും ഹൃദയം തുറന്നു പെരുമാറണം എന്ന നിഷ്കർഷ പൗലോസിനുണ്ടായിരുന്നു (2 കോറി 6,11-13). മറ്റുള്ളവരെ വിശ്വസിക്കാനുള്ള വിശാല മനസ്സുമുണ്ടായിരുന്നു (2 കോറി 7,2-4). ജറുസലേമിലെ ദരിദ്രർക്കുവേണ്ടിയുള്ള ധനശേഖരണം സഭകൾ വിശ്വസിച്ചേല്പിച്ച സഹപ്രവർത്തകരെയും തന്നെയും ആരും കുറ്റപ്പെ

6. Elsa Tamez, "Glatians," *International Bible commentary*, Banglore, 2004, 1734.

ടുത്താതിരിക്കാൻ തക്കവിധം സാമ്പത്തികകാര്യങ്ങൾ കൈകാര്യം ചെയ്യാൻ പൗലോസ് പ്രത്യേകം ശ്രദ്ധിച്ചു. അതിനാവശ്യമായ ക്രമീകരണങ്ങളും ചെയ്തു (2 കോറി 8-10; വിശേഷിച്ച്, 8,7.17-23). തന്റെ ജീവിതം എഫേസോസിലെ നേതാക്കന്മാരുടെ മുമ്പിൽ ഒരു തുറന്ന പുസ്തകമാണെന്ന ധൈര്യം പൗലോസിനുണ്ടായിരുന്നെന്നു ലൂക്കാ വ്യഖ്യാനിക്കുന്നു (അപ്പ 20, 18). സ്വന്തം കാര്യത്തിലും പൊതുവിന്റെ കാര്യത്തിലും സുതാര്യത നിഷ്കർഷിച്ചിരുന്നു പൗലോസ്. കർത്താവിന്റെയും മനുഷ്യരുടെയും മുമ്പാകെ ഉത്തമമായ കണക്കു കൊടുക്കാനുള്ളവരാണ് പ്രേഷിതപ്രവർത്തകർ എന്ന ഉത്തരവാദിത്വബോധം അദ്ദേഹത്തെ ഭരിച്ചിരുന്നു.

## 5.5 ദരിദ്രരെക്കുറിച്ചുള്ള ശ്രദ്ധ

ക്രൈസ്തവ മിഷണറിപ്രവർത്തനത്തിന്റെ അതിപ്രധാനമായൊരു ഘടകമാണ് ദരിദ്രർ. ആദിമ സഭ ദരിദ്രരുടെ കാര്യത്തിൽ അതീവ ശ്രദ്ധാലുവായിരുന്നു. ഈ ശ്രദ്ധ സഭയുടെ സവിശേഷ മുഖമായിരുന്നു. താൻ കടന്നുചെന്ന നഗരങ്ങളിൽപ്പെട്ട സഭകളിലെ ദരിദ്രരെ പൗലോസ് ലേഖനങ്ങളിൽ പരാമർശിക്കുന്നില്ല. ആകെയുള്ളതു മക്കദോനിയായിലെ സഭകൾ ഒരു സമയത്തനുഭവിച്ച കൊടിയ ദാരിദ്ര്യത്തെക്കുറിച്ചുള്ള പരാമർശമാണ് (2 കോറി 8,2-5). പൗലോസ് പരാമർശിക്കാത്തതിനു കാരണം അവിടങ്ങളിലെ ചെറുകിട,മധ്യ,ഉപരി മധ്യ വിഭാഗങ്ങളിൽപ്പെട്ട വ്യവസായികളുടെ പരിഗണനാർഹമായ സാന്നിധ്യമായിരിക്കാം. ഇക്കൂട്ടരായിരുന്നു അവിടത്തെ അനുവചകരിലേറെയും.[7] അവിടങ്ങളിലെ സഭകളിൽ ദാരിദ്യമനുഭവിച്ചവർ ഉണ്ടായിരുന്നെങ്കിൽ ആ പ്രശ്നം അതാതു സഭകളുടെയും മറ്റു സഭകളുടെയും സഹായത്തോടെ സമയാസമയങ്ങളിൽ അത്യുത്സാഹത്തോടെ പരിഹരിച്ചിരുന്നെന്ന് 2 കോറി 8, 2-5ൽ ഉള്ള വിവരം ആസ്പദമാക്കി അനുമാനിക്കാം. ... *ക്ലേശങ്ങളുടെ തീവ്രമായ പരീക്ഷയിൽ അവരുടെ സന്തോഷാധിക്യവും കൊടിയ ദാരിദ്ര്യവും ഉദാരതയുടെ സമ്പത്തായി കവിഞ്ഞൊഴുകി. അവർ തങ്ങളുടെ കഴിവനുസരിച്ചും അതിൽക്കവിഞ്ഞും തുറന്നമനസ്സോടെ ദാനം ചെയ്തെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.* വിജാതീയ ദേശങ്ങളിലെ സഭകൾ ജറുസലേമിലെ സഭയെ സഹായിച്ചതിനെക്കുറിച്ച് പൗലോസിന്റെ ഒരു സാക്ഷ്യം ശ്രദ്ധിക്കാം: *...ജറുസലേമിലെ വിശുദ്ധരിൽ നിർധനരായവർക്ക് കുറെ സംഭാവന കൊടുക്കാൻ മക്കെദോനിയായിലും അക്കായിയായിലും ഉള്ളവർ സന്മനസ്സു പ്രകടിപ്പിച്ചിരിക്കുന്നു. അവർ അതു സന്തോഷത്തോടെയാണ് ചെയ്തിരിക്കുന്നത്* (റോമ 15,26-27).

ദരിദ്രർക്കു സഹായം സംഘടിപ്പിക്കുന്നതിൽ പൗലോസിന്റെ സംരഭകസമീപനം ശ്രദ്ധാർഹമത്രേ. ജറുസലേംസഭയിലെ വിശുദ്ധർക്കു സഹായമെത്തിക്കാൻ പൗലോസ് *തീവ്രമായി ആഗ്രഹിച്ചിരുന്നു* (ഗലാ 2,10). അവിടെ പൗലോസും ബർണബാസും സഭയുടെ നേതൃസ്തംഭങ്ങ

ളായി ഗണിക്കപ്പെട്ടിരുന്ന യാക്കോബും യോഹന്നാനും കേപ്പായും ചേർന്നെടുത്ത തീരുമാനംകൊണ്ടു മാത്രമല്ല പൗലോസ് ജറുസലേമിലെ ദരിദ്രർക്കുവേണ്ടി വിജാതീയ സഭകളിൽനിന്നു സഹായം ശേഖരിച്ചത്. പൗലോസിന്റെ സ്വന്തമായൊരു സമീപനവുമുണ്ട്. ധനശേഖരണത്തിനുവേണ്ടി വിജാതിയ സഭകളോടു 'ഹൃദയത്തിന്റെ ഭാഷയിൽ അഭ്യർഥിച്ചു.' *സഹായത്തിനുവേണ്ടി കല്പിക്കുകയല്ല*, മറ്റുള്ളവരുടെ *ഉത്സാഹത്തോടു തുലനം ചെയ്ത്* ദാതാക്കളാകേണ്ടവരുടെ *സ്നേഹത്തിന്റെ സത്യാവസ്ഥ പരിശോധിക്കുകയാണ്* (2 കോറി 8,8). *തങ്ങളുടെ കഴിവനുസരിച്ചും അതിൽക്കവിഞ്ഞും തുറന്ന മനസ്സോടെ ദാനം ചെയ്യാൻ* പ്രേരിപ്പിച്ചു (2 കോറി 8,3). ക്രൈസ്തവജീവിതത്തിന്റെ മറ്റടിസ്ഥാന മേഖലകളിലെന്നപോലെ *ഈ കാരുണ്യപ്രവർത്തനങ്ങളിലും മികച്ചുനില്ക്കാൻ* വിശ്വാസിസമൂഹത്തെ പ്രേരിപ്പിക്കുകയാണ് (2 കോറി 8,7). ജറുസലേമിലെ സഭകളിലെ ദരിദ്രർക്കുവേണ്ടി ഏറെ അകലങ്ങളിലുള്ള വിജാതീയ സഭകളിൽനിന്ന് ധനശേഖരണം നടത്തി. ധനശേഖരണം പൗലോസ്തന്നെ ജറുസലേമിലെത്തിച്ച് ആ ജോലി പൂർത്തിയാക്കിയാക്കാൻ അവിടേക്കു പോകുന്നു (റോമ 15,28-29).

### 5.5.1 സഹായഹസ്തത്തിന്റെ അടിസ്ഥാനങ്ങൾ

ദരിദ്രർക്കുവേണ്ടിയുള്ള 'കൈനീട്ട'ലിന് ദൈവശാസ്ത്രപരവും (= ക്രിസ്തുശാസ്ത്രപരവും) സഭാശാസ്ത്രപരവും ധർമശാസ്ത്രപരവുമായ അടിസ്ഥാനങ്ങൾ പൗലോസ് കാണുന്നു.

ദൈവശാസ്ത്രപരം: *നമ്മുടെ കർത്താവായ യേശുക്രിസ്തു വിന്റെ കൃപ നിങ്ങൾക്കറിയാമല്ലോ. അവൻ സമ്പന്നനായിരുന്നിട്ടും നിങ്ങളെ പ്രതി ദരിദ്രനായി, തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകാൻ വേണ്ടി ത്തന്നെ* (2 കോറി 8,9). ജറുസലേമിലെ (യഹൂദ)ക്രി സ്ത്യാനികളിലെ ദരിദ്രർക്ക് വിജാതിയദേശങ്ങളിലെ ക്രിസ്ത്യാനികൾ നല്കുന്ന സാമ്പത്തിക സഹായം *ജനതകളുടെ ബലിവസ്തുവും അതിന്റെ കാഴ്ചവയ്പുമാണ്;*[7] അത് *സ്വീകാര്യവും*[8] *പരിശുദ്ധാത്മാവാൽ വിശുദ്ധീകൃതവും*[9] *ആകേണ്ടതിന്* പൗലോസ് *പുരോഹിതനായി* (പുരോഹിതനെപ്പോലെ) *സുവിശേഷശുശ്രൂഷചെയ്തുകൊണ്ട്*[10] *ജനതകൾക്കുവേണ്ടി യേശുക്രിസ്തുവിന്റെ* (ആരാധനാ)*ശുശ്രൂഷകനാകുന്നു*[11] (റോമ 15,16).

സമ്പത്തുള്ളവർ കൊടുക്കണം (2 കോറി 8,1-4). ദരിദ്രർക്കുവേണ്ടി സംഭാവന നല്കുന്നത് *അവർ* (ദാതാക്കൾ) *ആദ്യമേതന്നെ തങ്ങളെത്തന്നെ കർത്താവിനും ദൈവഹിതമനുസരിച്ചു ഞങ്ങൾക്കും* (= പ്രേഷിതപ്രവർത്തനം ചെയ്യുന്നവർക്കും) *സമർപ്പിച്ചതിന്റെ അടയാളമാണ് തിരുവെഴുത്തിലൂടെ ദൈവം അരുൾചെയ്തിട്ടുള്ളതു പൂർത്തിയാകാൻ*

[7]ഗ്രീക്ക്: *prosphora* [8]ഗ്രീക്ക്: *euprosdektos* [9]ഗ്രീക്ക്: *hegiasmenes*
[10]ഗ്രീക്ക്: *hierourgounta* [11]ഗ്രീക്ക്: *leiturgeos*

*സഹകരിക്കുകയുമാണ്* (2 കോറി 8,15;പുറ 16,18). ദൈവത്തിനു നല്കുന്നതാണ്. *താത്പര്യത്തോടെയാണു നല്കുന്നതെങ്കിൽ ഒരുവന്റെ കഴിവില്ലായ്മയനുസരിച്ചല്ല, കഴിവനുസരിച്ചുള്ള ദാനം സ്വീകാര്യമാകും* (1 കോറി 8,12). ദൈവം വിശ്വാസികളെ *എല്ലാ വിധത്തിലും സമ്പന്നരാക്കിയിട്ടുള്ളത്* അവർ *ഉദാരശീലരാകേണ്ടതിനാണ്* - പൗലോസ് സമ്പന്നരെ ഓർമിപ്പിക്കുന്നു (2 കോറി 8,9; പ്രത്യേകിച്ച് വാക്യം 11).

സഭാശാസ്ത്രപരം: ദരിദ്രർക്കുവേണ്ടി സംഭാവന നല്കുന്നത് സഭാപരമായ സംസർഗത്തിന്റെ (കൂട്ടായ്മയുടെയും ഐക്യത്തിന്റെയും) പ്രവർത്തനമാണ്; ദൈവം നല്കിയിട്ടുള്ള സമൃദ്ധിയുടെ പങ്കുവയ്ക്കലാണ്; പരസ്പരം വളർത്തുന്നതിന്റെ പ്രവർത്തനമാണ്; കടമയുമാണ് (2 കോറി 8,14-15); വിശ്വാസികളുടെയിടയിൽ സുന്ദരമായ സമത്വം ഉണ്ടാകാനുള്ള വഴിയാണ്. എന്തെന്നാൽ, അവരുടെ (ജറുസലേമിലെ വിശുദ്ധരുടെ / ദരിദ്രരുടെ) ആത്മീയാനുഗ്രഹങ്ങളിൽ പങ്കുകാരായ വിജാതീയർ ഭൗതിക കാര്യങ്ങളിൽ അവരെ സഹായിക്കാൻ കടപ്പെട്ടവാണ് (റോമ 15,27). ഈ ബോധ്യത്തിന്റെ ഉറപ്പിലാകണം 1 കോറി 5,9-11 സൂചിപ്പിക്കുന്ന കത്തിനോടൊപ്പം ധനശേഖരണം ഓർമിപ്പിച്ചുകൊണ്ടുള്ള കത്തുകൾ ഫിലിപ്പി, തെസലോനിക്ക, ഗലാത്തിയ എന്നിവിടങ്ങളിലെ സഭകൾക്കും കത്തയച്ചിരിക്കാനുള്ള സാധ്യത 1കോറി 16,1ൽ കാണാനിടയാകുന്നത്.[12]

ദൈവത്തിന്റെ പദ്ധതിയുടെ നിറവേറലാണ്: *അവരുടെ* (ജറുസലേമിലെ വിശുദ്ധരുടെ / ദരിദ്രരുടെ) *സമൃദ്ധി നിങ്ങളുടെ കുറവിനും നിങ്ങ ളുടെ ഇപ്പോഴത്തെ സമൃദ്ധി അവരുടെ കുറവിനും ഉതകണം. അപ്ര കാരം സമത്വമുണ്ടാകട്ടെ. എഴുതപ്പെട്ടിരിക്കുന്നപോലെ, അധികം സമ്പാദിച്ചവന് ഒന്നും മിച്ചമുണ്ടായിരുന്നില്ല; അല്പം സമ്പാദിച്ച വന് കുറവുമുണ്ടായിരുന്നില്ല* (2 കോറി 8,14-15; പുറ 16,18). വിജാ തിയ പ്രദേശങ്ങളിലെ സഭകൾ ജറുസലേമിലെ യഹൂദക്രിസ്ത്യാനികളിൽപ്പെട്ട ദരിദ്രരെ സാമ്പത്തികമായി സഹായിക്കുന്നത് രണ്ടു സഭകളും തമ്മിലുള്ള ഐക്യത്തിന്റെ ആവിഷ്കാരവും പോഷണവുമാണെന്നു പൗലോസ് സൂചിപ്പിക്കുന്നുണ്ടല്ലോ (2 കോറി 8, 14-15). ജറുസലേമിൽ ഫെലിക്സിന്റെ മുമ്പിലെ വിസ്താരത്തിൽ പൗലോസിന്റെ വാക്കുകളായി ലൂക്കാ ഇങ്ങനെയും എഴുതിയിട്ടു ണ്ടല്ലോ: *ഏറെ വർഷങ്ങൾക്കുശേഷം ഞാൻ വന്നത് എന്റെ ജന തയ്ക്ക് ദാനധർമങ്ങൾ എത്തിക്കാനും ബലിവസ്തുക്കൾ സമർപ്പി ക്കാനുമാണ്* (അപ്പ 24,17). സഹായത്തിന്റെ ധാർമിക മാനം: സഭകളിലെ ദരിദ്രരെ ഓർത്ത് ഇതര സഭകളിലെ സഹോദരർ സാമ്പത്തിക സഹായം ചെയ്യുന്നത് *കാരുണ്യ*

[12]C.H.Hurd, “Letters in the New Testament,” *The International Bible Commentary* (*IBC*) Banglore, 2004, 1622.

*പ്രവർത്തനമെന്നും* *സ്നേഹത്തിന്റെ സത്യാവസ്ഥയെ*ന്നും (2 കോറി 8,7–8.19) *സന്മനസ്സിന്റെയും സന്തോഷത്തിന്റെയും പ്രകകടന*മെന്നും (റോമ 15,26–27) പൗലോസ് വിലമതിക്കുന്നു. ദരിദ്രർക്കുവേണ്ടിയുള്ള ധനശേഖരണത്തിൽ ആരുടെയും കഴിവില്ലായ്മ കണക്കാക്കേണ്ടതില്ല (2 കോറി 8,12). കൊടുക്കുന്നവരെ കഷ്ടപ്പെടുത്താനും സ്വീകരിക്കുന്ന വരെ കഷ്ടപ്പെടുത്താതിരിക്കാനുമുള്ള പ്രവൃത്തിയുമല്ല (2 കോറി 8,13). ദരിദ്രരെ സഹായിക്കുന്നതിൽ ഉള്ളവരും ഇല്ലാത്തവരും അവരവരുടെ കഴിവനുസരിച്ചു കഷ്ടപ്പെടണം. രണ്ടു കൂട്ടരും ആത്മീയ സമ്പത്തും ഭൗതിക സമ്പത്തും ഉള്ളതനുസരിച്ചു പരസ്പരം പങ്കിട്ടു *മാന്യമായ സമത്വത്തിലേക്കു വളരണം* (2 കോറി 8,13).

*നന്മ ചെയ്യുന്നതിൽ മടുപ്പു തോന്നാതിരിക്കട്ടേ. കാരണം, തളരാതിരുന്നാൽ നമുക്ക് യഥാകാലം വിളവെടുക്കാം. ആകയാൽ. നമുക്ക് അവസരം ലഭിച്ചിരിക്കുന്നതുകൊണ്ട് സകല മനുഷ്യർക്കും, പ്രത്യേകിച്ച്, വിശ്വാസത്താൽ ഒരേ കുടുംബത്തിൽ അംഗങ്ങളായവർക്ക്, നന്മ ചെയ്യാം* (ഗലാ 6,9–10). വിശ്വാസ, ആത്മീയ വളർച്ച പ്രാപിച്ചിട്ടില്ലാത്തവർ വളർച്ച പ്രാപിച്ചവരിലെ ദരിദ്രർക്കു സാമ്പത്തികമോ സമാനമോ ആയ സഹായം ചെയ്യുകയെന്നത് *നന്മ ചെയ്യലാണ്*. 'നന്മ' ദൈവികതയാണല്ലോ. സഹായം ചെയ്യൽ ദൈവിക പ്രവൃത്തിയത്രേ.

ഈ *നന്മ ചെയ്യൽ* വിതയ്ക്കലാണ് - *തളരാതിരുന്നാൽ നമുക്ക് യഥാകാലം വിളവെടുക്കാ*മെന്ന് പ്രത്യാശയുടെ ഉറപ്പുള്ളത്. ഈ *നന്മ ചെയ്യൽ* ഇരുകൂട്ടർക്കും, വിശേഷിച്ച്, സഹായം നല്കുന്നവർക്ക്, സമ്പന്നത നേടാനുള്ള അവസരമാണ്. അവസരം നന്നായി പ്രയോജനപ്പെടുത്തുകയാണ് ബുദ്ധിപൂർവമായിരിക്കുന്നത്.

രണ്ടു പശ്ചാത്തലത്തിലുള്ളവരെങ്കിലും വിശ്വാസത്താൽ ഒരേ കുടുംബത്തിലെ അംഗങ്ങളായവർ തമ്മിൽ ചെയ്യുന്ന സഹായം സഹോദരങ്ങൾ തമ്മിലുള്ള നന്മ ചെയ്യലത്രേ - സാഹോദര്യത്തിന്റെ ഇരുവശത്തേക്കുമുള്ള കൈനീട്ടലും.

ഈ *നന്മ ചെയ്യൽ* വിശ്വാസക്കുടുംബത്തിലെ അംഗങ്ങൾക്കു മാത്രമെന്നു ചുരുക്കരുതെന്നും പൗലോസ് പ്രബോധിപ്പിക്കുന്നു. *സകല മനുഷ്യർക്കും, പ്രത്യേകിച്ച്, വിശ്വാസത്താൽ ഒരേ കുടുംബത്തിൽ അംഗങ്ങളായവർക്ക്, നന്മ ചെയ്യാം* എന്നാണ് ശ്ലീഹാ ഉപദേശിക്കുന്നത്. സഹായത്തിന്റെ സാർവത്രിക മാനം വിസ്മരിച്ചുകൊണ്ടല്ല, അതും സ്മരണയ്ക്കു നിലിർത്തിക്കൊണ്ടുതന്നാണ് വിശ്വാസത്താൽ ഒരേ കുടുംബത്തിലെ ദരിദ്രരായ അംഗങ്ങളെ പ്രത്യേക പരിഗണയ്ക്കു പാത്രമാക്കുക.

പൗലോസിന്റെ ശ്രദ്ധയും സാക്ഷ്യവും: അറിവിലും വിശ്വാസത്തിലും ബലഹീനരായവർക്ക് പ്രയാസമൊന്നും ഉണ്ടാകാത്തവിധം പെരുമാറാനും പൗലോസ് ശ്രദ്ധിച്ചിരുന്നു (1കോറി 10,23–33). *ഏതു സാഹചര്യ*

*ത്തിലും സംതൃപ്തനായിരിക്കാൻ ഞാൻ പഠിച്ചിട്ടുണ്ട്. എളിയ നിലയിലും സമൃദ്ധിയിലും ആയിരിക്കാൻ എനിക്കറിയാം. ഏതു സാഹചര്യത്തിൽ കഴിയാനും ഞാൻ പരിശീലനം നേടിയിട്ടുണ്ട് - സുഭിക്ഷത്തിലും ദുർഭിക്ഷത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും. എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം എനിക്കു കഴിയും* (ഫിലി 4,11-13).

## 5.6 പൗലോസിന്റെ പ്രേഷിതാദ്ധ്യാത്മീയത[13]

അത്ഭുതപ്പെടുന്നത്ര തീക്ഷ്ണതയോടെ പ്രേഷിതപ്രവർത്തനം നടത്താൻ പൗലോസിനു പ്രേരകമായത് അദ്ദേഹത്തിന്റെ ആത്മീയാനുഭവമാണ്. സുവിശേഷപ്രവർത്തനം പൗലോസിനു ആത്മീയാഭ്യാസമായിരുന്നു എന്നു പറയാം. അദ്ദേഹത്തിന്റെ പ്രേഷിതാദ്ധ്യാത്മീയതയുടെ രണ്ടു മാനങ്ങൾ ലെഗ്രാങ് നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. സകലർക്കും വേണ്ടിയുള്ള ക്രിസ്തുവിന്റെ സ്നേഹവും ബലഹീനതയിൽ ശക്തിയും.

ക്രിസ്തുവിന്റെ സ്നേഹത്തിന്റെ കവിഞ്ഞൊഴുക്ക്: ദമാസ്കസനുഭവം മുതൽ പൗലോസിന്റെ മുഖത്തു കർത്താവിന്റെ മഹത്ത്വം പ്രതിഫലിക്കുകയാണ്; പൗലോസ്, യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരെല്ലാം, മഹത്ത്വത്തിൽനിന്നു മഹത്വത്തിലേക്കു രൂപാന്തരപ്പെട്ടുകൊണ്ടിരിക്കയാണ്. ഈ രൂപാന്തരീകരണപ്രക്രിയ ആത്മാവിന്റെ ദാനമാണ് (2 കോറി 3,18); ആദിയിൽ പ്രകാശം സൃഷ്ടിച്ചതിനു സമാനമായ സൃഷ്ടികർമ്മമാണ് (2 കോറി 4,5-6). താൻ ഗ്രഹിച്ച കർത്താവിന്റെ മഹത്ത്വത്തിന്റെ ഉജ്ജ്വലപ്രകാശം സകല മനുഷ്യരുടെയും മുഖത്തു പ്രകാശിപ്പിക്കാനുള്ള ശ്രമമാണ് പൗലോസിന്റെ സുവിശേഷപ്രവർത്തനം.

പൗലോസ് എഴുതുന്നു: *ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ ഉത്തേജിപ്പിക്കുന്നു* (2 കോറി 5,14). അദ്ദേഹം ഉദ്ദേശിക്കുന്നത് *എല്ലാവർക്കും വേണ്ടി മരിച്ച* (മരിക്കയും ഉയിർക്കയും ചെയ്ത) ക്രിസ്തുവിന്റെ സ്നേഹമാണ് (2 കോറി 5,14-16). ക്രൂശിതനായ ക്രിസ്തുവിനെ അറിയുന്നതിന്റെ (1 കോറി 2,2) ഒരു മാനമാണ് എല്ലാവരോടുമുള്ള സ്നേഹംകൊണ്ടാണ് ക്രിസ്തു മരിച്ചത് എന്ന ബോധ്യം. അതു പൗലോസിനും സഹപ്രവർത്തകർക്കും ഉണ്ട് (2 കോറി 5,14). ഈ ദൈവികസ്നേഹം ക്രിസ്തുവിന്റെ മരണോത്ഥാനങ്ങളിൽ വെളിപ്പെടുകയും പകരുകയും ചെയ്തിരിക്കുന്നു. *നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു* (റോമ 5,5). ക്രിസ്തുവിന്റെ മരണോത്ഥാനങ്ങളിൽ വെളിപ്പെടുകയും പകരുകയും ചെയ്ത സർവാശ്ലേഷിയായ ക്രിസ്തുവിന്റെ(ദൈവിക)സ്നേഹം പരിശുദ്ധാത്മാവ് പൗലോസിന്റെയുൾപ്പെടെ വിശ്വാസികളുടെ ഹൃദയങ്ങളിൽ ചൊരിഞ്ഞിട്ടുള്ളതനുഭവിച്ചപ്പോൾ ആ സ്നേഹം ആരെയെല്ലാം

[13]Legrand, "A Portrait of St. Paul," 180 -181

ലക്ഷ്യമാക്കിയാണോ വെളിപ്പെടുകയും ചൊരിയുകയും ചെയ്തിട്ടുള്ളത് അവർക്കെല്ലാം അതെത്തിക്കാൻ പൗലോസ് പ്രസവവേദനയനുഭവിക്കുന്നു. പൗലോസിന്റെ പ്രേഷിതപ്രവർത്തനം ക്രിസ്ത്വാത്മകവും ആത്മീയവും (പരിശുദ്ധാത്മാവിനോടു ബന്ധപ്പെട്ടതും) ആണ്.

ബലഹീനതയിൽ ശക്തി: പ്രേഷിതപ്രവർത്തനത്തിനു പൗലോസിനെ പ്രേരിപ്പിച്ച ഒരു സംഗതി സുവിശേഷശക്തിയാണെന്ന് നാംഃ മുകളിൽ അനുസ്മരിച്ചു. അതുപോലെ പ്രധാനമാണ് പൗലോസിന്റെ ബലഹീനത പ്രേഷിതപ്രവർത്തനം വിജയിപ്പിച്ച ശക്തിയായി എന്ന യാഥാർഥ്യം. ഇക്കാര്യത്തിൽ അദ്ദേഹം ക്രൂശിതനായ, ബലഹീനനാക്കപ്പെട്ട, ക്രിസ്തുവിനോടു താദാത്മ്യപ്പെടുകയായിരുന്നു. ക്രിസ്തു ബലഹീനനാക്കപ്പെട്ടപ്പോഴാണല്ലോ ക്രൂശിതനും (2 കോറി 13,4) ശക്തനുമായത്: *ബലഹീനതയിൽ വിതയ്ക്കപ്പെട്ടു; ശക്തിയിൽ ഉയിർപ്പിക്കപ്പെട്ടു.* (1 കോറി 15,43); *ദൈവത്തിന്റെ ശക്തിയാൽ ജീവിക്കുന്നു* (2 കോറി 13,4). സുവിശേഷപ്രവർത്തനത്തിനിടയിൽ *ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ട* (ഗലാ 2,20), *ബലഹീനനാക്കപ്പെട്ട* (2 കോറി 13,4) എത്രയോ അനുഭവങ്ങളുണ്ടായി പൗലോസിന്! ശാരീരികവും (ഉദാ: 2 കോറി 11,23-27) മാനസികവുമായ (2 കോറി 11,28-29) ക്ലേശങ്ങൾ, ഗലാത്തിയായിലെയും കോറിന്തോസിലെയും സഭകളിലെ പ്രശ്നങ്ങൾ, *ഇവയ്ക്കെല്ലാം പുറമേ സകല സഭകളെയുംകുറിച്ച് അനുദിനമുള്ള ഉത്കണ്ഠ* (2 കോറി 11,8) എന്നിങ്ങനെ വിവിധ തരങ്ങൾ. എല്ലാം പൗലോസിനെ ബലഹീനനാക്കി (2 കോറി 11,23-24). പക്ഷേ പരീക്ഷണങ്ങളെല്ലാം കുരിശിന്റെയും ഉത്ഥാനത്തിന്റെയും ശക്തിയോടുള്ള താദാത്മ്യപ്പെടലാക്കി പൗലോസ് (ഫിലി 3,10-11). ബലഹീനനാക്കപ്പെടലുകളെല്ലാം പൗലോസിനു ദൈവത്തിന്റെയും ഉത്ഥിതനായ ക്രിസ്തുവിന്റെയും ശക്തിയിൽ ആശ്രയിക്കാനും അങ്ങനെ കൂടുതൽ ആത്മവിശ്വാസമുള്ളവനായിത്തീരാനും ഉപകരിച്ചു:

> ... അവിടുന്ന് എന്നോട് അരുൾച്ചെയ്തു: നിനക്ക് എന്റെ കൃപ മതി; എന്തെന്നാൽ ബലഹീനതയിലാണ് എന്റെ ശക്തി പൂർണമായി പ്രകടമാകുന്നത്. ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിനു ഞാൻ പൂർവാധികം സന്തോഷത്തോടെ എന്റെ ബലഹീനതയെക്കുറിച്ചു പ്രശംസിക്കും. അതുകൊണ്ട്, ബലഹീനതകളിലും ആക്ഷേപങ്ങളിലും ഞെരുക്കങ്ങളിലും പീഡനങ്ങളിലും അത്യാഹിതങ്ങളുലും ഞാൻ ക്രിസ്തുവിനെപ്രതി സന്തുഷ്ടനാണ്. ... എന്തെന്നാൽ, ബലഹീനനായിരിക്കുമ്പോഴാണ് ഞാൻ ശക്തനായിരിക്കുന്നത് (2 കോറി 12,9-10).

## 5.7 പൗലോസിന്റെ പ്രേഷിതപ്രവർത്തനവും വിശ്വാസപ്രബോധന പരിശീലനങ്ങളും

പൗലോസിന്റെ പ്രേഷിതപ്രവർത്തനത്തെക്കുറിച്ചുള്ള പരിചിന്തനത്തിൽ സുവിശേഷപ്രവർത്തകരെല്ലാം സവിശേഷം ശ്രദ്ധിക്കേണ്ട ഒരു മാനമാണിത്. അതിന്റെ അടിസ്ഥാനപരമായ മൂന്നു സംഗതികൾ ലെഗ്രാങ് പൗലോസിന്റെ ലേഖനങ്ങളിൽ ലഭ്യമായ സൂചനകൾ ആസ്പദമാക്കി വളരെ സംക്ഷിപ്തമായി നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുന്നു. (ഒന്ന്) പൗലോസ് സജീവനായ സത്യദൈവത്തെ പ്രഘോഷിച്ചു. (രണ്ട്) ക്രൂശിതനായ ക്രിസ്തുവിനെ പ്രഘോഷിച്ചു. (മൂന്ന്) ക്രിസ്തീയജീവിതമാർഗം(രീതി) കാട്ടിക്കൊടത്തു.

### 7.1 സജീവനായ ദൈവം

പൗലോസിനു ദൈവം സജീവനാണ്, സത്യദൈവമാണ്. പൈതൃകമായ തിരുഗ്രന്ഥം പരിചയപ്പെടുത്തുന്ന സജീവനായ സത്യദൈവത്തിൽ വിശ്വസിച്ചുവന്നവനാണ് പൗലോസ്. ജീവനില്ലാത്തവയും സത്യദൈവമല്ലാത്തവയുമായ ദൈവങ്ങളെ ആരാധിക്കുന്നതിന്റെ അപരാധവും പൗലോസിനു തന്റെ പിതൃസമൂഹത്തിന്റെ ചരിത്രത്തിൽനിന്നറിയാം. സഭ സജീവനായ സത്യദൈവത്തെ പ്രഘോഷിച്ചു. അത് പൗലോസ് ഏറ്റുപാടി. യേശുക്രിസ്തു മരിച്ചവരിൽനിന്നുയിർത്ത് ജീവിക്കുന്നു (റോമ 14,9). തന്റെ പുത്രനായ അവനെ ഉയിർപ്പിച്ച പിതാവ് (ഗലാ 1,1;1 തെസ 1,9) ജീവിക്കുന്ന ദൈവമാണ് (2 കോറി 3,8;6,16).

പൗലോസ് തെസലോനിക്കരെയും ഓർപ്പിക്കുന്നുണ്ട് – എന്തിനാണ് അവർ വിഗ്രഹങ്ങളിൽനിന്ന് പിന്തിരിഞ്ഞതെന്ന്: *ജീവിക്കുന്ന സത്യദൈവത്തെ സേവിക്കുന്നതിന്, അവിടന്നു മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവനും വരാനിരിക്കുന്ന ക്രോധത്തിൽനിന്നു നമ്മെ മോചിപ്പിക്കുന്നവനുമായ യേശുവെന്ന അവിടത്തെ പുത്രനെ സ്വർഗത്തിൽനിന്നു പ്രതീക്ഷിക്കുന്നതുകൊണ്ട്* (1 തെസ 1,9–10). തുടർച്ചയാകാവുന്ന ഓർമപ്പെടത്തൽ കോറിന്തോസുകാർക്കും റോമാക്കാർക്കും നല്കുന്നു: *വാസ്തവത്തിൽ ലോകത്തിൽ വിഗ്രഹമെന്നൊന്നുമില്ല* (1 കോറി 8,4); *നിങ്ങൾ വിജാതീയരായിരുന്നപ്പോൾ മൂകവിഗ്രഹങ്ങളുടെയടുത്തേക്ക്, പ്രതിരോധിക്കാനാവാത്തവിധം, നയിക്കപ്പെട്ടിരുന്നുവല്ലോ* (1 കോറി 12,2). ഏറെ ത്താമസിയാതെ റോമാക്കാർക്കും എഴുതി: *അനശ്വരനായ ദൈവത്തിന്റെ മഹത്ത്വംനശ്വരനായ മനുഷ്യന്റെയോ പക്ഷികളുടെയോ നാല്ക്കാലികളുടെയോ ഇഴജന്തുക്കളുടെയോ രൂപസാദൃശ്യമുള്ള വിഗ്രഹങ്ങൾക്കു കൈമാറി . അതുകൊണ്ട്, ദൈവം അവരെ തങ്ങളുട ഹൃദയത്തിന്റെ ആസക്തികളോടടെ അവരുടെ ശരീരങ്ങൾ പരസ്പരം അപമാനിക്കുന്നതിന്, അശുദ്ധിക്കു വിട്ടുകൊടുത്തു* (റോമ 1,23–24). ജഡത്തിന്റെ വികൃതവ്തകരണവും സൃഷ്ടവസ്തുക്കളോടുള്ള അടിമത്തവുമാണ് വിഗ്ര

ഹങ്ങൾ;. അവ ഭോഗാസക്തിയിലേക്കും അധമജീവിതത്തിലേക്കും നയിക്കുന്നു  മരണസംസ്കാരം ഏതു രൂപത്തിലുള്ളതായാലും ജീവിക്കുന്ന ദൈവത്തിനെതിരാണ്. അസത്യത്തോടുള്ള അടിമത്തം സത്യദൈവത്തിനെതിരാണ്.

വിഗ്രഹാരാധനയെ ഊട്ടിവളർത്തിപ്പോന്ന ഗ്രേക്കോ-റോമൻ മതത്തിനും സംസ്കാരത്തിനും എതിരേ കർശന നിലപാടെടുത്ത പൗലോസ് (റോമ 1) അയഹൂദരുടെ മതാത്മകഭാവത്തെ അംഗീകരിച്ചിരുന്നുവെന്ന് ലൂക്കാ വ്യാഖ്യാനിക്കുന്നത് നമ്മുടെ ശ്രദ്ധയർഹിക്കുന്നു. ലൂക്കായുടെ വിവരണത്തിൽ ആഥൻസിലെ അരെയോപാഗസിന്റെ മദ്ധ്യത്തിൽ നിന്നുകൊണ്ട് ആഥൻസുകാരെ പൗലോസ് അഭിസംബോധന ചെയ്തു: .. *ആഥൻസുകാരേ, എല്ലാവിധത്തിലും മതനിഷ്ഠയുള്ളവരാണ് നിങ്ങളെന്നു ഞാൻ കാണുന്നു. ... നിങ്ങൾ ആരാധിക്കുന്ന അജ്ഞാതനെ* (അജ്ഞാതദൈവത്തെ) ... *ഞാൻ പ്രസംഗിക്കുന്നു ... സകല ജനതകളും ... അന്വേഷിക്കാനും കണ്ടെത്താനും ... നിങ്ങളുടെതന്നെ ചില കവികൾ പറഞ്ഞിട്ടുള്ളപോലെ* ...(അപ്പ 17, 22-32). ലൂക്കാ പൗലോസിന്റേതായി അവതരിപ്പിക്കുന്ന ഈ വാക്കുകൾ ആദിമസഭയുടെ പ്രേഷിതമനോഭാവം പ്രതിഫലിപ്പിക്കുന്നു. അതു പൗലോസും പിന്തുടർന്നു. ഇതരമതസ്ഥരുടെ മതാത്മകഭാവം അംഗീകരിച്ചുകൊണ്ട് ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന സജീവനായ സത്യദൈവത്തെ പ്രസംഗിക്കുക. സംവാദാത്മകമായ സമീപനം സ്വീകരിക്കുക.

(രണ്ട്) ക്രൂശിതനായ ക്രിസ്തുവിനെ പ്രസംഗിച്ചു: ക്രിസ്തീയ സഭ ക്രൂശിതനും ഉത്ഥിതനുമായ മിശിഹായെ പ്രസംഗിച്ചുകൊണ്ടിരിക്കയായിരുന്നു. പക്ഷേ മിശിഹായെക്കുറിച്ചുള്ള പൗലോസിന്റെ പ്രതീക്ഷകൾ യേശുവിനെ മിശിഹായായി അംഗീകരിക്കാൻ അദ്ദേഹത്തെ അനുവദിച്ചില്ല. എന്നാൽ, ദമാസ്കസ്വെളിപാടിന്റെ ഒളിമിന്നലിൽ (ഗലാ 1,16) പൗലോസിന്റെ മിശിഹാപ്രതീക്ഷകൾ കടപുഴകി. ക്രിസ്തുവിന്റെ മുഖത്തു ദൈവത്തിന്റെ മഹത്ത്വം (2 കോറി 4,4) തിരിച്ചറിയേണ്ടിവന്നു പൗലോസിന്. ദൈവമഹത്വത്തിന്റെ പ്രകാശനത്തിന്റെ നട്ടുച്ച "യഹൂദർക്കിടർച്ചയും ഗ്രീക്കുകാർക്കു ഭോഷത്തവുമായ" (1 കോറി 1,23) ഗോല്ഗോത്തായിലെ പീഡിതനും ക്രൂശിതനുമായ നികൃഷ്ടന്റെ മുഖത്തുണ്ട്. ക്രൂശിതരൂപം ഭക്ത്യാദരവുകളോടെ മുത്തിയാൽ പോരാ, ക്രൂശിതന്റെ മൂല്യങ്ങൾ സ്വായത്തമാക്കി ക്രൂശിതനെ പ്രസംഗിക്കണം.

(മൂന്ന്) ക്രിസ്തീയ ജീവിതമാർഗം കാട്ടിക്കൊടുത്തു: പൗലോസിന്റെ അനുവാചകരായ സഭകളുടെയും അവയുടെ അംഗങ്ങളുടെയും അനുദിനജീവതത്തിൽ പ്രായോഗികമായി പല പ്രശ്നങ്ങൾ നേരിടേണ്ടിവന്നു. അവയ്ക്കു പരിഹാരം നിർദ്ദേശിക്കുന്ന കൈപ്പുസ്തകം പൗലോസിന്റെ പക്കൽ ഇല്ലായിരുന്നു. അദ്ദേഹം പ്രശ്നങ്ങളെ കുരിശിന്റെ വെളിച്ചത്തിലും ഉയിർപ്പിന്റെ ശക്തിയിലും ക്രിസ്തുവിലുള്ള സ്വാത

ന്ത്ര്യത്തിന്റെ സംരക്ഷണയിലും അഭിമുഖീകരിച്ചു. സഭകൾ അഭിമുഖീകരിച്ച പ്രശ്നങ്ങൾക്ക് അദ്ദേഹം ചൂണ്ടിക്കാട്ടിയ പരിഹാരങ്ങളുടെ ചില മാതൃകകൾ ഇങ്ങനെയാണ്: അശുദ്ധിക്കും സഭയിലെ ഭിന്നിപ്പുകൾക്കും പരിഹാരമായി ജ്ഞാനസ്നാനത്തിന്റെയും (റോമ 6,3-10) പാനപാത്രത്തിന്റെ ആശീർവാദത്തിന്റെയും അപ്പംമുറിക്കലിന്റെയും (1 കോറി 10,16-22;11,17-34) ക്രിസ്തുബന്ധിയായ അർത്ഥതലങ്ങൾ അനുസ്മരിപ്പിക്കുന്നു. സഭാംഗങ്ങൾക്കു ലഭിച്ച വരദാനങ്ങളുടെ പേരിൽ സഭയിൽ ഭിന്നതയുളവായപ്പോൾ പൗലോസ് പരിഹാരം നിർദ്ദേശിച്ചതിങ്ങനെ: "ദാനങ്ങളിൽ വൈവിധ്യമുണ്ടെങ്കിലും ആത്മാവ് ഒന്നുതന്നെ; ശുശ്രൂഷകളിൽ വൈവിധ്യമുണ്ടെങ്കിലും കർത്താവ് ഒന്നുതന്നെ. ... എന്നാൽ സ്നേഹമാണ് സർവോത്കൃഷ്ടം. ..." (1 കോറി 12,1-14,39). മാത്സര്യത്തിലും വ്യർത്ഥാഭിമാനത്തിലുംനിന്നു മോചിതരാകാൻ യേശുവിന്റെ സ്വയംശൂന്യമാക്കൽ (ഫിലി 2,1-11). സഭാസമൂഹത്തിൽ അപ്പോസ്തലന്മാരുടെയോ സഭാസ്ഥാപകരുടെയും സുവിശേഷപ്രഘോഷകരുടെയുംമറ്റും പേരിലുള്ള അനൈക്യത്തിനു പരിഹാരം പകരുന്ന 1 കോറി 1-3, വിശ്വാസപ്രബോധനങ്ങളെപ്രതിയുള്ള ഭിന്നതകൾക്കു പരിഹാരം പറഞ്ഞുകൊടുക്കുന്ന ഗലാത്തിയാലേഖനം, ലൈംഗികധാർമികത പഠിപ്പിക്കുന്ന 1 കോറി 7 എന്നിവയും നല്ല ഉദാഹരണങ്ങളത്രേ. സാമൂഹ്യാവസ്ഥയുടെയോ ലിംഗഭേദത്തിന്റെയോ പേരിൽ ക്രിസ്ത്യാനികളിലെ വേർതിരിവുകൾക്കു പരിഹാരം "എല്ലാവരും ക്രിസ്തുവിൽ ഒന്നാകുന്നു" എന്ന യാഥാർഥ്യം (ഗലാ 3,28).

6

# പൗലോസ് രചയിതാവ്

## 6.1 പൗലോസ് പ്രഥമ ക്രൈസ്തവ രചയിതാവ്

ലോകത്തിന് ഇതുവരെ ലഭ്യമായിട്ടുള്ളതനുസരിച്ച് ആദ്യത്തെ ക്രിസ്തീയ ലേഖനരചയിതാവാണ് പൗലോസ്. ഈ വസ്തുത നാം അറിയുന്നത് പുതിയ നിയമത്തിലുള്ള അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ നിന്നാണ്. പുതിയ നിയമത്തിൽ പൗലോസിന്റെ പേരിൽ പതിമൂന്നു ലേഖനങ്ങളുണ്ടെന്നും അവയെ 'പൗലോസിന്റെ ലേഖനങ്ങൾ,' 'പൗലോസിന്റെ പേരിലുള്ള ലേഖനങ്ങൾ,' 'ഇടയലേഖനങ്ങൾ' എന്നിങ്ങനെ മൂന്നു തരങ്ങളായി ആധുനിക ബൈബിൾനിരൂപകർ തിരിക്കാറുണ്ട്. അവയാണ് പൗലോസിനോടു ബന്ധപ്പെട്ട എല്ലാ കാര്യങ്ങളുടെയും ഏറ്റവും വിശ്വസ്തവും ആധികാരികവുമായ രേഖ. ആദ്യവിഭാഗത്തിലെ ലേഖനങ്ങളുടെ ആദ്യവാഖ്യാനങ്ങളിലോ എന്നോ പ്രതികരണങ്ങളിലോ പെട്ടവയെന്ന മൂല്യം മറ്റു വിഭാഗങ്ങളിലേതിനുണ്ടല്ലോ.

പൗലോസ് *രചയിതാവാണ്* എന്നു പറയുമ്പോൾ അദ്ദേഹംതന്നെ ലേഖനങ്ങളെല്ലാം സ്വന്തം കൈപ്പടയിൽ എഴുതി എന്നില്ല. പുതിയനിയമകാലത്ത് രചയിതാവ് വാക്യങ്ങൾ സഹായികളായ എഴുത്തുകാർക്കു പറഞ്ഞുകൊടുത്തെഴുതിക്കുക സാധാരണയായിരുന്നു. പൗലോസും ആ രീതി സ്വീകരിച്ചെന്നു റോമ 16,23;ഗലാ 6,11;1 കോറി 16,21ഫിലെ 19; [2 തെസ 3,17] എന്നീ പാഠഭാഗങ്ങൾ സൂചിപ്പിക്കുന്നു.[1] ലേഖനങ്ങളിലെ സംസാരഭാഷയും (റോമ 16,22) ഒരു സൂചനയായെടുക്കാം. അക്കാലത്ത് ഒരു വശം ഒരുവിധം മിനുസപ്പെടുത്തിയ പപ്പീറസ്ഷീറ്റുകളും തുകൽഷീറ്റുകളും എഴുത്തിനുപയോഗിച്ചിരുന്നു. വില കുറഞ്ഞ പപ്പീറസ്ഷീറ്റുകളാകാം പൗലോസ് ഉപയോഗിച്ചിരുന്നത്.[2] പേന ഞാങ്ങണത്തണ്ടുകൊണ്ടുണ്ടാക്കിയതായിരുന്നു. സാധാരണ മഷി ചിമ്നിയുടെ ഉൾവശത്തു

[1] ചിലപ്പോൾ രചയിതാവ് പ്രധാന ആശയങ്ങൾ പറഞ്ഞുകൊടുത്തിട്ട് അല്ലെങ്കിൽ കത്തിന്റെ രൂപരേഖ നല്കിയിട്ട് കത്തു പൂർണമാക്കാൻ സെക്രട്ടറിമാർക്കു സ്വാതന്ത്ര്യം കൊടുത്തിരുന്നു. പിന്നീട് രചയിതാവ് വേണ്ട തിരുത്തലുകൾ ചെയ്ത് അയക്കുന്നു. ഇങ്ങനെയുള്ളവയാണ് തീമോത്തേയോസിനും തീത്തോസിനുമുള്ള ലേഖനങ്ങൾ എന്നഭിപ്രായപ്പെടുന്നവരുണ്ട്, പുന്നക്കോട്ടിൽ, "സെന്റ് പോൾ: ഒരാമുഖപഠനം," 12–13. ചിലപ്പോൾ കത്തു പൂർണമായും എഴുതാൻ സെക്രട്ടറിമാരെ ഏല്പിച്ചിരുന്നു,Jerome Murphy-O'Connor, *Paul the Letter Writer*, Collegeville, 1995, 6-16.

[2] ഏറ്റവും നല്ല പപ്പീറസ്ഷീറ്റ് 24.7 സെന്റീമീറ്റർ വീതിയുള്ളതും വില കുറഞ്ഞത് 17 സെന്റീമീറ്റർ വീതിയുള്ളതുമായിരുന്നു. പൗലോസിന്റെ ലേഖനങ്ങളുടെ ഏറ്റവും പുരാത./

നിന്നു ശേഖരിച്ച കരിയും, വെള്ളവും പശയും ചേർത്തുണ്ടാക്കിയതായിരുന്നു. ആദ്യക്ഷരങ്ങളും തലക്കെട്ടുകളും അലങ്കരിക്കാൻ ചുവന്ന മഷി ഉപയോഗിച്ചിരുന്നു. എഴുത്തു വളരെ ശ്രമകരമായിരുന്നു.[3] 1 തെസ ലോനിക്കർ, ഗലാത്തിയർ, 1 & 2 കോറിന്തോസ്, ഫിലിപ്പിയർ, ഫിലെമോൻ [2 തെസലോനിക്കർ, കൊളോസോസുകാർ] എന്നീ ലേഖനങ്ങളുടെ ആമുഖത്തിൽ രചയിതാവായ പൗലോസ് തന്റെ പേരിനൊപ്പം മറ്റു പേരുകളും ചേർത്തിട്ടുണ്ട്. അവരെ സഹകർത്താക്കളായി പൗലോസ് കരുതുന്നു. കത്തുകളുടെ സ്വീകർത്താക്കളും അങ്ങനെ സ്വീകരിച്ചു.

## 6.2 രചനാകാലവും സ്ഥലങ്ങളും

പൗലോസിന്റെ ലേഖനങ്ങളും അപ്പോസ്തലപ്രവർത്തനങ്ങളും നല്കുന്ന സൂചനകളും മറ്റു ചരിത്രരേഖകളിൽനിന്നു (ഉദാ: റോമൻ ഭരണാധികാരികളുടെയും ദേശാധിപതികളുടെയുമൊക്കെ ഭരണകാലം) ലഭ്യമായ സൂചനകളുമൊക്കെ കണക്കിലെടുത്ത് കാലവും സ്ഥലവും സംബന്ധിച്ച നിഗമനങ്ങളിൽ എത്തുകയാണ് പണ്ഡിതർ. എല്ലാം കൃത്യമാണെന്നു വരികയില്ല. പരിഗണിക്കുന്ന ഘടകങ്ങളനുസരിച്ചു വ്യത്യാസങ്ങളുണ്ടാകാം. പൊതുവെ ഏറെക്കുറെ സ്വീകാര്യമായ സ്ഥലകാലങ്ങൾ നമുക്കും സ്വീകരിക്കാം.

'പൗലോസിന്റെ ലേഖനങ്ങൾ' ക്രി.വ. 50/51നും 58നും ഇടയ്ക്കും, 'പൗലോസിന്റെ പേരിലുള്ള ലേഖനങ്ങൾ' 80നും 99നും ഇടയ്ക്കും, 'ഇടയലേഖനങ്ങൾ' ഒന്നാം നൂറ്റാണ്ടിന്റെ അവസാന വർഷങ്ങളിലും എഴുതപ്പെട്ടെന്നു പൊതുവെ കരുതുന്നു. പൗലോസ് എഴുതിയവയെന്നു കരുതുന്ന ലേഖനങ്ങളുടെ രചനാകാലസ്ഥലങ്ങളെക്കുറിച്ചുള്ള ഏകദേശമായൊരു ധാരണ ഈ ഗ്രന്ഥം പേജ് ...ൽ ഉൾപ്പെടുത്തിയിട്ടുള്ളത് അനുവാചകർ ശ്രദ്ധിച്ചിട്ടുണ്ടാവുമല്ലോ. സന്ദർഭോചിതമെന്നു കരുതി ഇവിടെ അവയുടെ കാര്യം ആവർത്തിക്കുന്നു.

./. നമായ ശേഖരം ക്രി.വ. 200നടുത്ത് എഴുതപ്പെട്ട *ചെസ്റ്റർ ബെയാറ്റി പപ്പീറസ്* (P46) ആണ്. 54 പപ്പീറസ് ഷീറ്റുകൾ നടുവേ മടക്കി 104 പേജുണ്ട്. ഓരോ പേജിലും 24 വരികൾ. ഈ ശേഖരത്തിൽ പൗലോസിന്റെ പേരിലുള്ള ഇടയലേഖനങ്ങളില്ല, Murphy-O'Connor, *Paul the Letter-Writer*, 5-6.

[3]മണിക്കൂറിൽ എഴുപത്തിരണ്ടു വാക്കുകളിൽ കൂടുതൽ എഴുതാൻ സാധിക്കില്ലായിരുന്നെന്നും ഉദ്ദേശം ഒന്നര മാസംകൊണ്ടാണ് റോമാക്കാർക്കുള്ള ലേഖനം പൂർത്തിയായതെന്നും O. Roller അഭിപ്രായപ്പെട്ടിട്ടുണ്ട്. പക്ഷേ F. Brunot അഭിപ്രായപ്പെടുന്നത് റോമാക്കാർക്കുള്ള ലേഖനം എഴുതാൻ ഏഴു മണിക്കൂർമാത്രമേ എടുത്തു കാണുള്ളു എന്നാണ്. അതായത്, എഴുത്ത് അത്രയ്ക്കങ്ങു ദുഷ്കരമല്ലായിരുന്നു, കാണുക: പുന്നക്കോട്ടിൽ, "സെന്റ് പോൾ: ഒരാമുഖപഠനം," 13; Murphy-O'Connor, *Paul the Letter-Writer*, 3-6.16-34.

### പൗലോസ് ശ്ലീഹാ എഴുതിയ ലേഖനങ്ങൾ

| ലേഖനം | കാലം (ക്രി.വ.) | സ്ഥലം |
|---|---|---|
| 1 തെസലോനിക്കർക്ക് | 50-51 | കോറിന്തോസ് |
| 1 കോറിന്തോസ് | 54-55 | എഫേസോസ് |
| ഗലാത്തിയർക്ക് | 54-55/56 | എഫേസോസ് |
| ഫിലെമോന് | 55/56-57 | എഫേസോസ് |
| ഫിലിപ്പിയർക്ക് | 56/57 | എഫേസോസ് (?) |
| റോമർക്ക് | 57-58 | കോറിന്തോസ് |

(ഫിലേമോനുള്ള ലേഖനം 55ൽ റോമിൽവച്ച് എഴുതിയതാണെന്നും, 61-63ൽ എഴുതിയതാണെന്നും, ഫിലിപ്പിയർക്കുള്ളത് 58-ൽ കേസറിയായിൽനിന്ന് എഴുതിയതാണെന്നും, 61-63ൽ റോമിൽനിന്ന് എഴുതിയതാണെന്നും അഭിപ്രായങ്ങളുണ്ട്),[4]

| | | |
|---|---|---|
| 2 കോറിന്തോസ് ... | 56-57 | മക്കദോന്യ (=ഫിലിപ്പി)/ ഇല്ലിറിക്കും |

(2 കോറിന്തോസ് 54-56ൽ എഫേസോസിലോ മാസിഡോണിയായിലോനിന്ന് എഴുതി കൊടുത്തയച്ചതാണെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്).

### പൗലോസ് ശ്ലീഹായുടെ പേരിലുള്ള ലേഖനങ്ങൾ

| | | |
|---|---|---|
| കൊളോസിയർക്ക് | 80കളിൽ | എഫേസോസ് / റോമാ |
| എഫേസോസുകാർക്ക് | 90കളിൽ | റോമാ / എഫേസോസ് |
| 2 തെസലോനിക്കർക്ക് | 90കളിൽ | റോമാ / എഫേസോസ് |

(കൊളോസിയർ 61-63/70-80ലും, എഫേസോസുസുകാർക്കുള്ളത് 61-63ലും, 2 തെസ്സലോനിക്കർ 51ലും എഴുതിയവയാണെന്ന അഭിപ്രായവുമുണ്ട്).

### ഇടയലേഖനങ്ങൾ

| ലേഖനം | കാലം (ക്രി.വ. ) | അനുവാചകർ |
|---|---|---|
| തീത്തോസിന് | 95-100 | ക്രേത്തേയിൽ തീത്തോസിന് |
| 1 തീമോത്തിയോസ് | 95-100 | എഫേസോസിൽ തീമോത്തിയോസിന് |
| 2 തീമോത്തിയോസ് | 95-100 | എഫേസോസിൽ തീമോത്തിയോസിന് |

(1 തിമോത്തിയോസ് 65ലും, 2 തിമോത്തിയോസ് 66-67ലും കൊളോസിയർ 61-63ലും, എഫേസോസുസുകാർക്കുള്ളത് 61-63ലും, 2 തെസ്സലോനിക്കർ 51ലും എഴുതിയവയാണെന്ന അഭിപ്രായവുമുണ്ട്).

ഈ മൂന്നു ലേഖനങ്ങൾ സഭാപരവും സഭാനേതൃത്വം (ഹയരാർഖി) സംബന്ധിച്ചുമുള്ള ക്രമങ്ങളെക്കുറിച്ച് ഏറെ താത്പര്യം പ്രകടിപ്പിക്കുന്നു. അതിനാലാണ് ഇടയലേഖനങ്ങൾ (അജപാലനലേഖനങ്ങൾ) എന്നു വിളിക്കുക. ഈ പേരു നല്കിയത് വിശുദ്ധ തോമസ് അക്വീനാസാണ്.

[4]ലേഖനരചനാകാലങ്ങളെക്കുറിച്ച് വ്യത്യസ്തതകൾ, Brown-Collins, "Canonicity," 1045 No. 56; J.C.Hurd, "Letters in the New Testament," *IBC*, 1623 - 1624.

ആധുനിക ബൈബിളിൽ പൗലോസിനോടു ബന്ധപ്പെടുത്തിയുള്ള പതിമൂന്നു ലേഖനങ്ങളുടെ സ്ഥാനം ക്രമീകരിച്ചിട്ടുള്ളത് ഓരോന്നിന്റെയും ദൈർഘ്യം പരിഗണിച്ചാണ്; രചനാകാലം കണക്കിലെടുത്തല്ല.

6.3 വീണ്ടും ഇനംതിരിവുകൾ

ആദ്യത്തെ രണ്ടു വിഭാഗങ്ങളിൽപ്പെട്ടവയെ വീണ്ടും മൂന്ന് ഇനങ്ങളായി താഴെക്കാണുംവിധം തിരിക്കാറുണ്ട്:

| | |
|---|---|
| ആദ്യകാല ലേഖനങ്ങൾ: | 1 തെസലോനിക്കർ; 2 തെസലോനിക്കർ(?) |
| വലിയ ലേഖനങ്ങൾ : | ഗലാത്തിയർ, ഫിലിപ്പിയർ, 1 & 2 കോറിന്ത്യർ, റോമർ |
| കാരാഗൃഹലേഖനങ്ങൾ* : | ഫിലേമോൻ, കൊളോസ്സിയർ, എഫേസിയർ, (ഫിലിപ്പിയർ?) |

*ഇവ പൗലോസിന്റെ ബന്ധനാവസ്ഥ കൂടെക്കൂടെ ഓർമിപ്പിക്കുന്നതിനാൽ ഇവയെ കാരാഗൃഹലേഖനങ്ങൾ എന്നു വിളിക്കുന്നു (ഫിലി 1,7.13.14; ഫിലെ 1.9.10.23;[കൊളോ 4,3.18; എഫേ 3,1;4,1;6,20])

## 6.3 പൗലോസിന്റെ മറ്റു കത്തുകൾ

പുതിയ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ചില കത്തുകൾ പൗലോസ് എഴുതിയതായി അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ സൂചനയുണ്ട്. കോറിന്തോസിലെ സഭയ്ക്കുള്ള ഒന്നാം ലേഖനത്തിനു മുമ്പ് ആ സഭയ്ക്ക് എഫേസോസിൽനിന്ന് ഒരു കത്തയച്ചിരുന്ന വിവരം 1 കോറി 5,9-11 നല്കുന്നു.[5] നഷ്ടപ്പെട്ട അതിന്റെ ഒരു ഭാഗമാകാം 2 കോറി 6,14-7,1. കോറിന്തോസിലെ സഭയ്ക്കുള്ള രണ്ടാം ലേഖനത്തിനു മുമ്പ് "വളരെയേറെ കണ്ണീരിന്റെ" ഒരു കത്ത് എഫേസോസിൽനിന്ന് അവർക്ക് അയച്ചിരുന്നതായി 2 കോറി 2,3-4.9; 7,8;10,9 സൂചിപ്പിക്കുന്നു.[6] ഇതും നഷ്ടപ്പെട്ടു. ലാവോദിക്യക്കാർക്കുള്ള കത്തിനെപ്പറ്റി കൊളോ 4,16 പരാമർശിക്കുന്നു.[7]

[5]1 കോറി 5,9-11 സൂചിപ്പിക്കുന്ന കത്തിനോടൊപ്പം ധനശേഖരണം ഓർപ്പിച്ചുകൊണ്ടുള്ള കത്തുകൾ ഫിലിപ്പി, തെസലോനിക്ക, ഗലാത്തിയ എന്നിവിടങ്ങളിലെ സഭകൾക്ക് അയച്ചിരിക്കാനും ഇടയുണ്ട് (കാണുക 1 കോറി 16,1), Hurd, "Letters in N.T," 1622. [6]ഈ കത്താണ് 2 കോറി 10-13 എന്നു ചില നിരൂപകർ, Hurd, "Letters in the N. T.," 1622. [7]കൊളോ 4,16 പരാമർശിക്കുന്ന കത്തല്ല അപ്രമാണകൃതിയായ ലാവോദിക്യക്കാർക്കുള്ള ലേഖനം. 1 കോറി 5,9 സൂചിപ്പിക്കുന്ന കത്താണോ കൊളോ 4,16 പരാമർശിക്കുന്ന ലാവോദിക്യക്കാർക്കുള്ള കത്ത്? പൗലോസിന്റെ *ലാവോദിക്യക്കാർക്കുള്ള* കത്താണ് എഫേസ്യർക്കുള്ള ലേഖനമെന്നു പൊതുവെ കരുതപ്പെടുന്നു, Hurd, "Letters in the N. T.," 1622.

## 6.4 കത്തുകൾ ലേഖനങ്ങൾ

പുതിയ നിയമത്തിൽ പൗലോസിന്റേതായുള്ള പതിമൂന്നു രചനകളും സഭകൾക്കോ വ്യക്തികൾക്കോ എഴുതപ്പെട്ട കത്തുകളാണ്; അവയ്ക്കു കത്തിന്റെയും സംവാദത്തിന്റെയും ഉപന്യാസത്തിന്റെയും പ്രബ ന്ധത്തിന്റെയും സ്വഭാവമുണ്ട്; അവയെ ലേഖനങ്ങൾ എന്നു വിളിക്കുന്നതാണ് കൂടുതൽ യുക്തം എന്നീ കാര്യങ്ങൾ ഈ പഠനത്തിന്റെ ആരംഭത്തിൽ സൂചിപ്പിച്ചു. അവയെ ലേഖനങ്ങളായി കണക്കാക്കുന്നതിന്റെ കാരണം കൂടുതൽ വിശദമായി കാണാനാണ് അടുത്ത ശ്രമം.

### 6.4.1 കത്തുകളുടെ ബാഹ്യഘടന; ചില വ്യത്യാസങ്ങൾ

പൗലോസിന്റെ ഓരോ രചനയും ഓരോ കത്താണ്. അദ്ദേഹം എഴുതിയവയ്ക്കും അവയെ അനുകരിച്ച് അദ്ദേഹത്തിന്റെ പേരിൽ എഴുതപ്പെട്ടവയ്ക്കും അവ എഴുതപ്പെട്ട കാലത്തു ഗ്രേക്കോ-റോമൻ സംസ്കാരത്തിലും പശ്ചിമേഷ്യൻ (സെമിറ്റിക്) സംസ്കാരത്തിലും കത്തുകൾക്കു പൊതുവെയുണ്ടായിരുന്ന ഘടനയുണ്ട്: ആമുഖം (അയക്കുന്നയാളിന്റെ പേര്, സ്വീകരിക്കുന്നവരുടെ പേര്, അഭിവാദനം), നന്ദിപ്രകാശനം, ഉള്ളടക്കം (സന്ദേശം), ഉപസംഹാരവും അവസാന ആശംസയും. പലതിലും പൗലോസിനെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചും വ്യക്തിപരമായ പരാമർശങ്ങളുണ്ട്. സ്വകാര്യകത്തുകളിലെപ്പോലെ അനുവാചകരോടു പൗലോസിനുള്ള വികാരവായ്പ് പ്രകടമാണ് (ഉദാ: ഗലാ 4,19;1 കോറി 4,15; 2 കോറി 2,4). അവ സ്നേഹത്താൽ പ്രേരിതങ്ങളാണ്. ജീവിതബന്ധിയുമാണ്. ഈ കാരണങ്ങളാൽ അവയെ കത്തുകളുടെ ഗണത്തിൽ ഉൾപ്പെടുത്താം.

പൗലോസിന്റെ രചനകൾക്ക് അക്കാലത്തെ കത്തുകളുടെ ഘടനയുണ്ടെങ്കിലും ചിലതിൽ ഘടനയുടെ വിശദാംശങ്ങളിൽ പൗലോസ് വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്.[8]

പൗലോസിന്റെ കാലഘട്ടത്തിലെ കത്തുകളുടെ ഘടനയും അദ്ദേഹത്തിന്റെ ലേഖനങ്ങളുടെ ഘടനയും തമ്മലുള്ള ഒരു താരതമ്യം അവ തമ്മിലുള്ള വ്യത്യാസങ്ങൾ ഒറ്റ നോട്ടത്തിൽ വ്യക്തമാക്കുമല്ലോ.

| പൗലോസിന്റെ കാലഘട്ടത്തിലെ കത്തുകൾ | പൗലോസിന്റെ ലേഖനങ്ങൾ |
|---|---|
| a ആമുഖം | a ആമുഖം |
| അയയ്ക്കുന്നയാൾ | അയയ്ക്കുന്നയാൾ: പേരുകൂടാതെ സ്ഥാനനാമംകൂടി ചേർക്കുന്നു (ഉദാ: അപ്പോസ്തലൻ) |

[8] പൗലോസിന്റെ ലേഖനങ്ങളുടെ ഘടനയുടെ കൂടുതൽ വിവരങ്ങൾക്ക്, Hurd, "Letters in the N. T.," 1621, 1624 -1625; Murphy-O'Conner, *Paul the Letter-Writer*, 64-69.

| | |
|---|---|
| ആർക്കയയ്ക്കുന്നു | ആർക്കയയ്ക്കുന്നു: സമൂഹം/വ്യക്തി പേര്: പൗലോസും ലക്ഷ്യമായ സമൂഹ ലക്ഷ്യമായ സമൂഹവും/ വ്യക്തിയും തമ്മിൽ ക്രിസ്തുവിലുള്ള ബന്ധം |
| b. അഭിവാദനം<br>*chairein* / *salus*<br>*ഞാൻ ദൈവങ്ങൾക്കു നന്ദി അർപ്പിക്കുന്നു*[9] | b. അഭിവാദനം<br>*charis & eirene* (= കൃപയും സമാധാനവും: റോമ 1,7);<br>കൃതജ്ഞതാപ്രകാശനം (ഗലാ, 2 കോറി.യിലില്ല); പ്രാർഥന /അപേക്ഷ (ഉള്ളടക്കത്തിൽ ചർച്ചചെയ്യാനിരിക്കുന്ന മുഖ്യവിഷയം സൂചിപ്പിക്കുന്നു). |
| c. ഉള്ളടക്കം | c. ഉള്ളടക്കം: പ്രധാനമായി സൈദ്ധാന്തികവും ഉപദേശികവും; സന്ദേശത്തിന്റെ സങ്കീർണതയനുസരിച്ച് ഉള്ളടക്കത്തിന്റെ ഘടനയിലും അവതരണരീതിയിലും മാറ്റം; പ്രമേയങ്ങൾ റോമ 1,13;11,25;1 കോറി 10,1;12,1; 2കോറി 1,8; 1 തെസ 4,13 എന്നിവിടങ്ങളിലും റോമ 6,16;1 കോറി 3,16;5,6; 6,2.3;6,9.15.16.19;13,24 എന്നിവിടങ്ങളിലുമുള്ള ആമുഖവാക്കുകളിൽ അവതരിപ്പിക്കുന്നു.[10] |
| d. ഉപസംഹാരം<br>ആരോഗ്യം നേരുന്നു (*erroso/ errosthe*): വിട | d. ഉപസംഹാരം<br>അപേക്ഷ/മുന്നറിയിപ്പ്, ഉപദേശങ്ങൾ അവസാനഭിവാദനം: സമാധാനവും കൃപയും. |

### 6.4.2 ലക്ഷ്യം സമൂഹം

പൗലോസിന്റെ കത്തുകളുടെ ലക്ഷ്യം സാധാരണ കത്തുകളുടേതുപോലെ ചെറിയൊരു പരിധിയിൽ ഒതുങ്ങിനില്ക്കുന്നതല്ല. അദ്ദേഹത്തിന്റെ രചനകളിൽ ആറെണ്ണം സഭകൾക്കുള്ള / സഭകളെ പൊതുവെ ലക്ഷ്യമാക്കി സഭാംഗങ്ങൾക്കുള്ള കത്തുകളാണ്. (*പൗലോസിന്റെ പേരിലുള്ള* മൂന്നു കത്തുകളും സഭകൾക്കുള്ളതും *ഇടയലേഖനങ്ങൾ മൂന്നും*

[9]Murphy-O'Conner, *Paul the Letter-Writter*, 56-57. [10]Hurd, "Letters in the N. T.," 1621, 1624 -1625; Murphy-O'Conner, *Paul the Leter-Writer*, 64-69.

*സഭാനേതാക്കന്മാർക്കുള്ളതുമാണ്*). സഭാസമൂഹങ്ങളിൽ വായിക്കാനാണ് തന്റെ കത്തെന്നു പൗലോസുതന്നെ സൂചിപ്പിക്കുന്നു (2 കോറി 10,9). സഭാസമൂഹത്തിനു പൊതുവായുള്ളവയായിരുന്നു. അവ സഭകളിൽ വായിച്ചിരുന്നെന്നു പൗലോസിനറിയാമായിരുന്നു (2 കോറി 10,10). അനുവാചകസഭകളെല്ലാം പൗലോസിന്റെ സുവിശേഷപ്രസംഗംവഴി സ്ഥാപിതമായവയോ അദ്ദേഹം സന്ദർശിക്കാനാഗ്രഹിച്ചവയോ (1 കോറി 5,3;കൊളോ 2,5) ആണ്. കൊളോസോസുകാരനായ ഫിലെമോനുള്ള കത്തും അയാളുടെ ഭവനത്തിലെ സഭയിൽ വായിക്കാനാണ്. കത്തിലെ കാര്യങ്ങൾ ഭവനത്തിലെ സഭ അറിയണമെന്നുദ്ദേശിച്ചാണ് ഫിലേമോനുള്ള കത്തുപോലും (ഫിലെ 1,1).

### 6.4.2.1 സഭാസമൂഹങ്ങൾക്കു പൊതുവായ വിഷയങ്ങൾ

പൗലോസിന്റെ രചനകൾ സ്വകാര്യവിശേഷങ്ങളോ കുടുംബവിശേഷങ്ങളോ നാട്ടുവിശേഷങ്ങളോ അറിയാക്കാനുള്ളവയല്ല. സഭകൾക്കു പൊതുവായി ഉപദേശങ്ങളോ പ്രബോധനങ്ങളോ നല്കാൻ എഴുതിയവയാണ് പൗലോസിന്റെ രചനകൾ. അവയിൽ കൈകാര്യംചെയ്തിട്ടുള്ള വിഷയങ്ങൾ സ്വകാര്യങ്ങളല്ല. സാധാരണ കത്തുകളുടേതുപോലെ രഹസ്യസ്വഭാവം അവയ്ക്കില്ല. അവയിൽ ചർച്ചചെയ്യുകയോ അവതരിപ്പിക്കയോ ചെയ്തിട്ടുള്ള കുറെയേറെ വിഷയങ്ങൾ ശ്രദ്ധിക്കുക: ഉദാ: ദൈവം, ക്രിസ്തു, മനുഷ്യാവതാരം, പരിശുദ്ധാത്മാവ്, ദൈവമനുഷ്യബന്ധം, സഭ, അധികാരം, ഭാര്യാ-ഭർത്തൃബന്ധം, ദാസ-യജമാനബന്ധം, പുണ്യങ്ങളും തിന്മകളും, പാപം, രക്ഷ, നിയമം, കൃപ, ക്രിസ്തുവിന്റെ ഉയിർപ്പ്, മരിച്ചവരുടെ ഉയിർപ്പ്, യുഗാന്തം, ലോകാവസാനം, കർത്താവിന്റെ പുനരാഗമനം എന്നിങ്ങനെയുള്ള ധാരാളം പ്രമേയങ്ങൾ.

### 6.4.2.2 ദൈവശാസ്ത്രവിഷയങ്ങളും ക്രിസ്തീയ ധാർമികോപദേശങ്ങളും

പൗലോസിന്റെ കത്തുകൾക്കു സൈദ്ധാന്തികവും ഉപദേശകവുമായ രണ്ടു ഭാഗങ്ങളുണ്ട്. അതായത്, അവയിൽ ദൈവശാസ്ത്രവിഷയങ്ങളും ക്രിസ്തീയ ധാർമികോപദേശങ്ങളും അവതരിപ്പിക്കുന്നു. സ്വന്തം ദൈവശാസ്ത്രം / തത്വശാസ്ത്രം അവതരിപ്പിക്കാൻ എഴുതിയവയല്ല അവ. പൗലോസ് സ്നേഹിക്കുന്ന സഭകളിലെ പ്രശ്നങ്ങൾക്കു പരിഹാരം നിർദ്ദേശിക്കാനുള്ള വ്യഗ്രതയിൽ എഴുതിയവയാണ്. പക്ഷേ, പ്രശ്നങ്ങൾക്കു താത്കാലിക പരിഹാരം പറഞ്ഞുകൊടുത്തു തൃപ്തിയടയുകയല്ല പൗലോസ്. പ്രശ്നപരിഹാരങ്ങളുടെ സ്ഥായിയും ആത്യന്തികവുമായ അടിസ്ഥാനം എന്ന നിലയ്ക്കാണ് ദൈവശാസ്ത്രവിഷയങ്ങൾ കത്തുകളിലുൾപ്പെടുത്തിയത്. ക്രിസ്തീയ വിശ്വാസസത്യങ്ങളോടും വിഷയങ്ങളോടുമൊപ്പം കൂടുതൽ സാന്ദ്രമായ ക്രിസ്തീയജീവിതം നയിക്കാൻ പ്രേരിപ്പിക്കുന്ന വിഷയങ്ങളും ഉപദേശങ്ങളും ഉൾപ്പെടുത്തുന്നു. അവ അജപാലനപരമായ ഉദ്ദേശത്തോടെ എഴുതിയവയാ

ണെന്നു ചുരുക്കം. അങ്ങനെ നോക്കുമ്പോൾ *ദൈവശാസ്ത്രവിഷയങ്ങൾ പഠിപ്പിപ്പിക്കുക, കറയറ്റ ക്രിസ്തീയ ജീവിതത്തിനു പ്രേരിപ്പിക്കുക എന്നീ രണ്ടു പ്രധാന ഉദ്ദേശങ്ങൾ പൗലോസിന്റെ കത്തുകൾക്കുണ്ട്.* സഭാസമൂഹങ്ങളുടെയും അവയിലെ വിശ്വാസികളോരോരുത്തരുടെയും നന്മയിലും സുരക്ഷിതത്വത്തിലും ശ്രദ്ധാലുവായ പ്രേഷിതനാണ് ലേഖനകർത്താവ്. അതുകൊണ്ടാവാം വിഷയങ്ങൾ വിശദമാക്കാൻ പൗലോസ് തനിക്കു ലഭിച്ച ദൈവികവെളിപാടിന്റെയും ആദിക്രിസ്തീയപ്രഘോഷണത്തിന്റെയും ക്രിസ്തുവിന്റെ പ്രബോധനങ്ങളുടെയും പഴയനിയമവ്യാഖ്യാനത്തിന്റെയും ക്രിസ്തുസംഭവത്തെക്കുറിച്ചുള്ള സ്വന്തം ധാരണയുടെയും അംശങ്ങളും തന്റെതന്നെ വിചാരങ്ങളും ഇടകലർത്തി വിഷയങ്ങളും ഉപദേശങ്ങളും വികസിപ്പിച്ചിട്ടുള്ളത്.

ചിലപ്പോൾ ദൈവശാസ്ത്രവിഷയങ്ങൾക്കിടയിൽ ധാർമികോപദേശങ്ങൾ കടന്നുകൂടും. തിരിച്ചുമുണ്ട്. ഉദാഹരണത്തിന് 2 കോറി 8,9ഉം ഫിലി 2,6-11ഉം. 2 കോറി 8,9: ജറുസലേമിലെ ദരിദ്രർക്കു(സഹോദരങ്ങൾക്കു)വേണ്ടിയുള്ള ധനസമാഹരണം ഉത്സാഹപൂർവം നടത്താൻ ഉപദേശിക്കുന്നതിനിടയിൽ (2 കോറി 8,1-9,15) ക്രിസ്തുശാസ്ത്രപരമായ ഒരു അടിസ്ഥാനതത്ത്വം അനുസ്മരിപ്പിക്കുന്നു: *നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങൾക്കറിയാമല്ലോ. അവൻ സമ്പന്നനായിരുന്നിട്ടും നിങ്ങളെപ്രതി – തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകേണ്ടതിനു – ദരിദ്രനായി.* അതുപോലെ ഫിലി 2,5-11. ഐക്യത്തിൽ ജീവിക്കാൻ അടിസ്ഥാനപരമായി ഓരോരുത്തരും എളിമപ്പെടണമെന്ന് ഫിലിപ്പിയിലെ ക്രിസ്ത്യാനികളെ ഉപദേശിക്കുകയാണ് (ഫിലി 2,1-18). അതിനു അടിസ്ഥാനതത്വമായി യേശുവിന്റെ മാതൃക ഉദ്ധരിക്കുന്നു. ഉദ്ധരണി ക്രിസ്തുശാസ്ത്രപരമായ ഒരു സ്തവമാണ് (ഫിലി 2,6-11).

## 6.5 വിവിധ സാഹിത്യരൂപങ്ങൾ

പൗലോസ് കത്തുകളിൽ ഗൗരവമായ ക്രിസ്തീയ വിഷയങ്ങൾ ഉൾപ്പെടുത്തിയട്ടുണ്ടെന്നു മുകളിൽ കണ്ടുവല്ലോ. എന്നാൽ, ഓരോ കത്തും ഓരോ വിഷയം അവതിരപ്പിക്കാനെഴുതിയ വ്യവസ്ഥാപിതവും ക്രമീകൃതവുമായ പ്രബന്ധമല്ലതാനും. പ്രബന്ധങ്ങളായി രചിച്ചവയല്ലെങ്കിലും വിഷയങ്ങളും (ഉള്ളടക്കവും) ചർച്ചാരീതിയും നോക്കുമ്പോൾ അവയ്ക്കു പ്രബന്ധത്തിന്റെയോ ഉപന്യാസത്തിന്റെയോ സംവാദത്തിന്റെയോ ഒക്കെ ലക്ഷണങ്ങൾ പ്രകടമാണ്. കത്തുകളുടെയും ലേഖനത്തിന്റെയും ഉപന്യാസത്തിന്റെയും പ്രബന്ധത്തിന്റെയും രീതികളും ശൈലികളും പൗലോസിന്റെ രചനകളിൽ ഒത്തുചേർന്നിട്ടുണ്ട്. ലേഖനത്തിന്റെ സ്വഭാവമാണ് മുന്തിനില്ക്കുന്നത്.[11] ഇവയെ ബി.സി. നാലാം

[11]Hurd, “Letters in the N. T.,” 1625; Murphy-O’Conner, *Paul the Letter-Writer*, 42-98.

നൂറ്റാണ്ടിൽ ഗ്രീക്കുതത്വചിന്താപാഠശാലകൾ വികസിപ്പിച്ചെടുത്ത *ലേഖന*മെന്ന സാഹിത്യരചനയുടെ ഗണത്തിൽപ്പെടുത്താമെന്ന് ഡെയ്സ്മാൻ (Deissmann) ചൂണ്ടിക്കാട്ടിയിട്ടുണ്ട്.[12]

കത്തിന്റെ ബാഹ്യരൂപത്തിൽ ലേഖനം (ലേഖനങ്ങൾ). അതൊരു പ്രത്യേക സാഹിത്യരൂപമാണ്. ഈ സാഹിത്യരൂപത്തിനുള്ളിൽ വിവിധങ്ങളായ സാഹിത്യരൂപങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സങ്കേതവും ലേഖനസ്വഭാവത്തെ സ്ഥിരീകരിക്കുന്നു. പൗലോസിന്റെ കത്തുകളുടെ ഉള്ളടക്കത്തിന്റെ വൈവിധ്യം ഈ ഗ്രന്ഥത്തിന്റെ 6.4.2.1, 6.4.2.2 എന്നീ നമ്പരുകളിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ടല്ലോ. ആ വൈവിധ്യം അവയിലെ വിവിധ സാഹിത്യരൂപങ്ങളിലേക്കും വിരൽചൂണ്ടുന്നതാണ്.

(1) കവിതാത്മകങ്ങളായ കീർത്തനങ്ങൾ (1 കോറി 13;ഫിലി 2,6-11;റോമ 6;8,31-40; [കോളോ 1,15-20]). ഫിലി 2,6-11 [കോളോ 1,15-20ഉം] സഭയിൽ നിലവിലിരുന്ന ക്രിസ്തുസ്തവങ്ങളാണ്. ആരാധനയിൽ ആലപിച്ചിരുന്നവയാകും. (2) ആരാധനാസൂത്രവാക്യങ്ങൾ (1 കോറി 11,24-25;12,3;16,22) (3) വിശ്വാസസത്യങ്ങളുടെ പ്രഖ്യാപനങ്ങൾ (റോമ 1,3-4;10,9;1 കോറി 8,6;11,23; [എഫേ 4,5-6]. അടിസ്ഥാന വിശ്വാസപ്രഖ്യാപനങ്ങളായ ഇവയും സഭയിൽ നിലനിന്നിരുന്നവയാത്രേ അതായത്, പാരമ്പര്യത്തിൽനിന്നുള്ളവ. (4) ആദിസഭയുടെ പ്രഘോഷണത്തിന്റെ അംശങ്ങൾ (1 തെസ 1,9-10;1 കോറി 15,1-7;റോമ 1,3-4;4,25;10,8-9); (5) വ്യാഖ്യാനങ്ങൾ (ഗലാ 4,21-32; 2കോറി 3,4-18;റോമ 4,1-24) (6) വെളിപാടുസാഹിത്യം: കർത്താവിന്റെ പുനരാഗമനം, കർത്താവിന്റെ പുനരാഗമനവും മരിച്ചവരുടെ ഉയിർപ്പും, വിധി, ദർശനങ്ങളും വെളിപാടുകളും (1 തെസ 4,13-5,11;1 കോറി 15,12-28;2 കോറി 12,1-5). (7) ക്രിസ്തീയ ജീവിതനിയമങ്ങൾ: നന്മ-തിന്മകളുടെ പട്ടികകൾ (ഗലാ 5,19-23;[കൊളോ 3,5-13]; യഥാർത്ഥ നിയമപാലനം (റോമ 1,18-32), വിവാഹിത-അവിവാഹിതാവസ്ഥകൾ ദൈവമഹത്വത്തിനും ആളുകളുടെ വിശുദ്ധീകരണത്തിനും ഉതകുന്ന നിയമങ്ങൾ (6,12-7,16; [എഫേ 5,22-33]), ക്രിസ്ത്യാനികളെന്ന നിലയിൽ സമൂഹജീവിത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ (ഉദാ: 1 കോറി 6,1-11). (8) 'പള്ളിപ്രസംഗ'ത്തിന്റെ മട്ടുള്ള ഉപദേശങ്ങൾ (ഗലാ 5,19-24;2 കോറി 12,20; റോമ 1,18-32). (9)സാക്ഷ്യത്തെളിവുകൾ (റോമ 3,10-18;15,9-12) (10) അപ്പോസ്തലന്റെ അധികാരവും ജീവിതവും സംബന്ധിച്ച പ്രസ്താവനകൾ (1 തെസ 2,1-12;ഗലാ 1,11-2,14;1 കോറി 9;ഫിലി 1,12-14;3,4-9;2 കോറി 1,8-10;12,1-10). (11) അപ്പോസ്തലന്റെ പ്രേഷിതാനുഭവങ്ങൾ (ഉദാ 2 കോറി 11,16-29). (12) സാങ്കല്പിക എതിരാളിയുമായി വാദപ്രതിവാദങ്ങൾ (ഉദാ: റോമ 2,1-3,9;10,7-20), (13) യഹൂദ റബ്ബിമാരുടെ വ്യാഖ്യാന ശൈലിയിലുള്ള

[12]Fitzmyer, "New Testament Letter-Writing," *NJBC*, 769 No. 4. കത്തും ലേഖനവും തമ്മിലുള്ള താരതമ്യത്തിന്, Hurd, "Letters in the N. T.," 1620-1621

വ്യാഖ്യാനങ്ങൾ (ഗലാ 4,21-32;2 കോറി 3,4-18;റോമ 4,1-24), (14) പ്രവാചകശൈലികൾ: പഴയ നിയമപ്രവാചകന്മാരുടെ ജീവിതം, വിളി, പ്രഭാഷണശൈലിയും അതിന്റെ ധ്വനിവിന്യാസങ്ങളും എന്നിവയുടെ സ്വാധീനം (1 കോറി 5,1-13; ഗലാ 1,6-9.13-17; റോമ 1,1-15.18-32).

പൗലോസിന്റെ രചനകളിലെ സാഹിത്യരൂപവൈവിധ്യം, അവയുടെ ഉള്ളടക്കത്തിന്റെ സ്വഭാവം, പ്രമേയചർച്ചയുടെ രീതി എന്നിവയ്ക്ക് അർഹിക്കുന്ന പരിഗണന നല്കുമ്പോൾ അവയെ 'ലേഖനങ്ങൾ' എന്നു പറയുന്നതാണ് കൂടുതൽ യുക്തവും പ്രായോഗികമായി സൗകര്യപ്രദവും എന്നു തീർച്ച. പഴയ നിയമത്തിൽ പല കത്തുകളുണ്ട് (ഉദാ: എസ്തേ 9,20;ബാറൂ 6;1 മക്ക 5,10-13; 8,23-32; 10,18-20. 24-25;2 മക്ക 1,1-2,18;ജറെ 29,4-23). പൗലോസിന്റെ കാലത്ത് കത്തുകൾക്കു സമൂഹജീവിതത്തിൽ പ്രധാന പങ്കുണ്ടായിരുന്നു.[13] കത്തിന്റെ ബാഹ്യരുപത്തിൽ ലേഖനങ്ങൾ എഴുതുന്ന സാഹിത്യരൂപം ക്രിസ്തുസുവിശേഷം പ്രചരിപ്പിക്കാൻ ശക്തമായ ഒരു മാദ്ധ്യമമായി ഉപയോഗിക്കാനാരംഭിച്ചു പൗലോസ്. അദ്ദേഹത്തിന്റെ ലേഖനങ്ങൾ ആധികാരികരേഖകളായ സ്വയംസാക്ഷ്യങ്ങളാണ് - വിജാതീയർക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ അപ്പോസ്തലനാണെന്നതിന്; തീക്ഷ്ണനായ സുവിശേഷപ്രവർത്തകനാണെന്നതിന്; സഭാസ്ഥാപകനും ഇടയനുമാണെന്നതിന്. താൻ ദൈവശാസ്ത്രം എഴുതുകയാണെന്ന വിചാരത്തോടെയാവില്ല അദ്ദേഹം ലേഖനങ്ങളെഴുതിയത്. പക്ഷേ, പൗലോസിന്റെ ദൈവശാസ്ത്രം അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ വിരിഞ്ഞു. പൗലോസ് ദൈവശാസ്ത്രജ്ഞനാണെന്ന അറിവ് അദ്ദേഹത്തിന്റെ രചനകൾ നല്കി.

## 6.6 ലേഖനങ്ങളുടെ ചില രചനാവിശേഷങ്ങൾകൂടി

### 6.6.1 ഭാഷ

ഭാഷയെപ്പറ്റി ഭാഷാപണ്ഡിതർ ചൂണ്ടിക്കാട്ടിയിട്ടുള്ള ഏതാനും വസ്തുതകൾ അറിയുന്നതു പ്രയോജനകരമായിരിക്കുമല്ലോ. സാഹിത്യഗ്രീക്കിലല്ല, സാധാരണക്കാരുടെ സംസാരഭാഷയായ ഗ്രീക്കിലാണ് (കൊയ്നേഗ്രീക്കിലാണ്) പൗലോസ് ലേഖനങ്ങൾ എഴുതിയിട്ടുള്ളത്. കൊയ്നേഗ്രീക്കിലായതിനാൽ പാഠഭാഗങ്ങൾ എല്ലായ്പ്പോഴും അക്കാലത്തെ സംസാരസന്ദർഭത്തിലായിരിക്കും. സംസാരസന്ദർഭത്തിനു സാധാരണയിൽക്കവിഞ്ഞ വ്യംഗ്യസ്വഭാവമുണ്ടല്ലോ. "കൊള്ളിച്ചു പറയുക," "അർഥംവച്ചു പറയുക" എന്നൊക്കെ നാം പറയുമല്ലോ - ആ സ്വഭാവം. ഓരോ പാഠഭാഗവും നൊടിയിടയിൽ അനേകം മൂലപദങ്ങളും അർഥമുകുളങ്ങളും രൂപകങ്ങളും അനുവാചകരുടെ മനസ്സിലുയർത്തും.[14] സംസാരഭാഷയ്ക്ക് അതിന്റേതായ പദരൂപവത്കരണവും വാചകഘടനയും

[13]Murphy-O'Conner, *Paul the Letter-Writer*, 95.

[14]Dunn, *Theology of Paul,* 15.

ശൈലിയുമൊക്കെയുണ്ട്. സാന്ദർഭികമായി രൂപവത്കൃതങ്ങളാകുന്ന പദങ്ങളുമുണ്ടാകാം.

കൊയ്നേ(സാധാരണ)ഗ്രീക്കിലാണ് പൗലോസ് എഴുതിയിട്ടുള്ള തെങ്കിലും ലേഖനങ്ങളിൽ സെമിറ്റിക് ഭാഷകളുടെ പ്രത്യേകതകളായ പല ശൈലികളുണ്ട്. ഉദാ: ''സകല ജഡവും'' (= സകല മനുഷ്യരും), ''അവിശ്വാസത്തിന്റെ പുത്രന്മാർ'' (= അവിശ്വാസികൾ), ''വിശ്വാസത്തിന്റെ ആളുകൾ'' (= വിശ്വാസികൾ / ക്രിസ്തുവിലുള്ള വിശ്വാസത്താൽ അബ്രാഹത്തിന്റെ മക്കളായവർ), ''അപമാനത്തിന്റെ വികാരങ്ങൾ'' (= ലജ്ജാകരമായ ആഗ്രഹങ്ങൾ), ''പരിശുദ്ധിയുടെ ആത്മാവ്'' (= പരിശുദ്ധാത്മാവ്). ഇപ്രകാരം സെമിറ്റിക് ശൈലികൾ പ്രയോഗിക്കാനിടയാക്കിയത് യഹൂദരുടെ തിരുഗ്രന്ഥത്തിന്റെ ഗ്രീക്കുവിവർത്തനവുമായുള്ള (LXX = സെപ്ത്വജിന്ത്) പരിചയമാണ്. യവനനഗരങ്ങളിലെ സിനഗോ ഗുകളിൽ വായിച്ചിരുന്നത് സെപ്ത്വജിന്ത് (സ്പ്തതിഗ്രന്ഥം) ആയിരുന്നു. അതിൽ സെമിറ്റിക് സ്വാധീനം പ്രകടമായിരുന്നു. അതിന്റെ ശൈലികൾ യഹൂദരുടെ ഗ്രീക്കുഭാഷാപ്രയോഗങ്ങൾ രൂപപ്പെടുത്തുന്നതിലും സ്വാധീനിച്ചിട്ടുണ്ട്.

### 6.6.2 ആശയത്തിനു മുൻഗണന

ഭാഷയുടെ സൗകുമാര്യത്തെപ്പറ്റി വ്യഗ്രതപ്പെടാതെ ആശയത്തിനു മുഖ്യ പരിഗണന കൊടുക്കുന്നതാണ് അപ്പോസ്തലന്റെ രീതി. ഭാഷ ആശയത്തെ അനുധാവനം ചെയ്യട്ടെ എന്ന നിലപാട്. ആശയം ആവിഷ്കരിക്കാൻ പുതിയ പദങ്ങളുണ്ടാക്കാനും അദ്ദേഹം മടിക്കുന്നില്ല! (ഉദാ: *ഖറിസ്മ* = ദൈവകൃപയുടെ സമൂർത്തവത്കരണം)[82] ലങ്കാരശാസ്ത്രത്തിൽ നിപുണനല്ലാത്തതിനാലോ ദൈവശാസ്ത്രാശയങ്ങൾ തികട്ടിക്കൊണ്ടിരിക്കുന്നതിനാലോ ആവാം, ഭാഷയെ മോടിപിടിപ്പിക്കാൻ മെനക്കെടുന്നില്ല. യേശുക്രിസ്തു പറഞ്ഞിട്ടുള്ളപോലുള്ള ഹൃദയഹാരികളായ ഉപമകളും സാദൃശങ്ങളും പൗലോസിന്റെ ലേഖനങ്ങളിലില്ല. ഉപമകളും രൂപകങ്ങളും സാദൃശങ്ങളും അപൂർവം. അവയേറെയും യവന നാഗരികജീവിതത്തിൽനിന്ന് എടുത്തിട്ടുള്ളവ (ഉദാ: മത്സരയോട്ടം, സൈനികജീവിതം). പ്രേക്ഷകന്റെ / അനുഭവസാക്ഷികളുടെ പേരിൽ ഗ്രന്ഥകർത്താവു സംസാരിക്കുന്ന രീതി (enallage എന്ന ആലങ്കാരിക പ്രയോഗം) പൗലോസിന് പ്രിയമാണെന്നു കാണുന്നു. അത് ആവർത്തിച്ചിട്ടുണ്ട് (1 തെസ 4,13-18;5,5-10;1 കോറി 15,51-58;റോമ 7,16). 1 തെസ 4,13-18ൽ യുഗാന്തകാലസംഭവങ്ങളുടെ അനുഭവസാക്ഷികളുടെ പേരിൽ അപ്പോസ്തലൻ അവ വിവരിക്കുന്നു. റോമ 7ൽ ജഡത്തിൽ ജീവിക്കുന്ന, പാപത്തിന്റെ ശക്തിക്ക് കീഴ്പ്പെട്ട, മനുഷ്യന്റെ ആന്തരികസംഘട്ടനങ്ങളുടെയും പരാജയത്തിന്റെയും ചരിത്രം പറയുന്നു. വിരോധാഭാസവും വിപരീതാർത്ഥപ്രയോഗങ്ങളും അദ്ദേഹത്തിനിഷ്ടമാണ്.[83]

[15]Dunn, *Theology of Paul*, 553. [16]പുന്നക്കോട്ടിൽ, ''സെന്റ് പോൾ ഒരു ആമുഖപഠനം,'' 12

### 6.6.3 ദുർഗ്രഹത

പലയിടത്തും അവ്യക്തതയും ദുർഗ്രഹതയും വായനക്കാരെ വട്ടം കറക്കുന്ന അനുഭവമുണ്ട് ഗഹനങ്ങളായ ആശയങ്ങൾ ചുരുങ്ങിയ വാക്കുകളിൽ കുത്തിനിറച്ചിരിക്കുന്നതായി അനുഭവപ്പെടുന്നു. അമിത ഭാരംകൊണ്ടു വാക്കുകൾക്കു വിർപ്പുമുട്ടുന്നെന്നു നമുക്കു തോന്നും. ഉദാ: ഗലാ 3,17-20. ഇവിടെ ചുരുക്കം വാക്കുകളിൽ പൗലോസ് തന്റെ എതിരാളികൾക്കു മറുപടി നല്കയുമാണ്. വളരെയേറെ വിശദീകരണം ആവശ്യമുള്ള പ്രസ്താവനകളാണിവിടുള്ളത്. ഗലാ 3,16ൽ മറ്റൊരു പ്രവണത കാണാം: *വാഗ്ദാനങ്ങൾ ലഭിച്ചത് അബ്രാഹത്തിനും അവന്റെ സന്തതിക്കുമായാണ്. ... സന്തതിക്ക് എന്നാണ് പറഞ്ഞിട്ടുള്ളത്. അതു ക്രിസ്തുവിനെ ഉദ്ദേശിച്ചാണ്. അതു ക്രിസ്തുവിനെ ഉദ്ദേശിച്ചാണ്* എന്ന നിഗമനത്തിലേക്കു ലേഖകൻ എടുത്തുചാടുകയല്ലേ? ചിലപ്പോൾ അദ്ദേഹം ചില തത്വങ്ങൾ പ്രസ്താവിച്ചിട്ട് അവയിൽനിന്നു നേരിട്ടു നിഗമനത്തിലേക്കു കുതിക്കുന്നതായി അനുവാചകർക്ക് അനുഭവപ്പെടുന്നെന്ന് നിരൂപകർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. തത്വങ്ങൾ അനുക്രമമം വിശദീകരിച്ച് വായനക്കാരെ നിഗമനങ്ങളിലേക്കു നയിക്കാൻ അപ്പോസ്തലൻ സാവകാശം കാണിക്കുന്നില്ല. സ്വന്തം അന്തർദർശനത്തിന്റെ വെളിച്ചത്തിൽ അദ്ദേഹത്തിനു കാര്യം വ്യക്തം. അതിനാൽ അദ്ദേഹത്തിന് എടുത്തുചാടാം. അനുവാചകർക്ക് അവ്യക്തവും.[17] ഒരിടത്തു പറഞ്ഞതിനു നേരേ വിപരീതമായി മറ്റൊരിടത്തു പറയുന്നതായി തോന്നുന്ന അനുഭവവുമുണ്ട് (റോമ 2,13ഉം 3,20ഉം). പ്രതിവിധി ക്ഷമയും അന്വേഷണവും.

### 6.6.4 സാന്ദർഭികങ്ങൾ

രചനകളെല്ലാം ഓരോരോ സന്ദർഭങ്ങളിൽ സഭകളിലുയർന്ന പ്രത്യേക പ്രശ്നങ്ങൾക്കു പരിഹാരം പറഞ്ഞുകൊടുക്കുന്നവയാണ്. ആ നിലയ്ക്ക് *അഡ്ഹോക്* കത്തുകളാണ്! മുൻകൂട്ടി ചിന്തിച്ചെഴുതിയവയല്ല. അതിനർത്ഥം ഓരോന്നും എഴുതാനാരംഭിച്ചപ്പോൾ (പറഞ്ഞുകൊടുത്തെഴുതിപ്പിക്കാൻ തുടങ്ങിയപ്പോൾ) അതാതിന്റെ പൂർണരൂപം പൗലോസിന്റെ മനസ്സിൽ ഇല്ലായിരുന്നു എന്നല്ല. ഓരോ സഭയുടെയും പ്രശ്നങ്ങളും സാഹചര്യങ്ങളും വ്യത്യസ്തങ്ങളാവാം. ഒരിടത്തു വിശ്വാസികളുടെയിടയിലുണ്ടായ തെറ്റിദ്ധാരണകളാകാം. അവ തിരുത്താനാകും അപ്പോസ്തലൻ എഴുതുക (ഉദാ: ഗലാത്തിയാലേഖനം). വേറൊരിടത്തു വിശ്വാസികൾക്കുണ്ടായ സംശയങ്ങളും സന്ദേഹങ്ങളും ദൂരീകരിക്കാനാകും എഴുതുക (ഉദാ: തെസലോനിക്കർക്കുള്ള ഒന്നാം ലേഖനം). മറ്റൊന്ന് ക്രിസ്തീയ വിശ്വാസവും വിശ്വാസജീവിതവും കൂടുതൽ വിശദമാക്കാനാകും (ഉദാ: റോമർക്കുള്ളത്). ഒന്നു മറ്റൊന്നിന്റെ തുടർച്ചയായി, ഒരു രചനയുടെ പല വാല്യങ്ങളായി, എഴുതിയവല്ല പൗലോസിന്റെ ലേഖ

[17]പുന്നക്കോട്ടിൽ, "സെന്റ് പോൾ ഒരു ആമുഖപഠനം," 9;

[18]മലേപ്പറമ്പിൽ, "വിശുദ്ധ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ," 180 181.

നങ്ങൾ. ആ നിലയ്ക്ക് അവയ്ക്കു മൊത്തത്തിൽ തുടർച്ചയില്ല. എന്നാൽ, ദൈവശാസ്ത്രപരമായി അടിസ്ഥാനപരമായ തുടർച്ചയും ഏകതാനതയും ഉണ്ട്. കൂടാതെ, ഒരു പ്രമേയത്തിന്റെ പല വശങ്ങൾ പല ലേഖനങ്ങളിൽ അവതരിപ്പിച്ചിട്ടുണ്ട്: ഉദാ: സ്നേഹത്തെക്കുറിച്ച് ഗലാ 5,13–15ലും1 കോറി 13ലും റോമ 8,31–40ലും 13,8–10ലും).

### 6.6.5 ഭാഗികാവതരണങ്ങൾ

ഒരു വസ്തുതയുടെ വിവിധ വശങ്ങൾ ഒരിടത്തു ചർച്ച ചെയ്യാതെ പലയിടങ്ങളിൽ ചിതറിക്കിടക്കുന്നതും പൗലോസിന്റെ ലേഖനങ്ങളിൽ കാണാം. ഉദാ: നിയമത്തെപ്പറ്റി ഗലാ 2,16–21;3,22–4;4,4–5;5,18;6,2ഉം റോമ 2,12–27;3,19–31;4,13–16;5,13.20;6,14–15;7,1-25,8,2–7;9,21.31;10,4ഉം; പ്രത്യേകിച്ച് ഗലാ 3ഉം റോമ 7ഉം. സ്നേഹത്തെപ്പറ്റി 1 കോറി 13,1–13ഉം റോമ 8,31–39ഉം. ഭാഷാവരത്തെപ്പറ്റി 1 കോറി 12,10–11ഉം 12,30ഉം 13,1ഉം 14,1 2–25ഉം 14,26–33ഉം ഓരേ കാര്യത്തെപ്പറ്റി പലയിടങ്ങളിലുള്ളവ കൂട്ടിവായിച്ചില്ലെങ്കിൽ അതെപ്പറ്റിയുള്ള ധാരണ ഭാഗികമാകും. ഏതെങ്കിലും ഒരിടത്തു മാത്രമുള്ള ആശയങ്ങൾ ആസ്പദമാക്കി ഈ വിഷയങ്ങളെപ്പറ്റി സമ്പൂർണദർശനം ലഭിക്കില്ല. ഇപ്രകാരം ഒരേ വസ്തുതയെക്കുറിച്ചു ഭാഗികപ്രസ്താവനകൾ പലയിടങ്ങളിൽ നല്കുന്നത് മനഃപൂർവമാകില്ല. വിഷയങ്ങൾക്കു വിവിധ വശങ്ങളുണ്ടെന്ന് അപ്പോസ്തലന് അറിവില്ലാഞ്ഞുമല്ല. സഭകളിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ഓരോ സന്ദർഭത്തിൽ സംഗതമായ മാനം മാത്രം അതാതിടങ്ങളിൽ നല്കുന്നു.[18] ഓരോ ലേഖനവും ഓരോ വിഷയം കൂലങ്കഷമായി ചർച്ച ചെയ്യുന്ന പ്രബന്ധങ്ങളല്ലല്ലോ അപ്പോസ്തലന്റെ രചനകൾ.

മുൻഖണ്ഡികയിൽ കണ്ടതിനോടു സാമ്യമുള്ള വേറോരു പ്രവണതയുണ്ട്: ഒരാശയം ആകസ്മികമായി ഒരിടത്തു സൂചിപ്പിച്ചിട്ട് മറ്റൊരിടത്ത് കൂടുതൽ വിശദമാക്കുക. ഒരേ ആശയം പലയിടങ്ങളിൽ അനുസ്മരിക്കുന്നു. ഓരോ തവണയും ആശയത്തിന്റെ ഓരോ പുതിയ വശം വ്യക്തമാക്കയോ ആശയത്തിലേക്കു കൂടുതൽ വെളിച്ചം വീശുകയോ ചെയ്യുന്നു. അങ്ങനെ ഓരോ തവണയും ആശയവികാസം പുരോഗമിക്കുന്നു. ഉദാ: ഗലാ 3,6–14;റോമ 3,29–31;8.[19]

### 6.6.6 സമാന്തരത്വങ്ങൾ?

ഒരാശയത്തിൽനിന്നു മറ്റൊരാശയത്തിലേക്കു കടന്ന് അവസാനം ആദ്യത്തെ ആശയത്തിലേക്കു തിരിച്ചുപോകുന്നതിനും ഉദാഹരണങ്ങളുണ്ട് (ഉദാ: ഗലാ 2,16–21;3,6–14:റോമ 12,9–21). ഇതിന്റെ വികസിതരൂപമെന്നോണം വിപരീതസമാന്തരത്വം (ഖ്യാസം: $X$: കേന്ദ്രീകൃത

[18]പുന്നക്കോട്ടിൽ, ''സെന്റ് പോൾ ഒരു ആമുഖപഠനം,'' 10–11;

[19]പുന്നക്കോട്ടിൽ, ''സെന്റ് പോൾ ഒരു ആമുഖപഠനം,'' 10.

നിബന്ധം) പൗലോസിന്റെ ചില ലേഖനങ്ങൾക്കു മൊത്തമായോ ചില ഭാഗങ്ങളിലോ കാണാമെന്ന നിലപാട് ചില വ്യാഖ്യാതാക്കൾ സ്വീകരിച്ചിട്ടുണ്ട്. ഒരു പാഠത്തിലെ ആശയഘടകങ്ങളെ ഒരു ബിന്ദുവിനെ കേന്ദ്രീകരിച്ച് രണ്ടു പ്രധാന ഭാഗങ്ങളാക്കി ആദ്യ പകുതിക്കു സമാന്തരമായി രണ്ടാം പകുതിയിലുള്ളവ കീഴ്മേൽ മറിച്ചിട്ട് നിബന്ധിക്കുന്ന രീതിയാണ് വിപരീതസമാന്തരത്വം. അത് ഏകകേന്ദ്രികമോ (A-B-A) സമകേന്ദ്രികമോ (A-B-B-A) ആകാം. ജോൺ ബ്ലിഗ് ഗലാത്തിയർക്കുള്ള ലേഖനം A-B-A ഘടനയിൽ ഇപ്രകാരം വിശദമാക്കുന്നു:[20]

A ആമുഖം (1,1–12)
B ആത്മകഥാഭാഗം (1,13–2,10)
C വിശ്വാസത്താൽ നീതീകരണം (2,11–3,4)
D തിരുഗ്രന്ഥത്തിൽനിന്നുള്ള വാദന്യായം (3,5–29)
E വ്യാസകേന്ദ്രം (4,1–10)
D' തിരുഗ്രന്ഥത്തിൽനിന്നുള്ള വാദന്യായം (4,11–31)
C' വിശ്വാസത്താൽ നീതീകരണം (5,1–10)
B' ധർമോപദേശഭാഗം (5,11–6,11)
A' ഉപസംഹാരം (6,12–18).

ജോൺ ബ്ലിഗ് ഗലാ 4,1–7 A-B-B-A ഘടനയിൽ താഴെക്കാണുംവിധം വിശദമാക്കുന്നു:[21]

A അവകാശി *ശിശുവും ദാസനും* (4,1)
B *പിതാവ്* നിശ്ചയിച്ച സമയം വരെ (4,2)
C സമയം സമാഗതമായപ്പോൾ *ദൈവം* തന്റെ *പുത്രനെ* അയച്ചു (4,4)
D *നിയമത്തിന്* അധീനനാക്കി (4,4)
D' *നിയമത്തിന്* അധീനരായവരെ വീണ്ടെടുക്കേണ്ടതിന് (4,5)
C' *ദൈവം* തന്റെ *പുത്രന്റെ* ആത്മാവിനെ അയച്ചു (4,6)
B' അബ്ബാ, *പിതാവേ*, എന്നു നിങ്ങൾ വിളിക്കുന്ന (4,6)
A' നീ ഇനിമേൽ *ദാസനല്ല*, *പുത്രനും അവകാശിയു*മാണ്(4,7).

[20]Murphy-O'Conner, *Paul the Letter-Writer*, 87. ഗലാത്തിയാക്കാർക്കുള്ളതിനു കൂടാതെ, 1 കോറിന്തോസ്, എഫേസോസ്, ഫിലെമോൻ, 1 & 2 തിമോത്തിയോസ് എന്നീ ലേഖനങ്ങൾക്കും ഇതേ ഘടന J.W.Welch കാണുന്നു, Murphy-O'Conner, *Paul the Letter-Writer*, 88. ഈ ഘടനയനുസരിച്ച് John Noel Aletti റോമ 9,6–29 വിശദമാക്കുന്നു: "Romans," *IBC*, 1664-1665. A.Brunot 1 കോറി 5,1–6ലും 8,1–11,1ലും 11,17–34ലും 12,14ലും 2 കോറി മുഴുവനിലും A-B-A ഘടന കാണുന്നു. Murphy-O'Conner, *Paul the Letter-Writer*, 94-95.

[21]Murphy-O'Conner, *Paul the Letter-Writer*, 87.

വ്യാഖ്യാതാക്കളുടെ താത്പര്യമനുസരിച്ചു വിപരീതസമാന്തരത്വത്തിന്റെ ആശയക്രമീകരണത്തിൽ വ്യത്യാസമുണ്ടാകാമെന്നും, പലപ്പോഴും ചില പദങ്ങളെ ആസ്പദമാക്കി ഈ ഘടനാക്രമീകരണം നടത്തുന്നു എന്നുമുള്ള ന്യൂനത ശ്രദ്ധിക്കേണ്ട നിരീക്ഷണം തന്നെ. ഇത്രയും വിശദവും സങ്കീർണവുമായ ഘടനയെക്കുറിച്ചു ക്ലാസ്സിക്കൽ ഗ്രീക്കുപ്രഭാഷണശാസ്ത്രഗ്രന്ഥങ്ങളിലില്ല എന്നും നിരൂപകർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.[22]ഏറിയകൂറും വ്യാഖ്യാതാക്കളുടെ മനോധർമത്തെ ആശ്രയിച്ചുള്ളതാണെങ്കിലും ലേഖനങ്ങളുടെ സസൂക്ഷ്മമായ പഠനത്തിനു സഹായകമായതിനാൽ ഈ രീതി പ്രയോജനപ്പെടുത്താവുന്നതാണ്. സമാന്തരത്വത്തിന്റെ മറ്റു രൂപങ്ങളും (ഉദാ: A-B-A'-B': അനുരൂപസമാന്തരത്വം)[23]പൗലോസിന്റെ ലേഖനങ്ങളിൽ കാണാം.

പലപ്പോഴും ഒരാശയം അവതരിപ്പിക്കുമ്പോൾ അതിനു വിപരീതമായ ആശയത്തിലേക്കും അപ്പോസ്തലൻ കടക്കുന്നുണ്ട്. പരസ്പരവിരുദ്ധമായ ആശയങ്ങളെ ഒരിടത്ത് അവതരിപ്പിക്കുന്നു. കൃപയെപ്പറ്റി പ്രതിപാദിക്കുമ്പോൾ നിയമവും നീതിയെപ്പറ്റിയാകുമ്പോൾ കോപവും ആത്മാവിനെക്കുറിച്ചാകുമ്പോൾ ജഡവും ജീവനെക്കുറിച്ചാകുമ്പോൾ മരണവും പുതിയ മനുഷ്യനെപ്പറ്റിയെങ്കിൽ പുതിയ മനുഷ്യനും കടന്നുവരുന്നു.[23]

### 6.6.7 ആശയങ്ങൾക്കു വ്യക്തിത്വം:

ചില ആശയങ്ങൾക്കു വ്യക്തിത്വം കല്പിക്കുന്ന രീതിയും പൗലോസിനുണ്ട്. പാപം ഒരു മാരകശക്തിയും (റോമ 5,12–13;7,13) മരണം ഒരു ഭീകരരൂപിയുമാണല്ലോ (1 കോറി 15,26.54.55;റോമ 5,14). തന്റെ ഭരണം വ്യാപിപ്പിക്കാൻ കിണഞ്ഞു ശ്രമിക്കുന്ന ശക്തിയാണു മരണം (റോമ 5, 14.17.21). യേശുവിന്റെ മരണം അതിനെ കീഴടക്കി (1 കോറി 15,26.54.56). നിയമവും (ഗലാ 3,13;റോമ 4,15) ജഡവും (ഗലാ 1,16;1 കോറി 15,50) വ്യക്തികളെപ്പോലെ പെരുമാറുന്നതായി ചിത്രീകരിക്കുന്നു. ആശയങ്ങൾക്കു വ്യക്തിത്വം സങ്കല്പിക്കുന്ന രീതിപൗലോസ് തിരുഗ്രന്ഥത്തിൽനിന്നു പഠിച്ചതാകും. അതിൽ ജ്ഞാനം, ദൈവത്തിന്റെ വചനം, മൗഢ്യം എന്നിവയ്ക്കു വ്യക്തിത്വം കല്പിച്ചിട്ടുണ്ടല്ലോ (പ്രഭാ 24,1–22; ജ്ഞാനം 9,10).[24]

### 6.6.8 യഹൂദതിരുഗ്രന്ഥത്തിന്റെയും യഹൂദദൈവശാസ്ത്രത്തിന്റെയും സ്വാധീനം

ഇവ ലേഖനങ്ങളിൽ വളരെ പ്രകടമാണ്. യഹൂദതിരുഗ്രന്ഥം അദ്ദേഹത്തിന്റെ ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനങ്ങളിലൊന്നാണ്. തിരു

[22]Murphy-O'Conner, *Paul the Letter-Writer*, 79-95.

[23]Jean Noel Aletti, "Romans," *IBC*, 1656., 94-95.

[24]പുന്നക്കോട്ടിൽ, "സെന്റ് പോൾ ഒരു ആമുഖപഠനം," 10.

ഗ്രന്ഥത്തിന്റെ സ്വാധീനത്തിന്റെ ആക്കമറിയാൻ ഒരു പാഠഭാഗം മാത്രം മതിയാവും: റോമ 3,10-18. പാപത്തിന്റെ സാർവത്രികത തിരുഗ്രന്ഥം കൊണ്ടു തെളിയിക്കുകയാണ്. പരസ്പരബന്ധിതങ്ങളായ തിരുഗ്രന്ഥോ ദ്ധരണികളാണ് ചേർത്തിട്ടുള്ളത്. വാക്യ. 10-12ബി = സങ്കീ 14,1-3: തിന്മ യുടെ സാർവത്രികതയ്ക്ക് അടിവരയിടുന്നു. വാക്യം 13എ = സങ്കീ 5,9: *ആകെപ്പാടെ വഷളത്തം* (തൊണ്ടയും /നാവും). വാക്യം 13ബി = സങ്കീ 140,3: *അധരങ്ങൾ*. വാക്യം14 = സങ്കീ 10,7: *വായ്*. വാക്യ 15-17 = ഏശ 59,7-8: *പാദങ്ങളും പാതകളും*. വാക്യം 18 (വാക്യ 10-12 ചുരുക്കി ആവർ ത്തിക്കുന്നു) = സങ്കീ 36,1.[25] അപ്പോസ്തലൻ ഉപയോഗിക്കുന്ന ചില പ്രധാന പദങ്ങളുടെ അർത്ഥസമ്പുഷ്ടിതന്നെ യഹൂദദൈവശാസ്ത്രത്തി ന്റെ സ്വാധീനത്തിന്റെ സൂചകങ്ങളായുണ്ട്. ഉദാഹരണമായി, *എവ്വങ്ഗേ ലിയോൻ* (= സുവിശേഷം), *സോറ്റേറിയ* (= രക്ഷ), *അപൊല്യൂട്രോ സിസ്* (= വീണ്ടെടുപ്പ്), *ബസിലെയിഅ* (= രാജ്യം), *പ്നെയ്യൂമ* (= ആത്മാ വ്) എന്നീ പദങ്ങൾ. അവയ്ക്കു സാധാരണ ഗ്രീക്കുകാരുടെ സങ്കല്പ ത്തിനപ്പുറത്തുള്ളതും തിരുഗ്രന്ഥപാരമ്പര്യത്തിലുള്ളതിനെ സമ്പുഷ്ടമാ ക്കുന്നതുമായ അർത്ഥമാണ് പൗലോസിന്റെ ലേഖനങ്ങളിൽ.

### 6.6.9 പദങ്ങൾക്കു പുതിയ അർത്ഥവ്യാപ്തി:

ചില ഗ്രീക്കുപദങ്ങൾ അവയുടെ അർത്ഥത്തിനു പുതിയ മാനങ്ങൾ സങ്കല്പിച്ച് പൗലോസ് ഉപയോഗിക്കുന്നതിനും ലേഖനങ്ങൾ സാക്ഷി യാണ്. ഉദാഹരണത്തിന് *പറൂസിയ* (= സാന്നിദ്ധ്യം, ആഗമനം), *എലെ യ്യൂതെറിയ* (= സ്വാതന്ത്ര്യം), *മ്യൂസ്റ്റേറിയോൻ*[26] (= രഹസ്യം), *ക്യൂറി യൊസ്* (= നാഥൻ, യജമാനൻ, കർത്താവ്). ഇവയ്ക്കു ദമാസ്കസനു ഭവത്തിന്റെയും ക്രിസ്തുവിശ്വാസത്തിന്റെയും വെളിച്ചത്തിൽ പുതിയ അർത്ഥസങ്കല്പങ്ങളേകി. കൊയ്നെഗ്രീക്കിലെ ഒരേ പദം സാധാരണ യർത്ഥത്തിലും മറ്റർത്ഥകല്പനകളോടും ഉപയോഗിക്കുന്നുമുണ്ട്. ഉദാ: *കോസ്മോസ്* (= പ്രപഞ്ചം, ലോകം), *സോമ* (= ശരീരം), *സാർക്സ്* (= ജഡം), *ഖാറിസ്* (= പ്രസാദം, ദയ, കരുണ, കൃപ), *അഗപേ* (= സ്നേഹം).[27] ക്രൈസ്തവദൈവശാസ്ത്രത്തിനു എന്നേക്കുമായി വിശി ഷ്ടരൂപം നല്കത്തക്കവിധം ചില പദങ്ങൾ പൗലോസ് പ്രയോഗിക്കാ നാരംഭിച്ചു. അതിനെ നിത്യനൂതനമാക്കുന്ന മൂന്നു പദങ്ങളാണ് *സുവി ശേഷം*, *കൃപ*, *സ്നേഹം* എന്നിവ.[27]

### 6.6.10 ഗ്രേക്കോ-റോമൻ പ്രഭാഷണകലയുടെ സ്വാധീനം:

ഗ്രേക്കോ-റോമൻ പ്രഭാഷണശാസ്ത്രവിധിയനുസരിച്ച് *അവധാന പൂർമായ പ്രഭാഷണങ്ങളുടെ* (deliberative speeches) ഘടനയുടെ ക്രമം

[25]പുന്നക്കോട്ടിൽ, ''സെന്റ് പോൾ ഒരു ആമുഖപഠനം,'' 11.

[26]J.Fitzmyer, *According to Paul*, 27-28. [27]Dunn, *Theology of Paul*, 70-73, 733; പുന്നക്കോട്ടിൽ, ''സെന്റ് പോൾ ഒരു ആമുഖപഠനം,'' 8.

ഇപ്രകാരമാണ്: 1. ആമുഖം (*exordium*), 2. വസ്തുതാകഥനം (*narratio*), 3. വിഷയാവതരണം (*propositio*:തീസിസ്), 4. സ്ഥിരീകരണം (തെളിവുകളുദ്ധരിച്ചു വാദം: *probatio / argumentatio*), 5. ഉപസംഹാരം (*peroratio*). ഈ ഘടന പൗലോസിന്റെ ചില ലേഖനത്തിനു മുഴുവനും ലേഖനഭാഗങ്ങൾക്കും ഉള്ളതായി ചില വ്യാഖ്യാതാക്കൾ ചൂണ്ടിക്കാട്ടുന്നുണ്ട്.[28]

## ആസ്വാദനം

അപ്പോസ്തലനായ പൗലോസിന്റെ ലേഖനങ്ങളെല്ലാം ക്രി.വ. ഒന്നാം നൂറ്റാണ്ടിന്റെ 50-60കളിൽ ഏഷ്യാമൈനറിലെയും റോമിലെയും വിവിധ സഭകൾ അഭിമുഖീകരിച്ച പ്രശ്നങ്ങൾ മുൻനിർത്തി അവയ്ക്ക് എഴുതിയവയാണ്. എങ്കിലും അവയിൽ ചർച്ചചെയ്യുന്ന പ്രശ്നങ്ങളും പ്രതിപാദിക്കുന്ന ക്രിസ്തീയ സത്യങ്ങളും സകല സഭകൾക്കും എക്കാലത്തേക്കും പ്രസക്തങ്ങളാണ്. അവയിലെ ദൈവശാസ്ത്രവിഷയങ്ങളും ധാർമികോപദേശങ്ങളും ക്രൈസ്തവവിശ്വാസത്തിനും തദനുസൃതമായ ധാർമികജീവിതത്തിനും എന്നും മാർഗനിർദേശകങ്ങളാണ്.

പൗലോസിന്റെ ലേഖനങ്ങൾ ആദിമക്രിസ്തീയസഭയുടെ അടിത്തറയായ കുറെ ക്രിസ്തീയവിചാര,ധാരണകളുടെ ഏറ്റവും പുരാതനങ്ങളായ ലിഖിതസാക്ഷ്യങ്ങളാണ്. ആ നിലയ്ക്ക് ഈ ലേഖനങ്ങൾക്ക് അനന്യമായ മൂല്യമുണ്ട്. ലേഖനകർത്താവ് ഒന്നാം തലമുറയിൽപ്പെട്ട ക്രിസ്ത്യാനിയല്ല. അദ്ദേഹം തന്റെ രചനകളിൽ രേഖപ്പെടുത്തിയിട്ടുള്ളത് തനിക്ക് ഉത്ഥിതനായ ക്രിസ്തുവിൽനിന്നു നേരിട്ടും സഭയിലെ ഒന്നാം തലമുറയിൽനിന്നും പകർന്നുകിട്ടിയ ക്രിസ്ത്വനുഭവത്തിന്റെയും ക്രിസ്തീയാനുഭവത്തിന്റെയും വിചാര,ധാരണകളുടെയും (ഗലാ 1,18;1 കോറി 15,11) പുനഃപ്രകാശനമാണ്. ക്രിസ്ത്യാനിയാകുന്നതിനു മുമ്പും ക്രിസ്ത്യാനിയായശേഷവും മുൻതലമുറകളിൽനിന്നു സമ്പാദിച്ചിരുന്ന വിശ്വാസജീവിതസംബന്ധമായ അറിവിനെ തനിക്കു പ്രത്യേകം ലഭിച്ച ക്രിസ്ത്വനുഭവത്തിന്റെ ദിവ്യപ്രകാശത്തിലും അഭിസംബോധനചെയ്ത സഭകൾക്ക് സന്ദർഭമനുസരിച്ച് ആവശ്യമായ വിധമുള്ള പുനഃപ്രകാശനം.

പൗലോസിന്റെ ലേഖനങ്ങളോടു ക്രിസ്ത്യാനികളുടെ അടിസ്ഥാനപരമായ സമീപനം എങ്ങനെയായിരിക്കണം? അദ്ദേഹം അവ എഴുതിയപ്പോൾ ഉദ്ദേശിച്ച അർത്ഥം അന്വേഷിക്കാതെയും പാടേ അവഗണിച്ചും ഇന്നത്തെ ദൈവജനത്തിന്റെ വിശ്വാസത്തിനോ വ്യതിചലിച്ച ശാഠ്യങ്ങൾക്കോ ശീലങ്ങൾക്കോ അർത്ഥവത്തായതു മാത്രം അന്വേഷി

[28]ഈ ഘടനയനുസരിച്ച് Hans Dieter Betz, *Galatians*. Hermeneia, Fortress, 1979ഉം, J.A.Fitzmyer, "The Letter to the Galatians," *NJBC*, 780-790ഉം, ഗലാത്തിയാ ലേഖനം ഒന്നാകെയും, Aletti, "Romans," 1627-1674 റോമാക്കാർക്കുള്ള ലേഖനത്തിന്റെ പല ഭാഗങ്ങളും വ്യാഖ്യാനിക്കുന്നു.

ക്കുന്ന സമീപനം ഉചിതമല്ല. കാരണം പൗലോസിന്റെ ലേഖനങ്ങൾ ദൈവനിവേശിതങ്ങളായ വാക്കുകളാണ്. ദൈവത്തിന്റെ വാക്ക് മനുഷ്യരുടെ വാക്കുകളിൽ എഴുതപ്പെട്ടത്. ദൈവത്തിന്റെ വാക്കിനെ ആവിഷ്കരിക്കുന്ന ദൈവനിവേശിതങ്ങളായ മനുഷ്യവാക്കുകൾക്കും നിശ്ചിതമായ അർത്ഥമുണ്ട്. അന്ന് അദ്ദേഹം ഉദ്ദേശിച്ചതിൽനിന്നു തീർത്തും വ്യത്യസ്തമായ അർത്ഥമാകാൻ പറ്റില്ല ഇന്നത്തെ ദൈവജനത്തിനുള്ളത്. ഓരോ കാലത്തും മാറിമറിയുന്ന അർത്ഥമല്ല അവയുടേത്. അതേസമയം രചയിതാവ് രചനയിൽ ഉദ്ദേശിച്ച അർത്ഥം ബഹുമുഖിയുമാണ്. ദൈവജനവും കാലദേശങ്ങളും ശ്രദ്ധിക്കുന്നതനുസരിച്ച് അർത്ഥസാരസ്യങ്ങൾ തെളിവാർന്നുകിട്ടും. കാലങ്ങൾക്കും ജനത്തിനും പ്രസക്തമാകുന്ന അർത്ഥമുള്ള വാക്കുകൾ! മൗലികാർത്ഥം മാറുകയല്ല, പ്രസക്തമാകുകയാണ്. പ്രസക്തമാകുമ്പോൾ അർത്ഥവത്തുമാകുന്നു. പ്രസക്തിയേറുമ്പോൾ അർത്ഥങ്ങളുമേറുന്നു. അങ്ങനെ പൗലോസ് എഴുതിയപ്പോൾ ഉദ്ദേശിച്ച അർത്ഥവും ഇന്നത്തെ ദൈവജനത്തിന്റെ വിശ്വാസത്തിനുവേണ്ട അർത്ഥവും തമ്മിൽ ഐക്യവും ഏകതാനതയും ഉണ്ട്.

പൗലോസിന്റെ ലേഖനങ്ങളാണ് അദ്ദേഹത്തിന്റെ ദൈവശാസ്ത്രം നമുക്കു ലഭ്യമാക്കുന്ന ഏറ്റവും ആധികാരികമായ ഉറവിടങ്ങൾ. അപ്പോസ്തലൻ ലേഖനങ്ങളെഴുതിയത് പ്രേഷിതപ്രവർത്തനത്തിന്റെ ഭാഗമായാണ്. അതും സഭകളിലെ പ്രശ്നങ്ങളുടെ വെളിച്ചത്തിൽ. അവയോടു സംവദിച്ചുകൊണ്ട് അദ്ദേഹം ദൈവശാസ്ത്രവത്കരണം (theologize) ചെയ്യുകയായിരുന്നു. അതിനാൽ ജീവിതബന്ധിയാണ് ദൈവശാസ്ത്രം. പൗലോസ് കത്തുകളെഴുതിക്കൊണ്ടു ദൈവശാസ്ത്രവത്കരണം ചെയ്തതിന്റെ പ്രത്യേക സവിശേഷതകൂടി ഡൺ നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

> ദൈവശാസ്ത്രം സദാ അഭിവാദനങ്ങളും കൃതജ്ഞതാപ്രകാശനവും കത്തുകളുടെ തുടക്കത്തിലെ പ്രാർത്ഥനയും യാത്രാക്രമീകരണങ്ങളും വ്യക്തിപരമായ വിശദീകരണങ്ങളും കത്തുകളുടെ അവസാനമുള്ള വിടചൊല്ലലുംകൊണ്ടു ചുറ്റിപ്പൊതിഞ്ഞതായിരുന്നു. പൗലോസിന്റെ ദൈവശാസ്ത്രവത്കരണം എപ്പോഴും മനുഷ്യബന്ധങ്ങളുടെ പ്രായോഗികതകളും കുഞ്ഞുകാര്യങ്ങളുംകൊണ്ട് ആരംഭിക്കയും അവസാനിക്കയും ചെയ്തു. അദ്ദേഹത്തിന്റെ ദൈവശാസ്ത്രം എത്രമാത്രം സങ്കീർണവും ഉന്നതവിഹാരിയുമാണെങ്കിലും ദന്തഗോപുരത്തിലേതായിരുന്നില്ല. അത് ആദ്യന്തം അനുദിനജീവിതത്തിനു താക്കോലായി സുവിശേഷത്തെ അർത്ഥവത്താക്കാനും ആദ്യവസാനം ക്രിസ്തീയമായ അനുദിനജീവിതം സാദ്ധ്യമാക്കാനുമുള്ള യത്നമായിരുന്നു.[29]

[29]Dunn, *Theology of Paul*, 736-737.

# 7
# പൗലോസിന്റെ ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനങ്ങൾ

## 7.1 പൗലോസിന്റെ 'ദൈവശാസ്ത്രം'

പൗലോസ് 'ദൈവശാസ്ത്രം' എന്ന പദം പ്രയോഗിച്ചിട്ടില്ല. അദ്ദേഹത്തിന്റെ വ്യാഖ്യാതക്കളായ നാം 'ദൈവശാസ്ത്രം' എന്ന പദം ഉപയോഗിക്കുന്ന സ്ഥാനത്ത് അദ്ദേഹം ഏതു പദമാണുപയോഗിച്ചിട്ടുള്ളത് എന്ന പ്രശ്നം അവഗണിക്കാവതല്ല. പലോസ് ലേഖനങ്ങളിലെല്ലാം ആവിഷ്കരിക്കുന്നത് ക്രിസ്തുസംഭവത്തിന്റെ, പ്രത്യേകിച്ച്, യേശുക്രിസ്തുവിന്റെ സഹന-മരണോത്ഥാനങ്ങളുടെ, പുനരാഗമനമുൾപ്പടെയുള്ള, രാക്ഷാകരസന്ദേശമാണ്. ഈ സന്ദേശത്തെക്കുറിക്കാൻ *എവ്വങ്ഗേലിയൊൻ* (സദ്വാർത്ത = സുവിശേഷം) എന്ന വാക്കാണ് ഉപയോഗിക്കുന്നത്. ക്രിസ്തുസംഭവമാണ് കേന്ദ്രസ്ഥാനത്ത്. അതാണ് *സദ്വാർത്ത. ക്രിസ്തുവിന്റെ സദ്വാർത്ത* (1 തെസ 3,2; ഗലാ 1,7). 'ക്രിസ്തുസംഭവ'ത്തിൽ ത്തന്നെ ക്രൂശിതനായ ക്രിസ്തു. ക്രിസ്തുസംഭവത്തിന്റെ വിവിധ മാനങ്ങളുൾക്കൊണ്ടിട്ടുണ്ട് *ക്രൂശിതനായ ക്രിസ്തു*. ക്രൂശിത നായ ക്രിസ്തു *സദ്വാർത്തയാണ്* (1 കോറി 1,17.21-25.30; റോമ 1,16; 2 കോറി 4,4). അത് *ക്രിസ്തുവിന്റെ മഹത്വത്തിന്റെ സദ്വാർത്ത*യാണ് (2 കോറി 4,4). യേശു കർത്താവാകുന്നു എന്ന പ്രഘോഷണം (2 കോറി 4,5) *ദൈവത്തിന്റെ സദ്വാർത്ത*യാണ് (1 തെസ 2,2.8-9); ദൈവത്തിൽനിന്നുള്ളതാണ്. അതുകൊണ്ട് അതു ക്രിസ്തുവിൽനിന്നല്ല എന്നില്ല (2 കോറി 5,20; റോമ 15,18-19).

ക്രിസ്തുസംഭവത്തിൽ, *ക്രൂശിതനായ ക്രിസ്തു*വിൽ, ദൈവത്തിന്റെ രക്ഷയെക്കുറിച്ച്, അവിടുത്തെ രക്ഷാകരപദ്ധതിയുടെ, പുതിയ വെളിപ്പെടുത്തൽ നല്കപ്പെട്ടിരിക്കുന്നു. അത് *ദൈവത്തിന്റെ രഹസ്യ*മാണ് (1 കോറി 2,1-2). അപ്പോൾ, *ക്രൂശിതനായ ക്രിസ്തു രഹസ്യ*മാണ്; *സദ്വാർത്ത രഹസ്യമാണ്.* അത് സാധാരണ സമ്പർക്കമാധ്യമങ്ങളിലൂടെ ഒരിക്കലും പൂർണമായി അറിയാനാവില്ല. അത് വിശ്വാസത്തിൽ മാത്രം അറിയാനാവുന്നതാണ്. യുഗാന്തപൂർത്തിയിൽ മാത്രം പൂർണമായി അറിയാനാവുന്നതും.[1] പിതാവായ ദൈവം തന്റെ പുത്രനെ പൗലോസിനു

[1]Fitzmyer, "Pauline Theology," *NJBC*, 1384-1387.

വെളിപ്പെടുത്തിയതിനാൽ അദ്ദേഹം സദ്വാർത്ത പ്രസംഗിക്കുന്നു (ഗലാ 2,2; 1,8.11). അങ്ങനെയത് അദ്ദേഹത്തിന്റെ (*എന്റെ*) *സദ്വാർത്ത*യാണ് (റോമ 2,16). ഈ സദ്വാർത്ത വിശ്വാസമാണ് (ഗലാ 1,23). അതിന്റെ പല മാനങ്ങൾ അദ്ദേഹം സഭകൾക്കെഴുതിയ ലേഖനങ്ങളിൽ ആവിഷ്ക രിച്ചിട്ടുണ്ട്. ക്രിസ്തുവിന്റെ സദ്വാർത്തയും അതിന്റെ പല മാനങ്ങളും (വിശ്വാസവും അതിന്റെ മാനങ്ങളും) പൗലോസ് ആവിഷ്കരിച്ചിട്ടുള്ള താണ് പൗലോസിന്റെ ദൈവശാസ്ത്രം എന്നു നാം വിവക്ഷിക്കുന്നത്.

## 7.2 പൗലോസിന്റെ ദൈവശാസ്ത്രത്തിന്റെ പശ്ചാത്തലങ്ങൾ

### 7.2.1 യഹൂദ,ഫരിസേയ പശ്ചാത്തലം

പൗലോസിന്റെ ബാല്യം, വിദ്യാഭ്യാസം, പ്രേഷിതപ്രവർത്തനം, ലേഖനങ്ങൾ എന്നിവയെക്കുറിച്ചുള്ള നമ്മുടെ അവലോകനം അദ്ദേഹ ത്തിന്റെ ദൈവശാസ്ത്രത്തിന്റെ പശ്ചാത്തലവൈവിധ്യത്തിലേക്കും വിരൽ ചൂണ്ടുന്നവയായിരുന്നു. ദൈവശാസ്ത്രത്തെ സ്വാധീനിച്ച ഘടകങ്ങളിൽ അഞ്ചെണ്ണം സവിശേഷ ശ്രദ്ധ അർഹിക്കുന്നു. 1. യഹൂദ, ഫരിസേയ പശ്ചാത്തലം; 2. ഗ്രേക്കോ-റോമൻ യവന പശ്ചാത്തലം; 3. ആദിസഭയുടെ (പുരാതന) പാരമ്പര്യം; 4. പൗലോസിന്റെ ദമാസ്കസ് അനുഭവം; 5.അദ്ദേഹത്തിന്റെ പ്രേഷിതാനുഭവം.

പൗലോസിന്റെ ബാല്യം, വിദ്യാഭ്യാസം, ലേഖനങ്ങളുടെ സവിശേ ഷതകൾ എന്നിവയുടെ ചർച്ചകളിൽ അദ്ദേഹത്തിന്റെ ശക്തമായ യഹൂ ദ,ഫരിസേയ പശ്ചാത്തലം അനുസ്മരിച്ചു. ഫരിസേയപാരമ്പര്യത്തിൽ പ്പെട്ട ഒരു യഹൂദനായിരിക്കുന്നതിൽ അദ്ദേഹം അഭിമാനിക്കുന്നു (ഫിലി 3,5-6;ഗലാ 1,14;2 കോറി 11,22). ലേഖനങ്ങൾ എഴുതപ്പെട്ടത് യഹൂദതി രുഗ്രന്ഥത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും ശക്തമായ സ്വാധീന ത്തിലാണെന്നു മുകളിൽ ചൂണ്ടിക്കാട്ടി. പൗലോസിന്റെ വിചാരഭാഷ (ദൈവശാസ്ത്രഭാഷ) അടിസ്ഥാനപരമായി ഹെബ്രായമയമാണ്.

ഇപ്പറഞ്ഞതു സൂചിപ്പിക്കുന്നത് ക്രിസ്തുവിശ്വാസിയായശേഷവും പൗലോസിന്റെ വിശ്വാസം വലിയൊരളവുവരെ തന്റെ പൂർവപിതാക്ക ന്മാരുടെ മതവും വിശ്വാസവുമായിത്തന്നെ നിലനിന്നു എന്നാണ്. ക്രിസ്തുവിലുള്ള വിശ്വാസം പൂർവവിശ്വാസത്തിൽനിന്നുള്ള വ്യതിച ലനമായല്ല, പൂർത്തീകരണമായാണ് പൗലോസ് കണ്ടത്. വിജാതീയരുടെ അപ്പോസ്തലൻ എന്ന നിലയിലും അദ്ദേഹം യഹൂദനും ഇസ്രായേൽ ക്കാരനുമായിരുന്നു. പൗലോസിന്റെ കാലത്തെ യഹൂദമതത്തിന്റെ നെടും തൂണുകൾ നാലായിരുന്നു — ദൈവം (ഏകദൈവവിശ്വാസം), തിരഞ്ഞെ ടുപ്പ് (ഇസ്രായേൽ), നിയമം (തോറാ), ദേവാലയം.[2]ഇവയെപ്പറ്റി പൗലോസിന്റെ ദൈവശാസ്ത്രത്തിന്റെ നിലപാടെന്ത്?

[2]Dunn, *Theology of Paul*, 717-722.

**7.2.1.1. ഏകദൈവവിശ്വാസം**

പൗലോസിന്റെ ദൈവശാസ്ത്രത്തിന്റെ അടിത്തറ അദ്ദേഹം യഹൂദനായിരിക്കുമ്പോൾ പുലർത്തിയ ഏകദൈവവിശ്വാസംതന്നാണ്. ദൈവപുത്രനായ ക്രിസ്തുവിനെ ദൈവത്തോടു ബന്ധപ്പെടുത്തിയതുകൊണ്ടോ പരിശുദ്ധാത്മാവിനെക്കുറിച്ചു വർണിക്കുമ്പോഴോ യഹൂദപാരമ്പര്യത്തിൽ ലഭിച്ച ഏകദൈവവിശ്വാസത്തിനു മാറ്റമില്ല. അത് കൂടുതൽ വ്യക്തമാക്കപ്പെട്ടതേയുള്ളു. പത്തു കല്പനകളിൽ ഒന്നും രണ്ടും കല്പിക്കുന്നതിൽനിന്നു തെല്ലിട വ്യതിചലിച്ചൊരു ദൈവശാസ്ത്രമില്ല പൗലോസിന്. ഏകദൈവവിശ്വാസംതന്നാണ് അദ്ദേഹത്തിന്റെ ദൈവശാസ്ത്രത്തിന്റെ മൂലക്കല്ലും അടിത്തറയും.

അതേ സമയം പൗലോസ് യേശുക്രിസ്തുവിന്റെ ഉന്നത സ്ഥാനത്തെപ്പറ്റി വാചാലനാണ്: ക്രിസ്തു *സർവാധിപനായ ദൈവവും എന്നേക്കും വാഴ്ത്തപ്പെട്ടവനു*മാണ് (റോമ 9,5).[3] ... *ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം അവനു നല്കുകയും ചെയ്തു. ഇത് യേശുവിന്റെ നാമത്തിനു മുമ്പിൽ എല്ലാ മുഴങ്കാലുകളും മടങ്ങുന്നതിനും യേശുക്രിസ്തു കർത്താവാണെന്ന് പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിനായി എല്ലാ നാവുകളും ഏറ്റുപറയേണ്ടതിനും വേണ്ടിത്തന്നെ* (ഫിലി 2,1-11). ഇപ്രകാരം യേശുക്രിസ്തുവിന്റെ ഔന്നത്യം ഏറ്റുപറയുമ്പോഴും പിതാവായ ദൈവത്തിന്റെ ഉപരിസ്ഥാനത്തെപ്പറ്റി ഉണർവുള്ളവനാണ് പൗലോസ്. *യേശുവിന്റെ നാമത്തിനു മുമ്പിൽ എല്ലാ മുഴങ്കാലുകളും മടങ്ങു*മ്പോഴും *മഹത്ത്വം പിതാവായ ദൈവത്തിനുതന്നെ*യാണ്. അതിനാൽ (ഫിലി 2,1-11) ... *എല്ലാം അവന്* (ദൈവത്തിന്) *അധീനമായിക്കഴിയുമ്പോൾ, സമസ്തവും തനിക്ക് അധീനമാക്കിയവന് പുത്രൻതന്നെ അധീനനാകും. ഇത്, ദൈവം എല്ലാവർക്കും എല്ലാം ആകേണ്ടതിനാണ്* (1 കോറി 15,28). *യേശുക്രിസ്തുവിലൂടെ ദൈവത്തിനു നന്ദി* (റോമ 7,25). *ക്രിസ്തുവിന്റെ തല ദൈവമാണ്* (1 കോറി 11,3). സ്രഷ്ടാവും അവസാന വിധിയാളനും ഇസ്രായേലിന്റെ ദൈവവും എന്നറിയപ്പെട്ടിരുന്ന ദൈവം *നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവും* (റോമ 15,6;2 കോറി 1,3;11,31; കൊളോ 1,3;എഫേ 1,3.17) എന്നുകൂടി അറിയപ്പെടുന്നു.

[3]Dunn, *Theology of Paul*, 717. [3]ഈ വാക്യഭാഗത്തിന് നാലു വിധം വിരാമചിഹ്നമാകാം. വിരാമചിഹ്നനിർദേശകരെ രണ്ടു പക്ഷമായി തിരിക്കാം: ദൈവം, എന്നേക്കും വാഴ്ത്തപ്പെട്ടവൻ എന്നീ വർണനകൾ ക്രിസ്തുവിനെക്കുറിച്ചല്ല, ദൈവത്തെക്കുറിച്ചാണ് എന്നും, അവ ക്രിസ്തുവിനെക്കുറിച്ചാണ് എന്നും രണ്ടു പക്ഷം. ഫിലി 2,1-11ലെ സന്ദർഭത്തിൽ ക്രിസ്തുവിനെക്കുറിച്ചാകാനേ വഴിയുള്ളു. കൂടുതൽ വിവരങ്ങൾക്ക്, Fitzmyer, “The Letter to the Romans,” *NJBC*, 856 No. 94.

*ദൈവം, കർത്താവ്* എന്നീ സംജ്ഞകൾ യേശുക്രിസ്തുവിന് ഉപയോഗിക്കുമ്പോഴും *ക്രിസ്തു ദൈവത്തിന്റേതാണ്* (1 കോറി 3,23), *കിസ്തുവിന്റെ തല ദൈവമാണ്* (1 കോറി 11,3) എന്നിത്യാദി പ്രഖ്യാപനങ്ങളിലും കേൾക്കുന്നത് പൗലോസിന്റെ ഏകദൈവവിശ്വാസത്തിന്റെ മുഴക്കംതന്നെ.

സമാനമാണ് ദൈവാത്മാവിന്റെ കാര്യവും. ആത്മാവായ ദൈവം പൗലോസിന് അനുഭവപ്പെട്ടത് ജീവിപ്പിക്കുന്നതും (റോമ 8,5-11) പ്രചോദിപ്പിക്കുന്നതുമായ (1 തെസ 1,6; കോറി 12,11) ഒരു രഹസ്യശക്തിയായാണ്. ഈ ദൈവാത്മാനുഭവം മോശയും (2 കോറി 3,16 : പുറ 32,15-16) മുൻപ്രവാചകന്മാരും സാക്ഷ്യപ്പെടുത്തുന്ന റൂഹാനുഭവത്തോട് ഒത്തുപോകുന്നതാണ്. *ക്രിസ്തുവിന്റെ ആത്മാവ്* എന്നു വിളിക്കുന്നത് ദൈവത്തിന്റെ, ദൈവം തന്നെ, ആത്മാവിനെത്തന്നത്രേ (2 കോറി 2,2; 5,5; റോമ 8,9). ക്രിസ്തുവിനോടു ബന്ധപ്പെടുത്തുകവഴി ദൈവാത്മാനുഭവം കൂടുതൽ വ്യക്തമായി നിർവചിക്കാനും തിരിച്ചറിയാനും സാധിക്കുന്നു.[4] എങ്കിലും യേശുക്രിസ്തു കർത്താവായി മഹത്വപ്പെടുത്തപ്പെട്ടശേഷവും പിതാവായ ദൈവം ഒന്നേയുള്ളു (1 കോറി 8,6). *ക്രിസ്തു ദൈവത്തിന്റേതാണ്* (1 കോറി 3,23). ആത്മാവും ദൈവത്തിന്റേതാണ്. *ദൈവത്തിന്റെ ആത്മാവ്* എന്ന വിശിഷ്ടയഭിധാനം ദൈവത്തിൽനിന്നുള്ള ബാഹ്യോന്മുഖമായ പ്രവർത്തനത്തെ, സൃഷ്ടിപരവും പ്രവചനാത്മകവും നവീകരണാത്മകവുമായ ദൈവസാന്നിധ്യവും ഇടപെടലും, അഭിവ്യഞ്ജിപ്പിക്കുന്നു.[5]

അതേസമയം അനേകയിടങ്ങളിൽ പരിശുദ്ധാത്മാവിനെ ക്രിസ്തുവിൽനിന്നു വ്യക്തമായി വ്യവച്ഛേദിക്കുന്നില്ല പൗലോസ്. ജോസഫ് ഫിറ്റ്സ്മിയെർ പല ഉദാഹരണങ്ങൾ എടുത്തുകാട്ടുന്നു:[5] ക്രിസ്ത്യാനിയിലുള്ള ദൈവത്തിന്റെ അധിവാസം റോമ 8,9-11ൽ വിവരിക്കുന്നിടം ശ്രദ്ധിക്കുക: *ദൈവത്തിന്റെ ആത്മാവ്, ക്രിസ്തുവിന്റെ ആത്മാവ്, ക്രിസ്തുയേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ്* എന്നിവ മൂന്നും അന്യോന്യം വച്ചുമാറത്തക്ക വിധമാണ് നല്കിയിട്ടുള്ളത്. ഇതോടു ചേർത്ത്, ക്രിസ്തുവിനുള്ള ഇപ്പറയുന്ന അഭിധാനങ്ങളും സമാന വർണനകളും: *ഉത്ഥാനത്താൽ ജീവദായക ആത്മാവായ* (= ആത്മാവായിത്തീർന്ന) *അവസാനത്തെ ആദം* (1 കോറി 15,45), *വിശുദ്ധിയുടെ ആത്മാവിനനുസൃതം മരിച്ചവരിൽനിന്നുള്ള ഉത്ഥാനംവഴി ശക്തിയിൽ ദൈവപുത്രനായി നിശ്ചയിക്കപ്പെട്ടവനും നമ്മുടെ കർത്താവുമായ യേശുക്രിസ്തു...* (റോമ 1,4). *പുത്രന്റെ ആത്മാവിന്റെ*യും (ഗലാ 4,6) *യേശുക്രിസ്തുവിന്റെ ആത്മാവിന്റെ*യും (ഫിലി 1,19) *അയപ്പിനെ*പ്പറ്റിയും പൗലോസ് പരാമർശിച്ചിട്ടുണ്ട്. ഒരേ ശ്വാസത്തിൽ *ആത്മാവായ*

[4& 5]Fitzmyer, "Pauline Theology," *NJBC*, 1396, Nos. 61-64ഖണ്ഡികകൾ

*കർത്താവ്, കർത്താവ് ആത്മാവാകുന്നു* (3,18) എന്നിങ്ങനെയുമുണ്ട് ക്രിസ്തുവിനെക്കുറിച്ച്. ക്രൈസ്തവ ദൈവശാസ്ത്രവത്കരണത്തിന്റെ ആരംഭദശയിൽ കർത്താവായ യേശുവുവും പരിശുദ്ധാത്മാവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പൗലോസിന്റെ അവ്യക്തത നമ്മെ അദ്ഭുതപ്പെടുത്തേണ്ട വകയല്ല. ദൈവാത്മാവിനെക്കുറിച്ചുള്ള പഴയ നിയമധാരണകളുടെ സ്വാധീനത്തിൽനിന്ന് പൊടുന്നനേ വിടുതൽ പ്രാപിക്കുക അസാധ്യമായിരുന്നല്ലോ പൗലോസിന്. എങ്കിൽത്തന്നെയും ക്രൈസ്തവ പരിശുദ്ധാത്മവിജ്ഞാനീയത്തിലേക്കുള്ള കൂട്ടക്ഷരങ്ങൾ വായനക്കാരുടെ ശ്രദ്ധയാകർഷിക്കുംവിധം അദ്ദേഹം കുറിച്ചു.

ഏകദൈവവിശ്വാസം മുറുകെപ്പിടിച്ചുകൊണ്ടുതന്നാണ് പൗലോസ് പരിശുദ്ധാത്മാവിനെക്കുറിച്ചും നീതിയെക്കുറിച്ചും വിചാരം ചെയ്യുന്നത്. ആത്മാവിനു 'കർത്താവ്' എന്ന നാമധേയം പൗലോസ് ഉപയോഗിക്കുന്നു (2 കോറി 3,18). പിതാവായ ദൈവത്തിൽനിന്നും പുത്രനിൽനിന്നും വ്യതിരിക്തനായി പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നതായും അദ്ദേഹം അവതരിപ്പിക്കുന്നുണ്ട് (ഉദാ: റോമ 8,16.26; 1 കോറി 12,9). ആത്മാവായ ദൈവം അദ്ദേഹത്തിന് അനുഭവപ്പെട്ടത് ജീവിപ്പിക്കുന്നതും (റോമ 8,5-6) പ്രചോദിപ്പിക്കുന്നതുമായ (1 തെസ 1,6; 1 കോറി 12,11) ഒരു രഹസ്യ ശക്തിയായാണ്. ഈ ദൈവാത്മാനുഭവം മോശയും (2 കോറി 3,16: പുറ 32,15-16) മുൻപ്രവാചകന്മാരും സാക്ഷ്യപ്പെടുത്തുന്ന ആത്മാനുഭവത്തോട് ഒത്തുപോകുന്നതാണ്. ആത്മാവിനെ *ക്രിസ്തുവിന്റെ ആത്മാവ്* (റോമ 8,9) എന്നും പൗലോസ് വിളിക്കുന്നു. ഇപ്രകാരം ക്രിസ്തുവിനോടു ബന്ധപ്പെടുത്തിയിട്ടുള്ളത് ദൈവത്തിന്റെ (റോമ 8,9.14), ദൈവം തന്ന (1 കോറി 2,22) ആത്മാവിനെത്തന്നത്രേ. ക്രിസ്തുവിനോടു ബന്ധപ്പെടുത്തുകവഴി ദൈവാത്മാനുഭവം കൂടുതൽ വ്യക്തമായി നിർവചിക്കാനും തിരിച്ചറിയാനും സാധ്യമാക്കി.[6] ക്രിസ്തു തന്നിൽ ദൈവത്തിനുവേണ്ടി ജീവിക്കാനുള്ള പുതുജീവിതവഴി മനുഷ്യവർഗത്തിനു തുറന്നുകൊടുത്തു. ചലനാത്മകവും ചൈതന്യവത്തും ജീവദായകവുമായ ഈ തത്ത്വത്തെ മനുഷ്യവർഗത്തിനു പകർന്നുനല്കുന്ന മാതൃകയാണ് (ചട്ടക്കൂടാണ് മോഡ്) പരിശുദ്ധാത്മാവ്.[7] ദൈവത്തിന്റെ സൃഷ്ടിപരവും പ്രവചനാത്മകവുമായ സാന്നിധ്യത്തിന്റെ ദാനമാണ് പരിശുദ്ധാത്മാവ്. ഇങ്ങനെ, പില്ക്കാലത്ത് ദൈവത്തിന്റെ സൃഷ്ടദാനം (കൃപാവരം) അസൃഷ്ടദാനം (പരിശുദ്ധാത്മാവ്) എന്നുണ്ടായ തരംതിരിവിന് പൗലോസ് അടിത്തറയിടുകയും ചെയ്തു.[8]

അനന്തരകാലത്ത് വികസിതമായ ക്രൈസ്തവ ത്രിത്വൈക ദൈവശാസ്ത്രത്തിന് പൗലോസ് ശക്തമായ അടിത്തറയിട്ടെന്ന വസ്തുതയും ശ്രദ്ധേയംതന്നെ. കൂടെ നാം പരിഗണക്കേണ്ടൊരു യാഥാർഥ്യവുമുണ്ട്:

[6]Dunn, *Theology of Paul*, 717. 7Fitzmyer, "Pauline Theology," *NJBC*, 1396, No. 65. [8]Fitzmyer, "Pauline Theology," *NJBC*, 1396, Nos. 63.

ദൈവസൂചകങ്ങളായ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ നാമങ്ങൾ യേശുവിൽനിന്നു ശിഷ്യഗണം കേട്ടിരുന്നു. അവരിൽനിന്ന് അവ ജറുസലേമിലും അന്ത്യോക്യയിലും, പീഡനം മൂലം ജറുസലേമിൽനിന്നു ചിതറിക്കപ്പെട്ട ക്രിസ്തുവിശ്വാസികൾ ചെന്നിടങ്ങളിലും ശ്രോതാക്കളിലെത്തിയിരുന്നെന്നു തീർച്ച. ഈ മൂന്നു നാമങ്ങളും ഏകദൈവവിശ്വാസത്തോടു പൊരുത്തപ്പെടുത്താനും പൗലോസിന് തന്റെ പൂർവമതസമ്പത്തായ ഏകദൈവവിശ്വാസം സഹായകമായി.

### 7.2.1.2 ദൈവത്തിന്റെ നീതി

പൗലോസിന്റെ ദൈവശാസ്ത്രത്തിന്റെ നിർണായകമയൊരു പ്രമേയമാണ് ദൈവത്തിന്റെ നീതി. നീതി ദൈവത്തിന്റേതാണ്; ഒരിക്കലും ക്രിസ്തുവിന്റേതല്ല. ക്രിസ്തുയേശു നമുക്ക് ദൈവത്തിൽനിന്നുള്ള നീതിയാക്കപ്പെട്ടു (1 കോറി 1,30). അവൻ അന്ത്യവിധിയിൽ പങ്കെടുക്കും (2 കോറി 5,10). അവനിൽ നാമെല്ലാവരും ദൈവത്തിന്റെ നീതിയാകും (2 കോറി 5,21). ഈ പ്രവൃത്തിയിലും പ്രക്രിയയിലുമുടനീളം ക്രിസ്തുവിനു പങ്കുണ്ട്. എന്നാലും ആദ്യന്തം ദൈവംതന്നാണ് നീതിയുടെ ഉറവിടവും തോതും. ദൈവികസ്വീകരണം പ്രതിഫലമല്ല, കൃപയാലുള്ളതാണ് എന്നതാണല്ലോ വിശ്വാസത്താൽ നീതീകരണം എന്ന വിചാരത്തിന്റെ അടിസ്ഥാന തത്ത്വം. അതു പൗലോസ് ക്രിസ്ത്യാനിയായശേഷം കണ്ടുപിടിച്ചതല്ല. യോഗ്യതയേതുമില്ലാതിരുന്ന തങ്ങളെ ദൈവം തന്റെ കൃപയാൽ സ്വജനമായി തിരഞ്ഞെടുത്തെന്ന വിശ്വാസം ഇസ്രായേൽ എന്നും നെഞ്ചേറ്റിയിരുന്നു. ഇസ്രായേലിനോട് ആദിമുതൽ ദൈവം കാണിച്ചിരുന്ന രക്ഷാകരമായ നീതിയാണ് ക്രിസ്തുവിന്റെ മരണത്തെ രക്ഷാകരമെന്നു നിശ്ചയിച്ചത് (റോമ 3,21-26).

### 7.2.1.3 തിരഞ്ഞെടുപ്പ് (ഇസ്രായേൽ):

ഇസ്രായേലിനെക്കുറിച്ചുള്ള വിചാരത്തിലും പൗലോസ് യഥാർത്ഥ ഹെബ്രായൻ / ഇസ്രായേൽക്കാരൻ ആയിരുന്നു. ദൈവം തിരഞ്ഞെടുത്ത ജനമാണ് ഇസ്രായേൽ, ദൈവത്തിന്റെ ജനം. ഈ അവബോധം യഹൂദജനത്തെ നിലനിർത്തിയ ഒരു (രണ്ടാമത്തെ) സ്തംഭമാണ്. "ഇസ്രായേലിന്റെ ദൈവം - ദൈവത്തിന്റെ ഇസ്രായേൽ." ഈ പരസ്പരബന്ധബോധം പൗലോസിന്റെ ദൈവശാസ്ത്രകമാനത്തിന്റെ അർദ്ധപക്ഷങ്ങളാണ്. വിജാതീയരുടെ അപ്പോസ്തലനായി സ്വയം ദർശിച്ചുകൊണ്ടിരുന്നപ്പോഴും (റോമ 11,13) ഇസ്രായേൽക്കാരനായിരിക്കുന്നതിൽ പൗലോസ് അഭിമാനിക്കുന്നു. തന്റെ ഇസ്രായേലിത്വത്തെപ്പറ്റി പൗലോസ് ഊറ്റംകൊള്ളുന്നത് വീമ്പു പറയാനല്ല. ഭൂമിയിലെ വിശേഷപ്പെട്ട ജനമായി ഇസ്രായേലിനെ തിരഞ്ഞെടുത്ത ദൈവത്തിലുള്ള വിശ്വാസത്തിൽ സുസ്ഥിരനായിരിക്കാനാണ്. ഇസ്രായേലിന്റെ ചരിത്രം ഭൂമിയിൽ ദൈവത്തിന്റെ പദ്ധതിയുടെ ചരിത്രമാണെന്ന് അംഗീകരിക്കാൻ. തിരഞ്ഞെടുപ്പും രക്ഷയും ദൈവത്തിന്റെ സൗജന്യദാനവും കൃപയുമാണെന്ന്

പൗലോസ് വിശ്വസിക്കയും പഠിപ്പിക്കയും ചെയ്യുന്നു. പലസ്തീനായിലെ യഹൂദമതവും (4 എസ്രാ ഒഴികെ) പഠിപ്പിച്ചിരുന്നത് ഇസ്രായേലിന്റെ തിരഞ്ഞെടുപ്പും രക്ഷയും ദൈവത്തിന്റെ സൗജന്യദാനമെന്നുതന്നായിരുന്നു.[9]

അതേ പൗലോസ് യഹൂദജാതീയവും ദേശീയവുമായ മൂശ പൊട്ടിച്ച് ക്രിസ്തീയതയ്ക്കു സാർവജനീനത നല്കുന്നതിനു നേതൃത്വം നല്കി. അത് ദൈവത്തിന്റെ പദ്ധതിയിലെ 'ഇസ്രായേൽ' യഹൂദർ മാത്രം അടങ്ങുന്നതല്ലെന്നുള്ള തിരിച്ചറിവിന്റെ (റോമ 9,25–27;10,20) പ്രവർത്തനമായിരുന്നു. ഇസ്രായേലിന്റെ ദൈവം യഹൂദരുടെ മാത്രം ദൈവമല്ല, വിജാതീയരുടേയും ദൈവമാണെന്നുള്ള (റോമ 3,29) തിരുഗ്രന്ഥസത്യം ഓർമിപ്പിക്കാനായിരുന്നു. ദൈവം അബ്രാഹത്തിനു നല്കിയ സ്ഥാപകവാഗ്ദാനത്തിന്റെ നിറവേറലാണ് വിശ്വാസം വഴി വിജാതീയരും ഇസ്രായേലിൽ ഉൾപ്പെട്ടത്. *നിന്നിൽ ജനതകളെല്ലാം അനുഗൃഹീതരാകും* എന്ന സദ്വാർത്ത മുന്നമേ അബ്രാഹത്തെ അറിയിച്ചിട്ടുണ്ട് (ഗലാ 3,8: ഉത്പ 12,3;18,18). അപരിച്ഛേദിതനായിരുന്നപ്പോഴേ വിശ്വാസത്താൽ നീതീകരിക്കപ്പെട്ട അബ്രാഹത്തിനോട് (ഉത്പ 15,6) *നീ അനേകം ജനതകളുടെ പിതാവായിരിക്കും*; ... *നിന്നെ അനേകം ജനതകളുടെ പിതാവാക്കിയിരിക്കുന്നു* (ഉത്പ 17,4–5: റോമ 4,17) എന്നും ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇസ്രായേലിന്റെ തിരഞ്ഞെടുപ്പുതന്നെ ദൈവം ആദിയിലെ അവ്യവസ്ഥിതിയിൽനിന്നു സൃഷ്ടി നടത്തിയതിനു സമാനമായ ഒരു സൃഷ്ടിപ്രവൃത്തിയാണ് (റോമ 4,17).

വിജാതീയർ വിശ്വാസികളായി വിശ്വാസത്താൽ നീതീകരിക്കപ്പെട്ട അബ്രാഹത്തിന്റെ മക്കളാകാനുള്ള ശുശ്രൂഷ അവരുടെയിടയിൽ ചെയ്യുന്നതിന് യഹൂദരെ ലക്ഷ്യമാക്കിയും പൗലോസിന് ഒരുദ്ദേശമുണ്ട്: *അതുവഴി എന്റെ കൂട്ടരായ യഹൂദരെ അസൂയാലുക്കളാക്കാനും അങ്ങനെ, അവരിൽ കുറെപ്പേരെയെങ്കിലും രക്ഷിക്കാനും എനിക്ക് ഇടയാകുമല്ലോ* (റോമ 11,14). ഇതും ദാവീദിലൂടെയും മോശയിലൂടെയും ഏശയ്യായിലൂടെയും ദൈവം പറഞ്ഞിട്ടുള്ളതിന്റെ പൂർത്തീകരണംതന്നെ (റോമ 10, 18–20: സങ്കീ 19,4;നിയ 32,21;ഏശ 65,1–2). എങ്ങനെ നോക്കിയാലും പൗലോസിന്റെ ശുശ്രൂഷയാൽ വിജാതീയർ ഇസ്രായേലിനോടു ചേർക്കപ്പെടുന്നത് ഇസ്രായേലിനു വെളിപ്പെടുത്തപ്പെട്ടിട്ടുള്ള ദൈവപദ്ധതിയുടെ നിർവഹണമാണ്. അതായത്, വിജാതിയരും ഉൾപ്പെടുന്ന ഇസ്രായേലിനെക്കുറിച്ച് പൗലോസ് വിചാരിക്കുന്നതും പ്രവർത്തിക്കുന്നതും യഹൂദരുടെ സ്ഥാപകപിതാവിന്റെയും സ്ഥാപകവാഗ്ദാനത്തിന്റെയും പ്രവാചകന്മാരുടെയും വിശ്വാസമനുസരിച്ചാണ്.

[9]E.P.Sanders, *Paul and Palestinian Judaism*, SCM Press, London, 1993, 543.

### 7.2.1.4 നിയമം (*തോറാ*)

'നിയമം' എന്ന വാക്കുദ്ദേശിക്കുന്നത് മോശൈകനിയമത്തെയാണ് (*തോറാ*). ഈ വിഷയത്തിന് പൗലോസ് താരതമ്യേന കൂടുതൽ പ്രാമുഖ്യം നല്കിയിട്ടുണ്ട്. അതിന് വിശേഷിച്ച് അദ്ദേഹത്തിന്റെ ഫരിസേയ പശ്ചാത്തലവുമുണ്ട്. പൗലോസിന്റെ നിയമശാസ്ത്രമാണ് ഏറ്റവും ദുഷ്കരമായതും വിഭിന്ന വ്യാഖ്യാനസമീപനങ്ങൾക്ക് വകയായിട്ടുള്ളതും. നിയമത്തെക്കുറിച്ചുള്ള പൗലോസിന്റെ ദൈവശാസ്ത്രത്തിൽ നിയമവും സദ്വാർത്തയും (സുവിശേഷവും) ബദ്ധവിരുദ്ധങ്ങളാണെന്ന ആരോപണം പലകോണുകളിൽനിന്ന് ആവർത്തിക്കപ്പെട്ടിട്ടുണ്ട്. ആരോപിക്കപ്പെടുന്നത്ര വിരുദ്ധത പൗലോസിന്റെ ദർശനത്തിൽ നിയമവും സുവിശേഷവും തമ്മിലുണ്ടോ?

പൗലോസിന്റെ വിചാരത്തിൽ നിയമത്തിനു നാലു ധർമങ്ങളാണുള്ളത്. (ഒന്ന്) നിയമം പാപമെന്തെന്ന അറിവു നല്കയും (റോമ 3,20;7,13) നിയമലംഘനത്തെ കുറ്റംവിധിക്കയും (റോമ 4,15;5,13) ചെയ്യുന്നു. നിയമം പാപമെന്തെന്ന അറിവു നല്കുന്നു എന്നതിനർഥം പാപത്തെ നിർവചിക്കുകയും പാപത്തിന്റെയും നിയമലംഘനത്തിന്റെയും അതിർവരമ്പുകൾ നിർണയിക്കുകയും ചെയ്യുന്നുവെന്ന് (റോമ 3,20).[10] (നിയമമില്ലാത്തവരിൽ ഈ ധർമം മനസ്സാക്ഷി നിർവഹിക്കുന്നു (റോമ 2,12-16;3,20).

(രണ്ട്) നിയമത്തിന്റെ മേല്പറഞ്ഞ ധർമം സുവിശേഷത്തിന്റെയും സുവിശേഷാനുഭവത്തിന്റെയും വെളിച്ചത്തിൽ പുനർനിർവചിക്കപ്പെട്ടു. അതിനെ *വിശ്വാസത്തിന്റെ നിയമവും ജീവാത്മാവിന്റെ നിയമവും ക്രിസ്തുവിന്റെ നിയമവു*മെന്നു മനസ്സിലായി. നിയമം വിശ്വാസത്തിന് ഉത്തേജകമായതിനാൽ വിശ്വാസത്തിന്റെ നിയമമാണ് (റോമ 3,27-28). ആത്മാവിന് അനുസൃതമായ പെരുമാറ്റത്തിന്റെ മാനദണ്ഡമായതിനാൽ ആത്മാവിന്റെ നിയമമായി (റോമ 8,2). ക്രിസ്തുവിന്റെ പ്രബോധനത്തോടും മാതൃകയോടും ബന്ധപ്പെടുത്തിക്കൊണ്ട് ക്രിസ്തുവിൻെറ നിയമമായി (ഗലാ 6,2-5). ക്രിസ്തുവാണ് നിയമത്തിന്റെ പൂർണത (റോമ 10,4). നിയമത്തെക്കുറിച്ചുള്ള ഈ ധാരണ ഹൃദയത്തിൽ എഴുതപ്പെട്ട നിയമത്തെക്കുറിച്ചും പുതിയ ഹൃദയത്തെയും പുതിയ ആത്മാവിനെയുംകുറിച്ചുള്ള പ്രവാചകപ്രതീക്ഷയ്ക്ക് അനുസൃതമാണ്.[11]

(മൂന്ന്) നിയമത്തിന്റെ സാമൂഹ്യധർമം: നിയമം ഇസ്രായേലിനെ ഇസ്രായേലായി, മറ്റു ജനതകളിൽനിന്നു വേർതിരിച്ചവരായി, സംരക്ഷിക്കുകയും ശിക്ഷണത്തിൽ നയിക്കുകയും ചെയ്യുന്നു. പ്രത്യേകിച്ച്, പരിച്ഛേദനനിയമം, ഭക്ഷണനിയമങ്ങൾ, തിരുന്നാൾനിയമങ്ങൾ, ദേവാലയബലിനിയമങ്ങൾ എന്നിവ. അവയ്ക്ക് ക്രിസ്തുവിന്റെ വരവുവരെ മാത്രമേ

[10]Dunn, *Theology of Paul*, 134, 719-720. [11]Dunn, *Theology of Paul*, 720.

നിലനില്പുണ്ടായിരുന്നുള്ളുവെന്നും, അവ ആവശ്യമില്ലാത്തവയെന്നു ക്രിസ്തു നിലപാടെടുത്തെന്നുമൊക്കെ വ്യാഖ്യാനിക്കപ്പെട്ടിട്ടുള്ള ഇത്തരം നിയമങ്ങളോടു പൗലോസിന്റെ നിലപാട് എന്താണ്? അതും തോറായിലെ കല്പനകൾക്കു മൂല്യശ്രേണി സങ്കല്പിച്ച് ഇനംതിരിക്കാത്ത യഹൂദമതനിലപാടിന്റെ പശ്ചാത്തലത്തിൽ? പരസ്പരവിരുദ്ധമെന്നു തോന്നുന്ന നിയമതത്വങ്ങൾക്കു തീർപ്പു കല്പിക്കുന്ന രീതിയുണ്ടായിരുന്നല്ലോ പൗലോസിന്റെ സമകാലിക യഹൂദസമൂഹത്തിൽ. ഒന്നിന്റെ കടുംപിടുത്തത്തെ മയപ്പെടുത്തുന്ന മറ്റൊന്നിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുക. ഈ വ്യാഖ്യാനരീതിയാണു പൗലോസും അവലംബിച്ചത്.[12]

(നാല്) പാപവും നിയമവും തമ്മിലുള്ള ബന്ധം. പൗലോസിന്റെ ദൈവശാസ്ത്രത്തെപ്പറ്റിയുള്ള പഠനങ്ങളിൽ വലിയ വിവാദമുണ്ടായിട്ടുള്ള മേഖല. പാപത്തിന്റെ ശക്തിക്കധീനമായ നിയമം പാപബോധമുണ്ടാക്കുന്നു എന്നു മാത്രമല്ല, നിയമലംഘനത്തിലേക്കും നയിക്കുന്നു! നിയമം തന്നെ പാപമാകുന്നു! ഈ സമീപനം നിയമത്തെ അപ്പാടേ നിന്ദിക്കയത്രേ. അതിനാൽ പൗലോസ് നഖശിഖാന്തം എതിർത്തു (റോമ 7): *നിയമം പാപമാണെന്നോ? ഒരിക്കലുമല്ല* (റോമ 7,7). *വിശ്വാസം ആവിർഭവിക്കുന്നതിനു മുമ്പ്, നിയമത്തിന് ഏല്പിക്കപ്പെട്ട്, വിശ്വാസം വെളിപ്പെടാനായി നാം നിയമത്തിന്റെ കാവലിലായിരുന്നു. തന്നിമിത്തം നമ്മൾ വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന്, ക്രിസ്തുവിലേക്കു നമ്മെ നയിക്കാനായി നിയമം നമ്മുടെ പരിശീലകനായിരുന്നു* (ഗലാ 3,23-24). കല്പന ജീവനുവേണ്ടിയുള്ളതാണ്; നാമാണ് അതു മരണത്തിനുവേണ്ടിയുള്ളതാക്കുന്നത് (റോമ 7,10). *നിയമം വിശുദ്ധംതന്നെ. കല്പന വിശുദ്ധവും ന്യായവും നല്ലതുമാണ്* (റോമ 7,12). *നിയമം ആത്മീയമാണ്* (റോമ 7,14). അതേ സമയം *നിയമം ക്രോധമുളവാക്കുന്നു. നിയമില്ലാത്തിടത്തു ലംഘനവുമില്ല* (റോമ 4,15). എന്നാൽ, നിയമത്തിന് അതിൽത്തന്നെ ജീവന്റെയോ മരണത്തിന്റെയോ ശക്തിയില്ല. അതു ജീവനിലേക്കോ മരണത്തിലേക്കോ നയിക്കാം. ആത്മാവിനാൽ നയിക്കപ്പെടുകയാണെങ്കിൽ (ജീവാത്മാവിന്റെ നിയമമാണെങ്കിൽ) ജീവനും, പാപത്തിന്റെ ശക്തിയാൽ നയിക്കപ്പെടുകയാണെങ്കിൽ (പാപത്തിന്റെയും മരണത്തിന്റെയും നിയമമാണെങ്കിൽ) മരണത്തിനും ഹേതുവാകും (റോമ 5,13-14;7,13). നിയമത്തിന്റെ രണ്ടാമത്തെ ധർമത്താൽ പുനർനിർവചിക്കപ്പെട്ട ഒന്നാമത്തെ ധർമത്തിനുള്ളിൽ യഥാസ്ഥാനത്തേക്ക് നാലാമത്തെ ധർമത്തെ പുനഃസ്ഥാപിക്കാൻ പൗലോസ് ശ്രമിക്കുന്നത് റോമ 7,7-8,4ൽ നമുക്കു കാണാനാവുന്നു.[13]

[12]Dunn, *Theology of Paul*, 720. [13]Dunn, *Theology of Paul*, 721-722.

### 7.2.1.5 ദേവാലയം, പുരോഹിതശുശ്രൂഷ, തിരുഗ്രന്ഥം, ശുദ്ധി മുതലായയവ

തന്റെ കാലത്തെ യഹൂദമതത്തിന്റെ നാലാമത്തെ നെടുംതൂണാണ് (ജറുസലേം)ദേവാലയം. അതിനെ പൗലോസ് തന്റെ ദൈവശാസ്ത്രത്തിൽ ഏറെക്കുറെ പരിപൂർണമായി തള്ളിക്കളഞ്ഞിരിക്കയാണെന്നു പറയാം. പുനർനിർവചിച്ച വിശ്വാസത്തെ വിശുദ്ധ നാടിനോടും ഒരു പ്രത്യേക വിശുദ്ധ സ്ഥലത്തോടും ബന്ധപ്പെടുത്തിനിർത്തുന്നതിൽ അദ്ദേഹം അർത്ഥം കാണുന്നില്ലത്രേ. അതേ സമയം ദേവാലയം, പൗരോഹിത്യം, വിശുദ്ധിയും നൈർമല്യവും എന്നിവ അദ്ദേഹത്തിന്റെ ദൈവശാസ്ത്രവത്കരണത്തിലെ വിഷയങ്ങളാണുതാനും. അവയെ സാമൂഹ്യവത്കരിച്ചിരിക്കുന്നു. വിശ്വാസികൾ 'വിശുദ്ധരും' 'ദേവാലയവും' 'സുവിശേഷത്തിനു ശുശ്രൂഷ ചെയ്യുന്ന പുരോഹിതരുമാണ്'. കോറിന്തോസിലെ സഭയ്ക്കെഴുതി: *നിങ്ങൾ ദൈവത്തിന്റെ ആലയമാകുന്നു* (1 കോറി 3,16-17). തുടർന്നെഴുതി: *നിങ്ങളുടെ ശരീരം പരിശുദ്ധാത്മാവിന്റെ ആലയമാകുന്നു* (1 കോറി 6,19). വീണ്ടുമെഴുതി: *നമ്മൾ* (വിശ്വാസികളുടെ സമൂഹം) *ജീവിക്കുന്ന ദൈവത്തിന്റെ ആലയമാണ്* (2 കോറി 6,16).

വിശ്വാസികളിലും വിശ്വാസിസമൂഹങ്ങളിലുമുള്ള ദൈവനിവാസം അവരെ ദൈവാലയങ്ങളാക്കിയിരിക്കുന്നു. ക്രിസ്തീയവിശ്വാസികളുടെ സമൂഹങ്ങൾ കർത്താവിന്റെ സമൂഹത്തിന്റെ (*ekklesia* of Yahweh) വിസ്തരണമാണ്. പക്ഷേ യഹൂദസമൂഹത്തിലെപ്പോലെ പ്രത്യേക പുരോഹിതശ്രേണിയോ അവരുടേതായ പുരോഹിതശുശ്രൂഷകളോ പൗലോസിന്റെ ദൈവശാസ്ത്രത്തിൽ കാണാനില്ല. സുവിശേഷത്തിനുവേണ്ടി ആര് എന്തു ശുശ്രൂഷ ചെയ്താലും അവ സുവിശേഷത്തെപ്രതിയുള്ള പുരോഹിതശുശ്രൂഷയാണ് (റോമ 15,16.27;ഫിലി 2,25;2 കോറി 9,12). വിശ്വാസികളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവ ബലിയായി സമർപ്പിക്കുന്നത് യഥാർത്ഥ ആരാധനയാണ് (റോമ 12,1). അപ്പംമുറിക്കൽശുശ്രൂഷയും യഥാർത്ഥ ആരാധനയാണ് (1 കോറി 10,14-21). വിശ്വാസികൾ പൊതുഭക്ഷണത്തിൽ പങ്കെടുക്കാനും കർത്താവിന്റെ അപ്പം മുറിക്കാനും ക്രിസ്തുവിലൂടെ ദൈവത്തെ മഹത്വപ്പെടുത്താനും ഭവനങ്ങളിൽ സമ്മേളിക്കുന്നു. അതു ഭവനത്തിലെ സഭയാകുന്നു (1 കോറി 16,19). അനുഷ്ഠാനപരമായ ആരാധനച്ചടങ്ങുകൾ നടത്തുന്ന ദേവാലയങ്ങളല്ല. അവിടെ സമകാലികങ്ങളായ മറ്റു മതസമൂഹങ്ങളിലെപ്പോലെ അനുഷ്ഠാനങ്ങൾ നടത്താൻ പ്രത്യേകം നിയുക്തരായ പുരോഹിതരില്ല. ബലികർമങ്ങളോ അനുഷ്ഠാനപരമായ ശുദ്ധീകരണക്ഷാളനങ്ങളോ ഇല്ല.

മേല്പറഞ്ഞപോലൊക്കെയാണെങ്കിലും ജറുസലേമിനെയും സീയോനെയും പൗലോസ് വിചാരത്തിൽനിന്നു തീർത്തും ഉപേക്ഷി

ച്ചില്ല. ജറുസലേം രക്ഷയുടെയും സ്വാതന്ത്ര്യത്തിന്റെയും പ്രതീകമാണ് (ഗലാ 4,26). താൻ സ്ഥാപിച്ച സഭകളിൽ ജറുസലേമിലെ ദരിദ്രർക്കു വേണ്ടിയുള്ള ധനശേഖരണം നടത്തി (റോമ 15,25-31;1 കോറി 16,3). അങ്ങനെ തന്റെ വിജാതീയ സഭകൾക്കു ജറുസലേമിനോടുള്ള അടിസ്ഥാനപരമായ ബന്ധത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അനുസ്മരിച്ചു കൊണ്ടിരുന്നു. ഇസ്രായേലിൽനിന്നു വിമോചകൻ വരുമെന്നുള്ള തന്റെ ജനത്തിന്റെ പരമ്പരാഗത പ്രതീക്ഷ പൗലോസും പുലർത്തിക്കൊണ്ടിരിക്കുന്നു (റോമ 11,26).

തന്റെ സമകാലിക യഹൂദമതത്തിനോ തന്റെ പ്രവർത്തനമേഖലകളിലെ മതസമൂഹങ്ങൾക്കോ ഉള്ളതുപോലെ ക്രിസ്തീയ വിശ്വാസികൾക്കു ദേവാലയമോ / അമ്പലമോ പ്രത്യേക പുരോഹിതന്മാരോ ബലിയോ ശുദ്ധീകരണാചാരങ്ങളോ ഇല്ലെന്നു പൗലോസ് ലേഖനങ്ങളിൽ സൂചിപ്പിക്കുന്നു. ക്രിസ്തീയ സമൂഹങ്ങളോടു ബന്ധപ്പെടുത്തി അവയെല്ലാം സാമൂഹ്യവത്കരിക്കയും ആത്മീയവത്കരിക്കയും ചെയ്തിരിക്കുന്നു. അതിനു കർത്താവിന്റെ പുനരാഗമനം ഉടനുണ്ടാകുമെന്ന പ്രതീക്ഷ ഒരു നിമിത്തമായിട്ടുണ്ടാവും. പൗലോസ് എഴുതിയിട്ടുള്ളതുപോലെ മാത്രമായിരുന്നു പ്രായോഗികമായി ക്രിസ്തീയ സമൂഹങ്ങളിലെ രീതിയെന്നു കരുതുന്നതു ശരിയായിരിക്കില്ല. ജ്ഞാനസ്നാനത്തെയും (റോമ 61-11) അപ്പംമുറിക്കലിനെയും അതിനുള്ള സമ്മേളനങ്ങളെയും (1 കോറി 10,14-22;11,17-34) സഭയിലെ പെരുമാറ്റത്തെയും (1 കോറി 11, 1-16;12,-14) കുറിച്ചുള്ള പൗലോസിന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ വ്യക്തമാകും. ക്രമവും ചിട്ടയുമൊക്കെയുണ്ടായിരുന്നു. അനുഷ്ഠാനങ്ങളുടെ ബാഹ്യമായ കൃത്യതയിലല്ല, ആന്തരികമായ അർത്ഥത്തിലാണ് ക്രിസ്തീയ സമൂഹം ശ്രദ്ധിച്ചത്. ബാഹ്യമായ മതസ്ഥാപനകളുടെ ആന്തരീകവും ആത്മീയവുമായ മാനമാണ് രക്ഷാകരം. പൗലോസ് അവതരിപ്പിച്ചിട്ടുള്ള തിനു സമാനമായ ചില വശങ്ങൾ സമകാലിക യഹൂദസമൂഹത്തിൽ ഉണ്ടായിരുന്നു. ഉദാഹരണത്തിന്, പുരോഹിതർ, പുരോഹിതശുശ്രൂഷ എന്നിവയെക്കുറിച്ചു ഖുമ്റാൻസമൂഹത്തിന്റെ നിലപാട്. റബ്ബിനിക് പാരമ്പര്യം ദേവാലയത്തിനു പകരം തിരുഗ്രന്ഥത്തെ മുഴുവൻ (നിയമത്തെ മാത്രമല്ല) കേന്ദ്രീകരിച്ചു ചിന്തകളും ജീവിതരീതികളും കരുപ്പിടിപ്പിക്കാനും വിശദമാക്കാനും നടത്തിയിരുന്ന ശ്രമങ്ങൾ. പൗലോസിന്റെ ദൈവശാസ്ത്രത്തിന്റെ അക്ഷയഖനിയാണ് തിരുഗ്രന്ഥം.

യഹൂദതിരുഗ്രന്ഥം (പഴയ നിയമം) പൗലോസിന്റെ ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനമാണ്. അതിന്റെ പദാവലികളിലും അതിലെ പ്രതിരൂപങ്ങളിലുമാണല്ലോ അദ്ദേഹം ദൈവശാസ്ത്രചിന്തകൾ മുഖ്യമായി അവതരിപ്പിക്കുന്നത്. ഉദാഹരണമായി, (ആദ്യ / രണ്ടാം) ആദം, പാപം, ഇസ്രായേൽ, വിശേഷിച്ച്, *ദൈവത്തിന്റെ ഇസ്രായേൽ* എന്നു ക്രിസ്തീയ സഭയെ (ഗലാ 6,16), ഉടമ്പടി, പാപപ്പരിഹാരബലിയും വീണ്ടെടുപ്പും,

രക്ഷ, കർത്താവിന്റെ ദിവസം, നിയമം, ദൈവികജ്ഞാനം, ദൈവത്തിന്റെ നീതി, കൃപ, മുതലായവ. പഴയ നിയമത്തിൽ(LXX) നിന്നുള്ള തൊണ്ണൂറോളം വ്യക്തമായ ഉദ്ധരണികളുണ്ട് 1 തെസ, ഫിലി, ഫിലെ എന്നിവ ഒഴിച്ചുള്ള ലേഖനങ്ങളിൽ. (ഈ മൂന്നെണ്ണത്തിൽ പഴയ നിയമത്തിൽ നിന്നുള്ള ഉദ്ധരണികളില്ല). പഴയ നിയമത്തിന്റെ ഭാഷകൊണ്ടും ഉദ്ധരണികൾകൊണ്ടും ക്രിസ്തുസുവിശേഷം അവതരിപ്പിക്കുന്നതിലൂടെ പൗലോസ് അടിവരയിട്ടു വ്യക്തമാക്കുന്നു, രണ്ട് ഉടമ്പടികളിലും ഒരേ ദൈവം മനുഷ്യരക്ഷയ്ക്കുവേണ്ടി പ്രവർത്തിക്കുന്നു. പഴയ നിയമം ക്രിസ്തുവിനുവേണ്ടിയുള്ള ഒരുക്കവും (ഗലാ 3,24) ക്രിസ്തീയ സുവിശേഷത്തിന്റെ മുന്നറിയിപ്പും (റോമ 1,2) ആയിരുന്നു. ക്രിസ്തുസംഭവത്തിനു ശേഷവും ദൈവം പഴയ നിയമത്തിലൂടെ മനുഷ്യവംശത്തോട്, ക്രിസ്തീയ വിശ്വാസികളോടും, സംസാരിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തെയും മനുഷ്യനെയുംപറ്റിയുള്ള പൗലോസിന്റെ അവതരണം പഴയ നിയമപശ്ചാത്തലത്തിലാണ്.

പൗലോസ് തിരുഗ്രന്ഥം വ്യാഖ്യാനിക്കുന്നതും തന്റെ കാലത്തെ യഹൂദവ്യാഖ്യാനരീതികളിലാണ്. തിരുഗ്രന്ഥത്തിന്റെ യഹൂദവ്യാഖ്യാനരീതികൾ പലതായിരുന്നു. റബ്ബിമാരുടെ വ്യത്യസ്തരീതികളുണ്ട്. ഖുമ്റാൻസമൂഹത്തിന്റെ വ്യഖ്യാനരീതിയുണ്ട്. യഹൂദയപോക്രിഫായിൽ കാണുന്ന വെളിപാടുസാഹിത്യശൈലിയിലുള്ള (*അപോകാലിപ്റ്റിക്*) വ്യാഖ്യാനരീതിയുണ്ട്. അവയോടൊക്കെ ഒത്തുപോകുന്നതാണ് പൗലോസിന്റെ വ്യാഖ്യാനരീതി. അതേ സമയം പഴയ യഹൂദപാരമ്പര്യങ്ങളുടെയും തർഗുമുകളുടെയും ആർജിതസമ്പന്നത പാടേ വിസ്മരിക്കുന്നുമില്ല. ഉദാഹരണമായി, മോശയുടെ മൂടുപടത്തെപ്പറ്റിയുള്ള വ്യാഖ്യാനം (2 കോറി 3,6-4,7). അക്കാലത്ത് പ്രവാസികളുടെയിടയിലും പലസ്തീനായിലും വ്യാപകമായിരുന്ന പ്രതിരൂപാത്മകവ്യാഖ്യാനം പൗലോസും ചെയ്യുന്നു (ഉദാ: 1 കോറി 4,18-21;ഗലാ 4,21-31).14

അബ്രാഹം പരിച്ഛേദിതനാകുന്നതിനു മുമ്പുതന്നെ വിശ്വാസം മൂലം, നിയമത്തിന്റെ പ്രവൃത്തികളാലല്ല, വിശ്വാസത്താൽ ദൈവദാനമായി നീതീകരിക്കപ്പെട്ടുവെന്ന് ഉത്പ 15,6 ഉദ്ധരിച്ച് റോമ 4,1-25ൽ പൗലോസ് വാദിക്കുന്നുണ്ടല്ലോ. അവിടെ റോമ 15,6നെ (നീതീകരണം ദൈവദാനം) സങ്കീ 32ലൂടെ (പാപക്ഷമ ദൈവദാനം) വ്യാഖ്യാനിച്ചാണ് പൗലോസ് കാര്യം വ്യക്തമാക്കുന്നതെന്നും, ഈ വ്യാഖ്യാനത്തിൽ പൗലോസ് തിരുഗ്രന്ഥവ്യാഖ്യാനത്തിന് റബ്ബി ഹില്ലെൽ നിർദ്ദേശിച്ചിരുന്ന "തുല്യതത്വ "ന്യായം (*gezerah shawah* - "equivalent principle") പ്രയോഗിക്കയാണെന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.[15] മനുഷ്യകുലം മുഴുവനും നീതീ

[14]Legrand, *Bible on Culture*,116 referring to C.Perot.

[15]Aletti, "Romans," 1642.

കരണം മോശൈകനിയമത്തിന്റെ പ്രവൃത്തികളാലല്ല, വിശ്വാസത്താലാണ്, എന്ന പ്രമേയം പ്രസ്താവിക്കയാണല്ലോ റോമ 3,21-22ൽ. മോശൈകനിയമം ആവശ്യപ്പെടുന്ന സത്പ്രവൃത്തികളാണ് *നിയമത്തിന്റെ പ്രവൃത്തികൾ*. നിയമം ആവശ്യപ്പെടുന്ന സത്പ്രവൃത്തികൾ ഖുമ്റാൻസമൂഹം വ്യക്തമാക്കിയട്ടുണ്ട്. അതിനു സമാനമാണ് *നിയമത്തിന്റെ പ്രവൃത്തികൾ* എന്ന പദയോഗം.[16] അതുപോലെ ദൈവകൃപ മാത്രമാണ് മനുഷ്യകുലത്തിനെല്ലാം നീതീകരണത്തിന്റെ സ്രോതസ് എന്നു പൗലോസ് തറപ്പിച്ചു പറയുന്നു. ഇതുപോലെ ഖുമ്റാൻസമൂഹം പഠിപ്പിച്ചിരുന്നതാണ്.[17] റോമ 7,7-25ൽ പൗലോസ് തിന്മയുടെ ഉദ്ഭവത്തെയും ദുരാശകളെയുംകുറിച്ചും, ഇച്ഛിക്കുന്ന നന്മയല്ല ഇച്ഛിക്കാത്ത തിന്മ ചെയ്തുപോകുന്നതിനെക്കുറിച്ചും പരിചിന്തിച്ചു പ്രസ്താവനകൾ നടത്തുന്നുണ്ടല്ലോ. സമാനപ്രസ്താവനകൾ സമകാലികങ്ങളായ യഹൂദദർശനാത്മകകൃതികളിലും ചില റബ്ബിനിക് കൃതിയിലും ഉള്ളതു വ്യാഖ്യാതാക്കൾ ചൂണ്ടിക്കാട്ടുന്നു.[18]

യഹൂദവ്യാഖ്യാതാക്കളെപ്പോലെ പൗലോസും തിരുഗ്രന്ഥപാഠങ്ങൾ ആവശ്യാനുസരണം ഇണക്കിയെടുക്കുന്നു. ഉദാഹരണത്തിന് റോമ 3,10-18. പാപത്തിന്റെ സാർവത്രികത തിരുഗ്രന്ഥംകൊണ്ടു തെളിയിക്കുകയാണ്. അതിന് പരസ്പരബന്ധിതങ്ങളായ തിരുഗ്രന്ഥോദ്ധരണികൾ ചേർക്കുന്നു. ഉദാ: വാക്യം 10ബി - 12ബി = സങ്കീ 14,1-3: തിന്മയുടെ സാർവത്രികതയ്ക്ക് അടിവരയിടുന്നു. വാക്യം 13എ = സങ്കീ 5,9: *ആകെപ്പാടേ വഷളത്തം* (തൊണ്ടയും നാവും). വാക്യം 13ബി = സങ്കീ 140,3: *അധരങ്ങൾ*. വാക്യം 14 = സങ്കീ 10,7: വായ്. വാക്യ 15-17 = ഏശ 59,7-8: പാദങ്ങളും പാതകളും. വാക്യം 18 വാക്യ 10-12 ചുരുക്കി ആവർത്തിക്കുന്നു = സങ്കീ 36,1.[19] ചിലപ്പോൾ ഉദ്ധൃതഭാഗത്തിനു പുതിയ അർത്ഥം കൊടുക്കുന്നു (ഉദാ: ഉത്പ 12,7: ഗലാ 3,16; പുറ 34,34 : 2കോറി 3,17; ഹബ 2,4: ഗലാ 3,11;റോമ 1,17). ചിലയിടങ്ങളിൽ ഉദ്ധൃതപാഠത്തെ അതിന്റെ മൗലികസന്ദർഭത്തിൽനിന്നു മാറ്റിമറിക്കുന്നു (നിയ 25,5: 1 കോറി 9,9). മറ്റു ചിലപ്പോൾ തിരുഗ്രന്ഥപാഠത്തെ സാദൃശകഥയാക്കാനും മടിക്കില്ല (ഉദാ: ഉത്പ 15,16;17,16 : ഗലാ 4,21-25).[20]

[16] 4QS 398,14-17 ET quoted in Aletti, "Romans,"1640 from Florentino Gracia Martinez, *The Dead Sea Scrolls Translated*, The Qumran Texts in English trn by Wilfrid G.E.Watson (2nd ed. Leiden, New York and Cologne: E.J.Brill, Grand Rapids: Eerdmans, 1996, 84-85. 2 കോറി 6,14-17നു സമാനമായ ഭാഗങ്ങളുണ്ട്, അതുപോലെ കൊളോസോസുകാർക്കും എഫേസിയർക്കുമുള്ള ലേഖനങ്ങളിൽ അനേകം പ്രാവശ്യമുണ്ട്, Legrand, *Bible on Culture*,116, [17] 1QS 11,2-15, especially vs. 11-14, English trn referred to in Alettii, "Romans,"1641-1642 from Martinez, *The Dead Sea Scrolls Translate*d, 18-19. [18] E.P.Sanders, *Paul and Palestinian Judaism*, 85-101; Alettii, "Romans,"1660. [19] Aletti, "Romans," 1639. [20] Fitzmyer, "Pauline Theology," 1384, No.10/1; Aletti, "Romans," 1740-1741 subscribing to C.KBarrett.

ആചാരപരമായ ശുദ്ധ-അശുദ്ധ തരംതിരിവുകളും പൗലോസ് നിരാകരിച്ചു. *സ്വതേ അശുദ്ധമായി ഒന്നുമില്ലെന്നു ഞാൻ അറിയുകയും കർത്താവായ യേശുവിൽ എനിക്കു ബോധ്യമാകുകുകയും ചെയ്തിരിക്കുന്നു* (റോമ 14,14). *എല്ലാം ശുദ്ധമാണ്* (റോമ 14,20). *ഭൂമിയും അതിലുള്ള സർവവും കർത്താവിന്റേതാണ്* (1 കോറി 10,26). ഇങ്ങനെയൊക്കെ പറഞ്ഞതുകൊണ്ട് പൗലോസ് ശുദ്ധി, ശുദ്ധീകരണം എന്നീ വിചാരങ്ങൾ ഉപേക്ഷിച്ചു എന്നു ധരിക്കരുത്. അനുഷ്ഠാനപരമായ ശുദ്ധി, ശുദ്ധീകരണം എന്നിവയുടെ സ്ഥാനത്ത് ഹൃദയത്തിന്റെയും മനസ്സാക്ഷിയുടെയും ജീവിതത്തിന്റെയും ശുദ്ധി, ശുദ്ധീകരണം എന്നിവയും യേശുക്രിസ്തുവിനാലുള്ള പവിത്രീകരണവും പ്രതിഷ്ഠിച്ചു (2 കോറി 7,1;1 കോറി 6,11).

### 7.2.1.6 യവന പശ്ചാത്തലം

പൗലോസിന്റെ യവനപശ്ചാത്തലത്തിന്റെ പല കാര്യങ്ങൾ ഇതിനോടകം സൂചിപ്പിച്ചുകഴിഞ്ഞു. ജന്മംകൊണ്ടും വിദ്യാഭ്യാസംകൊണ്ടും പൗലോസ് യഹൂദ-യവനസംസ്കാരങ്ങളുടെ സന്തതിയാണ്. മാനസാന്തരത്തിനും തുടർച്ചയായ പ്രേഷിതയാത്ര തുടങ്ങുന്നതിനും ഇടയ്ക്കുള്ള നീണ്ട കാലഘട്ടം (ഏകദേശം 10 വർഷം) യവനസംസ്കാര കേന്ദ്രങ്ങളായ താർസുസ്, ദമാസ്കസ്, അന്ത്യോക്യ എന്നിവിടങ്ങളിലാണല്ലോ പൗലോസ് വ്യാപരിച്ചത്. അത് കൂടുതൽ യവനസംസ്കാരകേന്ദ്രങ്ങളെ പരിചയപ്പെടുന്നതിന് അവസരം നല്കി. യവനരെ നേടേണ്ടതിന് (1 കോറി 9,2) യവനസംസ്കാരത്തിന്റെ പല അംശങ്ങളും അദ്ദേഹം പ്രയോജനപ്പെടുത്തി. യവനക്കണ്ണുകളിലൂടെ ദൈവശാസ്ത്രം അവതരിപ്പിക്കാനുള്ള ശ്രമം പ്രകടമാണ്.

തന്റെ ഗ്രീക്കുപേരു മാത്രമേ ലേഖനങ്ങളിൽ ഉപയോഗിച്ചിട്ടുള്ളു. ലേഖനങ്ങളുടെ ഭാഷ സാഹിത്യപരമല്ലെങ്കിലും മെച്ചമായ വ്യവഹാര ഗ്രീക്കാണെന്നു വിലയിരുത്തപ്പെട്ടിട്ടുണ്ട്. (Fitzmyer, "Pauline Theology," 1385, No.12). തിരുഗ്രന്ഥോദ്ധരണികളെല്ലാം പഴയ നിയമത്തിന്റെ സപ്തതിയിൽ (LXX)നിന്നാണ്. ഗ്രേക്കോ-റോമൻ കത്തെഴുത്തുശാസ്ത്രത്തിന്റെയും പ്രഭാഷണശാസ്ത്രത്തിന്റെയും സ്വാധീനം ചില ലേഖനങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. അതുപോലെതന്നെ സിനിക്-സ്റ്റോയിക് തത്വചിന്തകരുടെ പ്രിയപ്പെട്ട വാദപ്രതിവാദരീതിയുടെ കാര്യവും (റോമ 2,1-10;3,1-9;9,19; 1 കോറി 9). യവനനഗരസംസ്കാരത്തിന്റെ പ്രതിരൂപങ്ങൾ വിശദീകരണങ്ങളും ഉദാഹരണങ്ങളുമായി ഉപയോഗിച്ചിട്ടുണ്ട്: ഗ്രീക്കുകാരുടെയിടയിൽ നിലവിലിരുന്ന നിയമപദാവലി (ഗലാ 3,15;4,1-2;റോമ 7,1), രാഷ്ട്രീയപദാവലികൾ (ഫിലി 1,17;3,20), മത്സരക്കളികൾ (ഫിലി 2,16;1 കോറി 9,24-27), വ്യാപാരമേഖലയിലെ പദങ്ങൾ (ഫിലെ 18), അടിമക്കച്ചവടം (1 കോറി 7,22;റോമ 7,14), സന്ദർശനം നട

ത്തുന്ന ചക്രവർത്തിയുടെ ബഹുമാനാർത്ഥമുള്ള ആഘോഷങ്ങൾ (1 തെസ 2,19) എന്നിവ ഉദാഹരണങ്ങൾ. കൂടാതെ, സ്വാതന്ത്ര്യം (*എലെ യ്യൂറ്റെറിയ*: ഗലാ 5,1.13), മനസ്സാക്ഷി (*സ്യൂനെയിഡേസിസ്:* 1 കോറി 8,7.10.12;10,25–29;2 കോറി 5,11;റോമ 2,15), സ്വഭാവം (*ഫ്യൂസിസ്*: റോമ 2,14), (സ്വയം)പര്യാപ്തത [പി.ഒ.സി: സമൃദ്ധം], (*ഔറ്റർകെയിഅ*: 2 കോറി 9,8) മുതലായ സ്റ്റോയിക് ആശയങ്ങളുണ്ട്. ഫിലി 4,8ൽ *പ്രൊസ്ഫിലേസ്* (സ്നേഹാർഹം, വിസ്മയകരം), *എവ്ഫേമൊസ്* (സ്തുത്യർഹം, ഉദാത്തം) *അറെറ്റേ* (ഉത്തമം, പുണ്യകരം), *എപയി നൊസ്* (പ്രശംസാർഹം) മുതലായ യവനപദങ്ങൾ കൂത്തിനിറച്ചിരിക്കുന്നു. യവനസ്വാധീനം ഏറ്റവും മുഴച്ചുനില്ക്കുന്നതു പൗലോസിന്റെ ധാർമികോപദേശങ്ങളിലാണ്. ''അധമമായ സംസർഗം സദാചാരങ്ങളെ ദുഷിപ്പിക്കും'' (1 കോറി 15,33) എന്ന ചൊല്ല് ഗ്രീക്കുകവിയായ മെനാൻഡറിനെ ഉദ്ധരിച്ചുള്ളതാണ്.[111] ആത്മാവ് X ജഡം (ഗലാ 5,17), ആത്മാവിന്റെ അമർത്യത (2 കോറി 5,1–10) എന്നീ ആശയങ്ങളും യവനചിന്തയുടേതത്രേ. സഭയുടെ സംഘാതാത്മകതയും സ്വാഭാവികൈക്യവും ഊന്നിപ്പറയാൻ സഭയെ *ക്രിസ്തുവിന്റെ ശരീരം* എന്ന രൂപകത്തിൽ പൗലോസ് അവതരിപ്പിക്കുന്നു (1 കോറി 12,27–28). അതിന് അദ്ദേഹത്തിനു പ്രേരകമായത് സമകാലിക ഗ്രേക്കോ-റോമൻ സംസ്കാരത്തിന്റെ *രാഷ്ട്രഗാത്രം* എന്ന സങ്കല്പമത്രേ.[112]

**3. പൗലോസിനു നല്കപ്പെട്ട വെളിപാട്** (കാണുക, മുകളിൽ പുറം )

**4. സഭാപാരമ്പര്യം**

പൗലോസിനു ദമാസ്കസിനു സമീപം ക്രിസ്തുവെളിപാടു ലഭിക്കുന്നതിനു മുമ്പുതന്നെ പന്ത്രണ്ട് അപ്പോസ്തലന്മാരുടെ നേതൃത്വത്തിൽ ക്രിസ്തുവിശ്വാസവും ക്രിസ്തീയവിശ്വാസപ്രഘോഷണവും (പ്രേഷിതപ്രവർത്തനവും) ആരംഭിച്ചിരുന്നു. സഭ നിലവിലിരുന്നു; സജീവവുമായിരുന്നു. പീഡനങ്ങൾ അഭിമുഖീകരിച്ചും ആഴത്തിലും പരപ്പിലും വളരാനാരംഭിച്ചിരുന്നു.

അപ്പോസ്തോലികസഭാപാരമ്പര്യത്തിൽപ്പെട്ട പ്രഘോഷണം, ആരാധന, കീർത്തനങ്ങൾ, വിശ്വാസപ്രഖ്യാപനസൂത്രവാക്യങ്ങൾ, ദൈവശാസ്ത്രപദാവലി, ഉപദേശം എന്നീ മേഖലകളിൽനിന്നു ഒട്ടേറെ സംഗതികൾ പൗലോസ് സ്വീകരിച്ചിട്ടുണ്ട്. 1 തെസ 1,10;ഗലാ 1,3–4;1 കോറി 11,2–7;റോമ 1,3–4;4,25;8,34;10,8–9 എന്നിവിടങ്ങളിലുള്ളത് ആദിസഭയുടെ പ്രഘോഷണാംശങ്ങളാണ്. 1 കോറി 11,23–25ലുള്ള കുർബാനസ്ഥാപനവിവരണം (അന്ത്യോക്യൻ)സഭയുടെ ആരാധനാപാരമ്പര്യത്തിൽനിന്നാണ്. ''ഇതു കർത്താവിൽനിന്നു താൻ സ്വീകരിച്ചതു കൈമാറുക

യാണെന്നു / ഏല്പിക്കുകയാണെന്നു'' പൗലോസ് പറയുന്നു (1 കോറി 11,2.23). വി. കുർബാനസ്ഥാപനവിവരണം പൗലോസിനു യേശുവിൽനിന്നു നേരിട്ടു ലഭിച്ചതല്ല. എന്നിട്ടും ''കർത്താവിൽനിന്നു'' സ്വീകരിച്ചു എന്നു പറയുമ്പോൾ അദ്ദേഹം അർത്ഥമാക്കുന്നത് സഭ തലമുറകൾക്കു നടത്തുന്ന കൈയേല്പിക്കലിൽ പ്രധാനപ്രവർത്തകൻ മഹത്വീകൃതനായ കർത്താവാകുന്നു എന്നാണ്.[113] ''ആമ്മേൻ'' (1 തെസ 3,13;ഗലാ 6,18;1 കോറി 14,16;2 കോറി 1,20) ''മാറാനാതാ'' (1 കോറി 16,22), ''അബ്ബാ, പിതാവേ'' (ഗലാ 4,6;റോമ 8,15) എന്നീ പ്രാർത്ഥനാഭാഗങ്ങൾ, ഗലാ 1,5;ഫിലി 4,20;റോമ 11,36;16,27 എന്നിവിടങ്ങളിലെപ്പോലുള്ള സ്തുതിപ്പുകൾ, ഫിലി 2,6-11ലേതുപോലുള്ള ക്രിസ്തുസ്തവങ്ങൾ എന്നിവയും സഭയുടെ ആരാധനാപാരമ്പര്യത്തിൽനിന്നുള്ളവയാണ്. ''യേശു കർത്താവാകുന്നു'' (1 കോറി 12,3;റോമ 10,9) ''യേശു ക്രിസ്തു'' (1 കോറി 3,11;റോമ 9,5) എന്നിപ്രകാരമുള്ള വിശ്വാസപ്രഖ്യാപനങ്ങളുടെയും സ്രോതസ് സഭാപാരമ്പര്യമാണ്. യേശുവിനെ സംബന്ധിച്ചുള്ള ''ദൈവപുത്രൻ,'' ''കർത്താവ്'' എന്നീ നാമധേയങ്ങളും ''അപ്പോസ്തലൻ,'' ''ദൈവത്തിന്റെ സഭ'' (1 കോറി 1,2;10,32;11,2;ഗലാ 1,13), ''ക്രിസ്തുവിലേക്കു / ഒരു ശരീരത്തിലേക്കു സ്നാനപ്പെടുക'' (ഗലാ 3,27;റോമ 6,3;1 കോറി 12,13) എന്നീ ദൈവശാസ്ത്രപരമായ പദങ്ങളും സഭാപാരമ്പര്യത്തിൽനിന്നു പൗലോസിനു ലഭിച്ചതാകാനേ വഴിയുള്ളു. സഭയിൽ സാധാരണയായി ഉപയോഗിച്ചിരുന്ന സ്ഥിതപ്രതിഷ്ഠിതങ്ങളായ പദാവലി പൗലോസ് വിശ്വാസപ്രബോധനങ്ങളിലും ധാർമികോപദേശങ്ങളിലും ഉപയോഗിച്ചിട്ടുണ്ട് (ഉദാ: 1 തെസ 4,1-2;ഗലാ 5,19-21;1 കോറി 6,7-10 [എഫേ 5,5]).

യേശു പഠിപ്പിക്കയും പ്രവർത്തിക്കയും ചെയ്ത കുറെ കാര്യങ്ങൾ പൗലോസിന്റെ അറിവിൽപ്പെട്ടിട്ടുണ്ടെന്നു ലേഖനങ്ങൾ സാക്ഷിക്കുന്നു. അവയിൽ അനേകം സന്ദർഭങ്ങളിൽ കർത്താവിന്റെ മൊഴികൾ ഉദ്ധരിക്കയോ (1 കോറി 7,10-11;9,14;11,23-25;1തെസ 4,15 ) സൂചിപ്പിക്കയോ (റോമ 12,14.17;13,7;14,13) ചെ.യ്തിട്ടുണ്ട്: കർത്താവു പറയുന്നത് പൗലോസ് ഊന്നിപ്പറയുന്നുമുണ്ട് (1 കോറി 7,12). അതുപോലെ, ലേഖനങ്ങളിൽ ആദ്യത്തെ മൂന്നു സുവിശേഷങ്ങളിലെ വാക്യങ്ങളോടു ബന്ധമുള്ള ധാരാളം വാക്യങ്ങളുണ്ട് (ഉദാ:1 തെസ 5,2 : മത്താ 24,43;ലൂക്കാ 12,39; 1 തെസ 5,13 : മർക്കോ 9,50; 1 തെസ 5,15 : മത്താ 5,39-47).[114] പൗലോസ് ഉദ്ധരിക്കയോ സൂചിപ്പിക്കയോ ചെ.യ്യുന്ന വചനങ്ങളൊന്നും യേശുവിൽനിന്നു നേരിട്ടു കേട്ടതാകാൻ വഴിയില്ല. അവ അപ്പാടെ സുവിശേഷഗ്രന്ഥങ്ങളിലുമില്ല. ആദിസഭയ്ക്കു ലഭിച്ച യേശുമൊഴിപാരമ്പര്യ

ത്തിൽപ്പെട്ടതാകും. സഭ സ്വരുക്കൂട്ടി സംരക്ഷിച്ച യേശുമൊഴികളുടെ കാരണഭൂതനും കാരകനും ഉത്ഥിതനായ കർത്താവാണെന്നു പൗലോസ് വിശ്വസിച്ചു.[115]

യേശുവിന്റെ ചില ജീവിതസംഭവങ്ങളും പൗലോസ് പരാമർശിക്കുന്നുണ്ട്. യേശു സ്ത്രീയിൽനിന്നു ജനിച്ചു (ഗലാ 4,4); കുർബാന സ്ഥാപിച്ചു (1 കോറി 11,23), കയ്യേല്പിക്കപ്പെട്ടു / ഒറ്റിക്കൊടുക്കപ്പെട്ടു (1 കോറി 11,23), ക്രൂശിക്കപ്പെട്ടു (ഗലാ 2,20;3,1;ഫിലി 2,5;1 കോറി 2,20; റോമ 6,6), മരിച്ചു (1 കോറി 15,3;റോമ 6,3-9), സംസ്കരിക്കപ്പെട്ടു (1 കോറി 15,4;റോമ 6,4), ഉയിർപ്പിക്കപ്പെട്ടു /ഉയിർത്തെഴുന്നേറ്റു (1 കോറി 15,5;റോമ 4,.5.9), സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു (റോമ 10,6; [എഫേ 4,9]). യേശു സമ്പന്നനായിരക്കേ ദരിദ്രനായതു പൗലോസിനറിയാം (2 കോറി 8,9). ആത്മബലിയോളമെത്തിച്ച യേശുവിന്റെ സ്നേഹത്തെക്കുറിച്ചു പൗലോസിനു നിശ്ചയമുണ്ട് (2 കോറി 5,14). സുവിശേഷശുശ്രൂഷയ്ക്കുവേണ്ടി പൗലോസും സഹപ്രവർകരും അനുഭവിക്കുന്ന സഹനസമൃദ്ധി ക്രിസ്തുവിന്റെ സഹനത്തിലുള്ള പങ്കുചേരലാണ് (2 കോറി 1,5;4,10;6,4-5;7,5;11,23-27;12,10). യേശുവിന്റെ ജീവിതസംഭവങ്ങളെക്കുറിച്ചുള്ള വിവരം പൗലോസിന് എവിടെനിന്നു ലഭിച്ചു? ഇവ ഏറെക്കുറെ എല്ലാംതന്നെ യേശുവിന്റെ ജറുസലേമനുഭവത്തിന്റെ വിവധ സംഭവങ്ങളാണല്ലോ. ഭൂമിയിലായിരുന്ന യേശുവിനെ എപ്പോഴെങ്കിലും പൗലോസ് നേരിൽ കണ്ടതായി ഒരു സൂചനയുമില്ല ലേഖനങ്ങളിൽ. യേശുവിന്റെ ജറുസലേമനുഭവത്തെക്കുറിച്ചു ചില വർത്തമാനങ്ങൾ പൗലോസിന്റെ ജറുസലേംവിദ്യാഭ്യാസകാലത്തു കേട്ടിരിക്കാൻ സാദ്ധ്യതയില്ലായതില്ല. ഇവിടെ ചൂണ്ടിക്കാട്ടിയ സംഭവങ്ങളെല്ലാം യേശുവിനെക്കുറിച്ചുള്ള പ്രഘോഷണത്തിന്റെ ഭാഗമായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതായത്, അവ ദൈവശാസ്ത്രപ്രയോഗങ്ങളാണ്. അവയുടെ പ്രധാന സ്രോതസ് ജറുസലേം, ദമാസ്കസ്, അന്ത്യോക്യ എന്നിവിടങ്ങളിലെ സഭകളിൽനിന്നു കിട്ടിയ അറിവുതന്നെ – സഭകൾ കൈയേല്പിച്ച യേശുപാരമ്പര്യം.

പാരമ്പര്യത്തെപ്പറ്റിയും പൗലോസ് പ്രബോധിപ്പിക്കുന്നുണ്ടെന്ന വസ്തുത പലരും ശ്രദ്ധിക്കാറില്ല. പൗലോസ് പാരമ്പര്യവിരോധിയല്ല. കോറിന്തിലെ സഭയ്ക്കു പൗലോസ് കൈയേല്പിച്ച (*paradidonai*) പാരമ്പര്യങ്ങൾ അവർ സംരക്ഷിക്കുന്നതിന് അവരെ പ്രശംസിക്കുന്നു (1 കോറി 11,2). താൻ സ്വീകരിച്ചതാണ് കൈയേല്പിച്ചതെന്നും പ്രസ്താവിക്കുന്നു (1 കോറി 11,23; 15,1.3). പാരമ്പര്യത്തോടു വിശ്വസ്തത പുലർത്തണമെന്നു സഭകളോടു ശുപാർശ ചെയ്യുന്നു (1 തെസ 2,13;ഫിലി

4,3;1 കോറി 11,2;15,2;റോമ 6,17).[116] ഇതിനോടു ചേർത്തുവായിക്കേണ്ട താണ് സഭയുടെ സമ്പ്രദായങ്ങളോടുള്ള സമീപനത്തെപ്പറ്റി 1 കോറി 11,16ൽ പറയുന്നത്. സഭയ്ക്കു കൈയേല്പിക്കപ്പെട്ടതും സഭ കൈയേല്പിക്കുന്നതുമായ പാരമ്പര്യങ്ങളും സമ്പ്രദായങ്ങളും കേവലം മാനുഷികങ്ങളല്ല, നിയമത്തിന്റെ സംപൂർത്തിയായ കർത്താവ് കൈയേല്പിക്കുന്നവയാണെന്നത്രേ പൗലോസിന്റെ ഉള്ളിരിപ്പ് (1 തെസ 2,13).[117]

## 5. പൗലോസിന്റെ പ്രേഷിതാനുഭവം

കാൽ ശതാബ്ദത്തോളം സുവിശേഷപ്രവർത്തനം ചെയ്തയാളാണ് അപ്പോസ്തലനായ പൗലോസ്. ഏഷ്യാമൈനറിലെയും യൂറോപ്പിലെയും നഗരങ്ങളിൽ ക്രിസ്തുസുവിശേഷം പ്രസംഗിച്ചും സഭകൾ സ്ഥാപിച്ചും സഭകളെ സന്ദർശിച്ചും സുവിശേഷവേലയിൽ വലിയ മുന്നേറ്റം നടത്തി. കടലും കരയും താണ്ടി നടത്തിയ സുവിശേഷപ്രവർത്തനവും അതിന്റെ ഭാഗമായി യഹൂദരോടും അയഹൂദരോടും സഭകളോടും വ്യക്തികളോടുമുണ്ടായ ബന്ധങ്ങളും അഭിമുഖീകരിച്ച പ്രശ്നങ്ങളും അദ്ദേഹത്തിന് അനന്യമായ പ്രേഷിതാനുഭവങ്ങളുടെ വലിയ കലവറ തീർത്തു.

പ്രേഷിതാനുഭവങ്ങൾ ദൈവശാസ്ത്രപരമായ വളർച്ചയ്ക്കു തീർച്ചയായും സഹായിച്ചു. പൗലോസിന്റെ പ്രേഷിതാനുഭവങ്ങൾ ക്രിസ്തീയ പ്രസ്ഥാനത്തിനു പുതിയമാനവും ദർശനവും നല്കുവാനിടയാക്കി. യൂദവത്കരണപ്രശ്നം അഭിമുഖീകരിക്കേണ്ടിവന്നതിനാലാണല്ലോ വിശ്വാസത്താലുള്ള നിതീകരണവും സുവിശേഷവും നിയമവും തമ്മിലുള്ള ബന്ധം പരിചിന്തനവിഷയമായത്. യഹൂദർ എതിർത്ത ക്രിസ്തുസുവിശേഷം വിജാതീയർ സ്വീകരിച്ചതു ദൈവകൃപയെക്കുറിച്ചുള്ള പരമ്പരാഗത ധാരണയ്ക്കപ്പുറത്തേക്കു അതിനെ നയിക്കാൻ ഇടയാക്കി. കൂടുതൽ വിശാലമായ അയഹൂദമേഖലകളകളിലേക്കു ക്രിസ്തുസുവിശേഷം വ്യാപിപ്പിക്കാൻ സഹായിച്ചു. അങ്ങനെ യഹൂദരുടെ എതിർപ്പും അയഹൂദരുടെ സ്വീകരണവും ക്രിസ്തുസുവിശേഷത്തിന്റെയും രക്ഷയുടെയും സഭയുടെയും സാർവത്രിക ലക്ഷ്യം പൗലോസിന്റെ കണ്ണുകൾക്കുമുമ്പിൽ തെളിച്ചു.

ദൈവികപദ്ധതിയിൽ യഹൂദർക്കു പ്രത്യേക സ്ഥാനമുണ്ടെന്ന് അദ്ദേഹം ഉറച്ചുവിശ്വസിച്ചു. അത് ആദ്യവും അവസാനവുമെഴുതിയ ലേഖനങ്ങളിൽ ആവിഷ്കരിക്കുന്നുണ്ട് (1 തെസ 2,14-15;റോമ 1,16;2,9-1-;9,4-5). യേശുക്രിസ്തു മുഖേനയുള്ള രക്ഷ ദൈവത്തിന്റെ പദ്ധതിയാണ്. അതിൽ രക്ഷ അവിടത്തെ കൃപയാലും യേശുക്രിസ്തു

വിലുള്ള വിശ്വാസത്താലുമാണ്. ഈ (പുതിയ) രക്ഷാപദ്ധതിയിൽ ഇസ്രായേലിന്റെ പങ്കെന്ത്? ഇതെപ്പറ്റിയുള്ള കൂലങ്കഷമായ വിചാരങ്ങ ളാണല്ലോ റോമ 9-11. എന്നിട്ടും പൗലോസിന്റെ നിലപാട് താൻ വിജാ തീയരോടു സുവിശേഷം പ്രസംഗിക്കാനുള്ളവനും (ഗലാ 1,15-16) ''വിജാതീയരുടെ അപ്പോസ്തലനു''മാണെന്നത്രേ (റോമ 1,16;2,9-10). ''ഗ്രീക്കുകാരോടും അപരിഷ്കൃതരോടും വിജ്ഞാനികളോടും അജ്ഞാ നികളോടും താൻ കടപ്പെട്ടവനാണ്'' എന്നു പൗലോസ് എഴുതിയിട്ടു ണ്ടല്ലോ (റോമ 1,14). യഹൂദരുടെ തിരുഗ്രന്ഥം ദൈവജനത്തെ ''ശരീരം'' എന്ന രൂപകത്തിൽ അവതരിപ്പിക്കുന്നില്ല. എന്നിട്ടും യേശുക്രിസ്തു മുഖാന്തരം പൂർത്തിയാക്കിയ ദൈവജനമായ സഭയെ ''ശരീരം'' എന്ന രൂപകത്തിൽ അവതരിപ്പിക്കാൻ പൗലോസിനെ പ്രേരിപ്പിച്ചത് യവന രുടെയിടയിലെ പ്രേഷിതാനുഭവമായിരക്കണം.

**ആസ്വാദനം**

**1. ദമാസ്കസനുഭവത്തിന്റെ കേന്ദ്രീയത**

യഹൂദ,യവനസംസ്കാരങ്ങളോടുള്ള ബന്ധം, സഭാപാരമ്പര്യം, സ്വന്തം പ്രേഷിതാനുഭവം, ദമാസ്കസിനു സമീപമുണ്ടായ ക്രിസ്തു ദർശനം എന്നിവയെല്ലാം പ്രയോജനപ്പെടുത്തിയാണ് പൗലോസ് ക്രിസ്തീയ ദൈവശാസ്ത്രം രൂപപ്പെടുത്തിയത്. അതു ചെയ്തത് ദമാ സ്കസിനു സമീപമുണ്ടായ ക്രിസ്തുദർശനത്തിന്റെ ഉൾക്കാഴ്ചകൊണ്ടു മറ്റെല്ലാറ്റിനെയും രൂപാന്തരപ്പെടുത്തിക്കൊണ്ടാണ്. യഹൂദസംസ്കാര ത്തിൽനിന്നു ലഭിച്ചഅടിസ്ഥാനപരമായവയെപ്പോലും അങ്ങനെ രൂപാ ന്തരപ്പെടുത്തി. പൗലോസിന്റെ പ്രത്യേക ക്രിസ്ത്വനുഭവം മറ്റെല്ലാ ഘട കങ്ങൾക്കും അച്ചുതണ്ടായി. അത് കേന്ദ്രീകരിച്ചു മറ്റെല്ലാത്തിനെയും പുതുക്കിപ്പണിതു കൂട്ടിച്ചലിപ്പിച്ചു. അതിനാൽ വശ്യമനോഹരവും വിചാ രധന്യവും ക്രിസ്തുദർശനശക്തവുമായ ഒരു സർഗാത്മകദൈവ ശാസ്ത്രം പിറന്നുവീണു. ഏതെങ്കിലും ഒരു ഘടകത്തിന്റെ അതിരു കൾക്കുള്ളിൽ ക്രിസ്തുസംഭവും തന്റെ ക്രിസ്ത്വനുഭവവും തളച്ചിടാൻ അദ്ദേഹം തുനിഞ്ഞില്ല. ലഭിച്ച ദൈവികവും മാനുഷികവുമായ എല്ലാ ഘടകങ്ങളും ദൈവശാസ്ത്രം അവതരിപ്പിക്കാൻ ഉപയോഗിച്ചു. അതി നാൽ സാർവത്രികപ്രസക്തിയുള്ള ഒരു ക്രിസ്തീയ ദൈവശാസ്ത്രം ലോകത്തിനു ലഭിച്ചു.

**2. ദൈവശാസ്ത്രവത്കരണരീതി**

പൗലോസ് ദൈവശാസ്ത്രം കൈകാര്യം ചെയ്ത രീതി പ്രത്യേകം ശ്രദ്ധാർഹമാണ്; അനുകരിക്കേണ്ടതുമാണ്. പൗലോസിന്റെ ദൈവശാസ്ത്രവത്കരണം യുക്തിപരമായ വിശകലനങ്ങളിലും നിഗമ

നങ്ങളിലും വിഹരിക്കുകയോ സിദ്ധാന്തപരമായ പ്രഖ്യാപനങ്ങൾ നടത്തുകയോ ചെയ്യുന്ന ഒരഭ്യാസമല്ല. താനും തന്റെ സുവിശേഷപ്രവർത്തനത്താൽ മാനസാന്തരപ്പെട്ടു ക്രിസ്തീയവിശ്വാസത്തിലേക്കു വന്നവരും വിശ്വാസത്തിലൂടെ ക്രിസ്തുവിൽ പരിശുദ്ധാത്മാവിനാൽ അനുഭവിച്ച സംഗതികളുടെ സവിശേഷസ്വഭാവം വ്യക്തമാക്കാൻ പരിശ്രമിക്കയായിരുന്നു പൗലോസ്. തന്റെ അനുവാചകർക്കു തിരിച്ചറിയാനും ജീവിക്കാനും സാധിക്കുന്ന ഒരു രക്ഷാശാസ്ത്രവും സഭാശാസ്ത്രവും പ്രസ്തുത സ്വഭാവവിശേഷത്തെ ആസ്പദമാക്കി വികസിപ്പിക്കാനും ശ്രമിച്ചു.[118] അതാണ് പൗലോസിന്റെ ദൈവശാസ്ത്രവത്കരണം.

ജന്മനാലും അഭ്യാസത്താലും തനിക്കു ലഭിച്ച യഹൂദ-ഫരിസേയ പൈതൃകത്തോടും അതിൽനിന്നു തിർന്നു സമകാലികയഹൂദസമൂഹത്തിൽ നിലവിലിരുന്ന മതഭേദങ്ങളോടും  യവനസംസ്കാരബന്ധത്തോടും സഭാപാരമ്പര്യത്തോടും സ്വന്തം പ്രേഷിതാനുഭവങ്ങളോടും സഭാസമൂഹങ്ങളോടുമെല്ലാം ദൈവം തനിക്കു പ്രത്യേകം നല്കിയ ക്രിസ്തുവെളിപാടിന്റെ വെളിച്ചത്തിൽ സംവദിച്ചാണ് പൗലോസ് ദൈവശാസ്ത്രവതരണം നടത്തിയ്ത്. പൗലോസിന്റെ ദൈവശാസ്ത്രവത്കരണം ഡയലോഗിക്കലാണ്. അദ്ദേഹത്തിന്റെ ദൈവശാസ്ത്രം സജീവവും ഊർജസ്വലവും ചലനാത്മകവുമാണ്.

**3. പൗലോസിന്റെ ദൈവശാസ്ത്രത്തിനു വളർച്ച?**

**എ) ദൈവശാസ്ത്രത്തിന്റെ വളർച്ച**

പൗലോസിന്റെ ദൈവശാസ്ത്രത്തിന്റെ വികാസത്തെക്കുറിച്ച് അദ്ദേഹത്തിന്റേതെന്നു സർവസമ്മതങ്ങളായ ഏഴു ലേഖനങ്ങളിൽനിന്നു മനസ്സിലാക്കാൻ സാധിക്കുന്നത് അവയെഴുതിയ കാലഘട്ടത്തിനുള്ളിൽ സാരവത്തായ വളർച്ചയുണ്ടായെന്നു പറയാൻ സാധിക്കില്ല എന്നാണ്. അതായത്, ദൈവശാസ്ത്രത്തിന്റെ സ്വഭാവത്തിനും പ്രധാന പ്രമേയങ്ങൾക്കും മാറ്റമുണ്ടായിട്ടില്ല. ദൈവശാസ്ത്രത്തിനു സ്ഥിരതയും സംസക്തിയും ഏകതാനതയും ഉണ്ട്. ഇതിനർത്ഥം പൗലോസിന്റെ ലേഖനങ്ങളുടെ രടനാകാലഘട്ടത്തിൽ അദ്ദേഹത്തിന്റെ ദൈവശാസ്ത്രത്തിന് ഒരുതരം വികാസവും ഉണ്ടായിട്ടില്ല; അതു നിർജീവമായിരുന്നു എന്നല്ല. ദൈവശാസ്ത്രപരമായ ആന്തരിക വളർച്ച പൗലോസിനുണ്ടായിട്ടുണ്ട്. ദൈവശാസ്ത്രത്തിനും ആന്തരിക വികസനം സംഭവിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ പ്രകാശിപ്പിച്ച ഉൾക്കാഴ്ചകൾ പിന്നീടുള്ള ലേഖനങ്ങളിൽ കൂടുതൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അവയുടെ പൂർണതനമായ അർത്ഥവും അന്തർഭാവങ്ങളും ആവിഷ്കരിച്ചിട്ടുണ്ട്. അപ്രകാരം ചില ഉൾക്കാഴ്ച കൾക്കോ അവയുടെ അർത്ഥത്തിന്റെയോ അന്തർഭാവങ്ങ

ളുടെയോ ചില മാനങ്ങൾക്കോ ഊന്നൽ നല്കുന്നതിൽ മാറ്റമുണ്ടായിട്ടുണ്ട്; ചിലതിനു വിശദീകരണവും നല്കപ്പെട്ടിട്ടുണ്ട്. അല്ലാതെ ദൈവശാ സ്ത്രത്തിന്റെ തത്വാംശങ്ങൾക്കോ ആകമാനസ്വഭാവത്തിനോ സാരവത്തായ മാറ്റം വരുത്തിയിട്ടില്ല.[119]

പൗലോസിന്റെ ദൈവശാസ്ത്രത്തിനു സാരവത്തായ വികാസമുണ്ടായത് മേല്പറഞ്ഞ ഏഴു ലേഖനങ്ങൾ രചിച്ചതിനു മുമ്പും ശേഷവുമാണ്. ഗലാ 1-2 അദ്ധ്യായങ്ങളിൽ അദ്ദേഹത്തിന്റെ ആത്മകഥയുടെ ഒരു സംക്ഷിപ്തരൂപരേഖയുണ്ടല്ലോ. അതു പൗലോസിന്റെ ദൈവശാസ്ത്രത്തിന്റെ ആദ്യഘട്ടവികാസത്തിനു നിമിത്തമായ മൂന്ന് അതിപ്രധാന സംഭവങ്ങൾ ചൂണ്ടിക്കാട്ടുന്നുണ്ട്. ഒന്നാമത്, പൗലോസിന്റെ ദമാസ്കസനുഭവം. രണ്ടാമത്, ജറുസലേമിൽ പൗലോസും അപ്പോസ്തലസ്തംഭങ്ങളും തമ്മിൽ നടത്തിയ ആശയവിനിമയം (ഗലാ 2,1-10). ആ സമ്മേളനം പൗലോസിന്റെ സുവിശേഷത്തെ മാറ്റിമറിച്ചില്ല. ഏങ്കിലും ജറുസലേംനേതൃത്വത്തിന്റെ സമ്മതം അദ്ദേഹത്തിന്റെ സുവിശേഷപ്രവർത്തനത്തിന്റെ വിജയത്തെ സംബന്ധിച്ചു നിർണായകമായിരുന്നു (ഗലാ 2,6-7). മാത്രമല്ല, തന്റെ സുവിശേഷം ജറുസലേം പ്രതിനിധാനം ചെയ്ത ആത്മീയ പൈതൃകത്തിന്റെ തുടർച്ചയാണെന്ന ബോധം അദ്ദേഹത്തിൽ സൃഷ്ടിക്കയും ചെയ്തു (ഉദാ: റോമ 15,27). തന്റെ സുവിശേഷം തനിക്കു മുമ്പേ വിശ്വസിക്കയും വിളിക്കപ്പെടുകയും ചെയ്തവരുടെ സുവിശേഷത്തിന്റെ നേർതുടർച്ചയാണെന്നു മറ്റൊരവസരത്തിലും പൗലോസ് ഏറ്റുപറയുന്നുണ്ട് (1 കോറി 15,11). മൂന്നാമത്തത്, കേപ്പാ അന്ത്യോക്യായിൽ വന്നപ്പോൾ അദ്ദേഹവും പൗലോസും തമ്മിൽ "നിയമത്തിന്റെ പ്രവൃത്തികളെ" സംബന്ധിച്ചുണ്ടായ അഭിപ്രായഭിന്നത. ഭിന്നത രൂക്ഷമായി പൗലോസ് വിജാതീയരുടെയിടയിലെ പ്രേഷിതപ്രവർത്തനത്തിന്റെ കാര്യത്തിൽ ജറുസലേംനേതൃത്വത്തിന്റെ സമീപനത്തെ എതിർക്കയും (ഗലാ 2,11-14) വിജാതീയരുടെയിടയിൽ സ്വതന്ത്രമായി പ്രവർത്തനം തുടരുകയും ചെയ്തു.[120]

**ബി) ദൃഢീകരണത്തിൽ മാറ്റവും അർത്ഥമാനങ്ങളുടെ വിശദീകരണവും**

മുകളിൽ (3എ) പറഞ്ഞപോലെ ചില ഉൾക്കാഴ്ചകൾക്കോ അവയുടെ അർത്ഥത്തിന്റെയോ അന്തർഭാവങ്ങളുടെയോ ചില മാനങ്ങൾക്കോ ഊന്നൽ നല്കുന്നതിൽ മാറ്റമുണ്ടായിട്ടുണ്ട്; ചിലതിനു വിശദീകരണവും നല്കപ്പെട്ടിട്ടുണ്ട്. ഇപ്പറഞ്ഞ മാറ്റങ്ങൾക്കു പ്രേരകമായ പല സംഭവങ്ങളും അനുഭവങ്ങളുമുണ്ടാകാം. ഡൺ നാലെണ്ണം എടുത്തുകാട്ടുന്നു.[121] (ഒന്ന്) തെസലോനിക്കായിലെ സംഭവങ്ങൾ. കർത്താ

വിന്റെ പുനരാഗമനത്തെക്കുറിച്ചുള്ള പ്രസംഗത്തിൽ മാറ്റങ്ങൾ വരുത്താൻ അവയിടയാക്കി. ഉദാഹരണമായി "കർത്താവായ യേശുക്രിസ്തുവിൽ" (1 തെസ 1,1 ;2 തെസ 1,1 ;3,12), "ദൈവത്തിൽ" (1 തെസ 1,1 ;2,2; 2 തെസ 1,1) എന്നീ ശൈലികളുടെ കാര്യമെടുക്കാം. അവ തെസലോനിക്കർക്കുള്ള ലേഖനങ്ങളിൽ മാത്രമേയുള്ളു. (മറ്റുള്ളവയിൽ "യേശുവിൽ," "യേശുക്രിസ്തുവിൽ," "കർത്താവിൽ" എന്നിങ്ങനെയാകും). ഈ പ്രയോഗമാറ്റം സൂചിപ്പിക്കുന്നു, *തെസലോനിക്കാസംഭവ*ത്തിന്റെ വെളിച്ചത്തിൽ പൗലോസിന്റെ തനതായതെന്നു പറയാവുന്ന പ്രതിപാദ്യങ്ങളുടെ ആസൂത്രണത്തിൽ പരീക്ഷണം നടത്തിക്കൊണ്ടിരിക്കയായിരുന്നു.

(രണ്ട്) ഗലാത്തിയായിലെ സഭകൾക്കുണ്ടായ ഭീഷണി. വിവരമറിഞ്ഞപ്പോൾ പൗലോസ് തന്റെ "അപ്പോസ്തലസ്ഥാനവും" "നീതീകരണം വിശ്വാസത്താലാണ്, നിയമത്തിന്റെ പ്രവൃത്തികളാലല്ല" എന്ന തത്വത്തതിൽ കേന്ദ്രീകരിച്ച തന്റെ "സുവിശേഷത്തിന്റെ സത്യവും" ഊന്നിപ്പറഞ്ഞു. ഈ മൗലികാശയങ്ങൾ ഗലാത്തി യർക്കുള്ള ലേഖനം എഴുതുന്നതിനു മുമ്പുതന്നെ പൗലോസിനുണ്ടായിരുന്നു (കാണുക ഗലാ 2,1-16;3,1). ഇവ തന്റെ വിചാരത്തിന്റെ മുന്തിയ പതിവുവിഷയങ്ങളായി സ്ഥാപിക്കത്തക്കവിധം ഗലാത്തിയായിലെ സഭകൾക്കെഴുതാൻ അവിടത്തെ സംഭവവികാസങ്ങൾ അവസരമായി.

(മൂന്ന്) കോറിന്തിലെ സഭയ്ക്കുള്ള ഒന്നു രണ്ടും ലേഖനങ്ങൾ എഴുതുന്നതിനിടയിൽ എഫേസോസിലുളവായ പ്രതിസന്ധി. അതായിരിക്കണം 2 കോറി 2,1-9ൽ, പ്രത്യേകിച്ചു വാക്യം 8ൽ, പരാമർശിക്കുന്നത്. ഏഫേസോസിൽ പൗലോസ് സുവിശേഷത്തെപ്രതി, തന്റെ അപ്പോസ്തോലികശുശ്രൂഷയെപ്രതി, കഠിനമായി സഹിക്കേണ്ടിവന്നു. വ്യക്തിപരമായ ആ അനുഭവത്തിന്റെ തീച്ചൂളയിൽ നിന്നാകും സഹനത്തിന്റെ, വിശേഷിച്ച് അപ്പോസ്തോലികസഹനത്തിന്റെ, ദൈവശാസ്ത്രം ഊതിക്കാച്ചിയെടുത്തത്. അതാണല്ലോ കോറിന്തോസുകാർക്കുള്ള രണ്ടാം ലേഖനത്തിലെ ഒരു പ്രമുഖ പ്രമേയം. ഈ വിഷയം ഗലാ 2,19;6,17;1 കോറി 4,9-13 എന്നിവിടങ്ങളിലുള്ളതാണ്. അതായത്, *സഹനം* എന്ന പ്രമേയം കോറിന്തോസുകാർക്കുള്ള രണ്ടാം ലേഖനമെഴുതുന്നതിനു മുമ്പെഴുതിയ ലേഖനങ്ങളിൽ ഊന്നൽ നല്കി അവതരിപ്പിച്ചിട്ടുള്ളതാണ്. അതിന്റെ അത്യഗാധതലങ്ങൾ പിന്നീടെഴുതിയ ലേഖനങ്ങളിൽ — കോറിന്തോസുകാർക്കുള്ള രണ്ടാം ലേഖനം, ഫിലിപ്പിയർക്കും റോമർക്കുമുള്ള ലേഖനങ്ങൾ എന്നിവയിൽ — അവതരിപ്പിട്ടുണ്ടെന്നു മാത്രം.

(നാല്) തന്റെ പ്രേഷിതവേലയിൽ നിർണായകമായ ഒരു കവലയിൽ താൻ എത്തിയെന്ന യാഥാർത്ഥ്യബോധം. അതാകും റോമായിലെ സഭയ്ക്കുള്ള ലേഖനമെഴുതാൻ പ്രചോദനം. മധ്യധരണ്യാഴിയുടെ വടക്കുകിഴക്കൻ പ്രദേശങ്ങളിലെ പ്രവർത്തനം പൂർത്തിയാക്കിക്കഴിഞ്ഞു; അവിടെ ഇനി സാദ്ധ്യതയൊന്നുമില്ല (റോമ 15,18-23); ജറുസലേമിലെ സഭയിലെ നിർദ്ധനർക്കുള്ള സഹായം ഏല്പിക്കാൻ സമയമായി; പ്രേഷിതപ്രവർത്തനം പുതിയൊരു മേഖലയിൽ ആരംഭിക്കാനും കാലമായി (റോമ 15,24-29). ഈ മാറ്റത്തിലും പൗലോസിന്റെ ദൈവശാസ്ത്രത്തിൽ വളർച്ചയൊന്നുമില്ല. എന്നാൽ അത് സുവിശേഷത്തെപ്പറ്റിയുള്ള തന്റെ ധാരണകൾ കൂടുതൽ പൂർണമായും ഒരു അവസാനരൂപം നല്കത്തക്ക വിധവും രേഖപ്പെടുത്തണമെന്ന അഭിലാഷം അദ്ദേഹത്തിൽ അങ്കുരിപ്പിച്ചു. തദ്ഫലമായി റോമാലേഖനം സഭയ്ക്കു ലഭിച്ചു.

**സി) പൗലോസിന്റെ പേരിലുള്ളവയിൽ ദൈവശാസ്ത്രവളർച്ച**

പൗലോസിന്റെ ഏഴു ലേഖനങ്ങളിൽനിന്നു പൗലോസിന്റെ പേരിൽ എഴുതപ്പെട്ട ലേഖനങ്ങളിലേക്കു വരുമ്പോൾ ദൈവശാസ്ത്രത്തിൽ അർത്ഥവത്തായ വികാസം ദൃശ്യമാണ്. പൗലോസിന്റെ ദൈവശാസ്ത്രവും പൗലോസിന്റെ പേരിൽ അദ്ദേഹത്തിന്റെ ശിഷ്യർ / ശിഷ്യസംഘം രൂപവത്കരിച്ച ദൈവശാസ്ത്രവും തമ്മിൽ പ്രമേയപരമായ വളർച്ചയുണ്ട്. ഉദാഹരണമായി, കൊളോ 1,15-20ലെയും 2,15ലെയും പൂർണമായി വിടർന്ന പ്രാപഞ്ചിക ക്രിസ്തുശാസ്ത്രത്തിനും തദനുസൃതമായി 1,18ലെ സഭാശാസ്ത്രത്തിനും (സഭ - ശരീരം), 3,18ലെ ഗാർഹികനിയമങ്ങൾക്കും എഫേസോസുകാർക്കുള്ള ലേഖനത്തിൽ വന്നിട്ടുള്ള വികാസം.

**ഏതു രീതിയവലംബിക്കണം?**

പൗലോസിന്റെ ദൈവശാസ്ത്രത്തിന്റെ പഠനം / വിശകലനം അദ്ദേഹം വിശ്വസിച്ച കാര്യങ്ങളുടെ വിവരപ്പട്ടിക നിരത്തുകയല്ല. അദ്ദേഹം അവലംബിച്ച ദൈവശാസ്ത്രവത്കരണരീതി ശ്രദ്ധിക്കുക സുപ്രധാനമാണ്, അനവഗണനീയവുമാണ്. പൗലോസ് ഡയലോഗിക്കൽരീതിയാണ് അവലംബിച്ചത്. പൗലോസിന്റെ ദൈവശാസ്ത്രം അവതരിപ്പിക്കാനുള്ള നമ്മുടെ ശ്രമവും അദ്ദേഹവുമായുള്ള ഒരു ഡയലോഗ് ആയിരിക്കണം.

പൗലോസിന്റെ ദൈവശാസ്ത്രം വിശകലനം ചെയ്യാൻ പണ്ഡിതർ പല രീതികൾ സ്വീകരിച്ചിട്ടുണ്ട; നിർദ്ദേശിച്ചിട്ടുമുണ്ട്.[122] ബൈബിൾവിശകലനത്തിന് ഉപയോഗിക്കുന്ന നിരൂപണരീതികൾ ഇവിടെയും ഉപയോഗപ്പെടുത്താം. പൗലോസിന്റെ ദൈവശാസ്ത്രം വിശകലനം

ചെയ്യാൻ പണ്ഡിതർ ഉപയോഗിച്ചിട്ടുളതിൽ മൂന്നു പ്രധാന രീതികൾ നമുക്കിവിടെ പരിശോധിക്കാം.

(ഒന്ന്) വികസ്വരക്രമം: പൗലോസിന്റെ മാനസാന്തരത്തിൽ ആരംഭിച്ച് അദ്ദേഹത്തിന്റെ പ്രേഷിതവഴികളിലൂടെയും അവസാനം ലേഖനങ്ങളിലൂടെയും ദൈവശാസ്ത്രം വികസിച്ചുവന്നിട്ടുള്ളത് ആരായുക. ലേഖനങ്ങളുടെ കാര്യത്തിൽ അവയുടെ രചനാകാലക്രമംകൂടി കണക്കിലെടുക്കുന്നു. തെസലോനിക്കായിലെ സഭയ്ക്കുള്ള ഒന്നാം ലേഖനത്തിൽ ആരംഭിക്കുന്ന ദൈവശാസ്ത്രവീക്ഷണം ക്രമേണ വികസിച്ച് അവസാനം റോമായിലെ സഭയ്ക്കുള്ള ലേഖനത്തിൽ എത്തുമ്പോഴേക്കും രണ്ടും തമ്മിൽ താരതമ്യം ചെയ്യാനാകാത്തവിധം വിസ്തൃതവും ആഴപ്പെട്ടതുമായിരിക്കുന്നു? പൗലോസിന്റെ പേരിലുള്ള ലേഖനങ്ങൾകൂടി കണക്കിലെടുത്താൽ വികാസത്തിന്റെ വ്യാപ്തി ഇനിയും വികസിക്കും. പൗലോസിന്റെ ലേഖനങ്ങളിലെ ദൈവശാസ്ത്രവികസനത്തിന്റെ സ്വഭാവം മുകളിൽ (3എ-ബി) വിശദമാക്കി. പൗലോസിന്റെദ മാസ്കസനുഭവത്തിനും ലേഖനരചയുടെ ആരംഭത്തിനും ഇടയ്ക്കുള്ള കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ ദൈവശാസ്ത്രത്തിനു സാരവത്തായ വികാസം ഉണ്ടായിട്ടുണ്ട്.

പൗലോസിന്റെ ലേഖനങ്ങളാസ്പദമാക്കി ദൈവശാസ്ത്രവളർച്ച അളക്കുന്ന രീതിയുടെ ഏറ്റവും വലിയ പോരായ്മ അത് അവയുടെ രാചനാകാലക്രമത്തെ ആശ്രയിക്കുന്നുവെന്നതാണ്. രചനാകാല നിർണയം നിരൂപകരുടെ നിഗമനങ്ങളെയും അനുമാനങ്ങളെയും ആശ്രയിച്ചുള്ളതാണ്. ഖണ്ഡിക്കാനാവാത്തത്ര കൃത്യമാണെന്നു പറയാനാവില്ല. പോരെങ്കിൽ ഓരോ ലേഖനവും ഓരോ സഭയിലെ പ്രശ്നങ്ങളുടെ വെളിച്ചത്തിൽ എഴുതിയവയാണ്. അവയെല്ലാം വ്യക്തിപരമായ സമ്പർക്കങ്ങളാണ്. വ്യവസ്ഥാപിതങ്ങളായ പ്രബന്ധങ്ങളല്ല. തെസലോനിക്കായിലെ സഭയ്ക്കുള്ള ഒന്നാം ലേഖനമെഴുതുമ്പോൾ പൗലോസിന്റെ മനസ്സിൽ റോമായിലെ സഭയ്ക്കുള്ള ലേഖനത്തിൽ ആവിഷ്കരിച്ചിട്ടുള്ള വിശ്വാസാചാരധാരണകൾ ഇല്ലായിരുന്നെന്നു പറയാനുമാവില്ല. ഓരോ ലേഖനത്തിന്റെയും സന്ദർഭമനുസരിച്ചു വിശ്വാസാചാരങ്ങൾ ആവിഷ്കരിച്ചു എന്നു പറയുന്നതാവും ശരി. മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ചു ദൈവശാസ്ത്രം അവതരിപ്പിച്ചു എന്നല്ലാതെ ദൈവശാസ്ത്രം മാറ്റിയെന്നു കരുതാനാവില്ല. ഇതിനർത്ഥം ദൈവശാസ്ത്രപരമായ ആന്തരികവളർച്ച പൗലോസിനുണ്ടായിട്ടില്ല എന്നല്ല. അദ്ദേഹം അഭിസംബോധന ചെയ്ത സഭകളിലെ പ്രശ്നങ്ങൾ ആന്തരികവളർച്ചയ്ക്ക് സഹായിച്ചിട്ടുണ്ട്. പൗലോസ് ലേഖനങ്ങളിൽ ദൈവശാസ്ത്രം പ്രശ്നാധിഷ്ഠിതമായും പ്രായോഗികജീവിതത്തിനുവേ

ണ്ടിയും അവതരിപ്പിച്ചു. പൗലോസ് എപ്പോഴും ഒരു സർഗാത്മക ദൈവ ശാസ്ത്രജ്ഞനായിരുന്നെന്നും നല്ല പ്രേഷിതപ്രവർത്തകനും ഇടയനു മായിരുന്നെന്നും വികസ്വരക്രമം ഓർപ്പിക്കുന്നു.

(രണ്ട്) ഓരോ കത്തിലെയും ദൈവശാസ്ത്രം: ഇതു ഭാഷ്യങ്ങ ളുടെ രീതിയാണ്. ഓരോ ലേഖനത്തിലും ഉൾക്കൊണ്ടിട്ടുള്ള ദൈവ ശാസ്ത്രവിചാരങ്ങൾ വേർതിരിക്കാനും ദൈവശാസ്ത്രവിചാരങ്ങൾ ഓരോ ലേഖനത്തിന്റെയും വിധങ്ങളിൽ അവതരിപ്പിക്കാനുള്ള പ്രത്യേക സാഹചര്യം ഒരു പരിധിവരെ മനസ്സിലാക്കാനും സഹായകമാണ്. പക്ഷേ, പൗലോസിന്റെ ലേഖനങ്ങളുടെ പശ്ചാത്തലവും സാഹചര്യവും കൃത്യവും പൂർണവുമായി പുനഃസൃഷ്ടിക്കുക ദുഷ്കരമാണ്. പൗലോ സിന്റെ ദൈവശാസ്ത്രത്തിന്റെ സമഗ്രദർശനവും സാദ്ധ്യമല്ല.

(മൂന്ന്) ക്രൂശിതനായ ക്രിസ്തുവിനെ കേന്ദ്രീകരിച്ചുള്ള വിക സനം: പൗലോസിന്റെ ദൈവശാസ്ത്രം വികസിച്ചുകൊണ്ടിരുന്നപ്പോഴും മാറ്റത്തിന്റെ കുത്തൊഴുക്കിൽ കടപുഴകാതെ നിന്ന ഒരു നിമിഷം അല്ലെ ങ്കിൽ തത്ത്വം ഉണ്ടാകണമല്ലോ. അതു പൗലോസിന്റെ മാനസാന്തരമാ ണെന്ന് ഏറെക്കുറെ എല്ലാവരും ചൂണ്ടിക്കാട്ടി. പൗലോസിന്റെ ദൈവ ശാസ്ത്രമത്രയും ദമാസ്കസനുഭവത്തിന്റെ അകപ്പൊരുളിന്റെ ആവിഷ്ക രണമത്രേ. അതിൽനിന്നു മനുഷ്യന്റെ വിഷമാവസ്ഥയെയും വീണ്ടെടു പ്പിനെയുംകുറിച്ചുള്ള പൗലോസിന്റെ ദൈവശാസ്ത്രം അരിച്ചെടുക്കാം.

ഇപ്പറഞ്ഞപോലുള്ള കേന്ദ്രതത്വത്തോടു വികസനപ്രക്രിയയെ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു ഘടന ജ്യൂർഗെൻ ബെക്കർ (1989)[123] അവതരിപ്പിച്ചു. പൗലോസിന്റെ ദൈവശാസ്ത്രരചനയിൽ മൂന്നു ഘട്ട ങ്ങളുണ്ട്: ഒന്ന്, തിരഞ്ഞെടുപ്പിന്റെ ദൈവശാസ്ത്രം (1 തെസ); രണ്ട്, കുരിശിന്റെ ദൈവശാസ്ത്രം (1 കോറി); മൂന്ന്, നീതീകരണത്തിന്റെ ദൈവശാസ്ത്രം (ഗലാ, റോമ). രണ്ടാമത്തേതാണ് കേന്ദ്രസ്ഥാനത്ത്. ഫൽക്രം. കുരിശിന്റെ ദൈവശാസ്ത്രമാണ് തിരഞ്ഞെടുപ്പിന്റെ ദൈവ ശാസ്ത്രത്തെ നിർവചിക്കുന്ന മാനദണ്ഡം. നീതീകരണത്തിന്റെ ദൈവ ശാസ്ത്രം കുരിശിന്റെ ദൈവശാസ്ത്രത്തെ അണിയിച്ചൊരുക്കുന്ന ഭാഷ യാണ്. ദൈവശാസ്ത്രവികാസത്തിന്റെ ആഗന്തുകങ്ങൾക്കിടയിൽ എല്ലാ റ്റിനെയും സംയോജിപ്പിച്ചു നിലനിർത്തുന്നതു കുരിശിന്റെ ദൈവ ശാസ്തമാണ്. യേശുക്രിസ്തുവിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും ദർശനാത്മകവ്യാഖ്യാനമാണല്ലോ സുവിശേഷത്തിന്റെ ആന്തരികൈ ക്യത്തെ നിബന്ധിക്കുന്നത്. ''സുവിശേഷത്തിന്റെ സത്യ''മെന്നു പൗലോസ് വിശേഷിപ്പിക്കുന്നത് (ഗലാ 2,5.14) കുരിശിന്റെ ദൈവ ശാസ്ത്രത്തെയാകുമെന്നും ബെക്കർ കരുതുന്നു.[124] ചുരുക്കത്തിൽ,

ക്രിസ്തുവാണ് പൗലോസിന്റെ ദൈവശാസ്ത്രത്തിന്റെ കേന്ദ്രം. അതായത്, കേവലം വിശ്വാസമല്ല, ക്രിസ്തുവിലുള്ള വിശ്വാസമാണ് രക്ഷിക്കുന്നത്.

പൗലോസിന്റെ ദൈവശാസ്ത്രത്തിന്റെ കേന്ദ്രസ്ഥാനത്തെക്കുറിച്ചുള്ള അന്വേഷണം അദ്ദേഹത്തിന്റെ ദൈവശാസ്ത്രത്തിന്റെ തിരുഗ്രന്ഥാടിസ്ഥാനത്തിനു നേരേ കണ്ണടയ്ക്കായനിടയാക്കരുത്. ദമാസ്കസ്വഴിയിലുണ്ടായ ''യേശുക്രിസ്തുവിന്റെ വെളിപ്പെടുത്തൽ'' (ഗലാ 1,2) പഴയ ഉടമ്പടി / തുരുഗ്രന്ഥം മനസ്സിലാകുന്നതിനു തടസ്സമായിരുന്ന മറ / വിരി എടുത്തുമാറ്റിയെന്നു പൗലോസ് സാക്ഷിക്കുന്നുണ്ടല്ലോ (2 കോറി 3,14). യേശുക്രിസ്തു പൗലോസിനു പഴയ ഉടമ്പടിയെ പ്രകാശിപ്പിച്ചുകൊടുത്തു. ഈ ക്രിസ്തു തിരുഗ്രന്ഥത്തിലേതുതന്നെയാണ്. തിരുഗ്രന്ഥത്തിലെ ക്രിസ്തുവിൽത്തന്നെയാണ് പൗലോസ് വിശ്വസിച്ചതും അവനെത്തന്നെയാണു പ്രസംഗിച്ചതും. തിരുഗ്രന്ഥവും യേശുക്രിസ്തുവും പരസ്പരം പ്രകാശിപ്പിക്കയും സമ്പന്നമാക്കയും ചെയ്യുന്നു. തിരുഗ്രന്ഥവും ക്രിസ്തുവും തമ്മിലുള്ള ഈ ബന്ധം പൗലോസിന്റെ ദൈവശാസ്ത്രത്തിനു (കഥകൾക്കു) രണ്ടു തലങ്ങളുണ്ടെന്നു കാണാൻ നമ്മെ പ്രരിപ്പിക്കുന്നു. പഴയ ഉടമ്പടിയിലെ ഇസ്രായേലിന്റെ കഥയും ക്രിസ്തുവിന്റെ കഥയും. ഇവയുടെ പരസ്പരവർത്തനം പൗലോസിന്റെ ദൈവശാസ്ത്രത്തിന്റെ ചേതോഹരമായ ഒരു മാനമത്രേ. അവ അന്യോന്യം ഒതുക്കുകയോ ന്യൂനവത്കരിക്കയോ ചെയ്യുന്നില്ല. ഓരോന്നും അന്യോന്യം അനുപേക്ഷണീയമാണ്. അവ അന്യോന്യം വിവരങ്ങൾ കൈമാറുകയും അർത്ഥകല്പന നടത്തുകയും ചെയ്യുന്നു.

ഈ അറിവ് അദ്ദേഹത്തിന് ആരംഭസഭയുടെ പാരമ്പര്യത്തിൽനിന്നു ലഭിച്ചതാകാനേ തരമുള്ളു. യേശുവിന്റെ പരസ്യശുശ്രൂഷയ്ക്കിടെ അവനെ നേരിൽ കാണാനും കേൾക്കാനും പൗലോസിന് അവസരമുണ്ടാകാനിടയില്ല. യേശുക്രിസ്തുവിന്റെ മരണോത്ഥാനങ്ങളുടെ രക്ഷാകരമൂല്യം പൗലോസ് പരിചിന്തനം ചെയ്യുന്നുണ്ട്. എങ്കിലും യേശുക്രിസ്തുവിന്റെ സഹനമരണോത്ഥാനങ്ങളെപ്പറ്റി പുതിയനിയമസുവിശേഷങ്ങൾ ഉൾക്കൊള്ളുന്ന വിവരങ്ങൾ പൗലോസ് നല്കുന്നില്ല. ഈ സമീപനത്തിന്റെ പ്രധാന കാരണം എന്തായിരിക്കും? പൗലോസിന്റെ ദർശ

നത്തിൽ യേശുവിന്റെ ഭൗമികശുശ്രൂഷയുടെ ചരിത്രപരമായ വിവരണത്തെക്കാൾ പ്രധാനവും പ്രസക്തവും അവന്റെ ശുശ്രൂഷയുടെ മൂർദ്ധന്യമായ സഹനമരണോത്ഥാനങ്ങളുടെ രക്ഷാകരഫലങ്ങളാണ്. അവയിലാണ് പൗലോസിന്റെ താത്പര്യവും ശ്രദ്ധയും. അതിനാൽ യേശുവിന്റെ ജീവിതചര്യയുടെയോ ശുശ്രൂഷയുടെയോ വ്യക്തിത്വത്തിന്റെയോ സന്ദേശത്തിന്റെയോ വിശദാംശങ്ങൾ അദ്ദേഹം വിഷയമാക്കുന്നില്ല. ഇവയെക്കുറിച്ചുള്ള വായ്മൊഴിപാരമ്പര്യം രൂപവത്കൃതമായ പലസ്തീനായിലെ സമൂഹങ്ങളിൽനിന്നു അകന്നുകഴിഞ്ഞതും ഒരു കാരണമാകാം. സുവിശേഷങ്ങൾ എഴുതപ്പെടുന്നതിനു മുമ്പ് പൗലോസിന്റെ ലേഖനങ്ങൾ എഴുതപ്പെടുകയും ചെയ്തുവല്ലോ.

9 ഫിലെ 9ൽ മൂപ്പൻ (*presbuteros* = വയസ്സൻ?) എന്നു പൗലോസ് സ്വയം വിശേഷിപ്പിക്കുന്നു. അതായത്, 50–56നിടയ്ക്കു പ്രായമുള്ളയാൾ (*TDNT* VI, 683). ജറുസലേമിൽ സ്തേഫാനോസ് കല്ലെറിയപ്പെട്ടപ്പോൾ പൗലോസ് യുവാവായിരുന്നു (*neanias*: 24–40പ്രായം: അപ്പ 7,49). ജനനം ക്രി.വ. 5–10നിടയ്ക്കെന്ന് അനുമാനിക്കാം, Sebastian Kizhakkeyil, *Pauline Epistles*, Mumbai, 2006,19 subsribing to Buscemi.

10 ജോർജ് പുന്നക്കോട്ടിൽ, "സെന്റ് പോൾ: ഒരു ആമുഖപഠനം," *ബൈബിൾഭാഷ്യം* വാല്യം III/1(1974) 3. പൗലോസിന്റെ കുടുംബം ഗലീലിയിലെ ഗിഷാലയിൽനിന്നു വന്നതാണെന്നു ജറോം അഭിപ്രായപ്പെട്ടിട്ടുണ്ട് (*De Virbus Illistribus*,5). അതിന്റെ വ്ശ്വാസ്യത തർക്കവിഷയമാണ്, F.F.Bruce, *Paul Apostle of the Free Spirit*, Carlisle, 1992 reprint,43. പൗലോസിന്റെ കുടുംബം ജറുസലേമിനടുത്തുള്ള യൂദയാപ്രദേശങ്ങളിൽനിന്നു കുടിയേറിയതാകാനാണ് കൂടുതൽ സാധ്യതയെന്ന് *ഹാർപേഴ്സ് ബൈബിൾ ഡിക്ഷണറി* ചൂണ്ടിക്കാട്ടുന്നു.

11 Bruce, *Paul*, 41.10

12 അപ്പ.ങ്ങളിൽ *ശൗൽ* എന്ന രൂപവും (9,4.17;22,7.13;26,14) *ശൗലൊസ്* എന്ന രൂപവും (7,58;8,1.3;9,1) ഉണ്ട്. യവനസംസ്കാരം പ്രചരിച്ചിടങ്ങളിലെ യഹൂദർക്കു ഗ്രീക്കുപേരും സെമിറ്റിക് പേരും പതിവായിരുന്നു.

13 Bruce, *Paul*, 32-40.

14 പൗലോസിന്റെ യഹൂദ-യവനായ സാംസ്കാരികപശ്ചാത്തലത്തെക്കുറിച്ചു കൂടുതലറിയാൻ L.Legrand, *The Bible on Culture*, Banglore, 2001, 115-151.

15 J.A. Fitzmyer, "Paul," *NJBC*, 1332 No.15; Bruce, *Paul*, 42. ഹീബ്രുവിൽ ശുശ്രൂഷകൾ നടത്തിയിരുന്ന സിനഗോഗിൽ സംബന്ധിച്ചിരുന്നയാളും സാധാരണ സംസാരഭാഷ അറമായ ആയിരുന്നയാളും ആയിരിക്കാനും സാദ്ധ്യതയുണ്ടെന്നു

ബ്രൂസ് സൂചിപ്പിക്കുന്നു.
15ബി യവനനഗരങ്ങളിലെ സിനഗോഗുകളിൽ ഗ്രീക്കു(LXX)തിരുഗ്രന്ഥമായിരുന്നു വായിച്ചിരുന്നത്.
16 Legrand, "A Portrait of St. Paul," 173.
17. N.A.Dahl, *Studies in Paul*, Minneapolis, Augsburg Publishing House, 1977,4.
18 Kizhakkeyil, *Pauline Epistles*, 19 subsribing to Buscemi.
19 തോറായുടെ (നിയമത്തിന്റെ) അർത്ഥത്തിന്റെ നാലു മാനങ്ങൾ പരിഗണിക്കമ്പോൾ നിയമം പൗലോസിന്റെ സമകാലിക യഹൂദസമൂഹത്തിനു നരവിജ്ഞാനീയവീക്ഷണത്തിൽ ഒരു സംസ്കാരമായിരുന്നു; ദൈവശാസ്ത്രപ്രകാരം ദൈവകൃപയുമായിരുന്നു. W.D.Davies, *Jewish and Pauline Studies*, London, 1984, 92-93,118 as quoted in Legrand, *Bible on Culture*, 116.
19 Fitzmyer, "Paul," 1333 No.18 referring to W.C. Unnik;
20 Kizhakkeyil, *Pauline Epistles*, 20 subsribiing to Buscemi.
21-22 യുവാക്കന്മാർക്കു 18–20 വയസ്സാകുമ്പോൾ വിവാഹം കഴിക്കുന്നതാണ് അന്നത്തെ യഹൂദപാരമ്പര്യം. "ഇരുപതു വയസ്സിനകം ഒരു ഭാര്യയെ സ്വീകരിക്കാത്തവൻ ശപ്തനാകട്ടെ" എന്നും "പ്രജനനകർമ്മത്തിൽ പങ്കെടുക്കാത്തവൻ കൊലപാതകിയെപ്പോലെയാണെ"ന്നും റബ്ബിനിക്പാരമ്പര്യം ചൊല്ലിയിരുന്നു.[20] ഇതനുസരിച്ച് പൗലോസ് വിവാഹിതനായിരിക്കേണ്ടതാണ്. വിവാഹിതനായിരുന്നെന്നു ഫിലി 4,3, വിശേഷിച്ച് അതിലെ *ഗ്നേസീ സ്യൂറ്റ്സ്യൂഗെ* (= യഥാർത്ഥ നുകപ്പങ്കാളി) എന്ന വിശിഷ്ടരൂപകം, ആസ്പദമാക്കി അലക്സാണ്ട്രിയായിലെ ക്ലെമെന്റ് വാദിക്കുന്നു. ( )എതിരായ നിലപാട് 1 കോറി 7,7–8ഉം 9,5ഉം ആധാരമാക്കി സഭാപിതാക്കന്മാർ പൊതുവെ സ്വീകരിച്ചു. *ഗ്നേസീ സ്യൂറ്റ്സ്യൂഗെ*യിലെ നാമവും നാമവിശേഷണവും പുല്ലിംഗമാണ്; സ്ത്രീയെ കുറിക്കുന്നതല്ല. 'യഥാർത്ഥ നുകപ്പങ്കാളി' എന്നേ അർത്ഥമുള്ളു. അതിനാൽ പ്രസ്തുത പദങ്ങൾ പ്രേഷിതപ്രവർത്തനത്തിലെ സഹപ്രവർത്തകനെ വർണിക്കുന്നതാണ്. (22: ABD ; Kizhakkeyil, *Pauline Epistles*, 20 subsribiing to Buscemi.)
23 Kurian Valuparampil, "Theology of the Way...," *Christian Orient*...;Kurian Valuparampil, "Theology of the Way...," Unpublished
24 പൗലോസിന്റെ മാനസാന്തരം ക്രി.വ. 30/33ൽ എന്നു ല്യൂഡ്മാനും 34ൽ എന്നു ഷെവെയും കണക്കാക്കുന്നു, Fitzmyer, "Paul," 1333 No.20.
25 ക്രിസ്തുവിന്റെ വെളിപാടു ലഭിച്ചുടനെ അറേബ്യായിലേക്കു പോകയും അവിടെ നിന്നു ദമാസ്കസിലേക്കു മടങ്ങുകയും ചെയ്തുവെന്ന വിവരത്തിൽ അന്തസ്ഥിതം.
26 വെളിപ്പെടുത്തൽ മറനീക്കലാലാണ്. മറ നീങ്ങിയപ്പോൾ കണ്ടതു ദർശനവും. വെളിപ്പെടുത്തലും ദർശനവും അന്യോന്യം ബന്ധപ്പെട്ടവയാണ്, എം.ജെ.ജോസഫ്, "പൗലോസിന്റെ ആത്മാവബോധം," *ബൈബിൾഭാഷ്യം* വാല്യം VIII/3(1979) 200.
27 അപ്പ 9,3–19;22,6–16;26,12–18.
28 ജോസഫ്, "പൗലോസിന്റെ ആത്മാവബോധം," 200.
29 കാണുക Fitzmyer, "Paul," 1333 No. 20.
30 J.A. Fitzmyer, "The Letter to the Romans," *NJBC*, 833.
31 Fitzmyer, "Pauline Theology," 1386 No. 14.
32 Legrand, *Bible on Culture*, 119-120; ലേഖകന്റെ വിവർത്തനം.
33 റോമ 7,11;13,8–10;ഗലാ 5,4 എന്നീ ഭാഗങ്ങളും കാണുക

34 റോമ - 19 / 20(16,24); 1 കോറി - 7; 2 കോറി - 9; ഗലാ - 7; ഫിലി - 3; 1 തെസ്സ - 2; ഫിലെ - 2. പൗലോസിന്റെ പേരിലുള്ള നാലു

ലേഖനങ്ങളിൽ - 18 / 19 (എഫേ - 11 / 12; കൊളോ - 3; 2 തെസ്സ - 4. ഉടയലേഖനങ്ങളിൽ 11: 1 തീമോ - 3;2 തീമോ - 4; തീത്തൂ - 4.

35 ജോസഫ്, "പൗലോസിന്റെ ആത്മാവബോധം," 212.

36 William Sandlay-Arthur C. Headlam, *The Epistles to the Romans*, ICC, Edinburgh, 1980[5th ed], 4.

38 Bruce, *Paul*, 81-82; J.L. McKenzie, *Dictionary of the Bible*, Banglore, 1983, 649;പുന്നക്കോട്ടിൽ, "സെന്റ് പോൾ: ഒരു ആമുഖപഠനം," 6.

39 "കേപ്പായെ കാണാൻ" എന്നു അനേകം പുരാതന വിവർത്തനങ്ങളും, പ്രത്യേകിച്ച് ലത്തീനിലുള്ളവയും, പി.ഒ.സി. ബൈബിളും പരിഭാഷപ്പെടുത്തുന്നു. സന്ദർശിക്കാൻ എന്നു RSV/NRSV. മൂലവാക്ക് *ഹിസ്റ്റൊറേസായി* ആണ്. അതിന്റെ അർത്ഥം തർക്കവിഷയമാണ്. എങ്കിലും മൗലികാർത്ഥം (ഒരു വ്യക്തിയെ/വസ്തുവിനെപ്പറ്റി) "അന്വേഷിക്കുക," (ഒരു വസ്തുവിനെ) "പോയി പരിശോധിക്കുക" എന്നിങ്ങനെയാണ്. "കാണാൻ" എന്ന പരിഭാഷയ്ക്കു ഗ്രീക്കുസാഹിത്യത്തിന്റെ പിൻബലമില്ല. വിവരങ്ങൾ ചോദിച്ചറിയാൻ പത്രോസിനെ പൗലോസ് സന്ദർശിച്ചു എന്ന അർത്ഥത്തിനാണ് മുൻഗണന, J.A. Fitzmyer, "*The Letter to the Galaltians*," *NJBC*, 783 No. 16; Dunn, *Theology of Paul the Apostle*, 188.

40 എങ്കിലും ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിനെ അദ്ദേഹം പ്രസംഗിക്കുന്നുണ്ടല്ലോ. പൗലോസ് ജറുസലേമിൽ ഉന്നതവിദ്യാഭ്യാസം ചെയ്തുകൊണ്ടിരുന്നതിന്റെ അവസാന വർഷങ്ങളിലാണല്ലോ യേശുവിന്റെ പരസ്യശുശ്രൂഷ. പ്രത്യേകിച്ച് ജറുസലേമിലെ പീഡാനുവവും മരണവും ഉത്ഥാനവുമെല്ലാം. ഇവയെക്കുറിച്ചുള്ള ചില വർത്തമാനങ്ങളെങ്കിലും പൗലോസിന്റെ കാതുകളിലെത്തിയിരിക്കാം, Dunn, *Theology of Paul the Apostle*, 188.

41 ഇപ്രാവശ്യം ജറുസലേമിലായിരുന്നപ്പോൾ അവിടെ ചുറ്റിസഞ്ചരിച്ചു യഹൂദരോടും യവനരോടും സുവിശേഷം പ്രസംഗിച്ചെന്നും

അവരുടെ വധശ്രമത്തിൽനിന്നു സഹോദരർ (ക്രിസ്തീയ വിശ്വാസികൾ) അദ്ദേഹത്തെ രക്ഷപ്പെടുത്തി കേസറിയായിൽ കൊണ്ടു

വന്നു താർസൂസിലേക്കയച്ചെന്നും ലൂക്കാ (അപ്പ 9,26-30).

42 ജറുസലേമിലെ ഈ ആദ്യസന്ദർശനം കഴിഞ്ഞു പതിനാലു വർഷങ്ങൾക്കു ശേഷമാണ് പൗലോസ് പിന്നീടു അവിടെ പോകുന്ന

ത്. ബർണബാസിനെയും കൂട്ടി ജറുസലേംസമ്മേളനത്തിന്. ഈ പതിനാലു വർഷത്തെ പ്രവർത്തനത്തെപ്പറ്റി പൗലോസ് വിശദ

മാക്കുന്നില്ല.

43 2 കോറി എഴുതുന്നതിനു പതിനാലു വർഷങ്ങൾക്കു മുമ്പാണ് 2 കോറി 12,2-4ൽ പരാമർശിക്കുന്ന അനുഭവമുണ്ടായത്. അതു

ദമാസ്കസ്സനുഭവയിരിക്കാൻ സാദ്ധ്യതയില്ല. അപ്പോസ്തലപ്രവർത്തനങ്ങൾ നല്കുന്ന വിവരമനുസരിച്ചു പൗലോസിന്റെ ദമാ

സ്കസനുഭവം കഴിഞ്ഞുള്ള ആദ്യജറുസലേംസന്ദർശനത്തിൽ ദേവാലയത്തിലായിരിക്കുമ്പോൾ ദിവ്യാനുഭൂതിയുണ്ടായി (അപ്പ

22,17-21).
44 ഒന്നാം പ്രേഷിതയാത്രയെക്കുറിച്ചു ലൂക്കാ നല്കുന്ന വിവരങ്ങളേ നമുക്കു കൈവന്നിട്ടുള്ളു.
45 ഇതേപ്പറ്റി ''പതിനാലു വർഷത്തിനുശേഷം ഞാൻ ആദ്യമായി ജറുസലേമിലേക്കു പോയി'' എന്നു പൗലോസ് എഴുതിയിട്ടുണ്ട്
(ഗലാ 2,1-10).
46 Legrand, "A Portrait of St. Paul," 174.
47 പൗലോസിന്റെ നാലാം ജറുസലേംസന്ദർശനം.
48 Fitzmyer,
49 ഫിലെമോനും ഫിലിപ്പിയർക്കുമുള്ള ലേഖനങ്ങൾ റോമിലെ തടവറയിൽനിന്നാണെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. എഫേസോ
സിനാണ് ആധുനിക പണ്ഡിതർ മുന്തൂക്കം നല്കുക.
50 കോറിന്തോസിൽ പൗലോസിന്റെ മൂന്നാം സന്ദർശനമാണിത്.
51 അപ്പ 27,1-28,16ൽ തുടരെ ആവർത്തിക്കുന്ന ''ഞങ്ങൾ''പ്രയോഗങ്ങൾ ശ്രദ്ധിക്കുക.
52 68 ജൂൺ 9 നീറോയുടെ മരണം.
53 ഈ കാലഗണന സർവസമ്മതമല്ല. എങ്കിലും, എവുസേബിയസ് നല്കുന്ന സൂചനകളനുസരിച്ചു നീറോയുടെ ക്രൈസ്തവമർദ്ദനത്തിന്റെ അവസാനത്തോടടുത്താണ് പൗലോസ്-പത്രോസ്ശ്ലീഹാമാർ വധിക്കപ്പെട്ടത്, Fitzmyer, "Paul," 1337 No.53.വധിക്കപ്പെടുന്നതിനു മുമ്പ് അപ്പോസ്തലൻ സ്പെയിനിൽ പോയെന്നും റോമിൽത്തന്നെ മറ്റൊരു വിസ്താരത്തിനും തുടർന്നു രക്തസാക്ഷിത്വത്തിനു വിധേയനായെന്നും റോമിലെ ക്ലെമെന്റിന്റെ സാക്ഷ്യം (ക്രി.വ. 95) സൂചിപ്പിക്കുന്നു. ഇതു സ്ഥിരീകരിക്കുന്നതാണ്. എവുസേബിയസ് ഉദ്ധരിക്കുന്ന സാക്ഷ്യവും. പുതിയ നിയമത്തിൽ പൗലോസിന്റെ യഥാർത്ഥമോ അയഥാർത്ഥമോ ആയ കർതൃത്വത്തിലുള്ള ലേഖനങ്ങളോ അപ്പോസ്തലപ്രവർത്തനങ്ങളോ അദ്ദേഹത്തിന്റെ ജീവിതാന്തത്തെപ്പറ്റി വിവരമൊന്നും നല്കുന്നില്ല. ഇക്കാര്യത്തിൽ പില്കാല സഭാപാരമ്പര്യത്തെ ആശ്രയിക്കയേ വഴിയുള്ളു. പണ്ഡിതലോകത്ത് ഏറ്റവും സ്വീകാര്യമായിട്ടുള്ളത് എവുസേബിയസ് (*സഭാചരിത്രം* 2,25,8) നല്കുന്ന വിവരമാണ്. കോറിന്തോസിലെ ദിവന്യാസോസിനെ (+170) ഉദ്ധരിച്ചുകൊണ്ട് എവുസേബിയസ് രേഖപ്പെടുത്തുന്നു, നീറോയുടെ കാലത്തുണ്ടായ ക്രൈസ്തവമർദ്ദനത്തിൽ (ക്രി.വ. 64 വസന്തം - 68 ജൂൺ 9)[52] പത്രോസിനോടൊപ്പം പൗലോസ് രക്തസാക്ഷിയായി.
54 യേശുവിന്റെ പ്രവർത്തനമേഖല മുഖ്യമായി യഹൂദദേശത്തായിരുന്നു; വിജാതീയരെയും ഉൾക്കൊള്ളുന്നതാണ് എന്നു സൂചിപ്പിക്കാൻ അപൂർവമായി വിജാതിയ മേഖല സ്പർശിച്ചിരുന്നു. യഹൂദദേശത്ത് ജറുസലേമൊഴിച്ചാൽ ഗ്രാമങ്ങളിലായിരുന്നു. പൗലോസിന്റെ സുവിശേഷപ്രവർത്തനം വിശകലനം ചെയ്യുന്നവർ യേശുവിന്റെ സുവിശേഷപ്രവർത്തനവുമായി താരതമ്യം ചെയാറുണ്ട്. ഉദാഹരണത്തിനു കാണുക Fitzmyer, ;Legrand, "A Portrait of St. Paul," 176-177.

55 Legrand, "A Portrait of St. Paul," 176.
56 Dunn, *Theology of Paul,*406.
57 Legrand, "A Portrait of St. Paul," 175.
58 Legrand, "A Portrait of St. Paul," 176.
59 Legrand, "A Portrait of St. Paul," 176-177.

60 Legrand, "A Portrait of St. Paul," 180-181
61 Jerome Murphy-O'Connor, *Paul the Letter-Writer*, Collegeville, 1995, 6-16.
62 ചിലപ്പോൾ രചയിതാവ് പ്രധാന ആശയങ്ങൾ പറഞ്ഞുകൊടുത്തിട്ട് അല്ലെങ്കിൽ കത്തിന്റെ രൂപരേഖ നല്കിയിട്ട് കത്തു പൂർണമാക്കാൻ സെക്രട്ടറിമാർക്കു സ്വാതന്ത്ര്യം കൊടുത്തിരുന്നു. പിന്നീട് രചയിതാവ് വേണ്ട തിരുത്തലുകൾ ചെയ്ത് അയക്കുന്നു. ഇങ്ങനെയുള്ളവയാണ് തീമോത്തേയോസിനും തീത്തോസിനുമുള്ള ലേഖനങ്ങൾ എന്നഭിപ്രായപ്പെടുന്നവരുണ്ട്, പുന്നക്കോട്ടിൽ, "സെന്റ് പോൾ: ഒരാമുഖപഠനം," 12-13. ചിലപ്പോൾ കത്തു പൂർണമായും എഴുതാൻ സെക്രട്ടറിമാരെ ഏല്പിച്ചിരുന്നു,
Murphy-O'Connor, *Paul the Letter-Writer*, 14-16
63 ഏറ്റും നല്ല പപ്പീറസ്ഷീറ്റ് 24.7 സെന്റീമീറ്റർ വീതിയുള്ളതും വില കുറഞ്ഞത് 17 സെന്റീമീറ്റർ വീതിയുള്ളതുമായിരുന്നു. പൗലോസിന്റെ ലേഖനങ്ങളുടെ ഏറ്റവും പുരാതനമായ ശേഖരം ക്രി.വ. 200നടുത്ത് എഴുതപ്പെട്ട *ചെസ്റ്റർ ബെയാറ്റി പപ്പീറസ്* (P46) ആണ്. 54 പപ്പീറസ് ഷീറ്റുകൾ നടുവേ മടക്കി 104 പേജുണ്ട്. ഓരോ പേജിലും 24 വരികൾ. ഈ ശേഖരത്തിൽ പൗലോസിന്റെ പേരിലുള്ള ഇടയലേഖനങ്ങളില്ല, Murphy-O'Connor, *Paul the Letter-Writer*, 5-6.
64 Murphy-O'Connor, *Paul the Letter-Writer*, 3-4.
65 മണിക്കൂറിൽ എഴുപത്തിരണ്ടു വാക്കുകളിൽ കൂടുതൽ എഴുതാൻ സാധിക്കില്ലായിരുന്നെന്നും ഉദ്ദേശം ഒന്നര മാസംകൊണ്ടാണ് റോമാക്കാർക്കുള്ള ലേഖനം പൂർത്തിയായതെന്നും O. Roller അഭിപ്രായപ്പെട്ടിട്ടുണ്ട്. പക്ഷേ F. Brunot അഭിപ്രായപ്പെടുന്നത് റോമാക്കാർക്കുള്ള ലേഖനം എഴുതാൻ ഏഴു മണിക്കൂർമാത്രമേ എടുത്തുകാണുള്ളു എന്നാണ്. അതായത്, എഴുത്ത് അത്രയ്ക്കങ്ങു ദുഷ്കരമല്ലായിരുന്നു, കാണുക: പുന്നക്കോട്ടിൽ, "സെന്റ് പോൾ: ഒരാമുഖപഠനം," 13.
66 Murphy-O'Connor, *Paul the Letter-Writer*, 16-34.
67 മലേപ്പറമ്പിൽ, "വിശുദ്ധ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ," 176-177; Kizhakkeyil, *Pauline Epistles*, 29-30. 2 തെസ്സലോ
നിക്കർ 51ലും ഫിലെമോൻ 61-63ലും കോളോസ്സിയർ 61-63 / 70-80ലും എഫേസിയർ 61-63 / 90-100ലും തീത്തോസും 1 തീമോ
ത്തിയോസും 65ലും 2 തീമോത്തിയോസ് 66-67ലും എഴുതപ്പെട്ടെന്ന അഭിപ്രായവുമുണ്ട്, Brown-Collins, "Canonicity," 1045
No. 56.
68 John C. Hurd, "Letters in the New Testament," *The International Bible Commentery* (*IBC*), Banglore, 2004, 1623-1624
വ്യത്യസ്തമായ സ്ഥലകാലസൂചന നല്കുന്നു.
71 Hurd, "Letters in the New Testament," 1622.
70
71
72 ഗലാത്യാർക്കുള്ള ലേഖനത്തിൽ നന്ദിപ്രകാശനത്തിനു പകരം ശകാരമാണ് (1,6-9); കോറിന്തോസിലെ സഭയ്ക്കുള്ള രണ്ടാം ലേഖനത്തിൽ ദൈവത്തെ വാഴ്ത്തലും പ്രാർത്ഥനയും. റോമായിലെ സഭയ്ക്കുള്ളതിൽ അവസാന ആശംസയ്ക്കു ശേഷം സുദീർഘമായി ദൈവത്തിനു മഹത്ത്വം കൊടുത്തുകൊണ്ടാണ് അവസാനിപ്പിക്കുക (16,25-27). പൗലോസിന്റെ ലേഖനങ്ങളുടെ ഘടനയുടെ കൂടുതൽ വിരങ്ങൾക്ക്, Hurd,

“Letters in the New Testament,” 1621,1624-1625.

73 Murphy-O’Connor, *Paul the Letter-Write*r, 56-57.
74 Hurd, “Letters in the New Testament,” 1621,1624-1625; Murphy-O’Connor, *Paul the Letter-Write*r, 64-99.
75 Hurd, “Letters in the New Testament,” 1625.
76 Murphy-O’Connor, *Paul the Letter-Write*r, 42-98; മലേപ്പറമ്പിൽ, “വിശുദ്ധ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ,” 177.
77 പൗലോസിന്റെ രചനകളെ ബി.സി. 4-ാം നൂറ്റാണ്ടിൽ ഗ്രീക്കുതത്വചിന്താപാഠശാലകൾ വികസിപ്പിച്ചെടുത്ത *ലേഖന*മെന്ന സാഹി
ത്യരചനയുടെ ഗണത്തിൽപ്പെടുത്താമെന്നു ഡെയിസ്മാൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്, Fitzmyer, “New Testament Letter Writing,”
*NJBC*, 769 No. 4. കത്തും ലേഖനവും തമ്മിലുള്ള താരതമ്യത്തിന്, Hurd, “Letters in the New Testament,” 1620-1621.
78 Jerome Murphy-O’Connor, *Paul the Letter-Write*r, Collegeville, 1995, 95.
79 Dunn, *Theology of Paul*, 553.
80 പുന്നക്കോട്ടിൽ, “സെന്റ് പോൾ: ഒരു ആമുഖപഠനം,” 12, subscribing to Amiot.
81 പുന്നക്കോട്ടിൽ, “സെന്റ് പോൾ: ഒരു ആമുഖപഠനം,” 9; മലേപ്പറമ്പിൽ, “വിശുദ്ധ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ,”
180-181.
82 പുന്നക്കോട്ടിൽ, “സെന്റ് പോൾ: ഒരു ആമുഖപഠനം,” 10-11.
83 പുന്നക്കോട്ടിൽ, “സെന്റ് പോൾ: ഒരു ആമുഖപഠനം,” 10.
84 കാണുക, Murphy-O’Connor, *Paul the Letter-Write*r, 87. ഗലാത്തിയർക്കുള്ളതിനുകൂടാതെ കോറിന്തോസുകാർക്കുള്ള ഒന്നാം
ലേഖനത്തിനും എഫേസോസുകാർക്ക്, ഫിലേമോന്, 1 & 2 തീമോത്തേയോസിന് എന്നീ ലേഖനങ്ങൾക്കും ഈ ഘടന J.W.
Welch കാണുന്നു, Murphy-O’Connor, *Paul the Letter-Write*r, 88. John Noel Aletti, “Romans,” *IBC*, 1664-1665റോമ
9,6-29 ഈ ഘടനയനുസരിച്ചു വിശദമാക്കുന്നു. A. Brunot 1കോറി 5,1-6,20ലും 8,1-11,1ലും 11,17-11,34ലും 12-14ലും 2 കോറി. മുഴു
വനിലും A-B-Aഘടന കാണുന്നു, Murphy-O’Connor, *Paul the Letter-Write*r, 94-95.
85 കാണുക, Murphy-O’Connor, *Paul the Letter-Write*r, 87

പൗലോസപ്പോസ്തലന്റെ കത്തുകൾ ലേഖനങ്ങൾ: അദ്ദേഹത്തിന്റെ പേരിൽ ബൈബിളിലുള്ള രചനകൾക്ക് കത്തിന്റെ ഘടകങ്ങളെല്ലാമുണ്ട്: അഭിവാദനം, നന്ദിവാക്കുകൾ, പ്രധാന വിഷയവും പ്രബോധനങ്ങളും ഉപദേശങ്ങളും അവസാനയഭിവാദനങ്ങളും ആശംസകളും. സാധാരണ കത്തുകളല്ല ബൈബിളിലുള്ള കത്തുകളെന്ന് അനുവാചകർക്കറിയാ മല്ലോ. അവയിലെ ആരംഭസംബോധനയും